263
JANUARY 2018

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association

60 years
21-12-1958
AKPCTA



മത നിരപേക്ഷത
ഉയർത്തിപ്പിടിക്കുക
നവലിബറൽ അസഹിഷ്ണുതയെ
പ്രതിരോധിക്കുക

- ഗാന്ധിജിയും അംബേദ്കറും പ്രതിരോധത്തിന്റെ രണ്ടുമുഖങ്ങൾ
- വിദ്യാഭ്യാസവും രാഷ്ട്രീയവും
- മുക്തഛന്ദസ്സിന്റെ സൗന്ദര്യരാഷ്ട്രീയം: ചില പ്രതിവാദങ്ങൾ
- ഗദ്ദിക: പാരമ്പര്യവും പരിവർത്തനവും

ക്രിസ്മസ് പുതുവത്സര പതിപ്പ്

COLLEGE TEACHER 263

# JANUARY 2018

**EDITORIAL BOARD**

Chief Editor
**Dr. Sunny N. M**

Managing Editor
**Dr. P.N. Harikumar**

Assistant Editors
**Dr. A.S. Sumesh**
**Dr. K.P. Jayakumar**

**Members**
Prof. A G Oleena
Dr. K. L Vivekanandan
Dr. C. Padmanabhan
Dr. P.K. Kusalakumari
Prof. Pramod Vellachal
Dr. Beena.S
Dr. N. Lakshmi Priya
Dr. Jayasree V.
Dr. C. Unnikrishnan
Prof. N.K. Sunilkumar
Dr. N. Renuka
Dr. Soni John
Prof. Biji Abraham
Dr. Premkumar
Dr. Myna Umaiban
Dr. Vidhu Narayan
Prof. Sona P.
Dr. Shanoj M.P.
Dr. Sreeja P.

Design
**Jwala Creatives**
Ph: 9447853005

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
V.N. Murali, AKPCTA State Committee Office,
Vanchiyoor, TVPM-35.

- *എഡിറ്റോറിയൽ* 3
- *ജനറൽസെക്രട്ടറിയുടെ പേജ്*
**ഡോ. കെ.എൽ വിവേകാനന്ദൻ** 4
- *ഗാന്ധിജിയും അംബേദ്കറും പ്രതിരോധത്തിന്റെ രണ്ടുമുഖങ്ങൾ*
**ഡോ. പി.കെ. പോക്കർ** 11
- *നമ്മുടെ കാലത്ത് മതങ്ങൾക്ക് എന്തുസംഭവിക്കുന്നു*
**ഐസക് ഈപ്പൻ** 20
- *Income Tax for the Assessment Year 2018-2019*
**Dr.Gopalakrishnan M.B.** 24
- *Perumal Murugan's One Part Woman: How good is it as a novel?*
**S. K. Prathap** 31
- *Concept of Continuous rofessional Development*
**Dr. Muralikrishnan T R** 34
- *മുക്തഛന്ദസ്സിന്റെ സൗന്ദര്യരാഷ്ട്രീയം: ചില പ്രതിവാദങ്ങൾ*
**ഡോ. ബിജു ജോസഫ്** 40
- *ഗദ്ദിക: പാരമ്പര്യവും പരിവർത്തനവും*
**ഡോ. ടി. മധു** 45
- *ഗൗഹർജാൻ: മുഴങ്ങുന്ന ഓർമ്മകൾ*
**ഡോ. എൻ. രേണുക** 50
- *വാർത്താചിത്രം നൂറ്റൊന്നാവർത്തിച്ചത്*
**ആര്യാഗോപി** 54
- *വിദ്യാഭ്യാസവും രാഷ്ട്രീയവും*
**വി.പി. മാർക്കോസ്** 56
- *എഴുത്തച്ഛനും മലയാളഭാഷയുടെ മാനകീകരണവും*
**നിത്യ പി. വിശ്വം** 60
- *സംസാരിച്ചുതുടങ്ങിയ കുളിമുറി*
**സന്ധ്യ വി. സതീഷ്** 69
- *കുഞ്ഞുട്ടന്റെ പ്രിയമതിലുകൾ*
**വിനീത മോഹൻ** 73
- *ഐഫക്ടോ, ഷിർദ്ദി പിന്നെ ഞങ്ങളും*
**പ്രമോദ് വെള്ളച്ചാൽ** 76

## എഡിറ്റോറിയൽ



# പ്രതീക്ഷകളുടെ പുതു വർഷം..........

സമര പോരാട്ടങ്ങളുടെ ആറുപതിറ്റാണ്ട് പിന്നിട്ട് എ.കെ.പി.സി.ടി.എ അതിന്റെ ജൈത്ര യാത്ര തുടരുകയാണ്. കേരളപ്പിറവിക്കൊപ്പം രൂപം കൊണ്ട സംഘടന അതിന്റെ സമര പഥങ്ങളിൽ കാലത്തിനും നേരിനുമൊപ്പമാണ് ചുവടുവെച്ചത്. അധ്യാപകരുടെ അവകാ ശങ്ങൾ നേടി എടുക്കുന്നതിനുള്ള പോരാട്ടങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുന്ന സംഘടന ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മയും ജനാധിപത്യ-മതേതര മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നതിൽ ശ്രദ്ധേയമായ ഇടപെടലുകളാണ് നടത്തിവരുന്നത്. വജ്ര ജൂബിലി വർഷത്തിൽ നൂതനമായ നിരവധി പദ്ധതികളാണ് സംഘടന ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. അർഹരായ അറുപത് വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം. അറുപത് സെമിനാറുകൾ, അന്താരാഷ്ട്ര വനിതാ സെമിനാർ, സർഗ്ഗ സംഗമം, കൊളോക്യം, മുൻകാല നേതാക്കന്മാരുടെയും പ്രവർത്തകരുടെയും സംഗമം, സംഘടന ചരിത്രം ഉൾക്കൊള്ളുന്ന ഡോക്യുമെന്ററി എന്നിവയാണ് പ്രധാന പരിപാടികൾ

നവലിബറൽ മൂലധന ശക്തികളുടെ പ്രതിവിപ്ലവ മുന്നേറ്റങ്ങൾ ഭയാനകമാംവിധം ജനങ്ങളുടെ ഓർമ്മകളെ കടന്നാക്രമിക്കുകയാണ്. കേവല കാഴ്ചകളിൽ കുരുങ്ങിപ്പോകുന്ന ജനതയുടെ ചിന്തകളെ വീണ്ടെടുക്കേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്. അർണാബ് ഗോസ്വാമിമാർ കളം നിറയുമ്പോൾ സത്യം വിസ്മരിക്കപ്പെടുകയും അസത്യം ആഘോഷിക്കപ്പെടുകയും ചെയ്യും. സ്വതന്ത്ര ഇന്ത്യയിൽ പത്തൊമ്പത് സംസ്ഥാനങ്ങൾ ഒറ്റ കക്ഷിക്ക് ഭരിക്കാനായി എന്ന് വീമ്പു പറയുന്നവർ, ലൗ ജിഹാദിന്റെയും ബീഫിന്റെയും പേരിൽ ദളിത് -ന്യൂനപക്ഷങ്ങളുടെ ചോരക്കളങ്ങളിൽ നൃത്തം ചവിട്ടിയാണ് ഈ നേട്ടം കൈവരിച്ചത് എന്ന് ലോകത്തോട് വിളിച്ചു പറയാൻകൂടി തയ്യാറാവണം. മതേതര ഇന്ത്യയെ അരുംകൊല ചെയ്ത് സംസ്ഥാന ഭരണങ്ങളുടെ എണ്ണം കൂട്ടുമ്പോൾ മാനവികതയിൽ അധിഷ്ഠിതമായ ഇന്ത്യയുടെ മഹത്തായ പാരമ്പര്യമാണ്, മതേതര-ജനാധിപത്യ മൂല്യങ്ങളാണ് ഇല്ലായ്മ ചെയ്യപ്പെടുന്നത് എന്ന ഓർമ്മ ഉണ്ടാവണം.

നോട്ടു നിരോധനം മുതൽ ജി.എസ്.ടിവരെയുള്ള പക്വതയില്ലാത്തതും, വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാത്തതുമായ ഭ്രാന്തൻ നടപടികളിലൂടെ ദരിദ്ര ജനവിഭാഗങ്ങൾ പൂർണ്ണമായും അടിച്ചമർത്തപ്പെട്ടു. ഉപരി-മധ്യവർഗ്ഗങ്ങളുടെ ആഘോഷാരവങ്ങളുടെ ഉന്മാദത്തിമിർപ്പിൽ നിസ്വവർഗ്ഗത്തിന്റെ നിലവിളികൾ നിശ്ശബ്ദവൽക്കരിക്കപ്പെട്ടു. ചെറുകിട-കുടിൽ വ്യവസായങ്ങളുടെ തകർച്ച ഗ്രാമീണ ഇന്ത്യയെ കശക്കിയെറിഞ്ഞു. തൊഴിൽ അവസരങ്ങൾ ഗണ്യമായ തോതിൽ കുറഞ്ഞു. കുത്തക മുതലാളിമാരും, പൊതുമേഖലാ ബാങ്കുകളും സർക്കാരിന്റെ സഹായത്തോടെ കോടിക്കണക്കിന് രൂപ വായ്പയായി തരപ്പെടുത്തി. പെൺമക്കളുടെ വിദ്യാഭ്യാസ-വിവാഹ ആവശ്യങ്ങൾക്ക് പോലും തങ്ങളുടെ ഒരു തുണ്ട് ഭൂമി വിൽക്കാനാവാതെ ഗ്രാമീണ ജനത പ്രതിസന്ധിയിലായി. കൃഷിനാശവും, കടക്കെണിയും കർഷകരെ ആത്മഹത്യയിലേക്ക് തള്ളി വിടുന്നു.

പ്രാണവായു കിട്ടാതെ പിഞ്ചുകുഞ്ഞുങ്ങൾ പിടഞ്ഞുമരിക്കുന്ന ഇന്ത്യ, ചത്ത പശുവിന്റെ തോലുരിച്ചതിന്റെ പേരിൽ ദളിതർ കൊലചെയ്യപ്പെടുന്ന ഇന്ത്യ, കരോൾ സംഘങ്ങൾ ആക്രമിക്കപ്പെടുകയും കള്ളക്കേസിൽ പ്രതിചേർക്കപ്പെടുകയും ചെയ്യുന്ന, ഇന്ധനത്തിന്റെ പേരിൽ കൊള്ളനടത്തുന്ന ഇന്ത്യ, അങ്ങനെ നാടിന്റെ വിശേഷണങ്ങൾ നീളുകയാണ്...... സാധാരണ ജനങ്ങൾക്ക് ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടിയാണ് ഇന്ധനത്തിന്റെ പേരിൽ പിടിച്ചു പറിക്കുന്നത് എന്ന് തുറന്ന് സമ്മതിക്കുന്ന ഭരണാധികാരികൾ, കൽക്കരി പാടങ്ങളിലും സവാള പാടങ്ങളിലും ജോലിയെടുക്കുന്ന നാലും അഞ്ചും വയസ്സുള്ള കുരുന്നു ജീവിതങ്ങൾ രാഷ്ട്രീയ അന്ധത മൂലം കാണാതെ പോകുന്നു.

ഗ്രാമീണ ജനത മതമൗലികവാദികളായ രാഷ്ട്രീയ നേതൃത്വത്തെ കൈവിടുന്നതിന്റെ സൂചനയാണ് ഗുജറാത്ത് തിരഞ്ഞെടുപ്പ് നൽകുന്നത്. മഞ്ഞുമലകളിൽ രാകേഷ് സിംഗയിലൂടെ പുതു സൂര്യനുദിച്ചുയരുന്നു. ഹിമാചലിലെ തിയോഗ് മണ്ഡലം പുതിയ ചുവടുവെപ്പും പ്രതീക്ഷയുമാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും, വിദ്യാഭ്യാസ വായ്പ സഹായ പദ്ധതിയും, ട്രാൻസ്ജെൻഡർ ബോർഡും, ഭിന്നശേഷിക്കാർക്കായുള്ള അനുയാത്ര പദ്ധതിയും, ഹരിത കേരളം, ആർദ്രം മിഷൻ പദ്ധതിയും, കൊച്ചി മെട്രോയുമൊക്കെ ഈ പ്രതിസന്ധികൾക്കിടയിലും കേരളം ഇന്ത്യക്ക് നൽകുന്ന സന്ദേശമാണ്. രാഹുൽ ഗാന്ധി എന്ന പുതിയ ഊന്നുവടി ഉപയോഗിച്ച് കോൺഗ്രസ്സ് യൗവ്വനം വീണ്ടെടുക്കാൻ നടത്തുന്ന ശ്രമം നല്ലതു തന്നെ.

ഗൗരി ലങ്കേഷുമാരില്ലാത്ത, അഭയാർത്ഥികളില്ലാത്ത, പത്മാവതി-പത്മാവത് ആകാത്ത, ഹാദിയമാർക്ക് പഠിക്കാൻ കഴിയുന്ന, "മീ ടൂ"ക്യാമ്പയിനില്ലാത്ത പ്രാണവായു ലഭിക്കാതെ കുഞ്ഞുങ്ങൾ മരിക്കാൻ ഇടവരാത്ത ഒരു ഇന്ത്യയുടെ നിർമ്മിതിക്കായി എ.കെ.പി.സി.ടി .എയ്ക്ക് ഒപ്പം അണിനിരന്ന് പോരാടാം. ക്രിസ്തുമസ്സ് പുതുവൽസരാശംസകളോടെ ....

**ഡോ. എൻ. എം. സണ്ണി**
sunnynm51@gmail.com
9447418715, 8921385389

ഡോ. കെ.എൽ വിവേകാനന്ദൻ



# സ്ഥാനത്യാഗത്തിൽ കേഴുന്ന വൈസ് ചാൻസലർ

ഏറെ പ്രതീക്ഷയോടെ തുടങ്ങിയ കേരളത്തിന്റെ സാങ്കേതിക സർവകലാശാല ആരംഭം മുതൽ തന്നെ വിവാദങ്ങളിൽ ആടിയുലയുകയാണ്. കോളേജുകളുടെ അഫിലിയേഷൻ, സിലബസ് നിർണ്ണയം, വിദ്യാർത്ഥി പ്രവേശനം, അദ്ധ്യാപക പരിശീലനം, പരീക്ഷാ നടത്തിപ്പ് തുടങ്ങി നിർവ്വഹിക്കപ്പെടേണ്ടതായ സർവ്വ ചുമതലകളിലും അമ്പേ പരാജയപ്പെട്ടുപോയി. കേരള സാങ്കേതിക സർവകലാശാല വിദ്യാർത്ഥികളും രക്ഷാകർത്താക്കളും അദ്ധ്യാപകരും തുടക്കം മുതൽ ഉയർത്തിയ വിമർശനങ്ങൾ പൊതുസമൂഹം ഏറ്റെടുക്കുകയും വിദ്യാർത്ഥികൾ പ്രത്യക്ഷ സമരത്തിലേക്ക് വരികയും ചെയ്ത സാഹചര്യത്തിൽ കാഴ്ചക്കാരായി നിൽക്കാനാകില്ല എന്ന സ്ഥിതി വന്നപ്പോൾ മാത്രമാണ് സർവകലാശാലയിൽ അക്കാദമിക് സമിതികൾ രൂപീകരിക്കാൻ സർക്കാർ ഓർഡിനൻസ് കൊണ്ടുവന്നത്. സർവകലാശാലയിൽ ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിക്കാനുള്ള തീരുമാനത്തെ, തന്നെ പുകച്ചുചാടിക്കാനുള്ള നീക്കമായി വ്യാഖ്യാനിച്ച് രാജിവച്ച ശേഷം സർക്കാർ വിരുദ്ധ പ്രചാരവേല നടത്തുകയാണ് വൈസ് ചാൻസ്‌ലർ.

## സർവകലാശാലയിലെ അക്കാദമിക ആധിപത്യം

ഏതൊരു സർവകലാശാലയിലും രൂപീകരണഘട്ടത്തിൽ വി.സിമാർക്ക് സവിശേഷ അധികാരങ്ങളുണ്ടാകും. അക്കാദമിക തീരുമാനങ്ങളെടുക്കാനായി ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി, അക്കാദമിക് കൗൺസിൽ എന്നിവയും ഭരണപരമായ തീരുമാനങ്ങളെടുക്കാനായി സെനറ്റ്, സിൻഡിക്കേറ്റ്, സ്റ്റാറ്റിയൂട്ടറി ഫിനാൻസ് കമ്മിറ്റി, സ്റ്റുഡന്റ്സ് കൗൺസിൽ എന്നിവ രൂപീകരിക്കുന്നതുവരെ ഭരണസ്തംഭനം ഉണ്ടാകാതിരിക്കാനായി വി.സിമാരിൽ നിക്ഷിപ്തമാകുന്നവയാണ് പ്രസ്തുത അധികാരങ്ങൾ. ഭരണനിർവ്വഹണത്തിനായി സമിതികൾ രൂപീകരിക്കപ്പെട്ടുന്നതോടെ അധികാരങ്ങൾ സമിതിയുടേതാകും. അതാണ് നാളിതുവരെ ഇന്ത്യയിലെ എല്ലാ സർവകലാശാലകളും അനുവർത്തിക്കുന്ന രീതി. എന്നാൽ ഒരു സർവകലാശാലാ സംവിധാനത്തിലും പ്രവർത്തനപരിചയം സിദ്ധിച്ചിട്ടില്ലാത്ത കെ.ടി.യു വൈസ്ചാൻസ്‌ലർ തനിക്ക് ജീവിതാവസാനം വരെ ഈ അധികാരങ്ങളുണ്ട് എന്നാണ് ധരിച്ചിരുന്നത് എന്ന് തോന്നും. സിലബസ് സ്വയം തീരുമാനിക്കുകയോ സ്വന്തക്കാരെക്കൊണ്ട് തീരുമാനിപ്പിക്കുകയോ ആയിരുന്നു രീതി. കരിക്കുലം കമ്മിറ്റി എന്ന പേരിലുള്ള ഒരിക്കലും യോഗം ചേരാത്ത ഒരു ജംബോ കമ്മിറ്റിയെ മുൻനിർത്തിയായിരുന്നു കളികൾ. കരിക്കുലം കമ്മിറ്റിക്കാർ പോലും സ്വകാര്യ പ്രസാധക സംഘങ്ങളുടെ ടെക്സ്റ്റ് ബുക്കുകളിലാണ് സിലബസ് ആദ്യമായി കണ്ടിരുന്നത്. ഏതോ ഒരു റിട്ടയേർഡ് പ്രൊഫസറെക്കൊണ്ട് ദിവസക്കൂലിക്ക് എഴുതിച്ചതാണ് മിക്ക സിലബസും എന്നാണ് എഞ്ചിനീയറിംഗ് കോളേജ് അധ്യാപകർ പറയുന്നത്. സർവകലാശാലാ ഭരണസമിതിയിലും അക്കാദമിക് കമ്മിറ്റിയിലും വിദ്യാർത്ഥികളും അധ്യാപകരും വേണ്ടെന്നാണ് വി.സിയുടെ പക്ഷം. വിദ്യാർത്ഥികളെ തോൽപ്പിക്കണം എന്ന് തീരുമാനം എടുക്കാനുള്ള കമ്മിറ്റിയിൽ കുട്ടികൾ എന്തിനാണ് എന്നാണ് അദ്ദേഹത്തിന്റെ ചോദ്യം! അക്കാദമിക് കൗൺസിലും സിൻഡിക്കേറ്റുമൊന്നും പരീക്ഷാബോർഡല്ല എന്ന സാമാന്യബോധം പോലും വൈസ് ചാൻസ്‌ലർക്കില്ലാതെ പോയാൽ ഹാ കഷ്ടം എന്നല്ലാതെ എന്തു പറയാൻ! പൂർവ്വാപര ബന്ധമോ നിയതമായ ഘടനയോ മിക്ക സിലബസുകൾക്കും ഇല്ല. അടിസ്ഥാന എഞ്ചിനീയറിംഗ് പേപ്പറുകൾക്ക് പ്രാധാന്യം കുറച്ചും ലബോറട്ടറി പരിശീലന സമയം വെട്ടിക്കുറച്ചും പരീക്ഷകൾ കോളേജുകൾക്ക് വിട്ടുകൊടുത്തും നടത്തുന്ന പരിഷ്കാരങ്ങൾ ഏത് വിദ്യാഭ്യാസ ലോബിയെ സഹായിക്കാനാണെന്ന് അക്കാദമിക് സമൂഹം തിരിച്ചറിയുന്നുണ്ട്. ജനാധിപത്യപരമായ കൂടിയാലോചനകൾ ഇല്ലാത്ത ഇടങ്ങളിൽ നടക്കുന്ന അറിവിന്റെ നിർമ്മിതി അപകടകരമാണ്.

## പരീക്ഷ എന്ന പരീക്ഷണം

ഒന്നാം സെമസ്റ്റർ മുതൽ ഇക്കഴിഞ്ഞ അഞ്ചാം സെമസ്റ്റർ പരീക്ഷ വരെയുള്ളതിൽ ഒരെണ്ണമെങ്കിലും വിവാദരഹിതമായി വിശ്വാസ്യതയോടെ നടത്തുവാൻ സർവകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ എന്നുള്ളത് സംശയമാണ്. നിയമനം കിട്ടിയ ശേഷം വി.സി ആദ്യമെടുത്ത തീരുമാനം പരീക്ഷകൾ ഒരു സ്വകാര്യ കമ്പനിയെ ഏൽപിക്കുകയാണ്. ആ കമ്പനിയുടെ തെരഞ്ഞെടുക്കൽ, പരീക്ഷാ രീതി, മൂല്യനിർണ്ണയത്തിന് അനുവർത്തിക്കാ

നാറച്ച മാർഗങ്ങൾ എന്നിവയിൽ സംശയം തോന്നിയ സംസ്ഥാനത്തെ മിടുക്കരായ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ പരീക്ഷ ബഹിഷ്കരിക്കുന്ന സ്ഥിതിവരെയുണ്ടായി. തുടർന്ന് അന്നത്തെ യു.ഡി.എഫ് സർക്കാരിലെ വിദ്യാഭ്യാസമന്ത്രി തന്നെ നേരിട്ട് വിളിച്ചുചേർത്ത ഉന്നതതല യോഗം പരീക്ഷാ പുറംകരാർ ഇടപാട് റദ്ദാക്കുകയാണ് ചെയ്തത്. സ്വന്തമായി ഒരു ഐ.ടി വിഭാഗം രൂപീകരിക്കാനും പരീക്ഷാ നടത്തിപ്പ് പരീക്ഷാ കൺട്രോളർ ഏറ്റെടുക്കാനും എടുത്ത ആ യോഗത്തിന്റെ തീരുമാനം നാളിതുവരെ പൂർണമായും നടപ്പിലാക്കപ്പെട്ടിട്ടില്ല. അവിശ്വസനീയമാംവിധം താഴ്ന്നതാണ് പരീക്ഷകളിലെ വിജയശതമാനം. കാലാവസ്ഥയോ ഒന്നാം സെമസ്റ്റർ ക്ലാസുകളാരംഭിക്കുന്നതിൽ വരുന്ന കാലതാമസമോ ഒന്നും കണക്കിലെടുക്കാൻ ഏപ്രിൽ-മെയ് മാസങ്ങളിൽ ക്ലാസും ജൂൺ-ജൂലായ് മാസങ്ങളിൽ അവധിയും നൽകിക്കൊണ്ടുള്ള അശാസ്ത്രീയമായ അക്കാദമിക് കലണ്ടർ മുതൽ മുൻധാരണകളില്ലാതെ തയ്യാറാക്കുന്ന ചോദ്യപേപ്പർ, മുതിർന്ന അധ്യാപകരുടെ മേൽനോട്ടമില്ലാതെ നടത്തപ്പെടുന്ന മൂല്യനിർണ്ണയം തുടങ്ങി എണ്ണിയാലൊടുങ്ങാത്ത താളപ്പിഴകളാണ് ഇവിടെ. രൂപീകൃതമായിട്ട് മൂന്ന് വർഷം കഴിഞ്ഞ സർവകലാശാല ഇതുവരെ അതിന്റെ മുദ്ര പതിച്ച ഒരു മാർക്ക് ലിസ്റ്റ് പോലും കുട്ടികൾക്ക് നൽകിയിട്ടില്ലത്രെ! പി.ജി വിദ്യാർത്ഥികൾക്ക് നൽകിയ സർട്ടിഫിക്കറ്റുകൾ മടക്കിവാങ്ങേണ്ട ഗതികേട് നാട്ടിൽ മറ്റൊരു സർവകലാശാലയ്ക്കും വന്നിട്ടുണ്ടാകില്ല. പി.ജി കോഴ്സുകൾ പൂർണമായും അതാത് കോളേജുകൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. എങ്ങനെ നടക്കുന്നു അവയെന്ന് സർവകലാശാലയ്ക്ക് ഒരു നിശ്ചയവുമില്ല.

## സ്റ്റാറ്റ്യൂട്ട് ഇല്ലാത്ത സർവകലാശാല

ഒരു സർവകലാശാലയുടെ നിലനിൽപിനടിസ്ഥാനം സർവകലാശാലാ ആക്ടും അതിനെത്തുടർന്നുള്ള സ്റ്റാറ്റ്യൂട്ടുമാണ്. മൂന്ന് വർഷം പ്രായമായ ഈ പ്രസ്ഥാനത്തിന് നാളിതുവരെ ഒരു സ്റ്റാറ്റ്യൂട്ട് രൂപപ്പെട്ടിട്ടില്ല. വളയമില്ലാതെ ചാടാൻ വെമ്പിനിൽക്കുന്ന വി.സിയ്ക്ക് അതിൽ താല്പര്യമില്ലത്രെ. സ്റ്റാറ്റ്യൂട്ടില്ലാത്ത സർവകലാശാലയെന്നാൽ ഭരണഘടനയില്ലാത്ത രാജ്യം പോലെ തന്നെ. ഏകാധിപതികൾക്ക് നിയമവ്യവസ്ഥയിൽ വിശ്വാസം വരില്ലല്ലോ! സർവകലാശാലാ ഓഫീസർമാരുടെയും ഉദ്യോഗസ്ഥരുടെയും നിയമനം അധികാര വിഭജനം - നിർവ്വഹണം, നിയമസഭ പാസാക്കിയ ആക്ടിനാൽ രൂപീകൃതമാവേണ്ട സമിതികളുടെ ദൈനംദിന പ്രവർത്തനം ഇവയെല്ലാം സ്ഥാപിതമാകുന്നത് സർവകലാശാലാ സ്റ്റാറ്റ്യൂട്ട് രൂപപ്പെടുന്നതോടെയാണ്. സ്റ്റാറ്റ്യൂട്ട് വരുന്നതുവരെ പ്രയോഗിക്കാൻ കിട്ടിയ സവിശേഷമായ എക്സിക്യൂട്ടീവ് അധികാരങ്ങൾ ഉപയോഗിച്ച് സാമ്പത്തിക കൈകാര്യനിർവ്വഹണം പോലും നടപ്പാക്കി സുഖം പിടിച്ചുപോയി ആദരണീയനായ, രാജിവെച്ച, വി.സി. ഒരുതരം നാൽക്കാലിക്കിടാവുകളുടെ കൂത്താട്ടം പോലെയുള്ള ഈ പോക്ക് എത്ര കാലം ഒരു ജനാധിപത്യ സർക്കാരിന് കണ്ടുനിൽക്കാനാകും.

## പുറംകരാറെന്ന ചക്കരക്കുടം

കേരളത്തിലെ അഞ്ച് സർവകലാശാലകളിലായി അഫിലിയേറ്റ് ചെയ്യപ്പെട്ടിരുന്ന നൂറ്റിനാൽപ്പത്തിരണ്ടോളം കോളേജുകൾ ആണ് പുതിയ സർവകലാശാലയിലേക്ക് മാറ്റിയത്. ആരംഭഘട്ടത്തിൽ മാതൃസർവകലാശാലകളിൽ നിന്നും പരിണതപ്രജ്ഞരായ ഉദ്യോഗസ്ഥരെ ഭരണനിർവ്വഹണത്തിനായി മാറ്റി നിയമിച്ചാൽ തന്റെ സ്ഥാപിത താല്പര്യങ്ങൾ നടക്കില്ല എന്ന് തിരിച്ചറിഞ്ഞുകൊണ്ടാകണം സർവകലാശാലയിൽ ജീവനക്കാർ വേണ്ട എന്നൊരു തീരുമാനം ആദ്യമേ എടുത്തത്. പകരം ഒരു സ്വകാര്യ സ്ഥാപനം നിർമ്മിച്ചുനൽകിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ദിവസക്കൂലിക്കാരെക്കൊണ്ട് ഭരണനിർവ്വഹണം നടത്താം എന്ന് തീരുമാനിച്ചു. ഉദാഹരണമായി കാണിക്കുന്നത് കേരളത്തിന്റെ അഭിമാനപദ്ധതിയായ ടെക്നോപാർക്കും. ടെക്നോപാർക്ക് സ്ഥാപനമല്ലെന്നും കേവലമൊരു ഫെസിലിറ്റേറ്റർ മാത്രമാണെന്നും അവിടത്തെ ഉല്പാദന പ്രവർത്തനങ്ങൾ ഓരോ സംരംഭകനും സ്വന്തം കമ്പനികളിൽ നടത്തുന്നതാണെന്നുമുള്ള യാഥാർത്ഥ്യം മറച്ചുവെച്ചുകൊണ്ടാണ് ഈ താരതമ്യം. സ്വകാര്യ കമ്പനി തയ്യാറാക്കുന്ന പ്രോഗ്രാം വാങ്ങുന്നതിൽ തെറ്റില്ല. പക്ഷെ അതേ കമ്പനിയുടെ ജീവനക്കാർ തന്നെ ആജീവനാന്തം അത് കൈകാര്യം ചെയ്താൽ മതി എന്ന് പറയുന്നതിന്റെ യുക്തി എന്താണ്? ജീവനക്കാർ വന്നാൽ സംഘടനയുണ്ടാകുമെന്നാണത്രെ വി.സിയുടെ ഭയം! ജനാധിപത്യബോധമുള്ള വ്യക്തികൾക്ക് ഇങ്ങനെ ചിന്തിക്കാനാകില്ല.

സർവകലാശാലയിൽ നടക്കുന്ന വഴിവിട്ട ഇടപാടുകൾ പരിശോധനാ ഏജൻസിയായ അക്കൗണ്ടന്റ് ജനറൽ, ഫൈനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ് തുടങ്ങിയവയുടെ പരിശോധനയിൽ ബോധ്യപ്പെട്ടതാണ്. ഇഷ്ടക്കാരുടെ കോളേജുകളിൽ നിന്ന് അഫിലിയേഷൻ ഫീസ് വാങ്ങാതിരിക്കുന്നതും എൻട്രൻസ് യോഗ്യതയില്ലാത്തവർക്ക് പ്രവേശനം നൽകിയതുമെല്ലാം പുറത്തുവന്നുകഴിഞ്ഞു. വിവാദങ്ങളിൽ നിറഞ്ഞുനിന്ന കോളേജിന് അഫിലിയേഷൻ നൽകാൻ സർവകലാശാലാ രജിസ്ട്രാർ അറിയാതെ കള്ള ഒപ്പിട്ട് നൽകിയ സംഭവം സർവകലാശാലക്ക് ഭൂഷണമല്ല. ഫാബ് ലാബായും ഫാക്കൽറ്റി ഡെവലപ്പ്മെന്റ് പരിപാടികളായാലും സംരംഭകത്വ പരിശീലനമായാലും അതാതിന്റെയൊക്കെ പിന്നിൽ വിശ്വാസ്യതയില്ലാത്ത കരങ്ങളും മുഖങ്ങളും ഉണ്ടായിരുന്നു. പല കടിലനീക്കങ്ങളും വിജിലൻസ് ക്രൈംബ്രാഞ്ച് കേസുകളിലേക്ക് നീങ്ങുന്നതായും അറിയുന്നു. ഈയൊരു സാഹചര്യത്തിൽ മുഖം രക്ഷിക്കാനുള്ള ശ്രമം മാത്രമാണ് വി.സിയുടെ രാജിനാടകം. കേരളത്തിലെ സർക്കാരിനെയും അതിലെ വിദ്യാഭ്യാസമന്ത്രിയെയും നന്നായി അറിയുന്നവരാണ് ഈ നാട്ടുകാർ. മന്ത്രിമാരുടെ തിണ്ണ നിരങ്ങി നേടിയ സ്ഥാനങ്ങൾ രാജിവെച്ച് ത്യാഗി പരിവേഷം നേടുന്നതൊന്നും കേരളത്തിന്റെ അക്കാദമിക സമൂഹത്തോട് കാട്ടിയ നീതികേട് മറയ്ക്കാൻ മതിയാവില്ല.

ഈ നാട് നേടിയെടുത്ത വൈജ്ഞാനിക വികാസത്തിന്റെ നേരവകാശികളാണ് ഇവിടത്തെ അധ്യാപക സംഘടനകളും വിദ്യാർത്ഥി കൂട്ടായ്മകളും. അനീതികൾക്കും അസമത്വങ്ങൾക്കും എതിരെ ഞങ്ങൾ നടത്തിയ ജനാധിപത്യ പോരാട്ടങ്ങൾ ആ വൈജ്ഞാനിക മുന്നേറ്റത്തെ ഒരിഞ്ചും പിന്നോട്ടടിപ്പിച്ചിട്ടില്ല. മറിച്ച് ഗതിവേഗം വർദ്ധിപ്പിച്ചിട്ടേയുള്ളൂ. നാടിനഭിമാനമായി,തലമുറകൾക്ക് വഴികാട്ടിയായി എ.പി.ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാലയെ മാറ്റിത്തീർക്കുവാൻ കേരളത്തിലെ അക്കാദമിക് സമൂഹം പ്രതിജ്ഞാബദ്ധമാണ്.

# കേരളത്തിൽ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം കുറയുന്നു: മന്ത്രി കെ.കെ. ശൈലജ




കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കുറയുന്നുവെന്ന് മന്ത്രി കെ.കെ. ശൈലജ പറഞ്ഞു. ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ സ്ത്രീ- സ്വകാര്യത, തൊഴിൽ, പദവി എന്ന വിഷയത്തിൽ നടത്തിയ അന്താരാഷ്ട്ര സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. എ.കെ.പി.സി.ടി.എ.യുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വനിതാ കമ്മീഷന്റെ സഹകരണത്തോടെയാണ് സെമിനാർ സംഘടിപ്പിച്ചത്.

അഭ്യസ്തവിദ്യരായ സ്ത്രീകൾ തൊഴിൽചെയ്ത് ജീവിക്കാൻ വിമുഖത കാണിക്കുകയാണ്. അഭ്യസ്തവിദ്യരായ 60 ശതമാനം പേർ ഇപ്പോഴും തൊഴിലെടുക്കുന്നില്ല. രാഷ്ട്രീയമേഖല, സാമൂഹ്യപ്രവർത്തനം എന്നിവയിലെക്കൊന്നും ഇവർ എത്തിപ്പെടുന്നുമില്ല. ഇന്ത്യയിൽ ഫ്യൂഡൽ വ്യവസ്ഥയുടെ ശേഷിപ്പുകൾ ഇന്നുമുണ്ട്.

പാട്ടിലും സിനിമയിലും ഉൾപ്പെടെ സ്ത്രീകളെ അപമാനിക്കുന്ന പ്രവണത കൂടിവരുന്നു. ഇതിനെ വിമർശിച്ചാൽ കുറ്റക്കാരാകുന്ന അവസ്ഥയാണിപ്പോൾ. സ്ത്രീയെ മോശമായി അവതരിപ്പിച്ച സിനിമയിൽ അഭിനയിച്ചതിന് ക്ഷമാപണം നടത്തിയ പൃഥ്വീരാജിന്റെ നടപടി പ്രശംസനീയമാണ്. മലയാളസിനിമയിൽ നിന്നുള്ള ഇത്തരം ശബ്ദം ആശ്വാസകരമാണെന്നും മന്ത്രി പറഞ്ഞു.



# അന്തർദ്ദേശീയ വനിതാ സെമിനാർ







1958 ഡിസംബർ 21ന് എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ വെച്ച് രൂപംകൊണ്ട എ.കെ.പി.സി.ടി.എ., അതിന്റെ സമരപോരാട്ടങ്ങളുടെ അറുപതാം വർഷം ആഘോഷിക്കുന്ന സന്ദർഭമാണിത്. ഡയമണ്ട് ജൂബിലി ആഘോഷിക്കുമ്പോൾ, വനിതാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ശ്രദ്ധേയമായ പരിപാടിയാണ് 'സ്ത്രീ: സ്വകാര്യത, തൊഴിൽ, പദവി' എന്നത് കേന്ദ്രവിഷയമാക്കി നടത്തിയ അന്തർദ്ദേശീയ വനിതാസെമിനാർ

സംഘടന രൂപീകൃതമായതു മുതൽ അതിന്റെ എല്ലാ സമരമുഖങ്ങളിലും സ്ത്രീകൾ ഉണ്ടായിരുന്നുവെങ്കിലും, സംഘടനയുടെ ചരിത്രത്തിൽ അവരൊക്കെ അദൃശ്യരായി മാറി. സംഘടനയിൽ വനിതകളെയും പ്രവർത്തനത്തെയും ദൃശ്യപ്പെടുത്തിയത് 2008-ൽ തൃശ്ശൂർ ശ്രീകേരളവർമ്മ കോളേജിൽ വെച്ച് പ്രൊഫ. ഉഷാകുമാരിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വനിതാകൺവെൻഷനാണ്. ഇടർന്നിങ്ങോട്ട് വ്യത്യസ്തമായ പ്രവർത്തനങ്ങളുമായാണ് വനിതാ കമ്മിറ്റി ചലിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ഏറ്റവും ഒടുവിൽ നടന്നതും, മുൻപിതുവരെ സംഘടന നടത്തിയിട്ടില്ലാത്തതുമായ ഒന്നാണ് അന്തർദ്ദേശീയ വനിതാ സെമിനാർ.

പുതുവർഷത്തിൽ 2018 ജനവരി 4ന് കോഴിക്കോട് മലബാർ കൃസ്ത്യൻ കോളേജിൽ വെച്ചാണ് സെമിനാർ സംഘടിപ്പിച്ചത്. ഏകദിന വനിതാ സെമിനാർ ഉദ്ഘാ






ടനം ചെയ്തത് ബഹു. ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി കെ.കെ. ശൈലജടീച്ചറാണ്. ഉന്നതവിദ്യാഭ്യാസം നേടിയിട്ടും കേരളത്തിലെ സ്ത്രീകൾ തൊഴിലെടുക്കാൻ വിമുഖരാകുന്നുവെന്നും, തൊഴിൽ പങ്കാളിത്തം കുറയുന്നുവെന്നും ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി പ്രസ്താവിച്ചു. രാഷ്ട്രീയം എന്ന് കേട്ടാൽ അരുതാത്തതെന്തോ ആണെന്ന് കരുതുന്ന സ്ത്രീകളും കേരളത്തിൽ ധാരാളമുണ്ടെന്നും, രാഷ്ട്രനിർമാണ പ്രക്രിയയിലെ പങ്കിനെക്കുറിച്ച് അവർ വേണ്ടത്ര മനസ്സിലാക്കുന്നില്ലെന്നും ടീച്ചർ കൂട്ടിച്ചേർത്തു. ഇന്ന് സ്ത്രീകൾ നേരിടുന്ന അപമാനത്തെക്കുറിച്ച് പറഞ്ഞുകൊണ്ട്, അതിനിടയിൽ കേൾക്കുന്ന ചില സ്ത്രീസൗഹൃദ ശബ്ദങ്ങൾ ആശ്വാസകരമാണെന്നും മന്ത്രി പറഞ്ഞു.

മലേഷ്യയിലെ ലിന്റൺ സർവ്വകലാശാലയിലെ പ്രൊഫസർ ഡോ. കവിതാ ഹാൽഡൊറെ സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തി. ഇടത് ആഭിമുഖ്യമുള്ള രാജ്യങ്ങളിൽ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് അനുകൂലമായ അന്തരീക്ഷമുണ്ടെന്നും, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ അവകാശങ്ങളുണ്ടെന്നും വ്യവസായ സംരംഭകരായി ധാരാളം സ്ത്രീകൾ ധാരാളം സ്ത്രീകൾ കടന്നുവരുന്നു എന്നും പ്രഭാഷണത്തിൽ കവിത ഹാൽഡോറെ പറഞ്ഞു.

തൊഴിലിടങ്ങളിലെ വിവേചനത്തെക്കുറിച്ചാണ് വനിതാക്കമ്മീഷൻ അംഗം അഡ്വ. ഷിജി ശിവജി സംസാരിച്ചത്.

**സംഘടന രൂപീകൃതമായതു മുതൽ അതിന്റെ എല്ലാ സമരമുഖങ്ങളിലും സ്ത്രീകൾ ഉണ്ടായിരുന്നുവെങ്കിലും, സംഘടനയുടെ ചരിത്രത്തിൽ അവരൊക്കെ അദൃശ്യരായി മാറി. സംഘടനയിൽ വനിതകളെയും പ്രവർത്തനത്തെയും ദൃശ്യപ്പെടുത്തിയത് 2008-ൽ തൃശ്ശൂർ ശ്രീകേരളവർമ്മ കോളേജിൽ വെച്ച് പ്രൊഫ. ഉഷാകുമാരിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വനിതാകൺവെൻഷനാണ്. തുടർന്നിങ്ങോട്ട് വ്യത്യസ്തമായ പ്രവർത്തനങ്ങളുമായാണ് വനിതാ കമ്മിറ്റി ചലിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ഏറ്റവും ഒടുവിൽ നടന്നതും, മുൻപിതുവരെ സംഘടന നടത്തിയിട്ടില്ലാത്തതുമായ ഒന്നാണ് അന്തർദേശീയ വനിതാ സെമിനാർ.**

പ്രബന്ധവിഷയത്തെ അധികരിച്ച് കേരളസർക്കാരിന്റെ ജെൻഡർ അഡൈ്വസർ ഡോ. ടി.കെ. ആനന്ദിയും, അഡിഷണൽ ഗവ. പ്ലീഡറും, കോഴിക്കോട് ജില്ലാക്കോടതി പബ്ലിക് പ്രോസിക്യൂട്ടറുമായ അഡ്വ. പി.എം. ആതിരയും പ്രഭാഷണം നടത്തി.

പ്രബന്ധവിഷയത്തിലൂന്നിയ ചർച്ച നടക്കുകയും കോഴിക്കോട് സർവ്വകലാശാലയിലെ സ്ത്രീപഠനവകുപ്പ് പ്രൊഫസർ ഡോ. മിനി സുകുമാരൻ ഗുരുവായൂരപ്പൻ കോളേജിലെ അസി. പ്രൊഫസർ ആര്യാഗോപി, മമ്പാട് എം.ഇ.എസ്. കോളേജിലെ അസി. പ്രൊഫ. മൈന ഉമൈബാൻ, കോഴിക്കോട് പ്രോവിഡൻസ് കോളേജിലെ അസി. പ്രൊഫ. ശാന്തി വിജയൻ, തിരൂർ മലയാളം സർവ്വകലാശാലയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ടി.വി. സുനീത, മേഖല വനിതാ കൺവീനർമാരായ പ്രൊഫ. ഷാജിത എസ്, ഡോ. റാണി ആർ. നായർ, ഡോ. ടി.പി. നഫീസ എന്നിവർ ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു.

കേരളത്തിനകത്തും പുറത്തുമുള്ള ഗവേഷകരും അദ്ധ്യാപകരുമായി എഴുപതിലധികം പ്രബന്ധങ്ങളുടെ സോഫ്റ്റ് കോപ്പി മുൻകൂട്ടി അയച്ചുതന്നതിനാൽ പ്രബന്ധങ്ങളുടെ അവതരണത്തിനും ചർച്ചയ്ക്കും പ്രത്യേകം വേദികൾ ഒരുക്കിയിരുന്നു. സ്ത്രീയും രാഷ്ട്രീയവും, സ്ത്രീയും സമൂഹവും, സ്ത്രീയും സാഹിത്യവും, സ്ത്രീ-തൊഴിൽ, സുരക്ഷ, സ്ത്രീ സുരക്ഷയും നിയമങ്ങളും, ചരിത്രത്തിലെ സ്ത്രീകൾ എന്നിങ്ങനെ ഉപവിഭാഗങ്ങളി





ലായി തിരിച്ച് പ്രബന്ധാവതരണം സമയബന്ധിതമായി മൂന്ന് വ്യത്യസ്തവേദികളിലായി സംഘടിപ്പിച്ചു. ശ്രീമതി ആര്യാഗോപി, ശ്രീമതി മൈന ഉമൈബാൻ, ശ്രീമതി വിദ്യ കെ.ടി. എന്നിവർ മോഡറേറ്റർമാരായി.

സെമിനാറിന് ആശംസകളർപ്പിച്ച് എ.കെ.പി.സി.ടി.എ. ട്രഷറർ ഡോ. പി.എൻ. ഹരികുമാർ, കോഴിക്കോട് സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗവും കോഴിക്കോട് മേഖലാ വനിതാ കൺവീനറുമായ പ്രൊഫ. ആർ. ബിന്ദു, സിൻഡിക്കേറ്റ് അംഗങ്ങൾ ഡോ. സി.എൽ. ജോഷി, ഡോ. സി. അബ്ദുൾമജീദ്, എ.കെ.പി.സി.ടി.എ. കോഴിക്കോട് മേഖലാ സെക്രട്ടറി ഡോ. കെ.പി. വിനോദ്കുമാർ, മേഖലയിലെ മുതിർന്ന നേതാവും മുൻ വൈസ് പ്രസിഡന്റുമായ ഡോ. ഡി.കെ. ബാബു, വർക്കിംഗ് കമ്മിറ്റി അംഗവും ജേണൽ എഡിറ്ററുമായ ഡോ. എൻ.എം. സണ്ണി, സംസ്ഥാന കമ്മിറ്റി അംഗം ഡോ. പി.ടി. മാലിനി എന്നിവർ സംസാരിച്ചു.

അന്താർദ്ദേശീയ വനിതാ സെമിനാർ വേദിയിൽ വെച്ച് അഭിമാനകരവും പ്രസക്തവുമായ മറ്റു ചില പരിപാടികൾ കൂടി നടത്തുകയുണ്ടായി.

സംഘടനാംഗമായ ലിസ്ബ യേശുദാസിനെ അനുമോദിച്ചു. യു.എൻ. ആസ്ഥാനത്ത് നടന്ന ലോകസമുദ്ര സമ്മേളനത്തിൽ പങ്കെടുത്ത തുമ്പ സെന്റ് സേവ്യേഴ്സ് കോളേജ് മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ് ശ്രീമതി ലിസ്ബ് യേശുദാസ്. ഇന്ത്യയിൽ നിന്നു പങ്കെടുക്കുവാൻ അനുമതി ലഭിച്ച രണ്ടു സംഘടനകളിൽ ഒന്നിന്റെ പ്രതിനിധിയായിരുന്നു ലിസ്ബ യേശുദാസ്.

വജ്രജൂബിലി വർഷത്തിൽ എല്ലാ ജില്ലകളിൽ നിന്നും പഠനമികവു തെളിയിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് 5000 രൂപ വീതം സഹായം നൽകാൻ തീരുമാനിച്ചിരുന്നു. 12 വിദ്യാർത്ഥികൾക്കുള്ള ധനസഹായം സെമിനാർ വേദിയിൽ വിതരണം ചെയ്തു.

സമൂഹത്തിലെ സാധാരണ ജനങ്ങളെ വളരെയധികം ബാധിച്ച ഒന്നാണ് കേന്ദ്രസർക്കാർ നടപ്പിലാക്കിയ ഡീമോണിറ്റൈസേഷൻ. 'നോട്ടുനിരോധനം മുതൽ ജി.എസ്.ടി. വരെ' എന്ന പേരിൽ ഗുരുവായൂരപ്പൻ കോളേജിലെ അസി. പ്രൊഫ. അനിൽ വർമ്മയും ടി.പി. കുഞ്ഞിക്കണ്ണനും ടി.കെ. ദേവരാജനും ചേർന്നെഴുതി കേരള ശാസ്ത്രസാഹിത്യപരിഷത്ത് പ്രസിദ്ധീകരിച്ച പുസ്തകം പ്രകാശനം ചെയ്തു.

സമകാലിക സ്ത്രീ അവസ്ഥയും പ്രതിരോധവും പ്രതിപാദിക്കുന്ന ശ്രീ മാവൂർ വിജയൻ സംവിധാനം ചെയ്ത 'കാളകളി' ലഘുനാടകം അരങ്ങേറി. കോഴിക്കോട് എൽ.ഐ.സി. എംപ്ലോയീസ് യൂണിയൻ വനിതാ വിഭാഗമാണ് രംഗാവിഷ്കാരം നടത്തിയത്.

ജില്ലാ വനിതാ കൺവീനർ ശ്രീമതി റഹന മൊയ്തീൻ സ്വാഗതം ചെയ്തു. ജില്ലാ പ്രസിഡന്റ് ഡോ. എസ്. ശ്രീകുമാരി അദ്ധ്യക്ഷയായ സമാപനസമ്മേളനം യൂണിവേഴ്സിറ്റി സിണ്ടിക്കേറ്റ് അംഗവും മലബാർ ക്രിസ്ത്യൻ കോളേജ് പ്രിൻസിപ്പാളുമായ ഡോ. ഗോഡ്‌വിൻ സാമ്രാജ് സംസാരിച്ചു. സെമിനാറിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

സംഘടനാ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. എ.ജി. ഒലീന ആമുഖ പ്രഭാഷണവും, സെക്രട്ടറി ഡോ. കെ.എൽ. വിവേകാനന്ദൻ സംഘടനാ റിപ്പോർട്ടിംഗും നടത്തിക്കൊണ്ടാണ് സെമിനാർ പരിപാടി ആരംഭിച്ചത്. വനിതാകമ്മിറ്റി ചെയർപേഴ്സൺ ഡോ. പി.കെ. കുശലകുമാരി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വനിതാ കൺവീനർ ഡോ. എസ്. ബീന സ്വാഗതവും ജില്ലാസെക്രട്ടറി ഡോ. ടി. മുഹമ്മദ് സലീം നന്ദിയും പറഞ്ഞു.

സമയബന്ധിതമായി സംഘടിപ്പിക്കപ്പെട്ട സെമിനാർ സംഘാടനത്തിൽ മികവു പുലർത്തി. പങ്കാളിത്തം വളരെ വലുതായിരുന്നു.



**AIFUCTO XXIX Statutory Conference, Shirdi PUNE, from 18 to 21 December, 2017, AKPCTA Delegates**

Sitting: Dr.D K Babu,Dr.P K Kusalakumari, Dr. K Krishnadas, Prof.A G Oleena, Dr.K L Vivekanandan, Dr.B Sreekumar, Dr.P K Padmakumar, Dr.P N Harikumar, Dr.Sunny N M, Dr.C Abdul Majeed

Standing: Dr. Muhammed Salim, Dr. C M Sreejith, Prof A. Nishanth, Dr. C Padmanabhan, Dr.V P Markose, Prof Vivek Jacob, Dr.K P Vinod kumar, Prof. Pramod Vellachal, Dr.C L Joshy, Dr.A M P Hamsa, Prof. G Snjeev, Dr.N Sasikumar, Dr.K Santhosh, Dr. A Suresh, Prof. M Sreekumar, Dr. M B Balakrishnan, Prof Jogy Alex, Dr.Beena S.



ഐഫക്ടോ സൌത്ത് സോൺ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട, എകെപിസിടിഎ സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. എ.ജി. ഒലീന





കേരള സർവ്വകലാശാലയിൽ നിന്നും കോമേഴ്സിൽ ഡോക്ടറേറ്റ് നേടിയ ശിവഗിരി ശ്രീനാരായണ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ മഞ്ജു എസ്.വി.യും ലക്ഷ്മി പ്രസന്നനും

# കോഴിക്കോട് സർവകലാശാല സിൻഡിക്കേറ്റിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടു









ഡോ.ആർ ബിന്ദു (ശ്രീ കേരളവർമ്മ തൃശ്ശൂർ), ഡോ.കെ.സി.അബ്ദുൾമജീദ് (യൂണിറ്റി വിമൻസ് കോളേജ് മഞ്ചേരി), ഡോ. സി. എൽ. ജോഷി (സെൻറ് തോമസ് കോളേജ് തൃശ്ശൂർ), ഡോ. ഗോഡ്വിൻ സാംരാജ് ഡി.പി. (മലബാർ ക്രിസ്ത്യൻ കോളേജ് കോഴിക്കോട്)

# ഗാന്ധിജിയും അംബേദ്കറും പ്രതിരോധത്തിന്റെ രണ്ടു മുഖങ്ങൾ

വ്യക്തികൾ വിമർശിക്കപ്പെടുന്നത് അവർ മുന്നോട്ട് വെച്ച ആശയങ്ങളുടെ അടിസ്ഥാനത്തിലാണ്. കലയിലും, സാഹിത്യത്തിലും, രാഷ്ട്രീയത്തിലും, തത്വചിന്തയിലും, മതശാസ്ത്രങ്ങളിലും, ശുദ്ധശാസ്ത്രവി ഷയങ്ങളിലും എല്ലാ കാലത്തും വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. ഏകാധിപത്യങ്ങളും സമഗ്രാധിപത്യങ്ങളും നിലനിന്ന കാലങ്ങളിൽ പോലും വിമർശനം സാമൂഹികജീവിതത്തിന്റെ ഭാഗമായിരുന്നു. ഇന്ത്യൻ സാമൂ ഹികജീവിതത്തിൽ ആശയസമരത്തിന്റെ ദീർഘമായ ചരിത്രം അനിഷേധ്യമായി നിലനിൽക്കുന്നുണ്ട്. വൈദിക പാരമ്പര്യത്തിനകത്തും പുറത്തും ദീർഘകാലം വിഭിന്നമായ ആശയങ്ങൾ അവതരിപ്പിക്കപ്പെടുകയും ആശയസമരങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. അടുത്തകാലത്ത് അരുന്ധതി റോയി ഗാന്ധിജിയെ വിമർശിച്ചുകൊണ്ട് ഡോ. അംബേദ്കറെ അധികരിച്ച് നടത്തിയ ലേഖനങ്ങളും, അഭിമുഖങ്ങളും, പ്രഭാഷണവും കേരളീയ സാംസ്കാരിക സ്ഥലിയിൽ സംവാദങ്ങൾക്ക് വഴി തുറന്നിരിക്കയാണ്.

വർത്തമാന ഇന്ത്യയിൽ ഗാന്ധി-അംബേദ്കർ സംവാദം തിരിച്ചു കൊണ്ടുവരുന്നത് തീർച്ചയായും ആരോഗ്യകരമായ രാഷ്ട്രീയ നയരൂപീകരണങ്ങൾക്ക് സഹായകരവും അനിവാര്യവുമാണ്. എന്നാൽ ഗാന്ധി-അംബേദ്കർ സംവാദം അവർ തുടങ്ങുകയോ അവസാനിപ്പിക്കുകയോ ചെയ്ത സന്ദർഭമല്ല ഇന്ന് ഇന്ത്യയിൽ നിലനിൽക്കുന്നത്. അതുകൊണ്ട് ഗാന്ധി-അംബേദ്കർ സംവാദം സ്വാതന്ത്ര്യപൂർവ്വ ഇന്ത്യൻ പരിസരത്തിൽ സ്ഥാപിപ്പിക്കുകയല്ല, മറിച്ച് ഇന്നത്തേത് പോലുള്ള സാമ്രാജ്യവിപുലീകരണത്തിന്റെയും ഭരണകൂട ഭീകരതയുടെയും സന്ദർഭത്തിനനുസരിച്ച് വിപുലീകരിക്കുകയാണ് വേണ്ടത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മഹാത്മാഗാന്ധിജിയുടെ ആത്മാർത്ഥ മായ അനുയായികളായി ജീവിക്കുകയും മരിക്കുകയും ചെയ്യുന്ന നിര വധി സാംസ്കാരിക പ്രവർത്തകരും ചിന്തകരും ഹിന്ദുത്വ

ഡോ. പി.കെ. പോക്കർ





ഫാസിസത്തിനെതിരായി നിരന്തരം പ്രവർത്തിക്കുന്നുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ശ്രമിച്ചതിന്റെ പേരിൽ ഇന്ത്യൻ പ്രധാനമന്ത്രി സ്ഥാനം വരെ നഷ്ടപ്പെടേണ്ടിവന്ന വി.പി. സിങ്ങ് മുതൽ ഇന്നത്തെ പ്രധാനമന്ത്രി നരേന്ദ്രമോദിയെ വിമർശിച്ചതിന്റെ പേരിൽ പാകിസ്ഥാനിലേക്ക് അയക്കുമെന്ന ഭീഷണിക്കിരയായി ആകലചിത്തനായി അടുത്തകാലത്ത് അന്തരിച്ച യു.ആർ. അനന്തമൂർത്തി വരെ മഹാത്മാഗാന്ധിജിയുടെ സത്യസന്ധരായ അനുയായികളും സാമൂഹിക നീതിക്കു വേണ്ടി നിലകൊണ്ടവരുമാണ്. മാത്രമല്ല 1989ൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതിനെത്തുടർന്ന് ഇന്ത്യയിൽ ശക്തി പ്രാപിച്ച സവർണ ഫാഷിസ്റ്റ് പ്രവണതകളുടെ ഭാഗമായി ഉയർന്നുവന്ന വംശഹത്യകളെയും കലാപങ്ങളെയും ബാബരി മസ്ജിദ് തകർത്തതുൾപ്പെടെയുള്ള ജനാധിപത്യവിരുദ്ധമായ പ്രവർത്തനങ്ങളെയും തുറന്നുകാണിക്കാനും വിമർശിക്കാനും ഇന്ത്യയിലുടനീളം പ്രവർത്തിച്ച ആനന്ദ് പട് വർദ്ധനെയും ഡോ. രാംപുനിയാനിയെയും പോലുള്ള നിരവധി സാംസ്കാരിക പ്രവർത്തകരും കലാകാരന്മാരും ഗാന്ധിജിയുടെ ആത്മാർത്ഥമായ അനുഭാവികളാണ്.

ഇവിടെ പരാമർശിച്ച വ്യക്തികളും അവരെപ്പോലുള്ള നിരവധി പേരും ഗാന്ധിജിയുടെ വഴിയിൽ സഞ്ചരിച്ചുകൊണ്ട് ആഗോളവൽക്കരണകാലത്തെ സാമ്രാജ്യാധിപത്യ പ്രവണതകളെയും ഹിന്ദുത്വ ഫാഷിസത്തെയും എതിർക്കുന്നു എന്നത് നിസ്സാരവൽക്കരിക്കപ്പെട്ടുകൂടാ. കാരണം സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ പ്രതിപക്ഷനേതാവായി ഗാന്ധിജിയെ പലരും വിശേഷിപ്പിച്ചതിന്റെ തുടർച്ചയിലാണ് ഇവരെല്ലാം ഭരണകൂടത്തിന്റെ ഭീകരവാഴ്ചകളെയും സംഘശക്തികളെയും തെല്ലും കൂസാതെ വിമർശിച്ചുകൊണ്ട് മതേതര ജനാധിപത്യ മൂല്യങ്ങൾക്ക് വേണ്ടി ഇന്ത്യയിൽ നിലനിൽക്കുന്നത്. ഗാന്ധിജിയെക്കുറിച്ച സ്. ഇ.എം.എസ് എഴുതിയത് കാണുക:

'സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ആദ്യത്തെ വിയോജിപ്പിന്റെ ശബ്ദമാണ് മഹാത്മാഗാന്ധിജിയുടെ സവിശേഷത - അദ്ദേഹം 1947ലെ ആഗസ്റ്റ് പതിനഞ്ചിന്റെ ആഘോഷങ്ങളിൽ പങ്കാളിയാവാൻ വിസമ്മതിച്ചു. വീണ്ടും 1948 ജനവരിയിൽ ഇന്ത്യ നേടിയ തരം സ്വാതന്ത്ര്യത്തിൽ അദ്ദേഹം ഒട്ടും തൃപ്തനല്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചു. കോൺഗ്രസ്സ് ഭരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ പ്രതിപക്ഷ നേതാവായി പ്രവർത്തിച്ചത് രാഷ്ട്രപിതാവായ മഹാത്മാവ് ഒറ്റക്കായിരുന്നെന്ന് പറഞ്ഞാൽ അത് അതിശയോക്തി പരമാവില്ല.' (Frontline, Vol.14, No. ആഗസ്റ്റ് 9-22, 1997), ഇ.എം.എസ് കോൺഗ്രസ്സോ കോൺഗ്രസ്സ് സോഷ്യലിസ്റ്റോ ആയ സന്ദർഭത്തിൽ എഴുതിയ അഭിപ്രായമല്ല ഇത്. മറിച്ച അദ്ദേഹത്തിന്റെ ചരമത്തിന് ഏതാനും മാസങ്ങൾക്ക് മുമ്പ് (1998 മാർച്ച് 19ന് അന്തരിച്ചു) അതായത് ബി.ജെ.പി നേതാവായ അടൽ ബിഹാരി വാജ്പേയ്യ് ഇന്ത്യൻ പ്രധാനമന്ത്രിയായി അധികാരമേൽക്കാൻ പോകുന്നതിന് ഏതാനും മാസങ്ങൾക്ക് മുമ്പ് എഴുതിയ ലേഖനത്തിലാണ് ഇ.എം.എസ്. ഗാന്ധിജിയെ ഇന്ത്യയിലെ ഒറ്റയാൾ പ്രതിപക്ഷ നേതാവായി വിശേഷിപ്പിച്ചത്.

നേതാക്കന്മാരുടെ പ്രവർത്തനങ്ങളും ആശയങ്ങളും ചരിത്രവൽക്കരിക്കാൻ കഴിയാതെ വരുമ്പോഴാണ് നമ്മൾ യാഥാർത്ഥ്യബോധമില്ലാത്തവരായി മാറുന്നത്. ഭരണകൂടത്തെയും അതിന്റെ ഉപകരണങ്ങളെയും വിമർശിക്കാനും വിയോജിക്കാനും ജനാധിപത്യം വാഗ്ദാനം നൽകിയ അവകാശങ്ങൾപോലും കവർന്നെടുക്കുന്ന വർത്തമാന ജീവിതാവസ്ഥയിൽ രാഷ്ട്രീയമായും സാംസ്കാരികമായും സ്വീകരിക്കുന്ന നിലപാടുകൾ നിർണായകമായ ഫലങ്ങൾ സൃഷ്ടിക്കുന്നതാണ്. ഡോ. അംബേദ്കറും മഹാത്മാഗാന്ധിജിയും തമ്മിൽ നടന്ന സംവാദം രാഷ്ട്രീയമായും സാംസ്കാരികമായും പ്രസക്തി നഷ്ടപ്പെടാതെ നിൽ

ക്കുന്നു എന്നതിൽ സംശയമില്ല. മഹാത്മാഗാന്ധിജി സ്വീകരിച്ച ആശയപരിസരവും വിശ്വാസമർപ്പിച്ച പ്രമാണങ്ങളും ഇന്ത്യയിലെ ദലിതരെയും പിന്നോക്കസമുദായങ്ങളെയും സംബന്ധിച്ചിടത്തോളം പൂർണമായും അസ്വീകാര്യമായി അനുഭവപ്പെടുന്നതാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അനിഷേധ്യ നേതൃത്വമെന്ന നിലയിലാണ് അംബേദ്കർ ഗാന്ധിജിയെ വിമർശിച്ചത്. കാരണം ഗാന്ധിജി സ്വീകരിക്കുന്ന നിലപാട് കോൺഗ്രസിന്റെ നിലപാടാവുകയും അതിലൂടെ ദേശീയനയ മായി പരിവർത്തിക്കപ്പെടുകയും ചെയ്യുമെന്ന അനിവാര്യമായ ഭീതി അംബേദ്കറിനുണ്ടായിരുന്നു. അതേസമയം ഗാന്ധിജി ഇന്ത്യ സ്വതന്ത്രമായ സന്ദർഭത്തിൽ അധികാരത്തിനുവേണ്ടി മത്സരിച്ച കോൺഗ്രസ് നേതൃത്വത്തിൽ നിന്ന് വിഭിന്നമായി മതേതരത്വത്തിനും പൂർത്തിയാക്കപ്പെടാത്ത സ്വാതന്ത്ര്യത്തിനും വേണ്ടി ജനങ്ങൾക്കിടയിൽ -നവഖാലിയിലെ അത്ഭുതകരമായ ഇടപെടലുകൾ-ഉണ്ടാക്കിയ ഫലങ്ങൾ അനിഷേധ്യമാണ്. പരസ്പരം കൊല്ലാൻ മത്സരിച്ച ഹിന്ദു-മുസ്ലിം വർഗീയ ജ്വരം ബാധിച്ചവരെ ഗാന്ധിജിയുടെ ഇടപെടൽ കൊണ്ട് തണുപ്പിക്കാൻ കഴിഞ്ഞു എന്നത് ജനങ്ങൾക്ക് ആശ്വാസകരമായെങ്കിലും വർഗീയവാദികൾക്ക് സ്വീകാര്യമായിരുന്നില്ല. ഇന്ത്യ വിഭജിച്ചും, ഭിന്നിച്ചും കാണണമെന്ന് ആഗ്രഹിച്ച ബ്രിട്ടനെപ്പോലും അത്ഭുതപ്പെടുത്തുന്ന ഇടപെടലുകളാണ് ആ സന്ദർഭത്തിൽ ഗാന്ധിജി നടത്തിയതെന്ന കാര്യം മൗണ്ട്ബാറ്റൺപ്രഭുവിന്റെ പ്രതികരണത്തിൽ നിന്നുതന്നെ തിരിച്ചറിയാൻ കഴിയും.

മഹാത്മാഗാന്ധിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന വി. കല്യാണം ഗാന്ധിജിയുടെ അവസാനദിവസത്തെ ഓരോ നിമിഷവും രേഖപ്പെടുത്തിയിട്ടുണ്ട്. രാവിലെ മൂന്നു മണിക്ക് ഉണരുന്ന ഗാന്ധിജി ദിവസം ആരംഭിക്കുന്നതിങ്ങനെയാണ്.

'കുളി കഴിഞ്ഞ്, കുളിമുറിയിൽ നിന്ന് ഇറങ്ങിവന്ന് ഒരു പായയിൽ ഇരുന്നു. ഞങ്ങളും അദ്ദേഹത്തിന്റെ മുന്നിലിരുന്നു. ഗാന്ധിജിയുടെ ദിവസം എല്ലായ്പ്പോഴും ആരംഭിക്കുന്നത് പ്രാർത്ഥനയോടുകൂടിയാണ്. അദ്ദേഹം പ്രാർത്ഥനയെ പ്രഭാതത്തിന്റെ താക്കോലായും, സന്ധ്യയുടെ താഴായും വിശദീകരിക്കാറുണ്ട്. അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ എല്ലാ മതഗ്രന്ഥങ്ങളിൽ നിന്നുമുള്ള, പ്രത്യേകിച്ച് ഹിന്ദുമതത്തിലെയും ഇസ്ലാംമതത്തിലെയും ശ്ലോകങ്ങൾ, എല്ലാ മതങ്ങളുടെയും ഐക്യം ഉറപ്പിക്കുന്നതിന് വേണ്ടി ഉൾക്കൊള്ളിച്ചിരുന്നു.' 1948 ജനുവരി മുപ്പതിന് നാഥൂറാം ഗോഡ്സെയുടെ വെടിയേറ്റ് ഈ ലോകത്തോട് വിടപറയേണ്ടിവന്ന ആ ദിവസത്തെ പ്രഭാതവും ഗാന്ധിജി തുടങ്ങിയത് മതസൗഹൃദത്തെക്കുറിച്ചുള്ള ആത്മാർത്ഥമായ പ്രാർത്ഥനയോടുകൂടിയായിരുന്നെങ്കിൽ വൈകുന്നേരം സ്വന്തം ജീവനുവേണ്ടി ദാഹിക്കുന്ന ഹിന്ദു വർഗീയവാദി കാത്തുനിൽക്കുന്നതായി ഗാന്ധിജി സ്വപ്നത്തിൽപോലും വിചാരിച്ചിട്ടുണ്ടാവില്ല. പാകിസ്ഥാന് നൽകാമെന്നേറ്റ അമ്പത് കോടി രൂപ നൽകാതിരിക്കുന്ന ഇന്ത്യാഗവൺമെന്റിന്റെ നടപടിയിൽ ഇടപെടുകയും, നെഹ്റു-സർദാർ പാട്ടേൽ അധികാരവടംവലിയിൽ ഇടപെടുകയും ചെയ്തതായിരുന്നു ഗാന്ധിജി അന്ത്യദിനങ്ങളിൽ നട ത്തിയ പ്രധാന രാഷ്ട്രീയപ്രവർത്തനങ്ങളിൽ ചിലത്. എങ്കിലും ഇന്ത്യയിലെ ജനങ്ങൾക്കിടയിൽ ജീവിച്ച ജനങ്ങൾക്കുവേണ്ടി ജീവൻ ത്യജിക്കേണ്ടിവന്ന ഗാന്ധിജി വിമർശനാതീതനാണെന്ന് ഞാൻ കരുതുന്നില്ല. അതേസമയം വർത്തമാന ഇന്ത്യയിൽ ഗാന്ധി-അംബേദ്കർ സംവാദത്തെ ചരിത്രവൽക്കരിച്ച് പുനർവായിക്കുന്നതിന് പകരം വേറിട്ട പാഠമായി അവതരിപ്പിക്കുന്ന നിലപാട് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കുമെന്നതിൽ സംശയമില്ല.





അരുന്ധതിറോയി ഇപ്പോൾ അവതരിപ്പിച്ച ഗാന്ധി വിമർശനങ്ങൾ മിക്കവാറും ഇന്ത്യയിലെ ദലിത്ചിന്തകരും ഇടതുപക്ഷചിന്തകരും മറ്റും

വളരെ മുമ്പ് തന്നെ അവതരിപ്പിച്ചതാണ്. അംബേദ്കറും ഗാന്ധിജിയും ജാതിവ്യവസ്ഥയുടെ ഉന്മൂലനവുമായി ബന്ധപ്പെട്ട് നടത്തിയ സംവാദങ്ങൾ പരിശോധിക്കുമ്പോൾ അവർ രണ്ടുപേരും ആന്തരവൽക്കരിച്ച പ്രത്യയശാസ്ത്രത്തിന്റെയും പ്രായോഗിക ജീവിതത്തിന്റെയും പരിസരം കൂടി അപഗ്രഥിക്കേണ്ടതുണ്ട്. വ്യവസ്ഥകളെയും ഭരണകൂടങ്ങളെയും പിന്തുണക്കുന്ന മുഴുവൻ ദാർശനികരെയും മാർക്സ് ബൂർഷാ ചിന്തകരായാണ് അടയാളപ്പെടുത്തിയത്. ആ അർത്ഥത്തിൽ ഗാന്ധിജിയും അംബേദ്കറും ബൂർഷാ ദാർശനികർ തന്നെയാണ്. കാരണം അവർ രണ്ടുപേരും സ്വപ്നം കണ്ട ഇന്ത്യയിലും വിഭാവനം ചെയ്ത വ്യവസ്ഥയിലും മുതലാളിത്ത ഉൽപാദന -വിതരണ ശൃംഖലയും അതിന്റെ ഭാഗമായി നിൽക്കുന്ന ഉൽപാദനബന്ധങ്ങളും തന്നെയാണ് ഉണ്ടാവുക. അതേസമയം അവർ രണ്ടുപേരും ജീവിച്ച സാഹചര്യങ്ങൾക്കകത്ത് പ്രബലമായ പാരതന്ത്ര്യത്തെ ചെറുക്കാനുള്ള ആശയ ലോകമാണ് അവർ വികസിപ്പിക്കാൻ ശ്രമിച്ചത്. വിഭിന്ന സാഹചര്യ ങ്ങളിൽ ഉയർന്നുവന്ന വ്യക്തികളെന്നതിലുപരി ഇന്ത്യൻ ജാതിവ്യവ സ്ഥയുടെ രണ്ടറ്റങ്ങളെയാണ് രണ്ടുപേരും ജന്മം കൊണ്ട് അഭിമുഖീകരിക്കേണ്ടിവന്നത്. അതുകൊണ്ട് ഗാന്ധിജിക്ക് അസ്പൃശ്യതയും അതുമായി ബന്ധപ്പെട്ട ക്ലേശമനുഭവിക്കുന്ന ജനവിഭാഗങ്ങളും ഒരു ബാഹ്യവിഷയമായിരുന്നെങ്കിൽ അംബേദ്കറിനെ സംബന്ധിച്ചിടത്തോളം ജാതികേന്ദ്രിതപീഡനങ്ങളും അസ്പൃശ്യതയും അദ്ദേഹത്തിന്റെ നേരിട്ടുള്ള അനുഭവമായിരുന്നു. അതേസമയം ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് കൊളോണിയൽവാഴ്ച അദ്ദേഹത്തിന്റെ കണ്ടും, കേട്ടും, വായിച്ചും, പഠിച്ചും, അപഗ്രഥിച്ചും തിരിച്ചറിയാൻ കഴിഞ്ഞ അനുഭവമായിരുന്നു. അംബേദ്കർ ജീവിതത്തിലുടനീളം സ്വയം അനുഭവിച്ചുകൊണ്ടിരുന്ന ജാതിവിവേചനത്തിന്റെ യുക്തിരാഹിത്യത്തെ അനാവരണം ചെയ്യാൻ ശ്രമിച്ചപ്പോൾ ഗാന്ധിജി അദ്ദേഹത്തിന്റെ അന്വേഷണങ്ങളെല്ലാം കോളനിവാഴ്ചയ്ക്കെതിരായി ജനങ്ങളെ സംഘടിപ്പിക്കുന്നതിൽ കേന്ദ്രീകരിക്കുകയാണുണ്ടായത്. 'ഗാന്ധിജി അദ്ദേഹത്തിന്റെ സങ്കൽപമായ 'ഇന്ത്യയുടെ സ്വാതന്ത്ര്യം' നേടുന്നതിന് അനിവാര്യമായ വ്യത്യസ്ത വിഭാഗങ്ങൾ തമ്മിലുള്ള ഐക്യദാർഢ്യം ഉണ്ടാക്കുന്നതിനുവേണ്ടി 'സേവ്' എന്ന ധാർമികഗുണമാണ് ഉപയോഗിക്കുന്നത്. അംബേദ്കർ, നേരെമറിച്ച, ബഹിഷ്കൃത ഭാരതത്തെ (ഒഴിവാക്കപ്പെട്ടവരുടെ-അസ്പൃശ്യരുടെ ഇന്ത്യ) പ്രബുദ്ധഭാരതമായി (പ്രബുദ്ധജനങ്ങളുടെ ഇന്ത്യ) ഉല്ലംഘിക്കുന്നതിനെ സൂചിപ്പിക്കാൻ സ്വാഭിമാനം (Self respect) എന്ന ഗുണമാണ് മുന്നോട്ട് വെക്കുന്നത്.' (Sundor Sorukkai, The Crocked Mirror, പു. 75). പ്രത്യയശാസ്ത്രപരവും, രാഷ്ട്രീയപരവും, ജ്ഞാനസമ്പാദന ശാസ്ത്രപരവുമായ വേറിട്ട നിലപാടുകളാണ് ഗാന്ധിജിയും അംബേദ്കറും സ്വീകരിക്കുന്നത്. എന്നാൽ രണ്ടു പേരും അവരുടെ നിലപാടുകൾക്ക് അടിസ്ഥാനമായി സ്വീകരിക്കുന്നത് അവരുടെ അനുഭവങ്ങളാണ്.

ഇന്ത്യൻ യാഥാർത്ഥ്യം ദലിതരെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ബന്ധങ്ങൾക്കപ്പുറം ജാതിവ്യവസ്ഥയിലധിഷ്ഠിതമായ വിവേചനത്തിന്റെയും അസ്പൃശ്യതയുടെയും അനുഭവങ്ങളാണ് നിർണായകമായിത്തീരുന്നത്. ഡോ. അംബേദ്കർ വ്യക്തിപരമായി നേരിടേണ്ടിവന്ന അനുഭവങ്ങൾ ഒരു സമുദായത്തിന്റെ മുഴുവൻ അനുഭവങ്ങളായിരുന്നു. അതുകൊണ്ട് അംബേദ്കറെ സംബന്ധിച്ചിടത്തോളം ജാതി നിർമ്മൂലനമായിരുന്നു ഇന്ത്യൻ ജനാധിപത്യത്തെ വളർത്താനാവശ്യമായ പ്രാഥമിക കടമ. അംബേദ്കർ അദ്ദേഹത്തിന്റെ ആദർശസമൂഹം സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ

മൂന്ന് തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് ലക്ഷ്യമിടുന്നതെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട് (vol. 1. പു. 57) ജാതീയമായ കീഴാളത്തം ഒരു വിഭാഗത്തെ അധമസ്ഥാനത്ത് അടയാളപ്പെടുത്തുകയും ജീവിതത്തിന്റെ മുഖ്യധാരയിൽ നിന്ന് സ്ഥിരമായി മാറ്റിനിർത്തുകയും ചെയ്യുകയാണ്, അംബേദ്കർ ജാതി നിർമ്മൂലനത്തിന് വേണ്ടി വാദിക്കുമ്പോഴെല്ലാം വിമർശനം സാമൂഹികമായി രാജ്യത്തിനകത്ത് നിലനിൽക്കുന്ന അധീശത്വത്തിന്റെ അടിത്തറയായ മനുവിന്റെ ധർമശാസ്ത്രത്തെ കേന്ദ്രീകരിച്ചാണ് നടത്തിയത്. ഇന്നും നമ്മുടെ പൊതുബോധത്തിന്റെ ഭാഗമായി നിലനിൽക്കുന്ന 'അഗ്നിപരീക്ഷണങ്ങൾ' മനുവിന്റെ ധർമശാസ്ത്രപ്രകാരം നിലവിൽവന്ന ശുദ്ധീകരണ പ്രക്രിയയാണ്. സ്ത്രീകളും ദലിതരും 'അഗ്നി പരീക്ഷ' അതിജീവിച്ച് വേണം പല സന്ദർഭങ്ങളിലും അവരുടെ ജീവിക്കാനുള്ള അർഹത തെളിയിക്കാൻ. 1927 മാർച്ചിൽ മഹദിൽ കുടി വെള്ളത്തിന് വേണ്ടി നടത്തിയ സമരത്തിൽ മനുസ്മൃതി കത്തിച്ചു കൊണ്ടാണ് ഡോ. അംബേദ്കർ പ്രതിഷേധിച്ചത് സ്വയം അകപ്പെട്ട ക്രൂരവ്യവസ്ഥയുടെ അടിത്തറ ഇളക്കുന്നതിനുവേണ്ടിയായിരുന്നു.

ഗാന്ധിജി അസ്പൃശ്യതയ്ക്കും ജാതിവിവേചനത്തിനും എതിരായിരുന്നു. എന്നാൽ ഗാന്ധിജി ജാതിവ്യവസ്ഥയെ നിർമൂലനം ചെയ്യേണ്ടതിന്റെ അനിവാര്യതയിലേക്ക് കടന്നുചെന്നില്ല. ഡോ. ഗോപാൽ ഗുരു നിരീക്ഷിക്കുന്നതുപോലെ ഗാന്ധിജി മറ്റ വേദാന്തികളിൽ നിന്നും സന്യാസിമാരിൽ നിന്നും വിഭിന്നമായി പൊതുമണ്ഡലത്തിൽ 'അസ്പൃശ്യതയുടെ' അന്തരീക്ഷം സ്വന്തം ശരീരം കൊണ്ട് ഭേദിച്ചിട്ടുണ്ട്. 'ഗാന്ധിജിയുടെ ശരീരഭാഷ നോക്കുക, അത് സ്ഥലകാലങ്ങളിലേക്ക് സ്വതന്ത്രമായി ഒഴുകുന്നതും അയഞ്ഞതുമായിരുന്നു. സ്വന്തം ശരീരം അകത്തോക്ക് ചുരുക്കിയ ശങ്കരാചാര്യരുടേത് നേരെ വിപരീതമായി രുന്നു; അത് പൂർണമായും മരവിപ്പിച്ചതാണ്. ഈ അർത്ഥത്തിൽ ഗാന്ധിയുടെ അസ്പൃശ്യതയോടുള്ള സമീപനം അംബേദ്കറുടേതിനും അതിന്റെ ഭൗതികാവസ്ഥയിൽ സമാനമാണ്, കാരണം രണ്ടു പേരും ഉറപ്പിച്ചു പറയുന്നത് വേദാന്തികൾ പറയുന്ന ആത്മീയമനസ്സിന്റെ ദേവാലയ പ്രവേശനത്തിൽ നിന്ന് വിഭിന്നമായി ഭൗതിക ശരീരം കൊണ്ട് തന്നെ ക്ഷേത്രപ്രവേശനം നടത്തണമെന്നാണ്.' (Gopal Guru, Cracked Mirror, , 2016).

ഇന്ത്യയിലെ കീഴാള ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ കീഴാളത്തത്തെ പ്രതിനിധാനം ചെയ്യുന്ന ചിന്തകനും പ്രവർത്തകനും അംബേദ്കറാണെന്നതിൽ സംശയമില്ല. അടികൊണ്ട വ്യക്തിയുടെ അനുഭവവും അടികാണുന്ന വ്യക്തിയിലുണ്ടാകുന്ന അനുകമ്പയും രണ്ടാണ്. അതുകൊണ്ടാണ് ഗാന്ധിജിയോട് അംബേദ്കർ ഇങ്ങനെ പറയുന്നത്.

'ഞാൻ ജന്മം കൊണ്ട് ഒരു ഹിന്ദുവായി സ്വയം വിളിക്കുകയാണെങ്കിൽ ജന്മം കൊണ്ട് താണ ജാതിക്കാരനാണെന്ന് സ്വയം സ്വീകരിക്കാൻ കടപ്പെട്ടവനായിരിക്കും. അതുകൊണ്ട് എന്റെ ഈ അധമാവസ്ഥ തള്ളിക്കളയാനുള്ള എന്തെങ്കിലും പവിത്രമായ ആജ്ഞ എനിക്ക് കാണിച്ചുതരാൻ ഹിന്ദുക്കളോട് ചോദിക്കണമെന്നാണ് ഞാൻ കരുതുന്നത്. അങ്ങിനെ കാണിച്ചുതരാൻ കഴിയുന്നില്ലെങ്കിൽ ഞാൻ ഹിന്ദുയിസത്തോട് ഗുഡ്ബൈ പറയേണ്ടിവരും. ആശ്വാസം പകരുന്ന നടപടികൾ കൊണ്ട് മാത്രം ഞാൻ തൃപ്തിപ്പെടുന്നില്ല. നിങ്ങളുടെ സഹാനുഭൂതികൊണ്ട് അമർത്തപ്പെടാൻ ഞാനിഷ്ടപ്പെടുന്നില്ല.' (The Collected Works of Mahatma Gandhi Appendix X vol. 59:13, Jon 1933 March 1933. www.mkgandhi.org)

ഡോ. അംബേദ്കർ ജാതിനിർമൂലനത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് ഗാന്ധിജിയുടെ മുന്നിലും മറ്റ് സന്ദർഭങ്ങളിലും അവതരിപ്പിച്ചത്. ജാതി സത്താപരമായ അനിവാര്യഗുണമാണെന്ന വൈദിക മതാത്മക യുക്തിയോട് കലഹിക്കാതെ ജാതി നിർമൂലനം അസാധ്യമാണ്. ഇന്ത്യൻ ജനതയെ ജാതികളിലാക്കി കള്ളിതിരിച്ച് നിലനിർത്തിയ ബ്രാഹ്മണ പ്രത്യയശാസ്ത്രത്തെയാണ് അംബേദ്കർ നിശിതമായി വിമർശിച്ചത്. സാമൂ





ഹികമായ അസ്തിത്വ ത്തിന്റെ ഒരു പ്രധാന അടിസ്ഥാനം ഭാഷയിലൂടെ പരസ്പരം നടത്തുന്ന വിനിമയമാണെന്ന് (Communicotion) അംബേദ്കർ കരുതുന്നു. ജാതി വ്യവസ്ഥ സ്വതന്ത്രമായ കൂടിച്ചേരലിനെയും വൈവാഹികബന്ധത്തെയും ആശയവിനിമയത്തെയും തടയുന്നു. ജാതിവ്യവസ്ഥ ശുദ്ധിസങ്കൽപത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പൊക്കിയ ഒരു സാംസ്കാരിക നിർമിതിയായതിനാൽ അതിനെ തകർക്കാൻ കഴിയുമെന്ന ശുഭാപ്തിവിശ്വാസമാണ് അംബേദ്കറെ നയിച്ചത്. അതേസമയം നിലനിൽക്കുന്ന വ്യവസ്ഥയിൽ ജാതി ഒരു യാഥാർത്ഥ്യമായതിനാൽ ഒഴിവാക്കപ്പെട്ടവരായ അസ്പൃശ്യർക്കും മറ്റ് ജനവിഭാഗങ്ങൾക്കും പ്രത്യേകം സംരക്ഷണം നൽകേണ്ടതുണ്ടെന്നും അംബേദ്കർ സിദ്ധാന്തിച്ചു. സംവരണമണ്ഡലങ്ങളെ സംബന്ധിച്ച അഭിപ്രായങ്ങൾ ആദ്യ വട്ടമേശ സമ്മേളനം മുതൽ ഉയർന്നുവന്നതാണ്.

ഇതെല്ലാമാണെങ്കിലും ഡോ. അംബേദ്കറിൽ നിന്ന് വിഭിന്നമായി മഹാത്മാഗാന്ധിക്ക് അദ്ദേഹത്തിന്റെ ലക്ഷ്യമായ സ്വാതന്ത്ര്യ സാക്ഷാത്കാരത്തിന് ആവശ്യമായ ജനപിന്തുണ ആർജിക്കാൻ കഴിഞ്ഞു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഗാന്ധിജി, ഗോപാൽഗുരു നിരീക്ഷിച്ച പോലെ അദ്ദേഹത്തിന്റെ ചലനങ്ങൾ കൊണ്ടും, ശരീരഭാഷ കൊണ്ടും പരമ്പരാഗത സവർണ സ്വത്വത്തെ ഉല്ലംഘിച്ചുകൊണ്ടാണ് രാഷ്ട്രീയ മായ ഇടപെടലുകൾ നടത്തിയത്. ധാർമികതയിൽ ഊന്നൽ നൽകിയ മഹാത്മാഗാന്ധി സ്വന്തം ശരീരത്തെ വസ്ത്രധാരണം കൊണ്ടും ചലനരീതി കൊണ്ടും ഇടപെടൽ രീതികൊണ്ടും ഒരുതരത്തിലുള്ള 'ദലിതവൽക്കരണ'ത്തിന് വിധേയമാക്കുകയാണ് ചെയ്തത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ അധികാരത്തിൽ വന്ന കോൺഗ്രസിന് ഗാന്ധിജി മുന്നോട്ട് വെച്ച ആശയങ്ങളോ, ജീവിതശൈലിയോ, ധാർമികതയോ, സേവാസങ്കൽപമോ പിന്നീട് കാത്തുസൂക്ഷിക്കാനോ നടപ്പിലാക്കാനോ സന്നദ്ധമായില്ല എന്നതാണ് വസ്തുത. അതുകൊണ്ടാണ് ഗാന്ധിജി അവസാനനാളുകളിൽ ഈ ഇന്ത്യയിൽ ജീവിക്കാൻ താൽപര്യമില്ലെന്ന് പോലും പറയാനിടയായത് 1 ലൈഫ് മാഗസിന്റെ പ്രസിദ്ധ ഫോട്ടോഗ്രാഫർ മാർഗരറ്റ് ബുർക്സ് വൈറ്റ് (Margaret Bourke White) ചോദിച്ച ഒരു ചോദ്യത്തിനുത്തരമായി എനിക്ക് അന്ധകാരത്തിൽ ജീവിക്കാൻ താൽപര്യമില്ലെന്ന മറുപടിയാണ് ഗാന്ധിജി നൽകിയത്. അതു പോലെ ഗാന്ധിജിയുടെ സുരക്ഷ ശക്തമാക്കുന്നതിന് അവസാനദിനങ്ങളിൽ സമ്മതം ചോദിച്ചപ്പോൾ നൽകിയ ഉത്തരം സെക്യൂരിറ്റിയോട് കൂടി ജീവിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് ഉത്തമമെന്നാണ്. ഗാന്ധിജി രാഷ്ട്രീയ ഇടപെടലുകളിൽ ക്രമാനുഗതമായി ഒരു രീതി ശാസ്ത്രം വികസിപ്പിച്ചെടുക്കുകയാണ് ചെയ്തത്. ആ രീതിശാസ്ത്രം ബ്രിട്ടീഷ് ഭരണത്തിൽ നിന്നും സ്വാതന്ത്ര്യം ലഭിക്കുക എന്ന മുഖ്യ ലക്ഷ്യം മുൻനിർത്തിയായിരുന്നു. അംബേദ്കർ സ്വന്തം അനുഭവങ്ങളിലൂടെയും പഠനങ്ങളിലൂടെയും മുന്നോട്ട് വെച്ച നിലപാടുകൾ ബഹിഷ്കൃതരുടെ വിമോചനത്തെ



ലക്ഷ്യം വെച്ചായിരുന്നു. എന്നാൽ ആ ലക്ഷ്യസാക്ഷാത്ക്കാരത്തിനു വേണ്ടി അനിവാര്യമായ രാഷ്ട്രീയ പ്രസ്ഥാനം വളർത്തിയെടുക്കാനോ, അതിൽ നേതൃത്വപരമായി മുന്നോട്ട് പോകാനോ അംബേദ്കർക്ക് വേണ്ടത്ര സാധിക്കാതെ പോയി എന്നതും ഒരു യാഥാർത്ഥ്യമാണ്. ജ്യോതി ബഫലെയും അംബേദ്കറും നിരന്തരം ഇടപെട്ട മഹാരാഷ്ട്രയിൽ പോലും ജാതിവ്യവസ്ഥയെ തകിടംമറിക്കാനോ ഒരു ബദൽ ജീവിതവ്യവസ്ഥയുണ്ടാക്കാനോ, കീഴാളരുടെയും തൊഴിലാളികളു ടെയും പ്രസ്ഥാനങ്ങൾക്ക് നാളിതുവരെ കഴിഞ്ഞിട്ടില്ല. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ നിയമമന്ത്രിയായി ഡോ.അംബേദ്കർ പ്രവർത്തിച്ചതുകൊണ്ടും അംബേദ്കർ നേതൃത്വം കൊടുത്ത ഒരു ഭരണഘടന രാജ്യത്ത് നിലവിൽ വന്നതുകൊണ്ടും കീഴാള-പിന്നോക്ക വിഭാഗങ്ങൾക്ക് നിയമപരമായ പരിരക്ഷകളുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അതേസമയം ഇന്ത്യൻ ഗ്രാമങ്ങളിൽ ദലിത്-കീഴാളജീവിതം ഭൂപരിഷ്കരണം പോലും നടപ്പിലാക്കപ്പെടാതെ പഴയ ജന്മി-മാടമ്പി നിയന്ത്രണത്തിൽ അവശേഷിക്കുകയാണുണ്ടായതെന്ന വസ്തുത അനിഷേധ്യമാണ്..

## കൈർലാഞ്ചി കൂട്ടക്കൊല

മഹാരാഷ്ട്രയിലെ ഭണ്ഡാര ജില്ലയിൽ 2006ൽ ഉണ്ടായ ദലിത് കൂട്ട കൊല വലിയ രീതിയിലുള്ള ദലിത് പ്രക്ഷോഭങ്ങൾക്ക് കാരണമാവുകയുണ്ടായി. യഥാർത്ഥത്തിൽ ദലിത് കൂട്ടക്കൊല നടത്തിയത് മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ട രാഷ്ട്രീയമായി ശക്തരായ ഒരു വിഭാഗമാണ്. ജാതിവ്യവസ്ഥയുടെ ഒരു പ്രധാന വിപത്ത് നിലനിൽക്കുന്നത് അതിന്റെ ശ്രേണീബദ്ധമായ ഘടനയിലാണ്. അംബേദ്കർ പറയുന്നു. 'ജാതിനിർമൂലനം അസാധ്യമാണെന്ന് ഞാൻ പറയാൻ കാരണം ജാതി വ്യവസ്ഥക്ക് രണ്ട് വശങ്ങളുണ്ടെന്ന കാര്യം നിങ്ങൾ മനസ്സിൽവെച്ചാൽ വ്യക്തമാകും. ഒരുവശത്ത് അത് ജനങ്ങളെ വേറിട്ട സമുദായങ്ങളാക്കി വിഭജിക്കുന്നു. രണ്ടാമതായി, ഈ സമുദായങ്ങളെ സാമൂഹികപദവി ശ്രേണീബദ്ധമായി (graded order) സ്ഥാനപ്പെടുത്തുന്നു. (Writings and Speeches, vol.1, പു. 72).യഥാർത്ഥത്തിൽ ഇന്ത്യയുലകത്ത് ഇന്നും മിക്കവാറും ഗ്രാമീണ ജീവിതവ്യവസ്ഥയിൽ ഇത്തരത്തിൽ സ്ഥാനപ്പെടുത്തിയ സാമൂഹികപദവി സാമൂഹികമായ ബന്ധങ്ങളെയും ഇടപെടലുകളെയും നിയന്ത്രിക്കുന്നു. ഉൽപാദനബന്ധങ്ങളെക്കുറിച്ചുള്ള യാന്ത്രികമായ മാർക്സിസ്റ്റ് വായനയിൽ ഇത്തരത്തിൽ ഇന്ത്യയിൽ നിലനിൽക്കുന്ന ശ്രേണീബദ്ധമായ സാമൂഹികപദവികളും അതുണ്ടാക്കുന്ന വിനാശകരവും വിപൽക്കരവുമായ പ്രത്യാഘാതങ്ങളും തിരിച്ചറിയാൻ കഴിയില്ല. അതുകൊണ്ടാണ് ഫ്രാൻസ്വാനൽ സാംസ്കാരിക അധീശത്വത്തെ വായിച്ചെടുക്കാൻ മാർക്സസിസത്തെ ചെറുതായൊന്ന് വലിച്ചുനീട്ടണമെന്ന് വ്യക്തമാക്കിയത്. അതേസമയം ജാതി ശ്രേണി അതേനിലയിൽ തുടരുന്നതിൽ വർഗപരമായ നിർണയങ്ങളും പ്രധാനമാണ്. കൈർലാഞ്ചി കൂട്ടക്കൊല വിശകലനം ചെയ്യതുകൊണ്ട് പ്രസിദ്ധ ദലിത് ചിന്തകനായ ആനന്ദ് ടെൽതുംഡെ നടത്തിയ പഠനത്തിൽ (Anand Telitumbode, The Perstsionce of Cotsae, The Khoirlanji Murders And Indian Hidden Apparthied, Zedbooks, 2010) ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും സമ്പത്ത്, പ്ര



ത്യേകിച്ച ഭൂമി ചില വിഭാഗങ്ങളുടെ കൈവശം മാത്രം കേന്ദ്രീകരിച്ചത് വിവരിക്കുന്നുണ്ട്. ഇത്തരത്തിൽ കേന്ദ്രീകരിക്കപ്പെട്ട ഭൂമിയും ഭൂമിയിലെ വിഭവങ്ങളും നൂറ്റാണ്ടുകളായി ആന്തരവൽക്കരിച്ച ഉത്തമ/അധമ ശ്രേണീകേന്ദ്രിതമായ മനോനിലയും ഒത്തുചേരുമ്പോഴുണ്ടാവുന്ന ഉണ്ടായിസമാണ് പല ഇന്ത്യൻ ഗ്രാമങ്ങ ളിലും ദലിതരെയും മറ്റ് കാർഷികവൃത്തിയിലേർപ്പെടുന്നവരെയും ഭീക രമായി ആക്രമിക്കുന്നതിനും ബലാൽസംഗം ചെയ്യുന്നതിനും ശക്തി പകരുന്നത്.

'ഇന്ന് കാണപ്പെടുന്ന നിലയിലുള്ള ജാതി പ്രതിനിധാനം ചെയ്യുന്നത് ഭൂതകാലത്തിന്റെ മാനസിക-സാമൂഹിക-സാംസ്കാരിക അവശിഷ്ടവും ഭരണകൂടം അസമത്വം ഉൽപാദിപ്പിച്ചുകൊണ്ട് ചില വർഗ ങ്ങൾക്ക് അനുകൂലമായി നയങ്ങൾ സ്വീകരിച്ചതിന്റെയും പരസ്പര പ്രവർത്തനത്തിലൂടെയും ഉണ്ടാകുന്ന നിർണയിക്കപ്പെടാത്ത ഫലമാ ണ്.' (Anand Teltumbde, p. 45). ആഗോളവൽക്കരണത്തിന് ശേഷം 'തിളങ്ങുന്ന ഇന്ത്യയിൽ' ഉണ്ടായ നിർഭാഗ്യകരമായ ഒറ്റപ്പെട്ട ഒരു സംഭ വമല്ല മഹാരാഷ്ട്രയിലെ കൈർലാഞ്ചിയിലെ കൂട്ടക്കുരുതിയും ബലാൽസംഗവും. ഏതാണ്ട് ഏത് ഗ്രാമത്തിലും ഇത്തരത്തിലുള്ള സാധ്യത സന്ദർഭം കാത്ത് നിൽക്കുന്നതായാണ് തെൽതുംഡെയുടെ അഭിപ്രായം. കാരണം ഇന്ത്യൻ ഗ്രാമങ്ങളിൽ മിക്കവാറും ദൈനംദിനമെന്നോണം ഇത്തരം കൊടുംക്രൂരതകൾ ജാതികേന്ദ്രിതമായി ഉണ്ടാ വുന്നതിൽ ചിലത് മാത്രമാണ് എന്തെങ്കിലും പ്രത്യേക കാരണത്താൽ നിയമത്തിന് മുന്നിലേക്കും മാധ്യമങ്ങളുടെ മുന്നിലേക്കും എത്തപ്പെടുന്നത്. ബിഹാറിൽ 1969 മുതൽ നിരന്തരം നടന്നുവരുന്ന ദലിത് വിരുദ്ധ കശാപ്പുകൾ 1997ൽ 58 ദലിതരുടെ കൂട്ടക്കൊലയിലാണ് കലാശിച്ചത്. ആന്ധ്രയിൽ 1985ൽ ആറു ദലിതരെ കൊല ചെയ്യുകയും മൂന്ന് ദലിത സ്ത്രീകളെ ബലാൽസംഗം ചെയ്യുകയും (കരംബന്ധു. 1985) അതേ സംസ്ഥാനത്ത് 1987ൽ നാല് ദലിതരെ കൂട്ടക്കൊല ചെയ്തതും (നീരു കൊണ്ട്; 1987) വീണ്ടും 1991ൽ എട്ട് ദലിതരെ കൂട്ടക്കൊല ചെയ്യുകയും നിരവധി പേർക്ക് ഗുരുതരമായ പരിക്ക് പറ്റുകയും ചെയ്തതും (ചുന്ദൂരു, 1991) ആക്രമണങ്ങളിൽ ചിലത് മാത്രമാണ്. ഉത്തരേന്ത്യൻ ഗ്രാമ ങ്ങളിൽ പ്രത്യേകിച്ച ഹരിയാനയിൽ ദലിതർക്കെതിരായി നടക്കുന്ന കൂട്ടക്കുരുതികൾക്ക് ഭരണകൂടത്തിന്റെയും പോലീസിന്റെയും പ്രത്യക്ഷ പിന്തുണയോ, മൗനാനുവാദമോ ലഭിക്കുന്നു. ഇത്തരം ആക്രമണ ങ്ങളിൽ പലതും മറ്റു പിന്നോക്ക സമുദായത്തിൽപെട്ട പ്രാദേശിക മായി ശക്തി നിലനിർത്തുന്ന വിഭാഗങ്ങളാണ് നേതൃത്വം കൊടുക്കുന്നത്. അതുകൊണ്ട് ബ്രാഹ്മണ പ്രത്യയശാസ്ത്രം അതിന്റെ പ്രാരംഭ ഘട്ടത്തിൽ ഉദ്ദേശിക്കപ്പെട്ടതിൽ നിന്ന് വ്യത്യസ്തമായി ഒരു സമൂഹ ത്തിലെ മുഴുവൻ ജനങ്ങളെയും മാനസികമായി കീഴടക്കിയ അധീശ ധാരണയായി മാറിയെന്നതാണ് ഇന്നത്തെ പരമാർത്ഥം. അന്റോ ണിയോ ഗ്രാംഷിയുടെ സാംസ്കാരിക വിശകലനത്തിൽ ഇറ്റലിയിലെ ഫാഷിസത്തിന്റെ ജൈത്രയാത്രക്ക് കാരണമായി കണ്ടെത്തുന്ന അധീശ പ്രത്യയശാസ്ത്രം (Hegemony) ഏത് സാമൂഹിക വ്യവസ്ഥക്കും ബാധ കമാണെന്ന് വേണം കരുതാൻ. നെഹ്റുവിനെ പിന്തള്ളാനും സർദാർ പട്ടേലിനെ ബിംബവൽക്കരിക്കാനും ദേശവികാരത്തെ ആഘോഷമാക്കാനും നമ്മുടെ രാജ്യത്ത് ഇന്ന് നടക്കുന്ന പ്രവർത്തനങ്ങളും ഇതിന്റെ തന്നെ തുടർച്ചയിലാണ് സംഭവിക്കുന്നത്. അതിരുകളില്ലാത്ത ലോകമായി - ഗ്ലോബൽ വില്ലേജ്-ഒരുവശത്ത് പറയുകയും മറുവശത്ത് അന്യ സംസ്കാര വിരോധം പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്ന പ്രച്ഛന്നവേഷങ്ങൾക്ക് മുന്നിൽ ജനങ്ങൾ പകച്ചു നിൽക്കുകയാണ്!

അംബേദ്കർ മൂലധനത്തെയും ബ്രാഹ്മണ പ്രത്യയശാസ്ത്രത്തെയും ഒരുപോലെ ഭീഷണിയായി അടയാളപ്പെടുത്തിയതിന്റെ കാരണം ഇവിടെ വ്യക്തമാണ്. ഒരുവശത്ത് ഭൂപരിഷ്കരണം പോലും നടപ്പിലാക്കാതെ അദ്ധ്വാനിക്കുന്ന സാധാരണജനങ്ങളെ ഭൂമിയിൽ നിന്നും വിദ്യാഭ്യാസത്തിൽ നിന്നും അകറ്റിനിർത്തിക്കൊണ്ട് പണിതുയരുന്ന ആഗോളഗ്രാമത്തിന്റെ വികാസം; മറുവശത്ത് ജാതിവ്യവസ്ഥ പ്രദാനം ചെയ്യുന്ന സാമൂഹികപദവിയെ സംബന്ധിക്കുന്ന അന്ധമായ ധാര



ണയിൽ കാത്തു സൂക്ഷിക്കപ്പെടുന്ന വിഭാഗീയതകൾ.

## ദലിതരാഷ്ട്രീയത്തിന്റെ പ്രതിസന്ധി

വ്യത്യസ്തത കാരണങ്ങളാൽ വ്യത്യസ്ത ജാതിവിഭാഗങ്ങൾ ഇന്ത്യൻ ഗ്രാമങ്ങളിൽ സമ്പന്നരോ ഭൂവുടമകളോ ആയി മാറിയിട്ടുണ്ട് എന്നതാണ് ടെൽതുംഡെ വിശദമാക്കുന്ന ഒരു കാര്യം. ദലിതരാഷ്ട്രീയത്തിന്റെ അടിസ്ഥാനമായ സ്വാഭിമാന പ്രസ്ഥാനങ്ങൾ തന്നെയാണ് പല സംസ്ഥാനങ്ങളിലും മറ്റു പിന്നോക്ക സമുദായങ്ങളും അവരുടെ മുന്നേറ്റങ്ങൾക്ക് നിദാനമാക്കിയിട്ടുള്ളത്. ഉത്തർപ്രദേശിലും ബീഹാറിലും, മഹാരാഷ്ട്രയിലും മാത്രമല്ല കേരളത്തിൽ പോലും പിന്നോക്ക (OBC) വിഭാഗങ്ങൾ (ബ്രാഹ്മണ പ്രത്യയശാസ്ത്രത്തിന്റെ കേന്ദ്രമായ ജാതിമേധാവിത്വത്തെയും അസ്പൃശ്യതയെയും എതിർത്തുകൊണ്ടാണ് രാഷ്ട്രീയമായും സാമ്പത്തികമായും മുന്നേറ്റം നടത്തിയത്. ഇങ്ങനെ രാഷ്ട്രീയവും സാമ്പത്തികവുമായ മുന്നേറ്റം നടത്തിയ മറ്റ് പിന്നോക്ക വിഭാഗങ്ങൾ അതേ പ്രത്യയശാസ്ത്ര അധീശത്വത്തിന്റെ തണലിൽ ദലിത്-വിരുദ്ധ സമീപനങ്ങളും കലാപങ്ങളും നടത്തുന്നു എന്നതാണ് വസ്തുത. അതുകൊണ്ട് ഗാന്ധി-അംബേദ്കർ സംവാദത്തെ സ്വാതന്ത്ര്യ പൂർവ്വഘട്ടത്തിൽ നിന്നും ഇന്നത്തെ വർത്തമാന സാഹചര്യത്തിനകത്തേക്ക് പരാവർത്തനം ചെയ്യേണ്ടതുണ്ട്.

കൈർലാഞ്ചി കൂട്ടക്കൊല നടന്നത് അംബേദ്കർ പ്രസ്ഥാനത്തിന് താരതമ്യേന നല്ല സ്വാധീനമുള്ള ഭണ്ഡാര ജില്ലയിലാണ്. നല്ലയിനം നെൽകൃഷി ധാരാളമായി നടക്കുന്ന പ്രദേശമായതിനാൽ 'നെല്ലറ' (ricebow) എന്നറിയപ്പെടുന്ന ഭണ്ഡാര ജില്ലയിൽ ഉയർന്ന സാക്ഷരതയും (80%) ദലിത് വിഭാഗം പൊതുവെ ബുദ്ധമതക്കാരായി സ്വയം സംബോധന ചെയ്യുന്നവരുമാണ്. കൊലചെയ്യപ്പെട്ട സ്ത്രീയായ സുരേഖാബോട് മങ്കെ (Surekha Bhotmange) സാമൂഹികമായി ബോധമുള്ളവളും ധീരമായി അനീതിക്കെതിരായി സംസാരിക്കുന്ന കർഷകത്തൊഴിലാളിയുമായിരുന്നു. ഈ കുടുംബത്തെ ഹീനമായി ഇല്ലായ്മ ചെയ്യുതിൽ ജാതിവികാരമാണ് പ്രവർത്തിച്ചത്. എന്ന് മാത്രമല്ല വളരെ വൈകി മാത്രമാണ് പ്രതികരണങ്ങളും വാർത്തകളും പ്രതിഷേധങ്ങളും ഉണ്ടായതെന്ന വസ്തുതയാണ് ടെൽതുംഡെ പ്രത്യേകം എടുത്തു പരിശോധിക്കുന്നത്. കൈർലാഞ്ചി ഉൾപ്പെടുന്ന അസംബ്ലി മണ്ഡലവും പാർലമെന്റ് മണ്ഡലവും ബി.ജെ.പി. സ്ഥാനാർത്ഥികളാണ് ജയിച്ചത്.

വധിക്കപ്പെട്ടവരുടെ ശവശരീരം പോസ്റ്റ്മോർട്ടം ചെയ്യ ഡോക്ടർ മുതൽ ഈ കേസിൽ നിരുത്തരവാദപരമായി പെരുമാറിയ പല ഉദ്യോഗസ്ഥരും ദലിത വിഭാഗത്തിൽപെട്ടവരാണെന്ന വസ്തുതയാണ് ഈ പഠനത്തിൽ അസ്വസ്ഥതപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യം. നവവരേണ്യവിഭാഗമായി മാറുന്ന ബുദ്ധിജീവികളും, ഉദ്യോഗസ്ഥരും പലപ്പോഴും വ്യവസ്ഥയെയും അധികാരഘടനയെയും പിന്തുണക്കുന്നവരായി മാറുന്നു എന്ന കാര്യം ടെൽതുംഡെ പ്രത്യേകം എടുത്തുകാണിക്കുന്ന ഒരു നിരീക്ഷണമാണ്. കൈർലാഞ്ചിയിലെ തൊഴിലെടുക്കുന്ന സ്ത്രീകളുടെ നേതൃത്വത്തിൽ പ്രതിഷേധം തുടങ്ങിയതിലൂടെയാണ് ഈ കൊടും ക്രൂരകൃത്യം മറ്റുള്ളവർക്ക് അവഗണിക്കാൻ പറ്റാതായത്. സമരങ്ങളുടെ വർഗപരമായ ഉള്ളടക്കത്തിലേക്കാണ് കൈർലാഞ്ചി സൂചന നൽകുന്നത്.

- Adaptors to curriculum requirements, ICT, students learning styles
- Visionary teachers – (Imagination and adaptability are the key components, see the potential in the emerging tools and web technologies (apps, LMS) to serve students' needs.)
- Collaborator – Act as moderator, facilitator and mentor, referee
- Risk Takers and Learners – (Set new goals for taping students' knowledge of technology, lifelong learners and stay up to date by absorbing new experiences)

The system itself throws up two types of learning viz, Transmission Teacher focused and Acquisition Student focused. The former states that students' learning is passive – compliant acceptance and transmission through monologue. The focus of good teaching is quantity, quality, structure and transmissionof content. The latter states that students' learning is active acquisition of course concepts,stress on skilldevelopment, demonstration, and dialogue.The focus of goodteaching is a set of strategies and tips that help students to acquire coursecontent/concepts.

Since we have attempted to discuss the two areas of educational system, there is one more domain that needs to be addressed, i.e. present century pedagogy. Let us now move on to see the crucial part in detail. The features are outlined below;

**1. Outcome-Based Learning:**

At the end of the academic programme students need to demonstrate the mastery of both the domain-specific learning objectives as well asdomain-independent learning outcomes. The question then is how to ensure mastery over contemporary knowledge, skills andattitudes?

a) Teach less and encourage them to learn more

b) Set learning objectives




c) Promote guided but independent learning

d) Ensure close individual monitoring, regular tutorial and feedback by teachers

e) Use ICT to overcome the problems of large classes

**2. Learner – Centric System**

It has been a cliché to state that the learning should be 'student-centred' or they should be adequately 'empowered'. But the question is how to?

a) Choose appropriate challenging but achievable specific learning objectives

b) State them in clear and measurable terms using action words

c) Integrate them into the learning experience of the class room

d) Prepare study guides/learning strategies with resources and make it available to all students

e) Encourage them to prepare possible questions and explore answers

f) Promote use of active learning through simulation, virtual lab, game basedlearning, apps, flipped classes etc.

g) Monitoring the progress and giving them feedback

h) Use both formative and summative evaluation

i) Invite external experts and industry for better participation

Holt – Reynolds (2000)has stated that "Knowledge is …….. created rather than received , (is) medicated by discourse rather than transferred by teaching talk, (and) is explored and transferred rather than remembered as a uniform set of positive ideas". Students should play a significant role in this process. Gone are those days when Teaching and Research were considered separate. Research provides the key to the identity of an academicprofessional. Hence, it impels faculty to feel primary obligations less towards students ….and more towards protecting and advancing the discipline (Bennett, 1998: 47).

Hence these days many have taken up action research seriously. Problems can be easily detected through action research activities, and the quality ofteaching and learning can be increased in the light of that research. "Action research is any systematic enquiry conducted by teacher researchers, principals,counsellors or any stakeholders in the teaching-learning environment to gather informationabout how their institutions operate, how they teach and how well their students learn?" (Mills, 2003)

There are a host of benefits of Action Research when conducted within the classroom. They include;

- Helps solve classroom problems
- Encourages effective changes
- Revitalizes teachers
- Empowers teachers to make decisions regarding curriculum, content, pedagogy orclassroom management
- Identifies effective teaching and learning method
- Promotes reflective/innovative teaching
- Promotes ownership of effective practices
- Verifies what methods work
- Widens the range of teacher's professional skills
- Provides a linkage between pedagogical methods and learning outcomes
- Helps teachers apply research findings to their own classroom
- Enables teachers to become change agents

According to Michael Fullanand Maria Langworthy (2014)New Pedagogies and Deep Learning play an important role in the contemporary paradigm of education. New pedagogies (NP) require students to create new knowledge and connect it to the world byusing the power of digital tools. It involves the creation and use of new knowledge in the real world. There is a new emphasis on mutual discovery, creation and use of knowledge and also to enable digital access inside and outside of classrooms

**Conclusion**

As a matter of conclusion, one can state that effective professional development is

- part of student learning outcomes
- job-embedded
- ongoing and sustained with follow – up
- incorporated with authentic , active learning experiences
- to encourage reflection on pedagogy , content andincorporates support for teachers
- to measure impact on student achievement

The matter concerning CPD does not stop with a few mundane routines that cross over from the renewed practices. What forces the academic community to revamp their contemporary practice is to recognize the maturity of the student, understanding the social fabric, innovating in the most realistic means, appropriating quality practices for learning enhancement, grooming sensitivity in the political milieu and finally ensuring the best learning experience to the learners. CPD is thus an opportunity to the educationists to liberate themselves petty careerist project and to usher in collaborative and cooperative practices with strong moorings on interdependence.

*Work cited and consulted*

Bennett, J. B. (1998). Collegial professionalism: The academy, individualism, and the common good. Phoenix, AZ: Oryx.

Entwistle and Ramsden (1982)Understanding Student learning, Nichols, New York.

Fullan, M., &Langworthy, M. (2014). A rich seam: How new pedagogies find deep learning. London: Pearson.

Holt-Reynolds, Diane (2000) "What does the teacher do?Constructivist pedagogies and prospective teachers' beliefsabout the role of a teacher". Teaching and Teacher Education 16 (2000) 21-32.

Mills, G. E. (2003). Action research: A guide for the teacher researcher. UpperSaddle River, NJ: Merrill/Prentice Hall.

Mohanty, A. "Module 2: Educational Leadership, Professional Development and The Reflective Practitioner",Centre For Educational Technology, IITKharagpur.Accessed12 October 2017, https://onlinecourses.nptel.ac.in/

Nimon, Sally (2010) "Generation Y and Higher Education", Journal of Managerial Psychology,Vol. 23 Issue: 8, pp.891 – 906.

Selvaraj N, Alagukanna AS, Suganya M (2015) 'Professional Development in Education in India: A View'. Political Sciences & Public Affairs 3: 173.

# മുക്തഛന്ദസ്സിന്റെ സൗന്ദര്യരാഷ്ട്രീയം: ചില പ്രതിവാദങ്ങൾ

ഡോ. ബിജു ജോസഫ്
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്



മാധവൻ അയ്യപ്പത്തിന്റെ 'മണിയറക്കവിതകൾ' (1950) പ്രസിദ്ധീകരിക്കപ്പെട്ടതോടെ ആധുനിക മലയാളകവിതയിൽ പുതിയൊരു ഭാവുകത്വത്തിനു തുടക്കമായി. വൃത്തഘടനയിൽ മനഃപ്പൂർവ്വം മാറ്റം വരുത്തുക, പരസ്പരബന്ധമില്ലാത്ത ബിംബങ്ങൾ ഉപയോഗിക്കുക, പ്രതീകാത്മക കഥാപാത്രങ്ങളെ കവിതയിൽ ഉപയോഗിക്കുക, മിത്തുകളും ഐതിഹ്യങ്ങളും ഉൾപ്പെടുത്തുക എന്നിവ വഴിയാണ് മലയാളകവിതയിൽ പരാവർത്തനക്ഷമമല്ലാത്ത ഒരു ഭാവശില്പത്തിന് അയ്യപ്പത്ത് തുടക്കം കുറിച്ചത്. 1960-ൽ അയ്യപ്പപ്പണിക്കർ 'കുരുക്ഷേത്രം' എന്ന കവിത പ്രസിദ്ധീകരിക്കുന്നതോടെ ഇത്തരം പ്രവണതകൾക്ക് മലയാളകവിതയിൽ പ്രതിഷ്ഠ ലഭിക്കുകയും ചെയ്യുന്നു. ശിഥിലബിംബങ്ങൾ, മിത്തുകളുടെയും ഐതിഹ്യങ്ങളുടെയും സമർത്ഥമായ ഉപയോഗം, പ്രഹതവൃത്തങ്ങളുടെ താളം സ്വീകരിച്ചുകൊണ്ട് അവയിൽ അക്ഷരങ്ങളും മാത്രയും കൂട്ടുകയും കുറയ്ക്കുകയും ചെയ്യുക തുടങ്ങി അനേകം പരീക്ഷണങ്ങൾ 'കുരുക്ഷേത്ര'ത്തിൽ കാണാൻ കഴിയും. മലയാളകവിതയിൽ ഇത്തരത്തിലുള്ള പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള സാമൂഹ്യപശ്ചാത്തലം എന്ത് എന്നു കണ്ടെത്താനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

സൂക്ഷ്മദൃക്കായ സാഹിത്യകാരന് സമൂഹത്തിന്റെ ഓരോ ചലനവും അറിയാനും അവതരിപ്പിക്കാനും കഴിയും. അങ്ങനെ കാലത്തിനും സമൂഹത്തിനും നേരെ പിടിച്ച കണ്ണാടിയായിത്തീരുന്നു സാഹിത്യം. സമൂഹത്തിനു സാഹിത്യത്തേയും സാഹിത്യത്തിനു സമൂഹത്തേയും സ്വാധീനിക്കാൻ കഴിയുന്നു.

"കവിത ഏകമുഖമായ ആഖ്യാനമല്ല. സാമൂഹ്യസന്ദർഭത്തിലും ഭാഷയിലുമായി നിർമ്മിക്കപ്പെടുന്നതാണ് അത്. ചരിത്രവും കവിതയുമായുള്ള ബന്ധം അങ്ങനെയാണ് ഉണ്ടാകുന്നതും. ചരിത്രവും കവിതയെപ്പോലെ ആഖ്യാനവും രൂപകവും ബിംബാവലിയും അനുമാനവും ഉപയോഗിക്കുന്നു. അവ തമ്മിൽ ഭിന്നതയില്ലന്നല്ല. എന്നാൽ രണ്ടും ഭാഷയുടെയും സാമൂഹികസന്ദർഭത്തിന്റെയും സൃഷ്ടിയാണ്. ചരിത്രനിരപേക്ഷമായി കവിത നിലനിൽക്കുന്നില്ല. അതിന്റെ ആഘാതപ്രത്യാഘാതങ്ങളും പരിവർത്തനങ്ങളും കവിതയെ മാറ്റുന്നു. ആ വിധത്തിലാണ് കവിതയിലെ നവീകരണവും പുതുമാർഗ്ഗാന്വേഷണങ്ങളും നടക്കുന്നത്. മലയാളകവിതയും ഇതിൽ നിന്നു വ്യത്യസ്തമല്ല" (രാജശേഖരൻ പി.കെ. 2000: 14-15). മലയാളകവിതയിൽ നടന്ന ഏതൊരു പരീക്ഷണത്തെപറ്റിയും പഠിക്കുമ്പോഴും അത്തരം പരീക്ഷണങ്ങൾ നടക്കാനിടയായ സാമൂഹ്യസാഹചര്യങ്ങൾ കൂടി വിലയിരുത്തേണ്ടതുണ്ടെന്നു സാരം. കാല്പനികതയുടെ കാലം, ആധുനികതയുടെ കാലം എന്നൊക്കെ കൃത്യമായ അതിർവരമ്പുകൾ സാധ്യമല്ല. ഇപ്പോഴും

മലയാളത്തിൽ കാല്പനികസ്വഭാവമുള്ള കവിതകൾ ഉണ്ടാകുന്നുണ്ട്. എന്നിരുന്നാലും ചങ്ങമ്പുഴയ്ക്കു ശേഷം മലയാളകവിതയിൽ കാല്പനികതയുടെ ശക്തിക്ഷയിച്ചു എന്നു സമ്മതിക്കാതെ തരമില്ല. കാല്പനികതയുടെ ക്ഷയത്തിനും ആധുനികതയുടെ കടന്നുവരവിനും വഴിയൊരുക്കിയ സാമൂഹികസാഹചര്യം വിശകലനം ചെയ്യുന്നതിനോടൊപ്പം ആധുനികകവിത കേരളസമൂഹത്തേയും കേരളസമൂഹം ആധുനികകവിതയേയും എത്തരത്തിൽ സ്വാധീനിച്ചു എന്നും വെളിവാക്കപ്പെടേണ്ടതുണ്ട്.

സ്വാതന്ത്ര്യാനന്തര ഭാരതീയ യാഥാർത്ഥ്യത്തെ ശരിയായ രീതിയിൽ തിരിച്ചറിഞ്ഞവരാണ് ആധുനികതാപ്രസ്ഥാനത്തിന്റെ വക്താക്കളായിത്തീർന്നത്. വർഗ്ഗീയകലാപങ്ങൾ ഒഴുക്കിയ ചോരപ്പുഴയും വൻതോതിലുള്ള അഭയാർത്ഥിപ്രവാഹങ്ങളും മനുഷ്യചേതനയെ മരവിപ്പിച്ചു. സ്വാതന്ത്ര്യത്തിനു വേണ്ടി പടവെട്ടിയവരിൽ ചിലർ സ്വാർത്ഥലാഭത്തിനും അധികാരത്തിനും വേണ്ടി പരസ്പരം മത്സരിക്കാൻ തുടങ്ങി. ഈ ന്യൂനപക്ഷമാണ് സ്വാതന്ത്ര്യാനന്തരം പലേടത്തും അധികാരത്തിൽ വന്നത്. സമത്വസുന്ദര ഭാരതം സ്വപ്നം കണ്ട ജനതയ്ക്ക് പട്ടിണിയും തൊഴിലില്ലായ്മയുമാണ് ലഭിച്ചത്. ബ്രിട്ടീഷുകാർ വിട്ടുപോയെങ്കിലും പാശ്ചാത്യരോടുള്ള ആരാധന കലർന്ന ബഹുമാനവും വിദേശവസ്തുക്കളോടുള്ള ഭ്രമവും ഇന്ത്യൻ സമൂഹമനസ്സിൽ നിന്നും വിട്ടുപോയിരുന്നില്ല. അതു കൊണ്ടു തന്നെ ദരിദ്രരാഷ്ട്രങ്ങളെ തങ്ങളുടെ ഉല്പന്നങ്ങൾക്കുള്ള വിപണിയാക്കി മാറ്റാനുള്ള ആഗോളമുതലാളിത്തത്തിന്റെ ശ്രമങ്ങൾക്ക് ഇന്ത്യ എളുപ്പത്തിൽ കീഴടങ്ങി. മൂല്യശോഷണത്തിന്റെ ചിതൽ സമൂഹത്തിന്റെ എല്ലാത്തുറകളേയും കീഴടക്കി. എത്തിപ്പിടിക്കാൻ ലക്ഷ്യങ്ങളോ പിൻതുടരാൻ മാർഗ്ഗങ്ങളോ ഇല്ലാതായി. ഇവയെല്ലാം സംവേദികളായ എഴുത്തുകാരുടെ ഭാവുകത്വത്തെ മാറ്റിത്തീർത്ത ഘടകങ്ങളാണ്. ഇതര ഭാരതീയ ഭാഷാ സാഹിത്യങ്ങളിലെന്ന പോലെ മലയാള സാഹിത്യത്തിലും ആധുനികതയുടെ കടന്നുവരവിന് ഈ സാഹചര്യങ്ങൾ പ്രേരകമായി.

കേരളത്തിന്റെ തനതു സാഹചര്യങ്ങളും ആധുനികമലയാളകവിതയെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചു. ജനാധിപത്യരീതിയിലുള്ള തിരഞ്ഞെടുപ്പിലൂടെ ഇന്ത്യയിൽ ആദ്യമായി ഒരു കമ്മ്യൂണിസ്റ്റ് ഭരണകൂടം നിലവിൽ വന്നത് കേരളത്തിലാണ് (1957 ൽ). ഈ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ജനോപകാരപ്രദമായ രണ്ടു ബില്ലുകൾ നിയമസഭയിൽ അവതരിപ്പിച്ചു. കാർഷിക ബന്ധമില്ലും വിദ്യാഭ്യാസബില്ലും. "വെറും പാട്ടക്കാർക്കും കുടികിടപ്പുകാർക്കും അനുകൂലമായി ഒരു നൂറ്റാണ്ടു കാലത്തിലേറെ നടന്ന സമരങ്ങളുടെ ഫലമായിരുന്നു 1958-ലെ കാർഷികബന്ധബിൽ. കൊളോണിയൽ വിദ്യാഭ്യാസസംവിധാനത്തിന്നെതിരായി വിദ്യാഭ്യാസരംഗത്ത് സാമൂഹികമായ ഉത്തരവാദിത്വം വളർത്താനുള്ള ശ്രമത്തിന്റെ തുടക്കമായിരുന്നു വിദ്യാഭ്യാസബിൽ. എന്നാൽ ഇവ രണ്ടും ജന്മിമാരുടെയും സ്വകാര്യ മുതലാളിമാരുടേയും ജാതി സാമുദായികശക്തികളുടേയും പ്രതിനിധികൾ എതിർത്തു. വിമോചനസമരത്തിന് നേതൃത്വം കൊടുത്തത് ഈ ശക്തികൾ




ഒന്നിച്ചു ചേർന്നാണ്. 1959-ൽ നിയമസഭ പിരിച്ചു വിടുകയും ചെയ്തു (ഗണേശ് കെ.എൻ. 1997: 400) കാർഷികബന്ധബില്ലിന്റെയും വിദ്യാഭ്യാസബില്ലിന്റെയും അവതരണത്തെതുടർന്നുണ്ടായ ചർച്ചകളും വാദകോലാഹലങ്ങളും സമരങ്ങളുമൊക്കെ സമൂഹത്തിലും ചില മാറ്റങ്ങൾക്ക് കാരണമായിത്തീർന്നു. ജന്മിത്വത്തിന്റെ അവസാനത്തിനും മുതലാളിത്തത്തിന്റെ ആവിർഭാവത്തിനും കാരണമായതുകൂടാതെ, കൂട്ടുകുടുംബവ്യവസ്ഥിതിയിൽ നിന്ന് അണുകുടുംബത്തിലേയ്ക്കും കൃഷിയിൽ നിന്ന് വ്യവസായത്തിലേക്കുമുള്ള മാറ്റവും സംഭവിച്ചു. പുതിയ വ്യവസായസംസ്ക്കാരത്തിന്റെ ഭാഗമായി ഗ്രാമങ്ങൾ നഗരങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടു തുടങ്ങി. തൊഴിൽ തേടി ഗ്രാമീണർ ദേശാന്തരനഗരങ്ങളിലേയ്ക്ക് കുടിയേറി. അവർക്ക് അവിടെ തങ്ങളുടെ സ്വത്വത്തിനും മൂല്യബോധത്തിനും പ്രസക്തി നഷ്ടപ്പെട്ടു. ഗ്രാമങ്ങളുടെ ത്വരിതഗതിയിലുള്ള നഗരീകരണവും മൂല്യത്തകർച്ചയും കവികളെ ആശങ്കാകുലരാക്കി. ഇടശ്ശേരിയുടെ 'കുറ്റിപ്പുറം പാലം', വൈലോപ്പിള്ളിയുടെ 'യുഗപരിവർത്തനം' തുടങ്ങിയ കവിതകൾ ഈ സാംസ്കാരിക പരിസരത്തെ അടയാളപ്പെടുത്തുന്നവയാണ്.

'കളിയും ചിരിയും കരച്ചിലുമായ്
ക്കഴിയും നരനൊരുയന്ത്രമായാൽ,
അംബപേരാറേ, നീ മാറിപ്പോമോ
ആകുലയാമൊരഴുക്കുചാലായ്?' (കുറ്റിപ്പുറം പാലം)

എന്ന ഇടശ്ശേരിയുടെ ആശങ്ക അധികകാലം കഴിയുന്നതിനുമുൻപ് യാഥാർത്ഥ്യമായി. യാതൊരു തത്ത്വദീക്ഷയുമില്ലാതെ പ്രകൃതിയെ ചൂഷണം ചെയ്തതിന്റെ തിക്തഫലങ്ങൾ കേരളീയ ജനത അനുഭവിച്ചു തുടങ്ങി. ആധുനികകാലത്തിന്റെ കാപട്യങ്ങളെ തെല്ലൊരമ്പരപ്പോടെയാണ് വൈലോപ്പിള്ളി വീക്ഷിക്കുന്നത്. സമൂഹത്തിന്റെ ഈ മാറ്റം പൂർണ്ണമായി ഉൾക്കൊള്ളാൻ കവിക്കാവുന്നില്ല. എങ്കിലും ഇവയോടു പൊരുത്തപ്പെടാൻ കഴിയുമെന്ന് കവി പ്രത്യാശിക്കുന്നു.

"ക്ഷമ ദൗർബ്ബല്യതയായ് നിയമം ചതിയായി-
സ്സമയം ധനമായിട്ടുന്നമീശ്വരനായ്
പ്രേമമൊരുമിനീരായ് കാണുവോർ, കായിൻപേരിൽ
പൂമതിക്കുവോർ ഒന്നും പുണ്യമായെണ്ണീടാത്തോർ
പങ്കിടാനെല്ലാം, എല്ലാവരെയും തൊഴിലിങ്കൽ
പങ്കെടുപ്പിക്കാൻ യന്ത്രകാഹളം മുഴക്കുവോർ
ഈ ലഹളയിൽ സൈ്വരജീവിതത്തിന്റെ
താളവും ലയവും പോയ് നമ്മളമ്പരന്നാലും
തിരുത്തപ്പെടാം തീക്ഷ്ണവാദങ്ങളിവരോടു
പൊരുത്തപ്പെടാം നമുക്കെന്നു ഞാനാശിക്കുന്നു."
(യുഗപരിവർത്തനം)

ആധുനികമനുഷ്യന് അഭിമുഖീകരിക്കേണ്ടിവരുന്ന ധർമ്മസങ്കടങ്ങളുടെ മഹാഭാരതത്തെ അവതരിപ്പിക്കുന്ന 'കുരുക്ഷേത്രം' (1960) എന്ന കവിതയിലൂടെ അയ്യപ്പപ്പണിക്കർ ആധുനികമലയാളകവികളുടെ നായകസ്ഥാനത്തേയ്ക്ക് ഉയർന്നു. നഗരസംസ്കാരത്തോടുള്ള മനുഷ്യന്റെ വിധേയത്വത്തെ ക്രോധത്തോടും സംശയത്തോടും വിഷാദത്തോടും നിരീക്ഷിക്കുകയാണ്

'കുരുക്ഷേത്ര' ത്തിൽ അയ്യപ്പപ്പണിക്കർ ചെയ്യുന്നത്. മനുഷ്യനും മാനുഷികതയുമൊക്കെ കമ്പോളവത്ക്കരിക്കപ്പെട്ടു കഴിഞ്ഞു. സ്വത്വം നഷ്ടപ്പെട്ട മനുഷ്യനും കപടനാട്യങ്ങൾ നിറഞ്ഞ സമൂഹവും ചേർന്ന് വികലമായൊരു സാമൂഹ്യത സൃഷ്ടിക്കുന്നു. മനുഷ്യർ ജീവിതത്തെ ഒരു ചന്തസ്ഥലമാക്കി അധ:പതിപ്പിച്ചിരിക്കുന്നു. സ്വയം വിൽക്കുകയും വിലപേശുകയും ചെയ്യുന്ന അവർ വേദനയോടെ വിളിച്ചു കേഴുന്നത്


ഇടശ്ശേരി

'സുഖം ദേഹിഹൃഷികേശാ

സുഖം ദേഹി ജനാർദ്ദനാ!' - എന്നാണ്. കണ്ണു കീറിപ്പൊളിച്ച് വേദത്തിന്റെ കണ്ണട നൽകുന്ന അവസ്ഥയും മനുഷ്യന്റെ മാർത്തടങ്ങൾ പൊതിച്ചു പന്താടി രസിക്കുന്ന പള്ളികളും ചിത്രീകരിച്ച് ആധുനിക കാലഘട്ടത്തിൽ മനുഷ്യജീവിതത്തിനും സംസ്കാരത്തിനും സംഭവിച്ച മൂല്യത്തകർച്ച കൂടി കവി വിശദമാക്കുന്നുണ്ട്. മനുഷ്യരുടെ ദുരന്തത്തിന് അവർ തന്നെയാണു കാരണമെന്നിരിക്കേ അതു മനസ്സിലാക്കാതെ ദിനം ദിനം സുഖത്തിനു വേണ്ടി വിളിച്ചു കേഴുന്ന മനുഷ്യാവസ്ഥയെ വെളിപ്പെടുത്തുന്ന ഈ വരികൾ ഐറണിയുടെ സ്വരമാണ് കേൾപ്പിക്കുന്നത്.

'തത്ത്വശാസ്ത്രങ്ങൾ തേടുന്ന ബുദ്ധികൾ
ചുറ്റുപാടും തളർന്നു കിടക്കവേ
ആരു വേവിച്ചു നൽകുമിപ്പത്തൻ
വേദവാക്യം? കടുക വറുക്കണോ?' - തുടങ്ങിയ വരികൾ പരമ്പരാഗത തത്ത്വശാസ്ത്രങ്ങൾ തികച്ചും അപ്രസക്തമാകുന്ന ആധുനികകാലഘട്ടത്തിന്റെ സന്ദിഗ്ധതകളെയാണ് വരച്ചു കാണിക്കുന്നത്.

ഇത്തരം ഒരു കവിത പിറവിയെടുത്തതിന്റെ സാമൂഹിക സാഹചര്യത്തെ പി. കെ. രാജശേഖരൻ ഇപ്രകാരം വിലയിരുത്തുന്നു. "പഴയതു പോലെയായിരുന്നില്ല അറുപതുകളിലെ ലോകം. വിയറ്റ്നാം യുദ്ധവും ക്യൂബൻ മിസൈൽ പ്രതിസന്ധിയും വിദ്യാർത്ഥികലാപങ്ങളും ലാറ്റിനമേരിക്കയിലെ വിമോചനയുദ്ധങ്ങളും ബയാഫ്രയിലെ (ആഫ്രിക്ക) മനുഷ്യക്കുരുതിയും അറബി-ഇസ്രയേൽ യുദ്ധവും ചൈനയിലെ സാംസ്കാരികവിപ്ലവവും ലോകരാഷ്ട്രീയത്തെ കലുഷമാക്കി. ബഹിരാകാശയാത്രയും ചാന്ദ്രയാത്രയും ഹൃദയം മാറ്റിവെയ്ക്കലും ശാസ്ത്രസാങ്കേതിക രംഗങ്ങളെത്തന്നെ മാറ്റിമറിച്ചു. ഹിപ്പികളുടെ സംസ്കാരം യൂറോപ്പിൽ നിന്ന് ലോകമെങ്ങും പടർന്നു. ജനപ്രിയ കലയും പരിഷ്കാരവും പുതിയ മാനങ്ങൾ വ്യാപിച്ചു. ഇന്ത്യയ്ക്കും അതിൽ നിന്നു മാറാനാവുമായിരുന്നില്ല. ചൈനയും പാക്കിസ്ഥാനുമായുള്ള യുദ്ധങ്ങളും നെഹ്റുയുഗാന്ത്യവും ഇന്ത്യൻ ജീവിതത്തേയും


കക്കാട്

മാറ്റി. വിമോചന സമരവും കമ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പും കേരളീയ ജീവിതത്തിന്റെ സ്വഭാവത്തിലും മാറ്റം വരുത്തി. വ്യാപകമായ ഈ പരിവർത്തനങ്ങളുടെ ചലനം കവിതയും ഉൾക്കൊണ്ടു. അതിന്റെ ഫലമായിരുന്നു ആധുനികകവിത. ലോകസാഹിത്യത്തിലും മറ്റു കലാരൂപങ്ങളിലുമുണ്ടായ മാറ്റങ്ങളോടുള്ള പരിചയം സൃഷ്ടിച്ച വൈഷമ്യാന്തരീക്ഷവും അസ്തിത്വവാദം പോലുള്ള തത്ത്വചിന്താ പദ്ധതികളും സ്വാതന്ത്ര്യാനന്തര നിരാശയും നഗരജീവിതവും ഈ കാവ്യ പ്രവണതയുടെ പിറവിക്ക് ആക്കം കൂട്ടി" (രാജശേഖരൻ പി. കെ. 2000: 20)

അറുപതുകളിലെ കവിതകളിൽ ഒറ്റപ്പെടലിന്റെയും മരണത്തിന്റെയും നാശത്തിന്റെയും അരാജകത്വത്തിന്റെയും വിശ്വാസരാഹിത്യത്തിന്റെയും തീവ്രതകളാണ് മുഖ്യമായും ആവിഷ്കരിക്കപ്പെട്ടത്. ഉയർന്നുവരുന്ന നാഗരികതയും ക്ഷീണിച്ചുവന്ന ഗ്രാമീണതയും തമ്മിലുള്ള സംഘർഷങ്ങളാണ് ഇതിന് വേദിയൊരുക്കിയത്. മുടിഞ്ഞുപോകുന്ന ഗ്രാമീണവിശുദ്ധിയെക്കുറിച്ച് വിലപിക്കുന്ന കവിതയാണ് കടമ്മനിട്ടയുടെ 'ഒരു പാട്ട്' (1965)

'മുടിഞ്ഞുപോയ പഴനാടിന്റെ
മുതുകിലെല്ലിൽ ഞാനിരിപ്പൂ
മുടിഞ്ഞുപോയ തറവാടിന്റെ
മുകളെട്ടിൽ ഞാനിരിപ്പൂ'
(ഒരു പാട്ട്)

നഗരം ഗ്രാമത്തെ വിഴുങ്ങുന്നതിന്റെ വിഹ്വലതകളാണ് 'പാതാളത്തിന്റെ മുഴക്കത്തിൽ' കക്കാട് അവതരിപ്പിച്ചത്. 'പാതാളത്തിന്റെ മുഴക്കം' എന്ന കവിതയുടെ രചനാസാഹചര്യത്തെ പറ്റി കക്കാട് ഇങ്ങനെ പറയുന്നു. "ഉയർന്നു വരുന്ന നാഗരികതയെയും ക്ഷീണിച്ചു വരുന്ന ഗ്രാമീണതയും തമ്മിലുള്ളസംഘർഷമായിരുന്നു അതിന്റെ അടിത്തറ. പഴയ സാമ്പത്തിക ബന്ധത്തിലടിയുറച്ച ഗ്രാമീണ വ്യവസ്ഥ മാറാൻ തുടങ്ങുകയും പുതിയൊരു വാണിജ്യസംസ്ക്കാരം നഗരത്തിൽ നിന്നിഴഞ്ഞുവന്ന് ഗ്രാമത്തെ ഗ്രസിക്കുകയും ചെയ്യുന്നതായി 1953 മുതൽ കോഴിക്കോട് ഒരു ട്യൂട്ടോറിയൽ കോളേജിൽ ജോലിയുമായി വന്ന കാലം തൊട്ടു തന്നെ ഞാനനുഭവിച്ചു"(കക്കാട് എൻ.എൻ. 1993: 15). കക്കാടിന്റെ '1963', 'പാതാളത്തിന്റെ മുഴക്കം' തുടങ്ങിയ കവിതകൾ അറുപതുകളുടെ സാമൂഹ്യചരിത്രരാഷ്ട്രീയനൈതികമാനങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ജോലിതേടി നഗരത്തിലെത്തിയ കക്കാട് എന്ന ഗ്രാമീണ യുവാവിനെ നാഗരിക പ്രത്യയശാസ്ത്രം പേടിപ്പെടുത്തിയതിന്റെ ഫലമാണ് '1963', 'പാ

താളത്തിന്റെ മുഴക്കം' തുടങ്ങിയ കവിതകൾ.




അയ്യപ്പപ്പണിക്കരുടെ 'കുടുംബപു രാണം' (1968) എന്ന കവിതയിൽ സമൃദ്ധി നഷ്ടപ്പെട്ട ഗ്രാമത്തിന്റെ ചി ത്രമാണ് അവതരിപ്പിക്കപ്പെടുന്നത്. തന്റെ കുഗ്രാമത്തിലൂടെ കണ്ണോ ടിക്കുമ്പോൾ അല്പമായ ശുഭാന്ത ങ്ങളോടൊപ്പം കവി കാണുന്നത് അനന്തമായ ദുരന്തങ്ങളാണ്.

'കുഞ്ഞുനാളിലെനിക്കൊരു ദുഃഖം
കനിവില്ലാത്തൊരു നാടെൻ നാടെ-
ന്നിന്നാ ദുഃഖം തീർന്നു ചുറ്റും
കന്നായുകളുടെ കന്നുകൾ
കാൺകെ
വ്യക്തികളല്ല സമൂഹമനുഷ്യൻ
ശക്തിപ്പൊരുളാണെന്നു ധരിക്കെ
പഞ്ചായത്തുകൾ പണിചെയ്തിപ്പൊ
രു
പാപം കുറുകം പാലം കാൺകെ
വേദന തീർന്നു മർത്ത്യമഹത്ത്വം
പാവനമല്ലോ, ദൈവികമല്ലോ!'
(കുടുംബപുരാണം-അയ്യപ്പപ്പണിക്കർ)

ആയിരത്തിതൊള്ളായിരത്തി എഴുപതുകളിൽ മലയാള കവിത രാഷ്ട്രീയവത്കരിക്കപ്പെട്ടു. മാർക്സിസ്റ്റ്-ലെനി നിസ്റ്റ്-മാവോയിസ്റ്റ് പ്രത്യയ ശാസ്ത്രങ്ങളുടെ സ്വാധീനം കവിതകളിൽ പ്രകടമായിത്തുടങ്ങി. അനീതിക്കെ തിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ കവികൾ കൈക്കൊണ്ടു. ആഫ്രിക്കൻ ലാറ്റിനമേരിക്കൻ രാജ്യങ്ങ ളിലെ പലകവിതകളും മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ടു. ബ്രഹ്ത്, ലോർക്ക, നെരൂദാ തുടങ്ങിയ വരുടെ രചനകളുമായി പരിചയപ്പെടുന്നതിന് ഇത് കാരണമായി. അധഃസ്ഥിതരുടെ ഉയർത്തെഴുന്നേൽപ്പും പ്രതിരോധവുമൊക്കെ കവിതകൾക്ക് വിഷയമായി. "അനീതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ, നിലവിലിരിക്കുന്ന ഭീതിതമായ കാലത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ, വരാനിരിക്കുന്ന നല്ല നാളുകളെക്കുറിച്ചുള്ള പ്രതീക്ഷകൾ എല്ലാം ഇക്കാലത്തെ കവിതകളിൽ സജീവമാണ്. ഓടക്കുഴലിൽ നിന്ന് കടുന്തുടിയിലേക്കും ലാസ്യത്തിൽ നിന്ന് താണ്ഡവത്തിലേക്കുമുള്ള മല യാളകവിതയുടെ ചുവടുമാറ്റമായാണ് ഈ പുതിയ ഭാവുകത്വം വിശേഷിപ്പി ക്കപ്പെടുന്നത്" (സച്ചിദാനന്ദൻ കെ. 1990: 55). 70-കളിലെ നിർണ്ണായ കമായ മറ്റൊരു സംഭവം 1975-ലെ അടിയന്തരാവസ്ഥയാണ്. 1967ലും 71ലും അടിയന്തരാവസ്ഥ പ്രഖ്യാപിച്ചി രുന്നെങ്കിലും അത് വൈദേശികാക്ര മണ ഭീഷണി മൂലമായിരുന്നു. അവ 1975-ലെ അടിയന്തരാവസ്ഥപോലെ ഭീകരവുമായിരുന്നില്ല. ഒന്നര നൂറ്റാ ണ്ടുകാലം ബ്രിട്ടീഷുകാരോടു സമരം ചെയ്തു നേടിയ സ്വാതന്ത്ര്യം ഒരൊറ്റ രാത്രി കൊണ്ട് ഭാരത ജനതയ്ക്ക് നഷ്ടപ്പെട്ടു. അതുകൊണ്ടാണ് ആ അടിയന്തരാവസ്ഥയെ 'ബ്രിട്ടീഷു കാർ വാണകാലത്തെപ്പോലെ' എന്ന് വൈലോപ്പിള്ളി വിശേഷി പ്പിച്ചത് (ശ്രീധരമേനോൻ വൈ ലോപ്പിള്ളി. 1980: 138).

മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അവന്റെ മൗലികാവകാശങ്ങളെ യും ഹനിക്കുകയും നാക്കിനെ വരിഞ്ഞുകെട്ടുകയുമാണ് അടിയ ന്തരാവസ്ഥക്കാലത്ത് ചെയ്തത്. ജനാധിപത്യപരമായ അവകാശ ങ്ങൾ നിഷേധിക്കപ്പെട്ടു. രാഷ്ട്രീയ എതിരാളികൾ അറസ്റ്റിലായി. നാടൊട്ടുക്കും സെൻസർഷിപ്പ് ഏർ പ്പെടുത്തി. എതിരഭിപ്രായം പറ യാനുള്ള പഴുതുകളെല്ലാം അടഞ്ഞു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിൽ സ്വേച്ഛാ ധിപത്യം നടപ്പിലായി. അതുവരെ അനുഭവിച്ചുപോന്ന സ്വാതന്ത്ര്യം ഒരു മിഥ്യയായിരുന്നു വെന്നും ജീവിതത്തിന്റെ അവിഭാജ്യാംശമെന്നു കരു തിപ്പോന്ന അവകാശങ്ങൾ പലതും തങ്ങളുടെ തന്നെ സൃഷ്ടിയായ ഭരണകൂടത്തിനു യാതൊരു മുന്നറിയിപ്പും കൂടാതെ തട്ടിത്തെറിപ്പിക്കാൻ കഴിയുന്ന വിധത്തിൽ താല്ക്കാലികമാണെന്നും തെളിഞ്ഞു. ജനാധിപത്യത്തി ന്റെ അവലംബങ്ങളായ സ്ഥാപനങ്ങൾ-കോടതി, ഉദ്യോഗസ്ഥ സംവിധാനം, പത്രം-അതിവേഗത്തിൽ അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും ചാ ലുകളിൽ വന്നു. ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് എങ്ങനെ ഭരണഘടനയെ അട്ടിമറിക്കാ മെന്നും ജനാധിപത്യത്തിന്റെ പുറം മോടികൾ നില നിർത്തികൊണ്ട് എങ്ങനെ ഒരു രാജ്യത്തിൽ ഏകാധി പത്യം സ്ഥാപിക്കാമെന്നും കാട്ടിക്കൊടുക്കുന്ന രാഷ്ട്രീയ പരീക്ഷണത്തിന്റെ വിജയത്തിന് സ്ഥാപനങ്ങളുടെയും നടപടിക്രമങ്ങളുടെയും തകർച്ച ആഴംകൂട്ടി (രാജകൃഷ്ണൻ വി. 1995: 6).




അടിയന്തരാവസ്ഥക്കാലത്തെ മനുഷ്യാവകാശധ്വംസനങ്ങൾക്കെ തിരെ പ്രതികരിക്കാനുള്ള കരുത്തു കാട്ടിയ സാഹിത്യകാരന്മാർ മലയാ ളത്തിലും ഉണ്ടായി. അവർ എണ്ണ ത്തിൽ കുറവായിരുന്നെന്നുമാത്രം. കലുഷവും തീവ്രവുമായ സാമൂഹിക യാഥാർത്ഥ്യങ്ങളെ അവതരിപ്പി ക്കേണ്ടി വന്നപ്പോൾ കവിതയിലെ വൃത്തതാള പദ്ധതികൾ ചില കവി കൾക്കെങ്കിലും അസൗകര്യമായി ത്തീർന്നു.. കെ. സച്ചിദാനന്ദൻ 'സത്യവാങ്മൂലം' എന്ന കവിതയിൽ ഇപ്രകാരം പറയുന്നു.

"എനിക്ക് അമരത്വം വേണ്ട
രൂക്ഷമായ വെറുപ്പുകളും
അതിലും രൂക്ഷമായ സ്നേഹങ്ങളു
മുള്ള

ഒരു സാധാരണമനുഷ്യനാണു ഞാൻ
തൊണ്ടയിടറുകയും കണ്ണുകലങ്ങുകയും ചെയ്യുമ്പോൾ
ഞാനെന്റെ വൃത്തവും പ്രാസവും മറന്നുപോകുന്നു
എന്റെ വൃത്തം ഓടയിൽ പെറ്റുവീണ കുഞ്ഞിന്റെ
നിലവിളിയുടെ വൃത്തമാണ്
എന്റെ പ്രാസം തടവറയിലെ കർഷകന്റെ
പൊട്ടിയ പേശികളുടെ പ്രാസമാണ്
നമുക്ക് ആഡംബരങ്ങൾക്കും
വളച്ചുകെട്ടലുകൾക്കും നേരമില്ല
ലളിതമായ വാക്കുകൾ നാം പിന്നെയും
നിർത്തി നിർത്തി ഉച്ചരിക്കേണ്ടിയിരിക്കുന്നു"

അടിയന്തരാവസ്ഥയ്ക്കു മുമ്പെഴുതിയ (1973 മെയ്) ഈ കവിതയിൽ വൃത്തവും പ്രാസവുമൊക്കെ കവിക്ക് ബാധ്യതയായിത്തീരുന്നുവെന്ന് സൂചിപ്പിക്കുന്നു. നിർത്തി നിർത്തി ഉച്ചരിക്കുന്ന ലളിതമായ വാക്കുകളാണ് തീക്ഷ്ണയാഥാർത്ഥ്യങ്ങളെ ആവിഷ്ക്കരിക്കാൻ യുക്തമെന്നാണ് കവിപക്ഷം. മുക്തഛന്ദസ്സിന്റെ സൗന്ദര്യവും ആവശ്യവും



കടമ്മനിട്ട

അരക്കിട്ടുറപ്പിക്കുകയാണ് സച്ചിദാനന്ദൻ ഈ വരികളിലൂടെ. ദാരിദ്ര്യവും ദുരിതവും ചേർന്ന് കുഴിച്ചെടുത്ത ജനതയുടെ കണ്ണുകളിൽ കവി തന്നെത്തന്നെ കണ്ടെത്തുന്നു. അതുകൊണ്ടുതന്നെ വിഷം കഴിച്ച് ആത്മഹത്യ ചെയ്ത മിത്രങ്ങളെക്കുറിച്ചും ഭ്രാന്തന്മാരായിത്തീർന്നവരെക്കുറിച്ചും വിമോചനത്തെക്കുറിച്ചു സംസാരിച്ചതിനു ജയിലിലായ അനുജനെക്കുറിച്ചുമൊക്കെ പരുഷഗദ്യത്തിലാണ് കവി എഴുതുന്നത്. ഇത്തരത്തിൽ കവിതയുടെ ഗദ്യവത്കരണത്തെ ന്യായീകരിക്കുന്ന കവി പക്ഷേ അടിയന്തരാവസ്ഥയുടെ ഫലമായി ജനങ്ങൾക്ക് അനുഭവിക്കേണ്ടി വന്ന ദുരിതങ്ങളെ പ്രത്യേകിച്ച് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനു മേലുണ്ടായ കയ്യേറ്റങ്ങളെ വിമർശിക്കുന്ന 'നാവുമരം' എന്ന കവിത നാടോടിത്താളത്തിന്റെ മനോഹാരിതയിലാണ് നിബന്ധിച്ചിരിക്കുന്നത്.

| | | താളമാത്ര |
|---|---|---|
| അ) | നടവഴി യിൽ നാലുകെട്ടിൽ | 12 |
| | നാട്ടിലെല്ലാം നടപ്പുദീനം | 14* |
| | നാട്ടുമ്മ നല്ലതേവി | 12 |
| | കോട്ടിയിൽ നിന്നതുൾ ചെയ്തു | 14 |
| | തട്ടകത്തേ നാവെല്ലാം | 12 |
| | കെട്ടിയിട്ടു കരുതി ചെയ്യാൻ | 14 |
| ആ) | ഒന്നാനാം കൊച്ചു തുമ്പീ | 12 |
| | എന്റെ കൂടെപ്പോരുമോ നീ | 14 |
| | നിന്റെ കൂടെ പോന്നാലോ | 12 |
| | എന്തെല്ലാം തരുമെനിക്ക് | 14* |
| | ഇട്ടിരിക്കാൻ പൊൻ തുടുക്ക് | 12 |
| | കൈ കഴുകാൻ വെള്ളിക്കിണ്ടി | 14 |

(*പാടി നീട്ടുകയോ കുറുക്കുകയോ ചെയ്തിരിക്കുന്നു)

'ഒന്നാനാം കൊച്ചുതുമ്പീ' എന്നു തുടങ്ങുന്ന നാടോടിപ്പാട്ടിന്റെ താളക്രമത്തിലാണ് 'നാവുമരം' എഴുതിയിരിക്കുന്നത്.



അയ്യപ്പപ്പണിക്കർ

പ്രാസവും വൃത്തവുമില്ലാത്ത ഗദ്യമാണ് ഈ ചകിതകാലത്തിന്റെ ആസുരതകളെ അവതരിപ്പിക്കാൻ യുക്തമെന്നു പറഞ്ഞകവി എന്തുകൊണ്ടാണ് നാവുമരത്തെ താളത്തിൽ ബന്ധിച്ചത്. ഉണ്ണിയാർച്ചയും കണ്ണപ്പനും പാണനും കഥാപാത്രങ്ങളാകുന്ന കവിതയിൽ ഒരുകാര്യവും നേരേപറയുന്നില്ല. എല്ലാം വക്രോക്തി തന്നെ. സെൻസറുടെ കണ്ണുവെട്ടിക്കാൻ മാത്രമല്ല ഇത്തരത്തിൽ വളച്ചുകെട്ടി പറഞ്ഞത് എന്നു ശ്രദ്ധിക്കേണ്ടതാണ്. വളച്ചു പറയുന്നതാണ് കവിതയിൽ പലപ്പോഴും ഭംഗിയും സ്വീകാര്യതയും ഉണ്ടാക്കുന്നത്. നേരെ പറയുന്നതായി ഭാവിക്കുമ്പോഴും കവിയും സഹൃദയനും വിശ്വസിക്കുമ്പോഴും ഇതാണ് സ്ഥിതി. നാവുമരത്തിൽ ദ്വിതീയാക്ഷരപ്രാസവും ആദ്യാക്ഷര പ്രാസവുമൊക്കെ ഉടനീളം പ്രയോഗിക്കുന്നുണ്ട്. അടിയന്തരാവസ്ഥക്കാലത്തെ ഏറ്റവും നല്ല കവിതകളിലൊന്നായി എടുത്തുകാട്ടാവുന്ന രചനയാണ് സച്ചിദാനന്ദന്റെ 'നാവുമരം' ഫലത്തിൽ വൃത്തവും പ്രാസവുമൊക്കെ പ്രതിഭാധനനായ കവിക്ക് യാതൊരു വിധ ബന്ധനവും തീർക്കുന്നില്ലെന്ന് സച്ചിദാനന്ദൻ തന്നെ തെളിയിച്ചു. ആധുനികത ഒരു ഭാവുകത്വം എന്ന നിലയിൽ സച്ചിദാനന്ദന്റെ മനസ്സിലുണ്ടെങ്കിലും സർഗ്ഗാത്മക മണ്ഡലത്തിലേയ്ക്കു പ്രവേശിക്കുമ്പോൾ കവി ഛന്ദസ്സിലേയ്ക്കും താളത്തിലേയ്ക്കും മടങ്ങുന്നുവെന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്. ഇത് ഒരുപക്ഷേ കവിയുടെ അബോധത്തിൽ തന്നെയുള്ള താളബോധത്തിന്റെ ഫലമായിരിക്കാം. എത്രമേൽ തിരസ്ക്കരിച്ചാലും അത് ശക്തിയോടെ തിരികെ വരുന്നു.

ഗ്രന്ഥസൂചി


അയ്യപ്പപ്പണിക്കർ, കെ. 1974. അയ്യപ്പപ്പണിക്കരുടെ കൃതികൾ. തിരുവനന്തപുരം: നവധാര പബ്ലിക്കേഷൻസ്.

ഗണേശ്, കെ.എൻ. 1990/97. കേരളത്തിന്റെ ഇന്നലെകൾ. തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്. കേരള സർക്കാർ.

രാമകൃഷ്ണൻ, കടമ്മനിട്ട. 1996/2002. കടമ്മനിട്ടയുടെ കവിതകൾ. കോട്ടയം: ഡി.സി. ബുക്സ്.

രാജശേഖരൻ, പി.കെ. 2006. ഏകാന്തനഗരങ്ങൾ ഉത്തരാധുനിക മലയാള സാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം. കോട്ടയം: ഡി.സി. ബുക്സ്.

ശ്രീധരമേനോൻ, വൈലോപ്പിള്ളി. 1980/84. വൈലോപ്പിള്ളിക്കവിതകൾ. കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

സച്ചിദാനന്ദൻ, കെ.. 1990. പടവുകൾ. കോഴിക്കോട്: പൂർണാപബ്ലിക്കേഷൻസ്.



# ഗദ്ദിക : പാരമ്പര്യവും പരിവർത്തനവും

**ഡോ.ടി.മധു**
ഡി.ബി.കോളേജ്,
ശാസ്താംകോട്ട



പൊതു സമൂഹത്തിന്റെ ജീവിതസംസ്കാരങ്ങളിൽ നിന്നും വ്യത്യസ്തരായി നിലകൊള്ളുന്നവരാണ് ആദിവാസികൾ. പ്രകൃതിയോട് ഇണങ്ങിച്ചേർന്ന ഒരു ജീവിത വീക്ഷണമാണ് ആദിവാസി ഗോത്രസമൂഹം നിലനിർത്തുന്നത്. അതുകൊണ്ടുതന്നെ ആദിവാസികളുടെ ജീവിതരീതികളും ആചാരവിധികളും വിശ്വാസപ്രമാണങ്ങളും പൊതുബോധത്തിൽ നിന്നും ഭിന്നമായിരിക്കും. ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ സവിശേഷതകൾക്ക് ഇത്തരം വ്യത്യസ്തതകളെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുണ്ട്. വയനാട്ടിലെ ഗിരിവർഗ്ഗക്കാരായ അടിയാൻ സമുദായം ഇത്തരത്തിൽ വംശീയമായ പ്രത്യേകതകളെ ഉൾക്കൊള്ളുന്ന വിഭാഗമാണ്. ഇപ്പോഴും ഗോത്ര വ്യവസ്ഥയുടെ ഘടനയെ പിൻതുടരുന്ന ഇവരുടെ ഇടയിൽ നിലനിൽക്കുന്ന പ്രധാന മന്ത്രവാദ ചടങ്ങാണ് ഗദ്ദിക. മാന്ത്രികവിജ്ഞാനത്തിന് (Magic Lore) ജനസംസ്കാരപ്പഠനത്തിൽ പ്രാധാന്യം കൈവരുന്ന ഒരു സന്ദർഭത്തിൽ അടിയാൻമാരുടെ മന്ത്രവാദകർമ്മമായ ഗദ്ദികയെ ചിന്താവിഷയമാക്കുകയാണ് ഈ പ്രബന്ധത്തിൽ.

മന്ത്രവാദസങ്കൽപ്പം ഇന്ന് പല വിധത്തിൽ വിമർശനങ്ങൾക്ക്



വിധേയമാകുന്നുണ്ട്. പ്രധാനമായും അന്ധവിശ്വാസവും അനാചാരവും വർദ്ധിപ്പിക്കുന്ന സമ്പ്രദായം എന്ന നിലയിലാണ് വിമർശനം നേരിടുന്നത്. പൊതുസമൂഹം ഈ വിമർശനത്തെ ആശ്ലേഷിക്കുമ്പോൾ പ്രകൃതിയോട് കൂടുതൽ അടുത്തും ഇണങ്ങിയും ജീവിക്കുന്ന ആദിവാസി സമൂഹം മന്ത്രവാദകർമ്മത്തെ പിൻതുടരാനാണ് ആഗ്രഹിച്ചത്. ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്യുന്നതിന്റെ ഭാഗമായാണ് മന്ത്രവാദ ചടങ്ങുകളെ കൂടുതൽ ആശ്രയിക്കാൻ അവരെ പ്രേരിപ്പിക്കുന്നത്. പ്രകൃതി പ്രതിഭാസങ്ങളെയും അവ സൃഷ്ടിക്കുന്ന വിപത്തുകളെയും അതിജീവിക്കാൻ അതിന് കഴിയുമെന്ന് അവർ വിശ്വസിക്കുന്നു. പ്രകൃതി നിയമത്തെകുറിച്ചുള്ള - അഭൗമിക ശക്തിയെക്കുറിച്ചുള്ള- മനുഷ്യന്റെ മനോഭാവമാണ് മന്ത്രവാദത്തിന്റെ കാതൽ. നിശ്ചിത ജപങ്ങളും കർമ്മങ്ങളും വഴി അദൃശ്യശക്തികളെ ഇച്ഛാനുസരണം നിയന്ത്രിക്കാമെന്ന വാദമാണ് മന്ത്രവാദമെന്ന് കട്ടസ്സൽ നിരീക്ഷിക്കുന്നു. തീർച്ചയായും ഈ മനോഭാവം വിശ്വാസത്തിൽ നിന്നാണ് പിറവിയെടുക്കുന്നത്. "പ്രകൃതി ശക്തികളെയും വിപത്തുകളെയും മന്ത്രശക്തികൊണ്ട് നിയന്ത്രിക്കുകയും നേരിടുകയും ചെയ്യാമെന്ന വിശ്വാസമാണ് മന്ത്രവാദ"മെന്ന് വിഷ്ണു നമ്പൂതിരിയും രേഖപ്പെടുത്തുന്നുണ്ട്. അനുഭവജ്ഞാനത്തിന്റെ-ശാസ്ത്രീയതയുടെ-അംശം അതിൽ കുറയുകയും വിശ്വാസം പ്രമാണമാവുകയും ചെയ്യുന്നു എന്നർത്ഥം. മനുഷ്യാതീത ശക്തിയിലുള്ള വിശ്വാസത്തെ ആശ്രയിക്കുന്നതിനാലാണ് മന്ത്രവാദത്തെ, ജീവിതത്തെക്കുറിച്ചുള്ള മനുഷ്യന്റെ ഒരു സാങ്കല്പിക ചിന്താപദ്ധതിയായി ഫ്രെയ്സർ വിലയിരുത്തുന്നത്. പ്രകൃതികോപം, രോഗം, മരണം, ഈതിബാധകൾ തുടങ്ങിയവയെ അകറ്റാൻ മന്ത്രവാദത്തിന് സാധിക്കുമെന്ന ആത്മവിശ്വാസമാണ് പ്രക്തന സമൂഹത്തിന്റേത്. ഇതാണ് മന്ത്രവാദത്തെയും മന്ത്രവാദിയേയും അതിന്റെ ചടങ്ങുകളെയും പ്രസക്തമാക്കുന്നത്. എന്നാൽ യുക്തിയുടെ-ശാസ്ത്രീയതയുടെ-അഭാവം അതിനെ ഒരു കൃത്രിമ ശാസ്ത്രമെന്ന നിലയിൽ നിരീക്ഷിക്കാൻ പഠിതാക്കളെ പ്രേരിപ്പിക്കുന്നു എന്നതും കാണാതിരുന്നുകൂടാ. നിഷ്ഫലമായ കർമ്മമായി മന്ത്രവാദത്തെ കാണുകയും അതിലെ അനുഷ്ഠാനപരതയേയും കലാപരതയേയും സ്വീകരിക്കാനും നിലനിർത്താനും ശ്രമങ്ങളുണ്ടാകുന്നത് ഇത്തരം തിരിച്ചറിവുകളിൽ നിന്നാണ്. അത്തരത്തിൽ പരിവർത്തന വിധേയമാണ് അടിയാളരുടെ ഗദ്ദിക.

അടിയാൻ സമൂഹത്തിലെ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന മാന്ത്രികകർമ്മം ഗദ്ദികയാണ്. ദൈവപ്രീതിയിലൂടെ ദുരിതനിവാരണം നടത്തി നാടിന് ഐശ്വര്യത്തെ സാധ്യമാക്കുക എന്നതാണ് അതിന്റെ ലക്ഷ്യം. "നാടിനേയും കുലത്തേയും വീടിനേയും വ്യക്തികളെയും ബാധിക്കുന്ന ഭൂതപ്രേതാദികളെയും രോഗപീഢകളെയും ഈതി ബാധകളേയും ഉച്ചാടനം ചെയ്യുകയെന്നതാണ് ഗദ്ദിയുടെ സങ്കൽപ"മെന്ന് വിഷ്ണു നമ്പൂതിരി നിരീക്ഷിക്കുന്നു, പ്രേതങ്ങളിൽ അന്ധമായി വിശ്വസിക്കുന്നതിനാൽ മരണശേഷം നടത്തേണ്ട ചടങ്ങുകളെ കണിശമായി പാലിക്കാൻ അടിയാളർ ശ്രമിച്ചുപോന്നു അതിന്റെ ഭാഗമായാണ് 'പൊലനീക്കൽ' എന്ന ചടങ്ങ് അനുഷ്ഠിക്കുന്നത്. മൂന്നു വിധത്തിൽ അനുഷ്ഠിച്ചു വരുന്ന പൊലയ്ക്ക് ശേഷമാണ് ഗദ്ദികയിൽ പ്രധാനമായ 'നാട്ടുഗദ്ദിക' അഥവാ 'മാരിനീക്കൽ' എന്ന ഉച്ചാടന കർമ്മം നടത്തുന്നത്.

വിപുലമായ ചടങ്ങുകളും അനുഷ്ഠാനങ്ങളും കൊണ്ട് സമ്പന്നമാണ് ഗദ്ദിക. പ്രധാനമായും ഏഴുദിവസം നീണ്ടു നിൽക്കുന്ന ചടങ്ങിന് മൂപ്പനാണ് നേതൃത്വം നിർവ്വഹിക്കുന്നത്. പ്രത്യേക വേഷഭൂഷാദികളും വാദ്യമേളങ്ങളും ദേവതകളെ സ്തുതിച്ചുകൊണ്ടുള്ള പാട്ടുകളും ഇതിന്റെ ഭാഗമാണ്. ആഭിചാരവൃത്തികൾക്ക് പൊതുവെ ഉള്ള രൗദ്ര-ബീഭൽസ ഭാവങ്ങൾ ഗദ്ദികയിൽ ഇല്ല എന്നതും പ്രത്യേകം ശ്രദ്ധേയമാണ്. ഗദ്ദിക പ്രധാനമായും മൂന്നു വിധത്തിലുണ്ട്. ഗദ്ദിക, പൂജഗദ്ദിക, നാട്ടുഗദ്ദിക. ഓരോന്നും വ്യക്തിയേയും കുലത്തെയും നാടിനേയും കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ ഇതു നടത്തുന്ന സന്ദർഭവും

ചെയ്യുന്ന രീതിയും വ്യത്യസ്തമായിരിക്കും. ചെറിയഗദ്ദിക എന്നറിയപ്പെടുന്ന ഗദ്ദിക രോഗം പിടി പെടുന്ന വ്യക്തിക്കു വേണ്ടി നടത്തുന്ന കർമ്മമാണ്. രോഗകാരണവും പ്രതിവിധിയും അന്വേഷിക്കുകയാണിവിടെ. അഞ്ചുപേരെങ്കിലും വേണ്ടുന്ന ഈ ഉച്ചാടന ക്രിയ, കുന്നുമൂപ്പൻ, നാട്ടുമൂപ്പൻ എന്നിവരോട് ആലോചിച്ച് രോഗിയുടെ ബന്ധുക്കൾ തമ്മാടിമാരെ വിളിച്ചു വരുത്തി, രാത്രിയിലാണ് നടത്തുന്നത്. അരി, തിരി, തേങ്ങ, പിച്ചളവള തുടങ്ങിയ സാമഗ്രികളാണ് പ്രധാനമായും ചടങ്ങിന് ഉപയോഗിക്കുന്നത്. 'അജെവെക്കൽ' എന്ന് ഇതിനെ അറിയപ്പെടുന്നു. ശിവനെ എഴുന്നെള്ളിച്ചു കൊണ്ടു വരുന്ന 'ശ്വാനളുക്കൽ' എന്ന കർമ്മവും ഇതിന്റെ ഭാഗമായി നടക്കുന്നു. മറ്റ് രണ്ട് ഗദ്ദികകളിലും ഇത് ആവർത്തിക്കുന്നുണ്ട്. വീടിന്റെ കോലായിൽ വച്ച് നടത്തുന്ന കർമ്മങ്ങൾക്ക് ഒടുവിൽ രോഗിയെ വാതിൽ പടിയിൽ എത്തിച്ച്, ജപിച്ചുതി രോഗകാരണം കണ്ടെത്തി, അതിനു പ്രതിവിധികൾ ചെയ്യുന്നു. പൂജാദി കർമ്മങ്ങൾക്ക് ഇടയിൽ രോഗികൾക്ക് പച്ചില മരുന്നുകൾ നൽകാനും തമ്മാടികൾ ശ്രദ്ധിക്കുന്നു. ഭഗവതി, മാരി, ഗുളികൻ, കുട്ടിച്ചാത്തൻ എന്നീ ദേവതകൾക്ക് പട്ട്, കോഴിയുടെ തല, അവിൽ, മലർ എന്നിവ നേർച്ചയായി അർപ്പിച്ചു രോഗകാരണമായ ഭയത്തെ മാറ്റാൻ ഈ അനുഷ്ഠാന കർമ്മങ്ങൾക്ക് സാധിക്കുമെന്ന് അടിയാന്മാർ വിശ്വസിക്കുന്നു.

രണ്ടാമത്തെ വിഭാഗമായ പൂജഗദ്ദിക രോഗശമനം ഉണ്ടാകുമ്പോൾ നടത്തുന്ന കർമ്മമാണ്. മാരി നിർമ്മാർജനമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. ആദ്യ ഗദ്ദികയിൽ പങ്കെടുത്ത എല്ലാവരും ഇതിലും വേണ്ടതാണ്. പൊതുവെ എട്ടിനും പന്ത്രണ്ടിനും മധ്യേ അംഗങ്ങൾ ഇതിൽ പങ്കെടുക്കാറുണ്ട്. ചെറിയഗദ്ദികയിൽ തമ്മാടി പറഞ്ഞ രോഗകാ രണങ്ങൾ ശരിയാണോ എന്നറിയാൻ തേങ്ങാ ഉരുട്ടി ലക്ഷണം പറയുമ്പോൾ, ഇവിടെ തേങ്ങാ രണ്ടായി പൊട്ടിച്ച്, തേങ്ങാമുറികൾ രണ്ടും മലർന്ന് വീണാൽ രോഗം മാറിയെന്നും ദൈവങ്ങൾ പ്രസാദിച്ചു എന്നും വിധിക്കുന്നു. ഒഴിഞ്ഞുപോയ ബാധകൾ തിരികെ പ്രവേശിക്കാതിരിക്കാൻ രോഗിയെ വീടിനുള്ളിൽ പ്രവേശിപ്പിച്ചതിനു ശേഷം വാതിൽ പടിയിൽ കത്തികൊണ്ട് വരയ്ക്കുന്ന ഏർപ്പാടും ഇതിന്റെ ഭാഗമാണ്.

ഗദ്ദികയിൽ ഏറ്റവും പ്രധാനവും പ്രചാരവും പരിവർത്തനവും കൈവരിച്ചതും നാട്ടുഗദ്ദികയാണ്. വ്യക്തിയേയും കുലത്തെയും അപേക്ഷിച്ച് ഒരു സമൂഹത്തെ ബാധിക്കുന്ന ഈതി ബാധകളെ നീക്കം ചെയ്യാൻ നടത്തുന്ന മാന്ത്രിക ചടങ്ങാണ് മാരിനീക്കൽ, നാടുനീക്കൽ എന്നിങ്ങനെക്കൂടി അറിയപ്പെടുന്ന നാട്ടുഗദ്ദിക. സമൂഹത്തിന് രോഗവും ദുരിതവും വിതയ്ക്കുന്നത് മാരിയാണെന്ന് അടിയാന്മാർ വിശ്വസിക്കുന്നു. അതിനെ ഇല്ലാതാക്കി ശാന്തി കൈവരിക്കുകയാണ് ലക്ഷ്യം. കൊട്ടിയൂർ ക്ഷേത്രത്തിലെ ഉൽസവം കഴിഞ്ഞ് തൊട്ടടുത്ത വെള്ളി, ചൊവ്വ ദിവസങ്ങളിൽ ഒന്നിൽ ഗദ്ദിക ആരംഭിക്കുന്നു. ഏഴു ദിവസത്തോളം പ്രദേശത്തെ മുഴുവൻ വീടുകളിലും ചെന്ന് കൊട്ടിപ്പാട്ട് നടത്തുന്നു. നിരവധിയായ ചടങ്ങുകളോടും അനുഷ്ഠാനങ്ങളോടും കൂടിയാണ് ഇത് അരങ്ങേറുന്നത്. വീടുകളിൽ എത്തുന്ന ഗദ്ദികക്കാരോട് തങ്ങളുടെ സങ്കടങ്ങളും ദുരിതങ്ങളും ഓരോ വീട്ടുകാരും ഏറ്റു പറയുന്നു. രോഗം പരത്തുന്ന ദേവതകളെ ലക്ഷണ


പി.കെ. കാളൻ ഗദ്ദിക അവതരിപ്പിക്കുന്നു

ത്തിലൂടെ കണ്ടെത്തുകയും പ്രീതിപ്പെടുത്തി കോവിൽ മാതൃകയിൽ നിർമ്മിച്ച 'ഗുഡി'യിലേയ്ക്ക് ബാധകളെയെല്ലാം ആവാഹിച്ചെടുക്കുകയും ചെയ്യുന്നു. ഇങ്ങനെ നാട്ടുപ്പറ്റൽ അവസാനിച്ചതിനു ശേഷം ഗുഡി വച്ച ഭാഗത്ത് അരി, തേങ്ങ, തിരി എന്നിവ വച്ച്, ശതാവരിവള്ളികൊണ്ട് വേലി കെട്ടുന്നു. ഈ ദേശത്തുനിന്നും ബാധകളെ പുറത്താക്കി വേലികെട്ടി എന്നാണ് ഇതിലൂടെ അർത്ഥമാക്കുന്നത്. ഈ ബാധകളും പീഢകളും ഏറ്റെടുത്തുകൊണ്ട് മാരി മൈസൂരിലേക്ക് യാത്രയാകുന്നുവെന്നും വിശ്വസിക്കുന്നു.

നാട്ടുഗദ്ദികയിലൂടെ അടിയാൻ വർഗ്ഗം ഉയർത്തിപ്പിടിക്കുന്ന ഉദാത്തമായ സാമൂഹികബോധത്തെ അംഗീകരിക്കേണ്ടതുണ്ട്. ആഭിചാരക്രിയയിലൂടെ ആണെങ്കിലും ദേശത്തിന്റെയും അതിലെ നിവാസികളുടെയും ക്ഷേമൈശ്വര്യങ്ങളെയാണ് അടിയാൻ സമുദായം ലക്ഷ്യം വെച്ചത്. മാത്രമല്ല ഇഹലോകവാസത്തെ ഭീതിരഹിതവും സുഖ സമൃദ്ധവുമാക്കി തീർക്കുക എന്ന ആഗ്രഹത്തിന്റെ ഫലമാണ് ഈ മന്ത്രവാദാനുഷ്ഠാനം. ഒരു നല്ല കലവും ദേശവും മാനവനും നിലനിൽക്കണമെന്ന മഹനീയ സങ്കല്പത്തെ അംഗീകരിക്കാതിരിക്കാൻ അപരിഷ്കൃതരെന്ന പൊതുസമൂഹത്തിന്റെ ആക്ഷേപങ്ങൾക്ക് കഴിയില്ല. ഒരു സമൂഹത്തിന്റെ കൂട്ടായ്മയിലാണ് ഇത് ഉരുവം കൊള്ളുന്നതും നിലനിൽക്കുന്നതും. ഇത്തരം വസ്തുതകളെ തെളിയിച്ചെടുക്കുമ്പോഴും അന്ധവിശ്വാസത്തെയും അനാചാരത്തെയും വിളയിച്ചെടുക്കുന്ന ഒരാഭിചാരവൃത്തിയാണ് ഗദ്ദിക എന്ന യാഥാർത്ഥ്യത്തെ വിസ്മരിച്ചുകൂടാ. അതുകൊണ്ടുതന്നെ കാലം അതിൽ പുതുക്കലുകൾ വരുത്തുമെന്നത് മറ്റൊരു യാഥാർത്ഥ്യവുമാണ്.

പ്രയോജനരഹിതവും കാലഹരണപ്പെട്ടതുമായ പ്രയോഗരീതികളുടെ ഉള്ളടക്കമാണ് മന്ത്രവാദം എന്നതാണ് അത് നേരിടുന്ന വലിയ വിമർശനം. ശാസ്ത്രീയതയും യുക്തി ബോധവും അതിന് കൂടുതൽ ശക്തി പകർന്നു നൽകി.വാസ്തവത്തിൽ അടിയാൻ സമുദാ യത്തെ യുക്തിഭദ്രമായ ജീവിതക്രമങ്ങളിലേയ്ക്ക് പ്രവേശിപ്പിക്കാൻ ആഗ്രഹിച്ച പി.കെ കാളന്റെ പരിശ്രമങ്ങളാണ് ഗദ്ദിക എന്ന മന്ത്രവാദാചാരത്തെ മാറ്റങ്ങൾക്ക് വിധേയ മാക്കിയത്. ആചാരം, അനുഷ്ഠാനം, ഫലസിദ്ധി തുടങ്ങിയ കാര്യങ്ങളിൽ അതിനുണ്ടായിരുന്ന സ്ഥാനത്തിന് മങ്ങലേറ്റു. മന്ത്രവാദം ഒരു ചികിൽസാ മാർഗ്ഗമല്ലെന്നും തികച്ചും ഫലരഹിതമായ അന്ധവിശ്വാസമാണെന്നും കാളൻ തിരിച്ചറിഞ്ഞു. "രണ്ടു ദിവസമായി പ്രസവ വേദന അനുഭവിച്ചുകൊണ്ടിരുന്ന അടിയാത്തിയുടെ വീട്ടിൽ സുഖപ്രസവത്തിനായി ഗദ്ദിക അവതരിപ്പിക്കാൻ എത്തിയതായിരുന്നു കാളനും സംഘവും. വീടിനു പുറത്ത് ഗദ്ദികയിൽ കലാപരമായ അനുഷ്ഠാനങ്ങളോടെ ദേവിയുടെ സുഖ പ്രസവത്തിനുള്ള വർണ്ണനകൾ അവതരിപ്പിക്കുന്നതോടൊപ്പം വീടിനകത്ത് അടിയാത്തിയുടെ സുഖപ്രസവം നടക്കുമെന്നാണ് വിശ്വാസം. എന്നാൽ അന്ന് കാളന്റെ ഗദ്ദികാവതരണത്തിനു ശേഷവും പ്രസവം നടന്നില്ല. ഇതിൽ നിന്നും ഇത് വെറും അന്ധവിശ്വാസമാണെന്ന് തിരിച്ചറിഞ്ഞ കാളൻ നാട്ടുമൂപ്പന്റെയും സമുദായത്തിന്റെയും കടുത്ത എതിർപ്പ് ഉണ്ടായിരുന്നിട്ടും അതിനെ അവഗണിച്ചുകൊണ്ട് ആ സ്ത്രീയെ ആശുപത്രിയിൽ എത്തിച്ചതിനു ശേഷമാണ് പ്രസവം നടന്നത്" (കൃഷ്ണദാസ് എൻ. വി). 1960-62 കാലഘട്ടത്തിൽ നടന്ന ഈ സംഭവം ഗദ്ദികയെ സംബന്ധിച്ച ചരിത്രഘട്ടം മാത്രമല്ല, ആദിവാസികൾ ആധുനിക ലോകബോധത്തിലേയ്ക്ക് പ്രവേശിക്കുന്നതിന്റെ ചരിത്രസന്ദർഭം കൂടിയാണ്. ഗദ്ദിക അല്ല, ആ സന്ദർഭത്തിൽ രോഗികൾക്ക് നൽകുന്ന പച്ചില മരുന്നുകളാണ് രോഗമുക്തിക്ക് കാരണമെന്ന് വിളിച്ചു പറയാനും കാളൻ ധൈര്യം കാട്ടി. ആദിവാസികൾക്കിടയിൽ മന്ത്രവാദത്തിന്റെ പ്രാധാന്യം കുറച്ചുകൊണ്ടു വരുന്നതിൽ പി.കെ കാളന്റെ പങ്ക് വളരെ വലുതാണ്.

മന്ത്രവാദത്തിലുള്ള അവിശ്വാസവും താൽപര്യക്കുറവും വർദ്ധിച്ച സന്ദർഭത്തിലും അതിലെ കലാപരതയെ സ്വീകരിക്കാൻ പൊതുസമൂഹം താൽപര്യം കാട്ടി. അടിയാൻ വർഗ്ഗത്തിന്റെ സ്വത്വാംശത്തെ നിലനിർത്തിക്കൊണ്ട് അവതരിപ്പിക്കുന്ന ഗദ്ദിക കലാരൂപമെന്ന നിലയിൽ പ്രചാരം നേടുന്നതിന്റെ സാഹചര്യമിതാണ്. സാമുദായികമായ സ്ഥലം, കാലം, ദേശം എന്നിവ അപ്രത്യക്ഷമാവുകയും അതൊരു ജനകീയ കലയുടെ തലത്തിലേയ്ക്ക് ഉയരുകയും ചെയ്തു. ഗദ്ദികയുടെ ഈ വഴിമാറ്റം പ്രാചീനകാലം മുതൽ ഗോത്രസ

**മന്ത്രവാദത്തിലുള്ള അവിശ്വാസവും താൽപര്യക്കുറവും വർദ്ധിച്ച സന്ദർഭത്തിലും അതിലെ കലാപരതയെ സ്വീകരിക്കാൻ പൊതുസമൂഹം താൽപര്യം കാട്ടി. അടിയാൻ വർഗ്ഗത്തിന്റെ സ്വത്വാംശത്തെ നിലനിർത്തിക്കൊണ്ട് അവതരിപ്പിക്കുന്ന ഗദ്ദിക കലാരൂപമെന്ന നിലയിൽ പ്രചാരം നേടുന്നതിന്റെ സാഹചര്യമിതാണ്. സാമുദായികമായ സ്ഥലം, കാലം, ദേശം എന്നിവ അപ്രത്യക്ഷമാവുകയും അതൊരു ജനകീയ കലയുടെ തലത്തിലേയ്ക്ക് ഉയരുകയും ചെയ്തു. ഗദ്ദികയുടെ ഈ വഴിമാറ്റം പ്രാചീന കാലം മുതൽ ഗോത്രസമൂഹം നിലനിർത്തിപ്പോന്ന മന്ത്രവാദത്തിന്റെ അർത്ഥശൂന്യതയെയാണ് വെളിവാക്കുന്നത്. ദൈവകോപവും രോഗവും തമ്മിൽ ഒരു ബന്ധവുമില്ലെന്നും, രോഗത്തെ ഇല്ലായ്മ ചെയ്യാൻ തമ്മാടിയ്ക്കോ അയാൾ ചെയ്യുന്ന മാന്ത്രിക വൃത്തികൾക്കോ കഴിയില്ലെന്നും, കർമ്മങ്ങൾ രാവിന്റെ മറവിൽ ചെയ്യുന്നതിൽ ഔചിത്യക്കുറവുണ്ടെന്നും, പ്രാകൃതവും അപ്രായോഗികവുമായ ആചാരങ്ങൾക്ക് വ്യക്തികളെ നിസ്സഹായരാക്കുകയേ ഉള്ളൂ എന്നും പൊതുസമൂഹത്തെ പോലെ അടിയാൻ സമൂഹവും ക്രമേണ തിരിച്ചറിഞ്ഞു.**



മൂഹം നിലനിർത്തിപ്പോന്ന മന്ത്രവാദത്തിന്റെ അർത്ഥശൂന്യതയെയാണ് വെളിവാക്കുന്നത്. ദൈവകോപവും രോഗവും തമ്മിൽ ഒരു ബന്ധവുമില്ലെന്നും, രോഗത്തെ ഇല്ലായ്മ ചെയ്യാൻ തമ്മാടിയ്ക്കോ അയാൾ ചെയ്യുന്ന മാന്ത്രികവൃത്തികൾക്കോ കഴിയില്ലെന്നും, കർമ്മങ്ങൾ രാവിന്റെ മറവിൽ ചെയ്യുന്നതിൽ ഔചിത്യക്കുറവുണ്ടെന്നും, പ്രാകൃതവും അപ്രായോഗികവുമായ ആചാരങ്ങൾക്ക് വ്യക്തികളെ നിസ്സഹായരാക്കുകയേ ഉള്ളൂ എന്നും പൊതുസമൂഹത്തെപോലെ അടിയാൻ സമൂഹവും ക്രമേണ തിരിച്ചറിഞ്ഞു. അർത്ഥമില്ലാത്ത ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയമായ അപഗ്രഥനങ്ങളെ അവരും ശ്രദ്ധിക്കാൻ തുടങ്ങി. അന്ധവിശ്വാസങ്ങൾക്കുമപ്പുറം രോഗത്തിന്റെ യഥാർത്ഥ കാരണങ്ങൾ അന്വേഷിക്കാനും ആധുനിക ചികിത്സാരീതികളെ സ്വീകരിക്കാനും അടിയാൻ പരിശീലിച്ചു. വ്യക്തിയെ യുക്തിബോധത്തിന്റെ വഴിയെ ആത്മാഭിമാനത്തോടെ നടത്താൻ പ്രേരിപ്പിക്കുന്നതായിരുന്നു, ഗദ്ദികയുടെ പരിവർത്തനഘട്ടം. അടിയാൻ സമുദായത്തിൽ സംഭവിച്ച ആധുനികീകരണ പ്രക്രിയയുടെ ഊർജ്ജമായാണ് അതിനെ തിരിച്ചറിയേണ്ടത്.

## ഗ്രന്ഥസൂചി

1. ഡോ. കട്ടയ്ക്കൽ. ജെ : ലോകമതങ്ങൾ, പുറം -25

2. ഡോ. വിഷ്ണു നമ്പൂതിരി.എം.വി : മാന്ത്രിക വിജ്ഞാനം, പുറം -11

3. കൃഷ്ണദാസ്. എം . വി : ഭാഷാപോഷിണി. പുറം -42

## സഹായ ഗ്രന്ഥങ്ങൾ

ഡോ. അസീസ് തരുവണ, 2012 : പി.കെ കാളൻ ആദിവാസി ജീവിതത്തിന്റെ

സമരമുഖം, ചിന്തപബ്ലിക്കേഷൻ, തിരുവനന്തപുരം.

ഡോ. ലിസി മാത്യു. വി 2013 : പികെ കാളൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രമേശ്.കെ 2003 : ജീവിതവും സംസ്കാരവും അടിയാൻ മാർ, വാല്യം ഒന്ന്, ഫോക്‌ലോർ അക്കാദമി, കണ്ണൂർ.

രബിജ. എ 2009 : ഗദ്ദിക, അനുഷ്ഠാനവും കലയും, പി. കെ

കാളന്റെ സംഭാവനകൾ, (അപ്രകാശിത പ്രബന്ധം), ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

പൊലി (ചതുർമാസിക) 2006 : പി.കെ കാളൻ പതിപ്പ് ഫോക്‌ലോർ അക്കാദമി, കണ്ണൂർ.



# ഗൗഹർജാൻ: മുഴങ്ങുന്ന ഓർമ്മകൾ

**ഡോ. എൻ. രേണുക**
എൻ.എസ്.എസ്. കോളേജ്
ചേർത്തല



'ഞാൻ' 'എന്റെ പേര്' തുടങ്ങിയ ആത്മസൂചനകളിലേയ്ക്ക് ഒരു കലാകാരിയോ കലാകാരനോ എത്തിച്ചേരുന്നതിനു പുറകിൽ ഐഡന്റിറ്റിയെ സംബന്ധിച്ച ബോധ്യങ്ങളോടൊപ്പം ചരിത്രപരമായ പരിവർത്തനങ്ങളുമുണ്ട്. സ്വയംപൂർണ്ണത എന്നത് ഏതു കലാരൂപത്തിനും യോജിക്കാത്ത സങ്കല്പമാണ്. കാലഘട്ടങ്ങളുടെ ഇടച്ചിലുകളിൽ നിന്നും ദേശീയമായ സംഘർഷങ്ങളിൽ നിന്നും സാമൂഹികമായ പരിണാമങ്ങളിൽ നിന്നുമാണ് കലയുടെ രീതിശാസ്ത്രം വികസിക്കുന്നത്. അനുഭൂതികൾക്കു മേഞ്ഞുനടക്കുവാൻ തെളിഞ്ഞ ആകാശമില്ല. പലപ്പോഴും നാം അങ്ങനെ ധരിക്കുമെങ്കിലും 'തവായിഫ്'കൾ എന്നറിയപ്പെട്ട കൊട്ടാരനർത്തകികളുടെയും സംഗീതജ്ഞകളുടെയും കലാജീവിതം അതാണ് ഓർമിപ്പിക്കുന്നത്. ഭരണമാറ്റങ്ങൾക്കനുസരിച്ച് മാറിവരുന്ന ജീവിതം. സ്ത്രീയെന്ന നിലയിലും കലാകാരിയെന്ന നിലയിലും അവരുടെ നിലനില്പിനെ പരിരക്ഷിക്കേണ്ട ബാധ്യത ഏറ്റെടുത്ത ജീവിതങ്ങൾ.... ഹിന്ദുസ്ഥാനി സംഗീതചരിത്രത്തിൽ അത്തരം അനേകം കലാകാരികളുണ്ട്. ചിലർ മാത്രം ഘരാനകളുടെയോ വ്യക്തിഗതമായ ശൈലിയുടെയോ മിത്തുകളുടെയോ



പേരിൽ ഉയർന്നുവന്നു. ബാക്കിയുള്ളവർ കലയുടെ സംഘർഷങ്ങളിലും ഉന്മാദങ്ങളിലും അരാജകരീതികളിലും ഉൾപ്പെട്ട് ദർബാറുകളിൽ ആടിയും പാടിയും ഓർമ്മിക്കപ്പെടാതെ പോയി. ആ പാരമ്പര്യത്തിൽ 'ഗൗഹർജാൻ' എന്ന സംഗീതജ്ഞ -നർത്തകി ഒരേസമയം കൊട്ടാരങ്ങളിൽ കലാജീവിതം നയിക്കുകയും സാങ്കേതികപുരോഗതികള ഉപയോഗപ്പെടുത്തുകയും ചെയ്തു. കൊൽക്കത്തയിലെ ഗ്രാമഫോൺ കമ്പനി റെക്കോർഡ് ചെയ്ത ആദ്യ ഇന്ത്യൻ സ്ത്രീശബ്ദം ഗൗഹർജാന്റേതായിരുന്നു. ഓരോ പാട്ടിനുശേഷവും ഡിസ്കിൽ ഉച്ചസ്ഥായിയിൽ മുഴങ്ങുന്ന ഗൗഹർജാന്റെ പ്രഖ്യാപനം 'My Name is Gauhar Jan' എന്നത് സംഗീതചരിത്രത്തിൽ വഴിത്തിരിവുണ്ടാക്കിയെന്നാണ് ജീവചരിത്രം പറയുന്നത്. വ്യക്തിഗതമായ ഒരു ശൈലിയുടെ മുദ്ര ആ അനൗൺസ്മെന്റിൽ ഉണ്ടായിരുന്നു. 1873-ൽ യുണൈറ്റഡ് പ്രവിശ്യയിലാണ് ഗൗഹർജാൻ ജനിക്കുന്നത്. അർമേനിയൻ ക്രൈസ്തവ കുടുംബത്തിൽ ഐസ് ഫാക്ടറി എഞ്ചിനീയറായ വില്യം റോബർട്ട് യോവാർഡിന്റെയും വിക്ടോറിയയുടെയും മകളായി ജനിച്ചു. ഗൗഹർജാൻ എന്ന പേരായിരുന്നില്ല. എയ്‌ലീൻ എയ്ഞ്ചലീന യോവാർഡ് എന്ന പേരോടുകൂടി ജനിച്ച ആ കുട്ടിയുടെ ഭൂരിഭാഗം ജീവിതവും കൊൽക്കത്തയിലായിരുന്നു. അധികം വൈകാതെ വില്യം റോബർട്ടും വിക്ടോറിയ ഹെമിംഗ്സും ബന്ധം വേർപെടുത്തി. കവിതയിലും നൃത്തത്തിലും സംഗീതത്തിലും വിദഗ്ധയായിരുന്ന വിക്ടോറിയ ജീവിതമാർഗ്ഗം തേടി മകളോടൊപ്പം 1881ൽ ബനാറസിൽ എത്തി. ഖുർഷിദ് എന്ന പേരായ ഒരു മുസ്ലീം ആസ്വാദകനെ വിക്ടോറിയ പരിചയപ്പെട്ടു. തന്റെ കലാഭിരുചികളെ അംഗീകരിക്കുന്ന വ്യക്തി എന്ന നിലയിൽ ആ ബന്ധം വളർന്നു. അങ്ങനെ വിക്ടോറിയ മാലിക്ജാൻ ആയി ഇസ്ലാമിലേക്ക്



പരിവർത്തനം ചെയ്തു. സ്വാഭാവികമായും എയ്ഞ്ചലീനയോവാർഡ് ഗൗഹർജാൻ ആയി മാറി. ഈ മതപരിവർത്തനം കലാചരിത്രത്തിൽ തന്നെ പല ഗതിമാറ്റങ്ങൾക്കും വഴിതെളിച്ചു. ബനാറസിലെ കൊട്ടാരനർത്തകിയായും സംഗീതജ്ഞയായും അമ്മ അറിയപ്പെട്ടുതുടങ്ങി. 1883ൽ വീണ്ടും കൊൽക്കത്തെയിൽ എത്തുകയും അവിടെ നവാബ് വാജിദ് അലി ഷായുടെ ദർബാറിൽ കലാകാരിയായി മാലിക് നിയമിക്കപ്പെടുകയും ചെയ്തു. ഗൗഹർജാന്റെ സംഗീതപഠനം ഇവിടെനിന്നാണ് ആരംഭിക്കുന്നത്. പാട്യാല ഘരാനയിലെ കാലെ ഖാനിൽ നിന്നുമാണ് ഹിന്ദുസ്ഥാനി ലളിത സംഗീതം അഭ്യസിച്ചുതുടങ്ങിയത്. പിന്നീട് രാംപൂരിലെ ഉസ്താദ് വസീർ ഖാൻ, പാട്യാല ഖരാനയുടെ വക്താവായ ഉസ്താദ് അലി ബക്ഷ്, ശ്രീജൻബായ്, ചരൺദാസ് കഥകിൽ ബ്രിന്ദാദിൻ മഹാരാജ് എന്നിവരുടെ ശിഷ്യയായിത്തീർന്നു. സ്വയം ഗസലുകൾ രചിക്കുകയും അവ കമ്പോസ് ചെയ്യുകയും ചെയ്തിരുന്നു എന്നതാണ് കലാകാരിയെന്ന നിലയിൽ ഗൗഹർജാന്റെ അനന്യത. 'ഹംദം' എന്ന തൂലികാനാമത്തിലാണ് ഗസലുകൾ എഴുതി സംവിധാനം ചെയ്തിരുന്നത്. സംഗീതത്തിന്റെ നാനാരൂപങ്ങളിലും ധാരകളിലും ഉണ്ടായിരുന്ന മേൽക്കൈ ആയിരിക്കണം ഗൗഹർജാന്റെ ശബ്ദത്തെ പ്രൗഢവും ഭാവസാന്ദ്രവുമാക്കിത്തീർത്തത്. രബീന്ദ്രസംഗീതത്തിലും ഗൗഹർജാൻ വൈദഗ്ധ്യം നേടിയിരുന്നു.

സംഗീതത്തിലും നൃത്തത്തിലും എന്നപോലെ ജീവിതത്തിലും നിരവധി 'സ്വത്വ'ങ്ങളിൽ വെളിപ്പെടുവാൻ ഗൗഹർജാനു സാധിച്ചു. ഐഡന്റിറ്റിയുടെ ഏകോന്മുഖമായ പഥങ്ങളെല്ലാം ഉപേക്ഷിച്ച് വഴിക്കണ്ണുകളുമായി സഞ്ചരിച്ച കലാകാരിയായിരുന്നു അവർ. ഹിന്ദുസ്ഥാനി ക്ലാസ്സിക്കൽ സംഗീതരൂപങ്ങളായ ഠുമ്രി, ദാദ്റ, കാജരി, ചെയ്ത്തി, ഭജൻ, തരാന എന്നിവയെല്ലാം ഗൗഹർജാന്റെ ശബ്ദത്തിലൂടെ ജനകീയമായിത്തീർന്നു. സംഗീതരൂപങ്ങളിലും നൃത്തത്തിലും ഗസൽരചനയിലും ഗൗഹർജാൻ നേടിയെടുത്ത വഴക്കത്തിനു പുറകിൽ അമ്മയായ മാലിക്ജാൻ എന്ന കലാകാരിയുടെ പ്രേരണകളുമുണ്ടായിരുന്നു. കവയിത്രി കൂടിയായിരുന്ന മാലികജാൻ ഉറുദുഭാഷയിൽ രചിച്ച ഗസലുകൾ 'Makhzan - E- ulfat - e - mallika' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പന്ത്രണ്ടാം വയസ്സിൽ ദർദംഗയിലെ മഹാരാജാവിനു മുമ്പിൽ ആരംഭിച്ച ഗൗഹർജാന്റെ കലാപരിപാടികൾ 1930കൾ വരെ സജീവമായിത്തുടർന്നു. ദർദംഗയിലെയും രാംപൂരിലെയും മൈസൂരിലെയും കൊട്ടാരങ്ങളിൽ കലാകാരിയായിത്തന്നെ തുടർന്നു. ഗൗഹർജാൻ പാടി അനശ്വരമാക്കിയ ഠുമ്രികളും ഭജനുകളുമുണ്ട്. 'Radhey Krishna Bol Muksha' എന്ന ഭജൻ പലരും പാടി ജനകീയമാക്കിത്തീർത്തു. 'mora namak laye gavanava, Jabse gaye mori sud huna live' എന്ന ഠുമ്രികൾ ഗൗഹർജാന്റെ മാസ്റ്റർപീസുകളാണ്. ക്ലാസ്സിക്കൽ സംഗീതപദ്ധതിയിൽ

തുടർന്ന ഭൂരിപക്ഷം ഗായകരും റെക്കോർഡിംഗ് സമ്പ്രദായത്തോട് വിമുഖത കാണിച്ചു. കച്ചേരികളെ ബാധിക്കുമെന്ന് കണ്ടു തെറ്റിദ്ധരിച്ച സംഗീതം റെക്കോർഡ് ചെയ്യാൻ മടിച്ചപ്പോൾ ഗൗഹർജാൻ അതിനു സന്നദ്ധയായി എന്നതാണ് ശ്രദ്ധേയമായിട്ടുള്ളത്. 1877-ൽ തോമസ് ആൽവാ എഡിസൻ ആവിഷ്കരിച്ച ഗ്രാമഫോണിന്റെയും സിലിണ്ടർ റെക്കോർഡ്സിന്റെയും തത്വങ്ങൾ സംഗീതചരിത്രത്തിലെ വഴിത്തിരിവായിരുന്നുവെന്ന് 'Melodies on record' എന്ന ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. 1899-ൽ എഫ്.ഡബ്ല്യൂ. ഗെയ്സ്ബർഗ് എന്ന റെക്കോർഡിംഗ് വിദഗ്ധന്റെ നിയന്ത്രണത്തിൽ ലണ്ടനിലെ ഗ്രാമഫോൺ കമ്പനി സ്റ്റുഡിയോയിൽ ആദ്യത്തെ ഇന്ത്യൻ ശബ്ദം റെക്കോർഡ് ചെയ്യപ്പെട്ടു. അപൂർവ്വം ചില സംഗീതജ്ഞർ അതിനു തയ്യാറായി എങ്കിലും വിചാരിച്ച ഫലം കണ്ടില്ല. നിരവധി ദേശീ സംഗീത മാതൃകകളുടെ തട്ടകമായ ഇന്ത്യയിൽ റെക്കോർഡിംഗ് സ്റ്റുഡിയോയുടെ സാധ്യതകൾ കണ്ടറിഞ്ഞ് 1901-ൽ കൊൽക്കത്തയിൽ ഗ്രാമഫോൺ കമ്പനിയുടെ ഓഫീസ് ആരംഭിച്ചു. എഫ്.ഡബ്ല്യൂ. യെഗയ്സ്ബർഗിന്റെ നേതൃത്വത്തിൽ ഒരു സംഘം റെക്കോർഡിംഗ് എഞ്ചിനീയർമാർ ഇന്ത്യയിലെത്തി ആറാഴ്ചകളോളം ഗായകരെ തേടി വിവിധ ദേശങ്ങളിൽ സഞ്ചരിച്ചു. പലരും വിസമ്മതിച്ചെങ്കിലും 600 ഗായകരെ റെക്കോർഡിങ്ങിന് വേണ്ടി കണ്ടെത്തുവാൻ അവർക്കു കഴിഞ്ഞു. ഗൗഹർജാൻ സ്വന്തം ശബ്ദത്തിന്റെ മാസ്മരികതകളിൽ അഭിരമിച്ചുകൊണ്ടിരുന്നു. അക്കാലത്ത് 3000 രൂപയോളം ഗ്രാമഫോൺ കമ്പനിയിൽ നിന്ന് പ്രതിഫലം വാങ്ങിയിരുന്ന ഗായികമായിരുന്നു അവർ. ആർഭാടം നിറഞ്ഞ വസ്ത്രങ്ങളും ആഭരണങ്ങളും അണിഞ്ഞ് അലംകൃതയായി സ്റ്റുഡിയോയിൽ എത്തിയിരുന്ന ഗൗഹർജാനെ ജീവചരിത്രത്തിൽ അവതരിപ്പിക്കുന്നുണ്ട്. സംഗീതത്തോടും നൃത്തത്തോടും കവിതയോടും ഒപ്പം കുതിരപ്പന്തയങ്ങളിലും അവർ വ്യാമുഗ്ധയായിരുന്നു. പന്തയക്കുതിരകളുടെ ഭ്രമിപ്പിക്കുന്ന ലോകം കാണുവാനായി മുംബൈയിൽ ഗൗഹർജാൻ താമസിച്ചിരുന്നു. സ്വന്തം സെക്രട്ടറിയുമായും ഗുജറാത്തിലെ ഒരു നാടക പ്രവർത്തകനുമായും ഗൗഹർജാൻ വിവാഹജീവിതം നയിച്ചുവെങ്കിലും



അവയെല്ലാം തകർന്നു. നിരവധി കോടതിവ്യവഹാരങ്ങളിൽ ഉൾപ്പെട്ടു. ബാഹ്യമായ മോടികളിൽ ആഴ്ന്ന് ജീവിയ്ക്കുമ്പോഴും ആന്തരികമായ ശൈഥില്യങ്ങളെ ഗൗഹർജാൻ നേരിട്ടിരുന്നു. മൈസൂരിലെ കൃഷ്ണരാജ വോഡയാർ നാലാമന്റെ നിർദ്ദേശമനുസരിച്ച് മൈസൂർ കൊട്ടാരത്തിലെ സംഗീതജ്ഞയായിരിക്കുമ്പോഴാണ് അൻപത്തിയേഴാം വയസ്സിൽ ഗൗഹർജാൻ മരിക്കുന്നത്. അപ്പോഴേയ്ക്കും ബംഗാളി, ഹിന്ദുസ്ഥാനി, ഗുജറാത്തി, തമിഴ്, മറാഠി, അറബിക്, പേർഷ്യൻ, ഫ്രഞ്ച്, ഇംഗ്ലീഷ് തുടങ്ങി പത്തിലേറെ ഭാഷകളിലായി അറുന്നൂറിൽ പരം പാട്ടുകൾ ഗൗഹർജാൻേതായി റെക്കോർഡ് ചെയ്യപ്പെട്ടിരുന്നു.

ഗൗഹർജാൻ എന്നത് വെറും ഒരു ഗായികയുടെയോ നർത്തകിയുടേയോ പേരല്ല, തവായിഫുകളിൽ ഉള്ളടങ്ങിയിരുന്ന സാധ്യതയുടെ പേരാണ്. കലയുടെ ലോകം കയ്യടക്കിവാണിരുന്ന ഇടനിലക്കാരിൽ നിന്ന് സ്വന്തം ശബ്ദത്തെ മോചിപ്പിച്ച ഗായിക. റെക്കോർഡിംഗ് സമ്പ്രദായത്തെ ഒരു തരത്തിലുള്ള വിമോചന പ്രവർത്തനമായിട്ടുകൂടിയാണ് ഗൗഹർജാൻ ഉപയോഗപ്പെടുത്തിയത്. സംഗീതത്തിന്റെ ജനാധിപത്യം സാധ്യമാകുന്നതിൽ ടെക്നോളജി വലിയൊരളവിൽ കാരണമായിട്ടുണ്ട്. 'Splendours of Royal Mysore: The untold story of the woddeyars' എന്ന പുസ്തകത്തിന്റെ രചനയുമായി ബന്ധപ്പെട്ട അന്വേഷണങ്ങളിൽ നിന്നാണ് വിക്രം സമ്പത്ത് ഗൗഹർജാന്റെ ജീവചരിത്രരചനയിലേയ്ക്ക് എത്തിച്ചേരുന്നത്. വെറും ഒരു പുരാവസ്തു ലിഖിതം പോലെ കാണപ്പെട്ട ഗൗഹർജാൻ എന്ന പേര് രണ്ടുവർഷത്തോളം ഒഴിയാബാധപോലെ തന്നെ ആവേശിച്ചതായി വിക്രം രേഖപ്പെടുത്തുന്നുണ്ട്. 'My name is Gouhar Jaan! The Life and Time of A Musician' എന്ന ജീവചരിത്രം ഒരു കലാകാരിയുടെ ചരിത്രപരമായ വീണ്ടെടുപ്പാണ് നിർവ്വഹിക്കുന്നത്. ആത്മബോധമുള്ള കലാകാരിയുടെ ശബ്ദം. രൂപം അതിൽ മുഴങ്ങുകയും തെളിയുകയും ചെയ്യുന്നു.

# വാർത്താചിത്രം ആരൊന്നാവർത്തിച്ചത്

ആദ്യത്തെ
പീഡനമരണം
ഇടിവെട്ടേറ്റ
സംഘർഷചരിത്രമായി.
അത് ഭൂമിയുടെ മുഖം പിളർന്ന്
ആകാശത്തെ പിടിച്ചുകുലുക്കി!

രണ്ടാമത്തേത്
വിവാദത്തിരിക്കൊളുത്തി
അധികാരത്തെയുലച്ച്
അന്വേഷണങ്ങളിൽ തലയിട്ടുലച്ചു.

മൂന്നാമത്തേത്
സംവാദത്തൊഴുത്തിലെത്തി
ആഭാസച്ചൂതാട്ടങ്ങളിൽ
നിലമറന്നും പഴിപറഞ്ഞും
ശൂന്യതയിലമർന്നു.

നാലാമത്തേത്
സമ്പൂർണവാർത്താവിഭവമായി
പടക്കപ്പുരത്തിലാറാടി
തീൻ മുറിയിലെ
എരിവും പുളിയുമായി
ഏവർക്കും വിളമ്പി.

അഞ്ചാമത്തേത്
വാർത്തവറ്റിപ്പോയ
വെറും കാഴ്ചപ്പണ്ടമായി.
അന്ധരളന്ന ആനയുടെ കൂടെ
കാട്ടുകയറിപ്പോയി.

ആറാമത്തേത്
നിസ്സംഗവാഴ് വിന്റെ
അധമവേട്ടകളിൽ,
വികൃതസത്യങ്ങളുടെ
കോടതിവളപ്പിൽ
വിഴുപ്പുകെട്ടിനകത്ത്
പുഴുത്തു കിടന്നു.

ഏഴാമത്തേത്
ബധിരസാഗരത്തിന്റെ
തിരക്കേറിയതീരത്ത്
സായാഹ്നകതിരപ്പുറത്ത്
തെക്കുവടക്കു നടന്ന്
എവിടെയോ മറഞ്ഞു.

എട്ടാമത്തേത്
അതിജീവനങ്ങളുടെ
ആനയ്ക്കെടുപ്പത്
പുസ്തകങ്ങളുമായി



പരിഹാസച്ചന്തയിൽ
ചത്തവരെപ്പോലും
കൈകൊട്ടി വിളിച്ചു.

ഒമ്പതാമത്തേത്
കണ്ണടച്ചിരുട്ടാക്കിയവർക്ക്
സുഖനിദ്ര നൽകിയ
ഉറക്കഗുളികയുടെ
നിശാവീര്യം മാത്രമായി.

പത്താമത്തേത്...
പതിനൊന്നാമത്തേത്...
പന്ത്രണ്ടാമത്തേത്...
നൂറാമത്തേത്...
വർത്തുളസന്ധിയിലെ
പാവക്കൂത്തായി
കൂട്ടിക്കൊടുപ്പിന്റെ
പറങ്കിപ്പണമായി....

********

ലജ്ജകെട്ട നഗരങ്ങൾക്ക്
മജ്ജയും മാംസവും
എറിഞ്ഞു കൊടുത്ത
ഇരകളുടെ തുടർക്കഥയായി
യജമാനത്തൊപ്പിക്കു കീഴിൽ
സ്വയം വിചാരണയുടെ
തലക്കെട്ടില്ലാതെ,
വാർത്തപോലുമില്ലാതെ,
വാതിലടച്ചു കുറ്റിയിട്ട
കാലത്തിന്റെ
കൺമുന്നിലൂടെ...!

ആര്യാഗോപി
ഗുരുവായൂരപ്പൻ കോളേജ്,
കോഴിക്കോട്



60 ആറ് പതിറ്റാണ്ട് മുൻപ്

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

കേരളം നിലവിൽ വന്നതോടെ തിരു - കൊച്ചി പബ്ലിക് സർവീസ് കമ്മീഷൻ, കേരള പബ്ലിക് സർവീസ് കമ്മീഷനായി രൂപാന്തരപ്പെട്ടു. വിവിധ തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് ഒരു പബ്ലിക് സർവീസ് കമ്മീഷൻ നിലവിലുണ്ടായിരുന്നു. 1935ൽ നിയമിതനായ ഡോ. ഡി.ഡി. നോക്സായിരുന്നു ആദ്യ കമ്മീഷണർ. തിരു - കൊച്ചി സംയോജനം വരെ അദ്ദേഹം പ്രവർത്തിച്ചു. നവംബർ 1, 1956 നിലവിൽ വന്നു.




# പൊന്നരിവാൾ അമ്പിളിയിൽ കണ്ണെറിയുന്നോളെ...........

പൊന്നരിവാൾ അമ്പിളിയിൽ കണ്ണെറിയുന്നോളെ........... എന്ന ഗാനം ഒ എൻ വി ദേവരാജൻ മാഷിന്റെ കൂട്ടു കെട്ടിൽ പിറന്നതാണ്. കെ.പി.എ.സിക്ക് വേണ്ടി രചിച്ച ഈ ഗാനം ഒ.എൻ.വിക്ക് എക്കാലത്തും പ്രിയപ്പെട്ടതായിരുന്നു. വൈക്കം ചന്ദ്രശേഖരൻ നായർ ആവശ്യപ്പെട്ടതനുസരിച്ചാണ് ഒ.എൻ.വി ഈ ഗാനം എഴുതുന്നത്. പിന്നീട് അത് കേരളത്തിൽ ജന ഹൃദയങ്ങൾ ഏറ്റെടുക്കുകയായിരുന്നു. ഇടത് പുരോഗമന പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഈ ഗാനം വലിയ സംഭാവന നൽകുകയുണ്ടായി.





# വിദ്യാഭ്യാസവും രാഷ്ട്രീയവും

വി.പി.മാർക്കോസ്
യു.സി. കോളജ്, ആലുവ





കേരളത്തിന്റെ 'മെട്രോമാൻ' എന്നറിയപ്പെടുന്ന ശ്രീ ഇ. ശ്രീധരൻ കൊച്ചി മെട്രോയുടെ ആദ്യഘട്ടം പൂർത്തിയായ ഘട്ടത്തിൽ ഒരു പ്രസ്താവന നടത്തുകയുണ്ടായി. തന്റെ അടുത്ത ദൗത്യം കേരളത്തിൽ രാഷ്ട്രീയവിമുക്തമായ കാമ്പസ് സൃഷ്ടിക്കലാണ് എന്ന്. രണ്ടുമാസം മുമ്പ് (2017 ഒക്ടോബർ 13-ാം തീയതി) കേരളഹൈക്കോടതി പുറപ്പെടുവിച്ച ഒരു ഇടക്കാല ഉത്തരവിൽ കോളേജ് കാമ്പസിൽ നിന്നും രാഷ്ട്രീയം ഒഴിവാക്കണം എന്ന് നിരീക്ഷിച്ചിരിക്കുന്നു. പൊന്നാനി എം.ഇ. എസ്. കോളേജിന്റെ കേസിലാണ് കോടതി ഇങ്ങനെ ഉത്തരവായിരിക്കുന്നത്.

വിദ്യാഭ്യാസം എന്നുതന്നെ രാഷ്ട്രീയമാണ് എന്നിരിക്കേ വിദ്യാഭ്യാസത്തിൽ നിന്നും രാഷ്ട്രീയത്തെ വേർപെടുത്തണം എന്ന് പറയുന്നതിന്റെ അർത്ഥമെന്താണ്? ജനാധിപത്യം, നിയമസംവിധാനം, കോടതി, നീതിനിർവ്വഹണം, ക്രമസമാധാനം, മുതൽ, പൊതുമുതൽ, സ്വകാര്യമുതൽ.... എന്നിങ്ങനെയുള്ള സങ്കല്പങ്ങളും സംവിധാനങ്ങളും സ്ഥാപനങ്ങളും എല്ലാം പൊളിറ്റിക്കൽ ആണ് എന്നിരിക്കേ ഇവയുടെയെല്ലാം ഗുണഭോക്താവും പങ്കാളിയും ആയിരിക്കുന്ന ആളുകൾക്ക് പൊളിറ്റിക്സിനെ തള്ളിപ്പറയാൻ കഴിയുന്നു എന്നത് ഒരുതരത്തിൽ വിചിത്രമായിരിക്കുന്നു! ബൂർഷ്വാ ജനാധിപത്യത്തിന്റെ വലിയ പരിമിതികളിൽ ഒന്നാണിത്. സമത്വത്തിന്റെയും നീതിയുടെയും അടിസ്ഥാനസംവിധാനം എന്ന നിലയിൽ ജനാധിപത്യത്തെ സമീപിക്കുന്നവർക്കുമാത്രമാണ് ഇത്തരം പ്രസ്താവനകളിലും നിരീക്ഷണങ്ങളിലും അലോസരമനുഭവപ്പെടുന്നത്. ചൂഷണത്തിനുള്ള നവീനമുഖം എന്ന



നിലയിൽ ജനാധിപത്യത്തെ കാണുന്നവർക്ക് ഇതാണ് ശരി. മിടുക്കും കഴിവും ഗുണവും നിരാപേക്ഷികമാണ് എന്ന് ഉറപ്പിക്കുവാനും പ്രചരിപ്പിക്കുവാനുമാണ് ഇക്കൂട്ടർ ജനാധിപത്യത്തെ അംഗീകരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നത്. എന്നാൽ നിരാപേക്ഷികമായി ഒന്നുമില്ല എന്നതിനാൽ മിടുക്ക്, കഴിവ്, ഗുണം എന്നിവയും ആപേക്ഷികമാണ് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. അതുകൊണ്ടുതന്നെ അവസരസമത്വം, തുല്യനീതി, ഭരണപങ്കാളിത്തം, അഭിപ്രായ/ആവിഷ്ക്കാരസ്വാതന്ത്ര്യം എന്നിവയാണ് വാസ്തവത്തിൽ ജനാധിപത്യത്തിന്റെ കാതലായി നാം ഉറപ്പിച്ചെടുക്കേണ്ടത്. അതാകട്ടെ തികച്ചും പൊളിറ്റിക്കൽ ആണുതാനും.

ജ്ഞാനമേഖലകളിൽ നിലനിൽക്കുന്ന അധികാരത്തെ/മേൽക്കോയ്മയെ ചോദ്യം ചെയ്യാനും പൊളിച്ചെഴുതാനും കൂടി ലക്ഷ്യമിടുന്നതാണ് വിദ്യാഭ്യാസം, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസപ്രക്രിയ. എന്നാൽ കൊളോണിയൽ മാതൃകയിൽ വാർത്തെടുത്തിട്ടുള്ള നമ്മുടെ വിദ്യാഭ്യാസപദ്ധതി അത്തരമൊരു ലക്ഷ്യത്തിലേക്ക് എത്തുക എന്നത് വിദൂരമായ ഒരു സ്വപ്നം മാത്രമാണ്. സമരസപ്പെടാനും വിധേയപ്പെടാനും കീഴടങ്ങാനുമുള്ള പരിശീലനമായിട്ടാണ് നമ്മുടെ വിദ്യാഭ്യാസപദ്ധതി ഇന്ന് നിലനിൽക്കുന്നത്. ഉള്ളടക്കത്തിലും രീതിശാസ്ത്രത്തിലും അതങ്ങനെതന്നെയാണ്.

അറിവ് കേവലമായ (മറ്റൊന്നുമായി ബന്ധമില്ലാത്തത്) ഒന്നാണ് എന്ന രീതി യിൽ അറിവിനെ ഉല്പാദിപ്പിക്കുകയും പകരുകയും ചെയ്തുകൊണ്ട് അറിവുനേടൽ എന്ന പ്രക്രിയ വൈയക്തികമായ ഒന്നാണ് എന്ന് സ്ഥാപിക്കാൻ ബൂർഷ്വാ ജനാധിപത്യത്തിന് കഴിഞ്ഞിട്ടുണ്ട്.



സ്വന്തം മിടുക്കുകൊണ്ട് പഠിച്ച് മുൻനിരയിൽ ജയിച്ച് ജോലി സമ്പാദിക്കുന്നു എന്ന തോന്നലാണ് ഇവിടെ സൃഷ്ടിക്കപ്പെടുന്നതും പരിലാളിക്കപ്പെടുന്നതും. അതുകൊണ്ടു തന്നെ സഹായിച്ച വ്യക്തികളോടും സ്ഥാപനങ്ങളോടും സംവിധാനങ്ങളോടും വ്യക്തിപരമായ കൃതജ്ഞതയും കടപ്പാടും വിധേയത്വവും പുലർത്തുക എന്നത് തന്റെ കടമയാണ് എന്ന് വിദ്യാർത്ഥി കരുതും; കരുതണം. എന്നാൽ അറിവിനെ സാമൂഹികമായ ഉല്പന്നമായി കണ്ടു കൊണ്ട് അതിനെ സമീപിച്ചാൽ വൈയക്തികമായ അനുഭവങ്ങൾക്കുപകരം സാമൂഹികമായ അനുഭവങ്ങൾക്ക് അവിടെ പ്രാധാന്യം ലഭിക്കും. വ്യക്തികളോടോ സ്ഥാപനങ്ങളോടോ അല്ല സമൂഹത്തോടാണ് തന്റെ കടപ്പാട് എന്ന് വിദ്യാർത്ഥി തിരിച്ചറിയുകയും തന്റെ അറിവിനെ സാമൂഹത്തിനുവേണ്ടി/ലോകത്തിനുവേണ്ടി പുനരുല്പാദിപ്പിക്കുകയും ചെയ്യും.

അറിവിനെ ലാഭത്തിനും അധികാരത്തിനുമുള്ള ഉപാധിമാത്രമായി കാണുന്ന സാമ്രാജ്യത്വം അറിവിന്റെ സാമൂഹികവൽക്കരണത്തെ എതിർക്കുകയും വൈയക്തികതയെ പ്രചരിപ്പിക്കുകയും ചെയ്യും. കാരണം സാമ്രാജ്യത്വത്തിന് ആവശ്യം പണിയാളുകളെയാണ്; ചോദ്യചെയ്യാതെ പണിയെടുക്കുന്ന പണിയാളുകളെ.

അറിവ് വിമോചനമാണെന്ന തിരിച്ചറിവാണ് ലോകത്തെ മുന്നോട്ടു നയിക്കുന്ന ഒരു പ്രധാനഘടകം. അറിവ് ഒരേസമയം ശക്തിയും ആയുധവുമാണ്. അറിവിന്റെ ജനകീയവൽക്കരണം മർദ്ദിതരും ചൂഷിതരുമായ അടിമവർഗ്ഗത്തിന്റെ വിമോചനത്തിനും മുന്നേറ്റത്തിനും കാരണമായിത്തീരുന്നതിന്റെ ചിത്രങ്ങൾ ലോകചരിത്രം നമുക്ക് കാണിച്ചുതരും. നിരന്തരമായി ചോദ്യം ചെയ്തും പുതുക്കി പണിതുമാണ് ലോകം മുന്നോട്ട് പോകുന്നത്. അതിന് പുതിയതലമുറയെ പ്രാപ്തമാക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ പ്രധാനലക്ഷ്യമാണ്.

ഇത്തരമൊരു പശ്ചാത്തലത്തിൽ നിന്നുകൊണ്ട് വേണം ഇപ്പോഴത്തെ കോടതി നിരീക്ഷണത്തെയും നമ്മൾ കാണേണ്ടത്. "വ്യക്തി നന്നായാൽ കുടുംബം നന്നാകും, കുടുംബം നന്നായൽ സമൂഹം നന്നാകും, സമൂഹം നന്നായാൽ രാജ്യം നന്നാകും..." എന്നിങ്ങനെയുള്ള മന്ത്രങ്ങൾ നാം നിരന്തരമായി കേൾക്കുന്നതാണ്. 'നീ നിന്റെ പണി നോക്ക്...' എന്നതും ഇതിനൊടൊപ്പം ചേർത്ത് വെച്ച് കേൾക്കേണ്ട താണ്. മനുഷ്യരെ വ്യക്തികളാക്കി മാറ്റിക്കൊണ്ട് പരാശ്രയികളും നിസ്സഹായരുമാക്കി നിലനിർത്തുക എന്നത് അധികാരത്തിന്റെ എല്ലാക്കാലത്തേയും തന്ത്രമാണ്. അധികാരത്തിന്റെ വിവിധ സ്ഥാപനങ്ങൾ ഇതേ മന്ത്രം നിരന്തരം ആവർത്തിച്ചു കൊണ്ടിരിക്കും. 'ജനിക്കുന്നതും ഒറ്റക്ക്, മരിക്കുന്നതും ഒറ്റക്ക്,' 'തനിക്കുതാനും പുരസ്സു ഉണം,' 'താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ/ താൻതാനനുഭവിച്ചീടുകെന്നേവരൂ-' എന്ന് എല്ലാക്കാലവും മനുഷ്യരെ ഒറ്റക്കാക്കിനിർത്താൻ വേണ്ടുന്ന പ്രത്യയശാസ്ത്രങ്ങളും സിദ്ധാന്തങ്ങളും കഥകളും എല്ലാം നിർമ്മിച്ച് പ്രചരിപ്പിച്ചുകൊണ്ടാണ് അധികാരം ഇക്കാലമത്രയും നിലനിന്നിട്ടുള്ളത്. എന്നാൽ മനുഷ്യർ സംഘടിതമായതല്ലാതെ, പരസ്പരം സഹായിച്ചും സഹകരിച്ചുമല്ലാതെ ഇതേവരെ ഒന്നും നേടിയിട്ടില്ല എന്ന സത്യത്തെ നാം മറന്നു പോകരുത്. ഇതേവരെ ഒറ്റക്ക് ഒരാളും ഒന്നും നേടിയിട്ടില്ല

എന്ന് കുറച്ചു കൂടി ലളിതമായി പറയാം. സംഘടനയുടെ ശക്തിയും സൃഷ്ടിപരതയും തിരിച്ചറിയുന്ന അധികാരം നിരന്തരം അതിനെ എതിർത്തുകൊണ്ടിരിക്കും. അധികാരത്തിന്റെ എതിർപ്പ് പലപ്പോഴും പ്രത്യക്ഷമായല്ല പ്രവർത്തിക്കുന്നത്. നേരത്തെ പറഞ്ഞതുപോലുള്ള കഥകളും ചൊല്ലുകളും നിർമ്മിച്ച് ഉദാഹരണങ്ങൾ കണ്ടെത്തി പ്രത്യയശാസ്ത്രങ്ങളും സിദ്ധാന്തങ്ങളും ഉണ്ടാക്കിക്കൊണ്ട് പരോക്ഷമായാണ് അത് പ്രവർത്തിക്കുന്നത്. ഒറ്റനോട്ടത്തിൽ ശരിയാണെന്ന് തെറ്റിദ്ധരിപ്പിക്കാൻ അതിനുള്ള കഴിവും അപാരമാണ്.

അധികാരബന്ധങ്ങളുടെ നിരന്തരമായ അഴിച്ചുപണിയിലൂടെ മാത്രമേ ലോകത്തെ പുതുതാക്കി നിലനിർത്താൻ കഴിയുകയുള്ളൂ. അധികാരവുമായി ബന്ധപ്പെട്ട എല്ലാം രാഷ്ട്രീയമാണ് എന്നിരിക്കേ വിദ്യാഭ്യാസം ഏറെ ആഴത്തിലുള്ള രാഷ്ട്രീയം തന്നെയാണ്. അത്രമാത്രം പൊളിറ്റിക്കൽ ആയ ഒരു പ്രകിയയെ രാഷ്ട്രീയമുക്തം എന്നരീതിയിൽ വിലയിരുത്തുന്നതും രാഷ്ട്രീയമല്ലാതെ മറ്റൊന്നു മല്ല. അത് പക്ഷേ മർദ്ദനോപാധികൾ കൈവശമുള്ള അധികാരത്തെ സഹായിക്കുന്ന രാഷ്ട്രീയമാണ് എന്നുമാത്രം. സ്വന്തം കാര്യം മാത്രം നോക്കി, മറ്റുള്ളവരുടെ കാര്യ ത്തിൽ ഒട്ടുപോലും ശ്രദ്ധചെലുത്താതെ ഒറ്റപ്പെട്ട മനസ്സുകളും ശരീരങ്ങളുമായി ആളുകളെ വാർത്തെടുത്താൽ മാത്രമേ എളുപ്പത്തിൽ അവരെ അടിമകളാക്കാൻ കഴിയൂ എന്ന കമ്പോള/അധികാരശക്തികൾക്ക് അറിയാം. സ്വന്തം അവസരം തട്ടിയെടുക്കാൻ വന്ന ശത്രു എന്ന നിലയിലാണ് അന്യരെ കാണേണ്ടത് എന്ന് കമ്പോളത്തിന്റെ/അധികാരത്തിന്റെ രാഷ്ട്രീയം നമ്മെ പഠിപ്പിക്കും. മത്സരത്തിലൂടെ മാത്രമേ ജീവിത ത്തിൽ മുന്നേറാൻ കഴിയൂ എന്നതാണ് കമ്പോളത്തിന്റെ ആപ്തവാക്യം. പക്ഷേ മത്സരം എപ്പോഴും സ്വന്തം ഭാഗത്തിന്റെ മാത്രം നേട്ടത്തിൽ കണ്ണുനട്ടുള്ളതാണ് എന്ന കാര്യം നാം വിസ്മരിച്ചുകൂടാ.



ലാഭവും അധികാരവും നിലനിർത്തുന്നതിനും വർധിപ്പിക്കുന്നതിനുംവേണ്ടി നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്ന സാമ്രാജ്യത്വം/കോർപ്പറേറ്റുകൾ എല്ലാത്തരം സംവിധാനങ്ങളെയും സ്ഥാപനങ്ങളെയും അതിനായി ഉപയോഗിച്ചുകൊണ്ടിരിക്കും. നിയമസംവിധാനം മുതൽ ഭരണകൂടം വരെ അതിനുള്ള ഉപകരണങ്ങൾ മാത്രം. കുടുംബം മുതൽ ഭരണകൂടം വരെയുള്ള സംവിധാനങ്ങളിലും, സ്ഥാപനങ്ങളിലും വ്യക്തിവാദത്തിന്റെയും ആശയവാദത്തിന്റെയും പ്രത്യയശാസ്ത്രങ്ങൾ ദൃഢമൂലമാകുന്നത് അതുകൊണ്ടാണ്. ഓരോ വ്യക്തിയേയും കമ്പോളത്തിന് പറ്റുന്ന വിധം പരുവപ്പെടുത്തിയെടുക്കുന്നതരം പ്രത്യയശാസ്ത്രങ്ങളാണ് ഇവയെല്ലാം. സാമൂഹിക സ്ഥാപനങ്ങളും സംവിധാനങ്ങളും കമ്പോളത്തിനുവേണ്ടി പണിയെടുക്കുന്ന താപ്പാനകളായി മാറുകയാണിവിടെ സംഭവിക്കുന്നത്.

ചൂഷിതരും മർദ്ദിതരുമായ ജനതയുടെ വിമോചനം വ്യക്തികളുടെ പുരോഗതി യിലൂടെ ഒരിക്കലും സാധ്യമാവുകയില്ല. ചൂഷകരും ചൂഷിതരും തമ്മിലുള്ള വൈരുദ്ധ്യത്തെ മറികടക്കാൻ ഇത്തരം കുറുക്കുവഴികൾ പര്യാപ്തവുമല്ല. സംഘടനയിലൂടെ, സംഘടിതപോരാട്ടത്തിലൂടെ മാത്രം സാധ്യമാകുന്ന ഒന്നാണ് വിമോചനം എന്നത്. അതുകൊണ്ടുതന്നെ ചൂഷിതർക്കും ചൂഷകർക്കും മധ്യവർത്തി കളായ 'പിമ്പുകളെ' തിരിച്ചറിഞ്ഞ് ചെറുക്കുക എന്നതാണ്,' ഒരു പക്ഷേ നാം ചെയ്യേണ്ട ആദ്യത്തെ കാര്യം.

പൊന്നാനി എം.ഇ. എസിന്റെ കേസുമായി ബന്ധപ്പെട്ട് കോടതിയുടെ നിരീക്ഷണങ്ങൾ ശ്രദ്ധിക്കുമ്പോൾ അതുമുന്നോട്ടുവെയ്ക്കുന്ന ആശയം എത്രമാത്രം പ്രതിലോമകരമാണ് എന്നു കാണാം. പഠിക്കാനാണോ രാഷ്ട്രീയം കളിക്കാനാണോ കാമ്പസിൽ പോകുന്നത്? രാഷ്ട്രീയം കളിക്കണമെങ്കിൽ അത് കാമ്പസിന് പുറത്തുപോയി ചെയ്യണം തുടങ്ങിയ നിരീക്ഷണങ്ങൾ എന്തുതരം അവബോധത്തെ യാണ് പ്രതിനിധാനം ചെയ്യുന്നത്! രാഷ്ട്രീയം കളിക്കുക (Indulge) എന്നാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന വാക്ക്. Indulge എന്നതിന് രസിക്കുക, ലാളിക്കുക, ആസക്തമാകുക എന്നൊക്കെയാണല്ലോ അർത്ഥം. രാഷ്ട്രീയം ചിലരുടെ ആസ്വാദനത്തിനു വേണ്ടിയുള്ള കളിയാണ് എന്നല്ലേ ഇതിൽനിന്നു വ്യക്തമാകുന്നത്! പൊളിറ്റിക്കൽ സയൻസ് എന്നൊരു പഠനശാഖ ഉണ്ടെന്നുള്ളകാര്യം അറിയുകപോലും ചെയ്യാതെയാകുമോ ഇത്തരം പ്രസ്താവനകൾ നടത്തുന്നത്! ഇനി, കാമ്പസിനു പുറത്താണ് രാഷ്ട്രീയം 'കളിക്കേണ്ട'തെങ്കിൽ രാഷ്ട്രീയക്കാർക്ക് വിദ്യാഭ്യാസം വേണ്ട എന്നു കൂടിയല്ലേ അർത്ഥം? പ്രശ്നങ്ങളുണ്ടെങ്കിൽ നിയമപരമായി നേരിടണം എന്നാണ് മറ്റൊരു പ്രസ്താവന. നമ്മുടെ നാട്ടിൽ ഏതു കോടതിയിലാണ് പരാതികൾക്ക് ഉടനടി പരിഹാരം കിട്ടുന്നത്! ഇത്തരം കാര്യങ്ങൾ പലരും പലതവണ പറഞ്ഞിട്ടുള്ളതുകൊണ്ട് കൂടുതൽ വിസ്തരിക്കേണ്ടതില്ല.

വാസ്തവത്തിൽ ഈ ഇ.ശ്രീധരന്റെയും കോടതിയുടെയും പ്രസ്താവന കളൊന്നും യാദൃച്ഛികമോ ഒറ്റപ്പെട്ടതോ അല്ല. എതിർപ്പിന്റെ വിദൂരമായ സാധ്യത യെപ്പോലും ഇല്ലാതാക്കാനുള്ള സാമ്രാജ്യത്വത്തിന്റെ ഗൂഢമായ പരിശ്രമത്തിന്റെ എളിയ പ്രത്യക്ഷവൽക്കരണങ്ങൾ മാത്രമാണവ. പുതുലോകം സൃഷ്ടിക്കുന്ന പുതുതലമുറക്ക് നിലനിൽക്കുന്ന സംവിധാനങ്ങളെയും അധികാരത്തെയും ചോദ്യം ചെയ്യേണ്ടിവരും. അതിൽ പരിഭ്രാന്തരായിട്ട് ഒരു കാര്യവുമില്ല! കാരണം അത് രാഷ്ട്രീയമാണ്. അധികാരം ഇല്ലാതാകുന്നതുവരെ അത് തുടർന്നുകൊണ്ടിരിക്കുക തന്നെ ചെയ്യും.

# എഴുത്തച്ഛനും മലയാളഭാഷയുടെ മാനകീകരണവും ഒരു വിമർശനാത്മക സമീപനം



നിത്യ പി. വിശ്വം



മലയാളഭാഷയുടെ സ്രഷ്ടാവ് എന്ന നിലയിലല്ല, മാനകീകൃതമായൊരു ഭാഷാരൂപത്തിന്റെ സ്രഷ്ടാവ് എന്ന നിലയിലാണ് തുഞ്ചത്തെഴുത്തച്ഛന് മലയാളഭാഷയുടെ പിതൃസ്ഥാനം നൽകി ആദരിച്ചുപോരുന്നത്. പതിനാറാം നൂറ്റാണ്ടുവരെ മലയാളദേശത്ത് നിലനിന്നുപോന്ന സാമൂഹികവും സാംസ്കാരികവും സാഹിത്യപരവും ഭാഷാപരവുമായ അവ്യവസ്ഥകളെ ചൂണ്ടിക്കാണിച്ചതിനുശേഷം തൽസ്ഥാനത്ത് വ്യവസ്ഥാപിതമായൊരു ഭാഷാശൈലിയുടെ സ്രഷ്ടാവായി എഴുത്തച്ഛനെ അവരോധിക്കുകയാണ് ഇക്കാലമത്രയും നമ്മുടെ സാഹിത്യഗവേഷകർ ചെയ്തുപോന്നത്. അക്ഷരമാല, പദനിബന്ധന രീതി, നൂതനശൈലി, വൃത്തസ്വീകാരം, അലങ്കാരസന്നിവേശനം, വർണ്ണനാസമ്പ്രദായം, രസസന്നിവേശം എന്നിവയിൽ എഴുത്തച്ഛൻ സ്വീകരിച്ച പുതുരീതികൾ മുതൽ കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതിത്വം വരെ ഇതിനെ പിൻപറ്റി പലപാട് ചർച്ചചെയ്യപ്പെട്ടു. ഇതിവൃത്തസ്വീകരണത്തിലും വിവർത്തനത്തിലും ധാർമ്മികമായ ഉദ്ബോധനത്തിലും അദ്ദേഹം പുലർത്തിയ നിഷ്കർഷ വാനോളം വാഴ്ത്തപ്പെട്ടു. ധർമ്മസംസ്ഥാപനത്തിനായി അവതാരമെടുത്ത 'പുതുമലയാൺമതൻ മഹേശ്വരനായി' കഴിഞ്ഞ നാലിലേറെ നൂറ്റാണ്ടായി മലയാളം അദ്ദേഹത്തെ ആദരിച്ചുപോരുന്നു. ഭാഷയുടെ ശക്തിസൗന്ദര്യങ്ങളും അർക്കസംവാഹനക്ഷമതയും ആദ്യമായി മലയാളി തിരിച്ചറിഞ്ഞത് എഴുത്തച്ഛന്റെ കൃതികളിലൂടെയായിരുന്നു. അതിനാലാണ് കേരള വ്യാസനാൽ പ്രകീർത്തിതമായ "നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ ക്രമക്കണക്കേ ശരണം" എന്ന അതിജീവനമന്ത്രം

നൂറ്റാണ്ടുകളായി ഭാഷാസ്നേഹികൾ ഉരുവിട്ടു പോരുന്നത്. എഴുത്തച്ഛന്റെ ഭാഷയുടെ എല്ലാ നന്മകളെയും നമിച്ചുകൊണ്ടുതന്നെ, അദ്ദേഹം അമാനുഷനായ ഒരു സംസ്ഥാപകനല്ല, കരുത്തുറ്റ ഒരു സംവാഹകൻ മാത്രമായിരുന്നു എന്നു സ്ഥാപിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. എഴുത്തച്ഛനു മുമ്പും ശേഷവുമുള്ള മലയാളഭാഷയുടെ പ്രത്യേകതകൾ അതിനായി വിലയിരുത്തേണ്ടതുണ്ട്.

ഭാഷ ഒരു ജൈവരൂപമാണ്. അതിനാൽത്തന്നെ അതിന് സ്വാഭാവികവും നിരന്തരവുമായ ഒരു ഉദ്ഭവവും വളർച്ചയുമുണ്ട്. അന്യഭാഷകളിൽനിന്നും പദങ്ങളെയും ആശയങ്ങളെയും ആവിഷ്ക്കാരരീതികളെയും കൊണ്ടും കൊടുത്തുമാണ് ഏതൊരു ജീവൽഭാഷയും ബാലാരിഷ്ടതകൾ വെടിഞ്ഞ് പ്രൗഢാവസ്ഥയിലേക്കെത്തുന്നത്. ആവശ്യകതയാണ് ഭാഷയുടെ വളർച്ചയ്ക്ക് ഏറ്റവും അനുയോജ്യമായ രാസത്വരകം. ആവർത്തിച്ചുള്ള ഉപയോഗമാണ് ഭാഷയെ ജീവസ്സുറ്റതാക്കി നിലനിർത്തുന്നത്.

നാടോടിയായ വാമൊഴിവ്യവഹാരങ്ങളിലാണ് ഏതൊരു ഭാഷയുടേതുമെന്നതുപോലെ മലയാളത്തിന്റെയും ആദ്യപൊടിപ്പുകളുണ്ടായത്. രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അവയുടെ രൂപമാതൃകകൾ ലഭ്യമല്ല. രേഖീയമായ ആദ്യമലയാളസാഹിത്യഭാഷാരൂപം ഏകദേശം പതിനൊന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ടത് എന്നു കണക്കാക്കപ്പെടുന്ന രാമചരിതമാണ്. ഊഴിയിൽ ചെറിയവർക്കായി ചീരാമകവി രചിച്ച രാമചരിതത്തിലെ ഭാഷ മിക്കവാറും തമിഴാണെന്നു കാണാം. എന്നാൽ അതൊരു തമിഴ്ഗ്രന്ഥമാണെന്ന വാദം തമിഴരുടെ ഭാഷാഭിമാന ദുർവിജൃംഭണത്തിന്റെ ഫലമായുണ്ടായതാണെന്നും, അതു വാസ്തവത്തിൽ തമിഴും മലയാളവും പരസ്പരം വേർപിരിയുന്ന ഘട്ടത്തിൽ കൈരളിക്കു കിട്ടിയ ഒരമൂല്യനിധിയാണെന്നും കേരളസാഹിത്യചരിത്രകാരനായ ഉള്ളൂർ രേഖപ്പെടുത്തിയിട്ടുണ്ട്. കണ്ടുകിട്ടിയിട്ടുള്ളതിൽവെച്ച് പ്രാചീനതമമായ രാമചരിതത്തിലെ പദങ്ങൾക്കും ഭാഷാഘടനയ്ക്കും മലയാളത്തിന്റെ അതിവിദൂരഛായയേയുള്ളൂ. ഭാഷാപരമായ അപരിചിതത്വം, വ്യവഹാരഭാഷയിൽ വന്ന പരിവർത്തനം, യുദ്ധകാണ്ഡം മാത്രം നിബന്ധിച്ചതിനാലുള്ള കഥാപരമായ അപൂർണ്ണത, ത്രൈവർണ്ണികാധിപത്യം, മണിപ്രവാളത്തിന്റെ ഉത്ഭവം എന്നിവയെല്ലാം രാമചരിതത്തിന്റെ സാർവത്രിക പ്രചാരണത്തിന് മങ്ങലേല്പിച്ചു. എങ്കിലും കാവ്യത്തിന്റെ ഉത്തേജകത്വം, പാരായണക്ഷമത, പ്രയോജനപരത, സാധാരണീകരണം എന്നീ ഗുണങ്ങൾ ആ കൃതിയിൽ മികച്ചു നില്ക്കുന്നുണ്ട്. പില്ക്കാലത്ത് കണ്ണശ്ശനും ചെറുശ്ശേരിക്കും എഴുത്തച്ഛനും മാർഗ്ഗദീപമായത് രാമചരിതത്തിന്റെ ഈ ഗുണങ്ങളാണ്. ദ്രാവിഡസംഗീതപാരമ്പര്യത്തിന്റെ ചൈതന്യധാര കലർന്നവയാണ് രാമചരിതത്തിലെ വല വൃത്തങ്ങളും. ഇവയാണ് കാകളി, മണികാഞ്ചി, ഊനകാകളി എന്നിവയായി പരിണമിച്ചതും. കിളിപ്പാട്ടുവൃത്തങ്ങളായി എഴുത്തച്ഛൻ പില്ക്കാലത്ത് സ്വീകരിച്ചതും. തുടർന്നുവരുന്ന രാമകഥാപ്പാട്ടിലെ ഭാഷയും രാമചരിതത്തേക്കാൾ തമിഴ്മയം തന്നെയാണ്. രാമകഥപ്പാട്ടിന്റെ ഉദ്ഭവത്തിനുശേഷമായി എഴുത്തച്ഛന്റെ കടന്നുവരവിനിടയ്ക്കുള്ള നൂറിലേറെ വർഷം മലയാളഭാഷാസാഹിത്യചരിത്രത്തിൽ നിർണ്ണായകമാണ്. കണ്ണശ്ശകൃതികളും ഭാരതം പാട്ടും പയ്യന്നൂർപാട്ടും തിരുനിഴൽമാലയും പ്രാചീനമധ്യകാല ചമ്പുക്കളും കൃഷ്ണഗാഥയും മലയാളകവിതയുടെ ഭാഗഭാക്കായിത്തീർന്ന കാലഘട്ടമാണത്. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും ശാഖകൾ ഇക്കാലത്ത് വളർച്ചനേടി. ഭാഷാപരവും സാഹിത്യപരവുമായ ഒട്ടേറെ പരീക്ഷണങ്ങളും പരിണാമങ്ങളുമുണ്ടായി. സാമൂഹികസാംസ്ക്കാരിക രംഗങ്ങളും ത്വരിതഗതിയിലുള്ള പരിവർത്തനത്തിന് വിധേയമായി. രണ്ടാംചേരസാമ്രാജ്യത്തിന്റെ പതനശേഷം കേരളം ഒട്ടേറെ ചെറുനാട്ടുരാജ്യങ്ങളായി ചിതറിപ്പോയി. നാടുവാഴിത്തവ്യവസ്ഥിതി നിലവിൽ വന്നു. ബ്രാഹ്മണാധിപത്യം ഉച്ചസ്ഥായിയിലായി. അരാജകത്വവും അവ്യവസ്ഥിതിയും സാംസ്കാരികരംഗത്തെ ദുഷിപ്പിച്ചു. ബോധപൂർവമായൊരു ചെറുത്തുനില്പിലൂടെ ബ്രാഹ്മണാധിപത്യത്തിന് തടയിടാനും പുരാണ കഥാപ്രതിപാദനത്തിലൂടെ സമൂഹമനസ്സിനെ ശുദ്ധീകരിക്കാനും ശ്രമങ്ങളുണ്ടായി. ത്രൈവർണ്ണികാധിപത്യം നിലനില്ക്കെത്തന്നെ ശൂദ്രവിഭാഗത്തിൽ നിന്ന് പുതിയ സാംസ്കാരജ്യോതിസ്സുകളുണ്ടായി. കണ്ണശ്ശകവികൾ അവരിൽ പ്രമുഖരാണ്. മലയാളകവിതയെ നാടോടിപാരമ്പര്യത്തിൽ നിന്നും ഇതിഹാസപാരമ്പര്യത്തിലേക്ക് വഴിനടത്തിയത് കണ്ണശ്ശന്മാരാണ്.

മാധവപ്പണിക്കരുടെ ഭാഷാഭഗവത്ഗീത, ശങ്കരപ്പണിക്കരുടെ ഭാരതമാല, രാമപ്പണിക്കരുടെ കണ്ണശ്ശരാമായണം, ഭാരതം, ഭാഗവതം, ശിവരാത്രിമാഹാത്മ്യം എന്നിവയാണ് കണ്ണശ്ശകൃതികൾ. ഭഗവത്ഗീതയ്ക്ക് ഒരു ഭാരതീയ പ്രാദേശികഭാഷയിൽ ആദ്യമുണ്ടായ സംഗ്രഹീത സ്വതന്ത്രവിവർത്തനമാണ് മാധവപ്പണിക്കരുടെ ഭാഷാഭഗവത് ഗീത. അബ്രാഹ്മണൻ ഭഗവത്ഗീത വിവർത്തനം ചെയ്തു എന്നത് സാമൂഹികചരിത്രത്തിൽ പുതുമയായിരുന്നു. മൂലഗ്രന്ഥത്തിലെ 700 ശ്ലോകങ്ങളെ സംഗ്രഹിച്ച് 323 പാട്ടുകളിൽ ഒതുക്കി. ശ്രീശങ്കരന്റെ ഗീതാവ്യാഖ്യാനത്തിനെ ഉചിതസന്ദർഭങ്ങളിൽ ഉപജീവിച്ചു. ത്യാജ്യഗ്രാഹ്യവിവേചനബുദ്ധി സമർത്ഥമായി ഉപയോഗിച്ചുകൊണ്ടായിരുന്നു മാധവപ്പണിക്കരുടെ ഭഗവത്ഗീതാ വിവർത്തനം. അങ്ങനെ വിശ്വോത്തരമായ ഈ ദാർശനികകൃതി സംസ്കൃതവ്യുല്പത്തിയില്ലാത്ത സാധാരണക്കാരായ മലയാളികൾക്കും പരിചിതമായി.

അതിഗഹനമായ ഭഗവത്ഗീതാശ്ലോകങ്ങളുടെ അർത്ഥഭാരം വഹിക്കാൻ മലയാളഭാഷ അന്നേസജ്ജയായിരുന്നു എന്ന വസ്തുത ശ്രദ്ധേയമാണ്. ഗൗരവമേറിയ തത്ത്വബോധനത്തിന് എഴുത്തച്ഛനു മാതൃക ഈ കണ്ണശ്ശകൃതി തന്നെയാണെന്നതിൽ തർക്കമില്ല. വിവർത്തനത്തിലെ ത്യാജ്യഗ്രാഹ്യചിന്തയും ഒന്നിലധികം പൂർവമാതൃകകളെ ഉപജീവിക്കാനുള്ള പ്രേരണയും ഭാഷാഭഗവത്ഗീത തന്നെയാവാം എഴുത്തച്ഛനു പകർന്നു നൽകിയത്. മലയാളത്തിലെ ആദ്യത്തെ മഹാഭാരത കഥാസംഗ്രഹമാണ് ശങ്കരപ്പണിക്കരുടെ ഭാരതമാല. മൂലകൃതിയിലെ ഒരുലക്ഷത്തിഇരുപതിനായിരം ശ്ലോകങ്ങളെ 1363 ശീലുകളിൽ ഒതുക്കുകയാണ് ഭാരതമാലാകാരൻ ചെയ്തിരിക്കുന്നത്. ശ്ലോകങ്ങളുടെ തെരഞ്ഞെടുപ്പ്, ബഹുശ്ലോകഘടിതമായ അധ്യായത്തിൽനിന്ന് ആശയങ്ങൾ സ്വീകരിക്കുന്ന സമ്പ്രദായം, സ്വാതന്ത്ര്യാശയങ്ങളുടെ ആവിഷ്ക്കരണം എന്നീ കാര്യങ്ങളിലെല്ലാം എഴുത്തച്ഛൻ ഭാരതമാലാകാരനോട് ആധമർണ്യം പുലർത്തുന്നുണ്ട്. അതിനാലാണ് എഴുത്തച്ഛന്റെ മഹാഭാരതം കിളിപ്പാട്ടിനു മാതൃകയായി വർത്തിക്കുന്നത് ഭാരതമാലയാണെന്ന് കൈരളിയുടെ കഥാകാരൻ പ്രൊഫ. എൻ. കൃഷ്ണപിള്ള അഭിപ്രായപ്പെട്ടത്.

രാമപ്പണിക്കരുടെ കണ്ണശ്ശരാമായണത്തിന്റെ ആവിർഭാവത്തോടെയാണ് സാഹിത്യത്തിലൂടെ ആധ്യാത്മികചി

ന്ന എന്ന ആശയം മലയാളത്തിൽ രൂപപ്പെടുന്നത്. ആശയപ്രൗഢി, പ്രാസം, ഔചിത്യം, വർണ്ണന, ആന്തരികചൈതന്യം, ഭാഷയുടെ അക്കാലത്തെ മികച്ചമാതൃക എന്നീ ഘടകങ്ങളിലെല്ലാം കണ്ണശ്ശരാമായണം മുൻപന്തിയിലായിരുന്നു. മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണരാമായണകൃതിയായിരുന്നു ഇത്. 24,000 ശ്ലോകങ്ങളെ 3059 പാട്ടുകളിലായി സംഗ്രഹിച്ച കവിയുടെ വിവേചനശക്തിയും സർഗ്ഗാത്മകപാടവവും എഴുത്തച്ഛനപോലും അദ്ധ്യാത്മരാമായണരചനയ്ക്ക് മാർഗ്ഗദീപമായിട്ടുണ്ട്. മലയാളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളായിരുന്നു കണ്ണശ്ശന്മാർ. രാമചരിതത്തിൽ നിന്ന് എഴുത്തച്ഛന്റെ കൃതികളിലേക്കുള്ള ഭാഷാസാഹിത്യത്തിന്റെ പരിണാമപ്രക്രിയയിലെ ഇടത്താവളമാണ് കണ്ണശ്ശകൃതികളെന്ന് എൻ. കൃഷ്ണപിള്ള നിരീക്ഷിച്ചിട്ടുണ്ട്. ഈ ഇടത്താവളം പണിതുയർത്തിയത് മണിപ്രവാളസാഹിത്യത്തിന്റെ പ്രസാരണത്തിനിടയ്ക്കാണെന്നത് അതിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. ആശയം, ഭാഷ, പ്രതിപാദനം, മൂല്യസങ്കല്പം, സൗന്ദര്യബോധം എന്നിവയിൽ ത്വരിതമായ പരിവർത്തനങ്ങൾ നടന്നത് കണ്ണശ്ശന്മാരുടെ കാലത്താണ്. പാട്ടിനെ ലീലാതിലകകാരന്റെ നിർവചനത്തിൽനിന്ന് മോചിപ്പിച്ച് സംസ്കൃതത്തോട് മൗലികമായി ബന്ധപ്പെടുത്താൻ ഈ കവികൾ തയ്യാറായി. ഭാഷയുടെ സർഗ്ഗാത്മകചൈതന്യം ആദ്യം പ്രസരിച്ചതും കണ്ണശ്ശകൃതികളിലാണ്. സാഹിത്യത്തിലൂടെ സാമൂഹികഇടപെടലുകൾ സാധ്യമാണെന്നും, അതിലുപരി സമൂഹമനസ്സിനെ രൂപപ്പെടുത്തുന്ന അധികാരഘടനയെ പരിവർത്തിപ്പിക്കാൻ സർഗ്ഗശക്തിക്കാവുമെന്നും ആദ്യം തിരിച്ചറിഞ്ഞതും കണ്ണശ്ശന്മാർ തന്നെ. എന്നാൽ ഈ തിരിച്ചറിവ് അതിന്റെ ഫലപ്രാപ്തിയിൽ എത്തിച്ചേർന്നത് എഴുത്തച്ഛന്റെ കാലത്താണെന്നു മാത്രം. അതിനാൽ ഏതെങ്കിലുമൊരു പ്രസ്ഥാനസ്ഥാപകനായി അദ്ദേഹത്തെ സ്ഥാനപ്പെടുത്തുന്നതിലെ ഔചിത്യം പരിചിന്തിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ സാമൂഹികപരിവർത്തനം നിരന്തരമായതും അനേകം ബാഹ്യഘടകങ്ങളെ ആശ്രയിച്ചുമാത്രം സാധിക്കാവുന്നതുമായ ബൃഹത്തായൊരു പ്രക്രിയയാണ്. ഒരാളെക്കൊണ്ടോരു കൃതിയിലൂടെയോ മാത്രം അതു സാധിച്ചു എന്ന് അവകാശപ്പെടുന്നത് അതിശയോക്തി മാത്രമാവും. സാമൂഹികമാറ്റം എന്നത് കാലഘട്ടം ആവശ്യപ്പെടുന്നതും നിരന്തരവുമായ ഒരു പരിണാമപ്രക്രിയയാണ്. ആര്യസംസ്കാരത്തോടുള്ള കേരളീയരുടെ അഭിനിവേശം മണിപ്രവാളസാഹിത്യത്തെ വളർത്തുവാൻ സഹായകമായ സാഹചര്യമൊരുക്കിയ കാലത്താണ് കണ്ണശ്ശന്മാരുടെ കടന്നുവരവ്. നാട്ടുരാജ്യസംഘട്ടനങ്ങൾ സാമൂഹികമായ അവ്യവസ്ഥകളെ തീക്ഷ്ണമാക്കി. അപരിചിതമായ ഭാഷാരീതിയും ഇഴഞ്ഞ വൃത്തസമ്പ്രദായവും കണ്ണശ്ശകൃതികളേയും ദോഷകരമായി ബാധിച്ചു. എന്നിലും രണ്ടുഭാഷാധാരകളെ (മലനാട്ടു തമിഴിനേയും സംസ്കൃതത്തിനേയും) സമന്വയിപ്പിച്ച് സുപ്രധാനമായൊരു ഭാഷാരീതി സൃഷ്ടിക്കാനുള്ള കണ്ണശ്ശന്മാരുടെ ശ്രമം അഭിനന്ദനീയമാണ്. സമന്വയത്തിലെ പാകക്കുറവും ഔചിത്യമില്ലായ്മയുമാണ് അവരുടെ ശ്രമത്തെ മുരടിപ്പിച്ചു കളഞ്ഞത്. എന്നാൽ ഈ രൂപമാതൃകയാണ് പിന്നീട് കൃഷ്ണഗാഥയിലും കിളിപ്പാട്ടിലും തേച്ചുമിനുക്കി പ്രഭചൊരിഞ്ഞത് എന്ന കാര്യം വിസ്മരിച്ചുകൂടാ.

> **സംസ്കൃതഭാഷയ്ക്കു ലഭിച്ച ആഢ്യസ്ഥാനം സംസ്കൃതപഠനം നിഷേധിക്കപ്പെട്ട ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളെ സാഹിത്യരംഗത്തുനിന്നും അകറ്റിനിർത്തി. നാടൻപാട്ടുകളിലും നാടൻകലാരൂപങ്ങളിലും വാമൊഴിവഴക്കത്തിലും സമാന്തരമായി അക്കാലത്തു പ്രത്യക്ഷപ്പെട്ട നാട്ടുഭാഷാരൂപങ്ങളെ ഭാഷയായോ സാഹിത്യമായോ പരിഗണിച്ചിരുന്നില്ല. അതിനാലവ രേഖപ്പെടുത്തി വെയ്ക്കേണ്ടവയും പഠനാർഹങ്ങളുമാണെന്ന് തിരിച്ചറിയാതെയും പോയി.**

സമൂഹത്തിലെ ഉപരിവർഗ്ഗമേൽക്കോയ്മ സാഹിത്യസാംസ്ക്കാരിക രംഗങ്ങളിലും പ്രതിഫലിക്കും. ആര്യന്മാരുടെ കടന്നുവരവ് മലയാളിയുടെ തനത് സാഹിത്യപാരമ്പര്യത്തിനും പ്രബുദ്ധമായ ജീവിതവീക്ഷണത്തിനും മങ്ങലേല്പിച്ചു. നാട്ടുഭാഷയും നാടൻശീലുകളും തഴയപ്പെടുകയും ആര്യഭാഷയായ സംസ്കൃതം മേൽക്കൈ നേടുകയും ചെയ്തു. സംസ്കൃതപ്രചുരമായ ചമ്പൂകൃതികളും അച്ചീചരിതങ്ങളും ലീലാതിലകത്തിലെ ഉദാഹരണശ്ലോകങ്ങളും പരിശോധിക്കുമ്പോൾ വ്യക്തമാവുന്നത് അവയിലെ ഭാഷാരീതി ആധുനികമലയാളഭാഷാസ്വരൂപത്തിൽ നിന്നും അതിവിദൂരമാണെന്നതാണ്. 14ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് ലീലാതിലകത്തിന്റെ പിറവി.

സാധാരണക്കാരുടെ വ്യവഹാരഭാഷയായല്ല, (കൃഷ്ണഗാഥയിലേക്ക് ഏറെ ദൂരമില്ലാത്ത അക്കാലത്തും) സാഹിത്യത്തിനായി പ്രത്യേകമായി ഉരുക്കിപ്പണിത വെണ്ണാലഭാഷയായിട്ടാണ് ഈ കൃതികളിലെ ഭാഷ രൂപപ്പെടുത്തിയിരിക്കുന്നത്. സംസ്കൃതഭാഷയ്ക്കു ലഭിച്ച ആഢ്യസ്ഥാനം സംസ്കൃതപഠനം നിഷേധിക്കപ്പെട്ട ബഹുഭൂരിപക്ഷം വരുന്ന സാധാരണജനങ്ങളെ സാഹിത്യരംഗത്തുനിന്നും അകറ്റിനിർത്തി. നാടൻപാട്ടുകളിലും നാടൻകലാരൂപങ്ങളിലും വാമൊഴിവഴക്കത്തിലും സമാന്തരമായി അക്കാലത്തു പ്രത്യക്ഷപ്പെട്ട നാട്ടുഭാഷാരൂപങ്ങളെ ഭാഷയായോ സാഹിത്യമായോ പരിഗണിച്ചിരുന്നില്ല. അതിനാലവ രേഖപ്പെടുത്തി വെയ്ക്കേണ്ടവയും പഠനാർഹങ്ങളുമാണെന്ന് തിരിച്ചറിയാതെയും പോയി. വരേണ്യഭാഷയും സാഹിത്യവും ഇല്ലങ്ങളിലും കോവിലകങ്ങളിലും മാത്രം ഒതുങ്ങി, സാധാരണക്കാരിൽനിന്നും തീണ്ടാപ്പാടകലം സൂക്ഷിച്ചുപോന്ന അക്കാലത്ത് പാട്ടും മണിപ്ര

വാളവുമെന്ന രണ്ടു കൈവഴികളിലൂടെ ഇതുവരെയും സഞ്ചരിച്ചുപോന്ന മലയാള കവിത യഥാർത്ഥസ്വത്വം കണ്ടെത്താനാവാതെ വഴിമുട്ടിനിന്നു. ദ്രാവിഡ സംഘാതാക്ഷരങ്ങളിൽ ഭഗവൽകഥാനിബദ്ധമായ പാട്ടും, മഹിളാളി മഹാസ്പദമായ മണിപ്രവാളവും പതിനഞ്ചാം നൂറ്റാണ്ടോടെ ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിൽ സംഗമിച്ചു. കൃഷ്ണപ്പാട്ട് എന്നാണ് നാമധേയമെന്നിലും, ഭാഗവതം, ദശമസ്കന്ദമാണ് അവലംബമെന്നിലും ശൃംഗാരം, ഭക്തി, വാത്സല്യം, കരുണം മുതലായ മൃദു വികാരങ്ങളെ വഹിക്കുവാനുള്ള ശേഷിയേ അടിമുടി സ്ത്രൈണമായ കൃഷ്ണഗാഥയ്ക്കുണ്ടായുള്ളൂ. ഭാഷകൊണ്ട് പാട്ടും ഭാവംകൊണ്ട് മണിപ്രവാളവുമായിരുന്ന ആ കൃതി.

തെളിമലയാളത്തിന്റെ ലാളിത്യഭംഗി കൃഷ്ണഗാഥയെ ജനസാമാന്യത്തോട് കൂടുതൽ അടുപ്പിച്ചു. വടക്കൻകേരളത്തിൽ നിത്യപാരായണത്തിനുപയോഗിച്ചതിലൂടെ ഈ കൃതിക്ക് പരക്കെ പ്രചാരവും ലഭിച്ചു. ഇഴഞ്ഞ കാവ്യശൈലിയും ലുപ്തപ്രചാരങ്ങളായ പ്രാചീനപദങ്ങളും എല്ലാ വികാരങ്ങളേയും ഉൾക്കൊള്ളാനുള്ള ശേഷിക്കുറവും ചെറുശ്ശേരിയുടെ കൃഷ്ണഗാഥയുടേയും പ്രചാരം കുറച്ചു. എന്നാൽ പില്ക്കാലമലയാളത്തിന്റെ രൂപഘടന ചെറുശ്ശേരിയുടെ കൃതിയിൽ ഏറെക്കുറെ സ്പഷ്ടം തന്നെയായിരുന്നു. ഇതൊക്കെയാണെന്നിലും അരങ്ങൊരുങ്ങിയിട്ടും ആട്ടത്തിന്റെ മർമ്മം ഗ്രഹിക്കാത്ത നർത്തകിയെപ്പോലെ അക്കാലത്ത് മലയാളഭാഷ ഓജസ്സുനേടാനാവാതെ കുഴങ്ങി നിന്നു. ഈ രംഗത്തേക്കാണ് പതിനാറാം നൂറ്റാണ്ടിൽ എഴുത്തച്ഛന്റെ കടന്നുവരവ്. അടിമുടി ആചാര്യഭാവമാണ് അദ്ദേഹത്തിൽ വിളങ്ങിനിന്നത്. മഹത്തായൊരു ബോധനശക്തിയാവാൻ അദ്ദേഹത്തിനു സാധിച്ചു. ദിക്കറിയാത്ത സമൂഹത്തിന് വഴികാട്ടാനും, ഭാഷയുടെ കാന്തിയും ഓജസ്സും വർദ്ധിപ്പിച്ച് സംവേദനക്ഷമത കൂട്ടാനും ബോധപൂർണ്ണമായ ചില ശ്രമങ്ങൾ എഴുത്തച്ഛന്റെ പക്ഷത്തുനിന്നുണ്ടായി. പ്രതിഭാശാലികൾ ഗതാനുഗതികത്വത്തിൽ ഭ്രമിക്കാറില്ലല്ലോ. അനുയോജ്യമായ ഒറ്റയടിപ്പാതകൾ അവർ വെട്ടിയൊരുക്കിയെടുത്ത് സ്വതന്ത്രമായി വിഹരിക്കും. കാലം അവർക്കു പിമ്പേ നടന്ന് ആ പാതയെ രാജവീഥിയാക്കിത്തീർക്കും. അതാണു പതിവ്. മലയാളഭാഷയുടെ മാനകീകരണത്തിലും എഴുത്തച്ഛൻ ഇത്തരത്തിലൊരു പങ്കാണു വഹിച്ചത്. പലപാടുനിന്നും പലരും നടന്ന് ഏറെ തെളിയാത്തൊരു കാട്ടുവഴി ഭാഷയ്ക്ക് പണ്ടേയുണ്ടായിരുന്നു. എന്തിനും ഏതിനും ആശ്രയിക്കാനാവാത്ത ദുർഗ്ഗമമായൊരു ഏകാന്തരഥ്യ. രാമചരിതകാരനും രാമകഥാപ്പാട്ടുകാരനും കണ്ണശ്ശന്മാരും ചമ്പുകാരന്മാരും മണിപ്രവാളകവികളും പലവിധശാസനഭാഷകളും നമ്പ്യാന്മാരുമെല്ലാം നടന്നുമറഞ്ഞ ആ വഴിയിലൂടെ എഴുത്തച്ഛനു തൊട്ടുമുമ്പു നടന്നുമറഞ്ഞത് കൃഷ്ണഗാഥാകാരനായിരുന്നു. പതിഞ്ഞതാളത്തിൽ താരാട്ടുമൂളി നടന്ന ചെറുശ്ശേരിക്ക് നടവഴി തെളിക്കാനുള്ള ഓജസ്സില്ലായിരുന്നു എന്നുമാത്രം.

മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും ജാതകം കുറിച്ച മഹാകവി എന്ന മട്ടിൽ പില്ക്കാലത്ത് ഭാഷാപണ്ഡിതരും സാഹിത്യപ്രണയികളും പല പട്ടങ്ങളും എഴുത്തച്ഛനു ചാർത്തിക്കൊടുത്തിട്ടുണ്ട്. മലയാള അക്ഷരമാലയുടെ ഉപജ്ഞാതിത്വവും അദ്ദേഹത്തിൽ ആരോപിക്കപ്പെട്ടിരുന്നു. എന്നാൽ എഴുത്തച്ഛന്റെ കാലത്തിനും എത്രയോ നൂറ്റാണ്ടുകൾക്കുമുമ്പ് ശാസനങ്ങളിലും സാഹിത്യകൃതികളിലുമായി മലയാളഅക്ഷരമാല ഉപയോഗിച്ചുപോരുന്നുണ്ട്. അതതു കാലങ്ങളിൽ അതു പരിഷ്കരിക്കപ്പെട്ടും പോന്നു. അക്ഷരമാലയുടെ രൂപവല്ക്കരണം ഒരു വ്യക്തിയിലോ കാലഘട്ടത്തിലോ മാത്രം അധ്യാരോപിക്കുന്നതിൽ സാംഗത്യമില്ല. ശുദ്ധമേ അസംബന്ധമായ ഇത്തരം പദവികൾക്കപ്പുറത്ത് മാനകമലയാളത്തെ രൂപപ്പെടുത്തുന്നതിൽ എഴുത്തച്ഛനുള്ള പങ്കിനെക്കുറിച്ച് പരിചിന്തിക്കുകയാണിനി ചെയ്യേണ്ടത്.

പൂർവസൂരികളുടെ സാഹിത്യപരിശ്രമങ്ങളെ വ്യക്തമായി നിരീക്ഷിച്ച് അവയുടെ ഗുണദോഷവിചിന്തനത്തിന്റെ വെളിച്ചത്തിൽ സ്വകർമ്മമണ്ഡലത്തെക്കുറിച്ച് ഉത്തമബോധ്യത്തോടെയാണ് എഴുത്തച്ഛൻ സാഹിത്യമണ്ഡലത്തിൽ ചുവടുറപ്പിച്ചത്. പഠിക്കാനും പഠിപ്പിക്കാനുമുള്ള ഈ വാഞ്ഛ അദ്ദേഹത്തിന്റെ രചനകളിലുടനീളം പ്രതിബിംബിക്കുന്നുണ്ട്. ഭക്തിമാത്രമായിരുന്നു അദ്ദേഹത്തിന്റെ രചനകൾക്കുള്ള പ്രധാനപ്രേരണ. സനാതന ധർമ്മപ്രചാരണവും സദാചാര ബോധനവുമൊക്കെ ഭക്തിസംവർദ്ധനമെന്ന പ്രാഥമികലക്ഷ്യത്തെ പിൻപറ്റി വന്നതാണ്. ഭക്തിപ്രസാരണത്തിന് അനുയോജ്യമായ പ്രമേയം ഏതെന്ന ചിന്തയാണ് ഭഗവൽകഥാകഥനമെന്ന ആശയത്തിലെത്തിനിന്നത്. എഴുത്തച്ഛന്റേതെന്ന് പൂർണ്ണബോധ്യമുള്ള രണ്ടുകൃതികളുടെ പിറവി അങ്ങിനെയാണ്. അദ്ധ്യാത്മരാമായണം കിളിപ്പാട്ടും ശ്രീമഹാഭാരതം കിളിപ്പാട്ടും. കാവ്യഗുണം ഏറിനില്ക്കുന്ന വാല്മീകിരാമായണത്തെ പരിത്യജിച്ച് ശ്രീരാമനെ ഭഗവാനായിക്കണ്ട അദ്ധ്യാത്മരാമായണത്തെ ഉപജീവിച്ചതുതന്നെ ഭക്തിരസപ്രസാരണം എന്ന ലക്ഷ്യ

> **മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും ജാതകം കുറിച്ച മഹാകവി എന്ന മട്ടിൽ പില്ക്കാലത്ത് ഭാഷാപണ്ഡിതരും സാഹിത്യപ്രണയികളും പല പട്ടങ്ങളും എഴുത്തച്ഛനു ചാർത്തിക്കൊടുത്തിട്ടുണ്ട്. മലയാള അക്ഷരമാലയുടെ ഉപജ്ഞാതിത്വവും അദ്ദേഹത്തിൽ ആരോപിക്കപ്പെട്ടിരുന്നു. എന്നാൽ എഴുത്തച്ഛന്റെ കാലത്തിനും എത്രയോ നൂറ്റാണ്ടുകൾക്കുമുമ്പ് ശാസനങ്ങളിലും സാഹിത്യകൃതികളിലുമായി മലയാളഅക്ഷരമാല ഉപയോഗിച്ചുപോരുന്നുണ്ട്.**

ത്തെ മുന്നിൽ കണ്ടുകൊണ്ടാണ്. രാമചരിതത്തിലെയും കണ്ണശ്ശരാമായണത്തിലെയും ഇതിവൃത്തശൈലികളെ ത്യാജ്യഗ്രാഹ്യവിവേചനശക്തിയോടെ തെരഞ്ഞെടുത്ത് അദ്ധ്യാത്മരാമായണ മൂലപാഠത്തെ പിൻപറ്റി രചിച്ചതാണ് എഴുത്തച്ഛന്റെ രാമായണം. ഭാഷ, വൃത്തം, പ്രമേയം, പാരായണക്ഷമത, സാധാരണീകരണം എന്നിവയുടെ അംശങ്ങൾ രാമചരിതത്തിൽ നിന്നും, അവയ്ക്കൊപ്പം ഔചിത്യം, പ്രാസം, വർണ്ണന, ആന്തരിക ചൈതന്യം എന്നിവയെല്ലാം കണ്ണശ്ശരാമായണത്തിൽനിന്നും എഴുത്തച്ഛൻ ഉൾക്കൊണ്ടിട്ടുണ്ട്. ഉദാഹരണമായി, "നരപാലകർ ചിലരതിന വിറച്ചാർ നലമുടെ ജാനകി സന്തോഷിച്ചാൾ

ആരവാദികൾ ഭയമീട്ടമിടിധ്വനിയിൽ മയിലാനന്ദിപ്പതു പോലെ"

എന്നാണ് സീതാസ്വയംവരഭാഗത്ത് കണ്ണശ്ശന്റെ വർണ്ണന.

"ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ച കേട്ട

നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ

മൈഥിലി മയിൽപ്പേടപോലെ സന്തോഷംപൂണ്ടാൾ"

എന്ന എഴുത്തച്ഛന്റെ വരികൾ കണ്ണശ്ശന്റെ വർണ്ണനയിൽ നിന്ന് ആശയം സ്വീകരിച്ചതാണെന്നത് സ്പഷ്ടമാണ്. ആവിഷ്ക്കാര ചാരുത ഏറിയിരിക്കുന്നത് "മയിൽപ്പേടപോലെ സന്തോഷംപൂണ്ട' എഴുത്തച്ഛന്റെ മൈഥിലിക്കാണ്. കവിതയുടെ നക്ഷത്രത്തെളിച്ചം വിതറുന്നവയാണ് ഇത്തരം വരികൾ.

""നേത്രോല്പല മാലയുമിട്ടാൾ മുന്നേ

പിന്നാലേ വരണാർക്ക മാലയുമിട്ടീടിനാൾ"

എന്ന് അദ്ദേഹം ഈ സന്ദർഭത്തിൽ തുടർന്നു വിവരിക്കുന്നു. വരണമാലയ്ക്കു മുമ്പേയിട്ട ഈ നേത്രോല്പലമാലയുടെ ചാരുത എഴുത്തച്ഛനുമാത്രം സ്വന്തമാണ്. സീതയുടെ മനോവ്യാപാരം വ്യഞ്ജിപ്പിക്കുന്ന വിദഗ്ധമായ കവികർമ്മകൗശലമാണിത്. ഭക്തികാവ്യമായ രാമായണത്തിന് ഇത്തരം വർണ്ണനകളാൽ സാഹിത്യഗുണംകൂടി കൈവരുന്നു. പുതുമയും ആകർഷകത്വവും മുതല്ക്കൂട്ടാവുന്നു. ഇത്തരത്തിലുള്ള സ്പർശമണികളാലാണ് എഴുത്തച്ഛൻ ഭാഷയിലും സാഹിത്യത്തിലും മുടിചൂടിയ മന്നനായിത്തീർന്നത്.

**രാമായണമഹാഭാരതാദികളുടെ പദാനുപദ വിവർത്തനമല്ല, എഴുത്തച്ഛൻ നിർണ്ണഹിച്ചിരിക്കുന്നത്. സംഗ്രഹണം, വിപുലനം, പരിത്യാഗം, സ്വതന്ത്രപ്രതിപാദനം എന്നിവയെല്ലാം നിശിതമായ ത്യാജ്യഗ്രാഹ്യബുദ്ധിയോടെ അദ്ദേഹം പരീക്ഷിച്ചിരിക്കുന്നു. കാവ്യരചനയ്ക്കുള്ള തന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിക്കുന്ന സന്ദർഭങ്ങൾക്ക് അദ്ദേഹം ഊന്നൽ നൽകിപ്പോന്നു.**

രാമായണമഹാഭാരതാദികളുടെ പദാനുപദ വിവർത്തനമല്ല, എഴുത്തച്ഛൻ നിർവ്വഹിച്ചിരിക്കുന്നത്. സംഗ്രഹണം, വിപുലനം, പരിത്യാഗം, സ്വതന്ത്രപ്രതിപാദനം എന്നിവയെല്ലാം നിശിതമായ ത്യാജ്യഗ്രാഹ്യബുദ്ധിയോടെ അദ്ദേഹം പരീക്ഷിച്ചിരിക്കുന്നു. കാവ്യരചനയ്ക്കുള്ള തന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിക്കുന്ന സന്ദർഭങ്ങൾക്ക് അദ്ദേഹം ഊന്നൽ നൽകിപ്പോന്നു. വാല്മീകിരാമായണത്തിലെ അതിപ്രധാനശ്ലോകമെന്ന് പ്രഘോഷിക്കപ്പെട്ടിരിക്കുന്നത് "രാമം ദശരഥം വിദ്ധി' എന്നു തുടങ്ങുന്ന ലക്ഷ്മണനോടുള്ള സുമിത്രയുടെ വാക്കുകൾ ഉൾക്കൊള്ളുന്ന ശ്ലോകമാണ്.

വനവാസത്തിനിറങ്ങുംമുമ്പ് നൽകുന്ന ഈ ഉപദേശം അദ്ധ്യാത്മരാമായണം മൂലത്തിലില്ല. വാല്മീകിരാമായണത്തിലേതാണിത്. ആചാര മര്യാദകളെ അങ്ങേയറ്റം മാനിക്കുന്ന തുഞ്ചത്താചാര്യൻ തന്റെ അദ്ധ്യാത്മരാമായണവിവർത്തനത്തിൽ ഈ ഭാഗം ഉൾപ്പെടുത്തുന്നതിന് മടിച്ചില്ല.

""രാമനെ നിത്യം ദശരഥനെന്നുള്ളിലാമോദമോടു നിരൂപിച്ചുകൊള്ളണം.

എന്നെ ജനകാത്മജയെന്നുറച്ചുകൊൾ

പിന്നെയയോദ്ധ്യയെന്നോർത്തീടടവിയെ"

എന്ന് തന്റെ രാമായണത്തിൽ അദ്ദേഹം കുറിച്ചു. എഴുത്തച്ഛന്റെ വിവർത്തനത്തിന്റെ മാനദണ്ഡം കാവ്യസൗന്ദര്യത്തിനും സാംസ്കാരിക നവോത്ഥാനത്തിനുമപ്പുറം ഭക്തിയിലൂടെയുള്ള ആത്മസാക്ഷാത്ക്കാരം തന്നെയായിരുന്നു. ആ കർമ്മം ഒരു നിഷ്ഠയായി തുടർന്നപ്പോൾ സാമൂഹികമായ ഫലപ്രാപ്തികൾ പുറകേവന്നതാണ്. സമുദ്രലംഘനത്തിനായുള്ള ഹനുമാന്റെ പുറപ്പാട് മുന്നൂറ് വരികളിലാണ് വാല്മീകി വർണ്ണിച്ചത്. "ആ കുഞ്ചിതാംഘ്രിയായ് ഊർദ്ധ്വനയനനായ്'' എന്നുമാത്രം കുറിച്ച എഴുത്തച്ഛനിൽ ഈ ആശയം കൃത്യമായും ഒതുങ്ങിയിരിക്കുന്നു!

ശൂർപ്പണഖയുടെ നാസികാച്ഛേദം മാത്രമേ അദ്ധ്യാത്മരാമായണം മൂലത്തിലുള്ളൂ. സ്തനഛേദം രാമായണം ചമ്പുവിൽനിന്നു സ്വീകരിച്ചതാണ്. അതുപോലെ, "ആദരവാൽ വഴിയമ്പലമെയ്തിയതീവ സുഖേന പറഞ്ഞരനാഴിക..." എന്ന ആശയവും മൂലഗ്രന്ഥത്തിലേതല്ല; കണ്ണശ്ശന്റേതാണ് ഇതിനെ പിൻപറ്റി "പാന്ഥർ പെരുവഴിയമ്പലം തന്നിലെ/താന്തരായ് കൂടി വിയോഗം വരുംപോലെ" എന്നെഴുതിയ എഴുത്തച്ഛന്റെ വരികൾ അതിപ്രശസ്തമാണല്ലോ. സ്വന്തം ആശയങ്ങളുടെ പ്രകാശനത്തിനായി ഉചിതമായ ഏതു പൂർവമാതൃകയേയും ഉപജീവിക്കാൻ എഴുത്തച്ഛൻ മടിച്ചിരുന്നില്ല എന്നതിന് ഇത്തരത്തിൽ ഒട്ടേറെ ഉദാഹരണങ്ങൾ നിരത്താനാവും. അന്യമാതൃകകളെ സ്വപ്രതിഭാബലത്താൽ ഉരച്ചുമിനുക്കി മാറ്റുകൂട്ടുന്നതിലാണ് എഴുത്തച്ഛന്റെ കവികർമ്മകൗശലം തെളിഞ്ഞു കാണുന്നതെന്നു സ്പഷ്ടം. അതിനെ അനുകരണമെന്ന് ഇകഴ്ത്താനാവില്ല. സ്വാംശീകരണമാണത്. ഈ സ്വാംശീകരണത്തിലൂടെ സാത്മീകരിച്ച ആശയമാണ്

"ജീർണ്ണവസ്ത്രം കളഞ്ഞന്യങ്ങൾ മാനുഷർ

പൂർണ്ണശോഭം നവവസ്ത്രങ്ങൾ കൊള്ളുന്നു" എന്ന് ഒന്നിലേറെ കൃതികളിൽ കുറിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. എന്നാൽ സ്വാംശീകരണത്തിന്റെ ബലത്തിൽ സ്രഷ്ടികർത്താവെന്ന് മുദ്രകുത്തുന്നത് യുക്തിസഹമല്ലതന്നെ.

കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതൃത്വമാണ് എഴുത്തച്ഛനിൽ ചാർത്തപ്പെട്ടിരിക്കുന്ന മറ്റൊരു കീർത്തിമുദ്ര. തമിഴിൽ കിളിദൂത് അഥവാ കിളിവിടുത്ത് എന്നൊരു സമ്പ്രദായം പണ്ടേ ഉണ്ടായിരുന്നു. പൈന്നിളിക്കണ്ണിയും പരാപരക്കണ്ണിയും അവിടെ പണ്ടേ പ്രസിദ്ധമാണ്. കിളിയെക്കൊണ്ട് കഥപറയിക്കുന്ന ആഖ്യാനരീതി സ്വീകരിച്ചതിനാലാണ് "കിളിപ്പാട്ട്" എന്ന് എഴുത്തച്ഛൻ കൃതികളെ നാം വിളിച്ചുപോരുന്നത്. കിളി പ്രതീകവല്ക്കരിക്കുന്നത് എന്തിനെ എന്നതിനെക്കുറിച്ച് പല കാലങ്ങളിൽ ചർച്ചകൾ നടന്നിട്ടുണ്ട്. എഴുത്തച്ഛന്റെ സർഗ്ഗശക്തിയുടെ പ്രതിരൂപമായി കിളിയെ കാണുകയാണുചിതം. അബ്രാഹ്മണൻ ഭഗവൽക്കഥാപാരായണം ചെയ്യുന്നതുവഴി ഉണ്ടാവാനിടയുള്ള പ്രത്യാഘാതങ്ങൾക്ക് തടയിടുവാനാണ് കിളിയെക്കൊണ്ട് പാടിച്ചത് എന്നൊരു വ്യാഖ്യാനമുണ്ട്. അതു ശരിയാവാം. മുൻഗാമികളായ ചീരാമകവിക്കും കണ്ണശ്ശനും ഇതേ ആശങ്കയുണ്ടായിരുന്നു. "ഊഴിയിൽ ചെറിയവർക്കറിവാനും" "മന്ദപ്രജ്ഞന്മാർക്കറിവാനും" വേണ്ടിയാണല്ലോ അവർ കാവ്യരചനയിലേർപ്പെട്ടത്. എന്നാൽ ഈ വക മുൻകൂർ ജാമ്യങ്ങളൊന്നും എഴുത്തച്ഛനില്ല. കിളിമകൾ പാടുന്നു; താനൊരു പകർത്തെഴുത്തുകാരൻ മാത്രമാണെന്നാണ് അദ്ദേഹത്തിന്റെ ഭാവം. കിളിപ്പെണ്ണ് ആചാര്യന്റെ അന്തരംഗം തന്നെയാണ്. ""വാരിധി തന്നിൽ തിരമാലകളെന്ന പോലെ ഭാരതീ പദാവലി തോന്നേണം കാലേ കാലേ " എന്ന് വാഗ്ദേവിയോടു പ്രാർത്ഥിക്കുന്നുണ്ടദ്ദേഹം. അയത്നസിദ്ധമായ പദപ്രവാഹം അദ്ദേഹത്തിന്റെ ശൈലിയായിരുന്നു.

""സകല ജഗദവനപര നവനിഭര നാശനൻ

സാക്ഷാൽ ജഗന്നാഥനായ നാരായണൻ

വരദനജനഖില ജനഹൃദി മരുവുമീശ്വരൻ

വാസുദേവൻ തന്നെ വന്ദിക്ക നീ താനും"

പദപ്രവാഹസൗന്ദര്യത്തിന് ഉദാഹരണങ്ങൾ ഇനിയുമെത്രയോ ഉണ്ട്. അവസരം കിട്ടുമ്പോഴൊക്കെ ഭഗവന്നാമങ്ങൾ ആവർത്തിച്ചു പാടുക അദ്ദേഹത്തിന്റെ സ്വഭാവമാണല്ലോ. നാമസങ്കീർത്തനത്തിന് കലിയുഗത്തിലുള്ള പ്രാധാന്യത്തെക്കുറിച്ച് ഭാഗവതത്തിൽ അദ്ദേഹംതന്നെ ആവർത്തിച്ചു പറയുന്നുമുണ്ട്. ഭാഗവതം കിളിപ്പാട്ടിന്റേയും ഹരിനാമകീർത്തനത്തിന്റേയും ഇരുപത്തിനാലുവൃത്തത്തിന്റേയും ഗിരിജാകല്യാണം ഗീതാപ്രബന്ധത്തിന്റേയും കർതൃത്വം എഴുത്തച്ഛനിൽ ആരോപിക്കാത്തവരുമുണ്ട്. എന്നിരുന്നാലും അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന്റേയും ശ്രീമഹാഭാരതം കിളിപ്പാട്ടിന്റേയും കർതൃത്വത്തിൽ തർക്കമില്ലതന്നെ.

കഥാഖ്യാനത്തിനിണങ്ങുംവിധം ഭാഷയെ സരളമധുരമായും പ്രൗഢഗംഭീരമായും ചടുലവേഗമാർന്നും ഉപയോഗിക്കുന്നതിന് അദ്ദേഹത്തിന് പ്രത്യേക പാടവമുണ്ടായിരുന്നു. അതിനായി ചില സൂക്ഷ്മമായ ആഖ്യാനതന്ത്രങ്ങൾ അദ്ദേഹം സ്വായത്തമാക്കി. മൃദുലവും സരളവുമായ ആഖ്യാനത്തിന് തെളിമലയാളവും പ്രൗഢഗംഭീരമായ തത്ത്വചിന്തകൾക്ക് സംസ്കൃതപ്രചുരമായ മണിപ്രവാളശൈലിയും സ്വീകരിച്ചുപോരുകയാണ് ചെയ്തിരിക്കുന്നത്.

"നിറന്നപീലികൾ നിരക്കവേ കുത്തി

നെറുകയിൽക്കൂട്ടിത്തിറമൊടു കെട്ടി..."

എന്നാരംഭിക്കുന്ന പാർത്ഥസാരഥീവർണ്ണനയിലേയും

"ചക്ഷുശ്രവണ ഗളസ്ഥമാം ദർദ്ദുരം

ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ

കാലാഹിനാ പരിഗ്രസ്തമാം ലോകവു

മാലോലചേതസ്സാ ഭോഗങ്ങൾ തേടുന്നു"

എന്നിങ്ങനെയുള്ള തത്ത്വചിന്തകളിലേയും ഭാഷാരീതി ശ്രദ്ധിച്ചാൽ ഇതു വ്യക്തമാവും. ഒരേസമയം മാതൃഭാഷയോട് സ്നേഹവും സംസ്കൃതത്തോട് ബഹുമാനവും വെച്ചുപുലർത്തിയ കവിവര്യനാണ് എഴുത്തച്ഛൻ. ഇരുഭാഷയുടേയും ശക്തിസൗന്ദര്യങ്ങൾ കൃത്യമായി അറിയുന്ന കവിയായിരുന്നു അദ്ദേഹം. ആ അറിവും ഉചിതജ്ഞതയുമാണ് അദ്ദേഹത്തിലെ കവിയെ കാലാതിവർത്തിയാക്കിയത്.

ക്രിയാപദങ്ങളോ സമുച്ചയനിപാതങ്ങളോ തുടർച്ചയായി പ്രയോഗിച്ച് സന്ദർഭത്തെ ശ്രദ്ധേയവും ഊർജ്ജസ്വലവുമാക്കുന്ന എഴുത്തച്ഛന്റെ ശൈലിയും ശ്രദ്ധേയമാണ്.

"തിങ്ങിമുഴങ്ങി പൂഴങ്ങി പ്രപഞ്ചവു

മെങ്ങുമിടതൂർന്ന മാറ്റൊലിക്കൊണ്ടുതേ"

"ആർത്തുവിളിച്ചു കളിച്ചുപുളച്ചു ലോ

കാർത്തി തീർത്തിടുവാൻ മർക്കടസംഘവും"

"പിന്നെയുണർന്നിരുന്നും, കിടന്നും, മകൻ

തന്നെയോർത്തും, കരഞ്ഞും, പറഞ്ഞും സദാ"

എന്നിങ്ങനെ എഴുത്തച്ഛൻകൃതികളിലെ ചടുലകാന്തിക്ക് ഉദാഹരണങ്ങൾ ഒട്ടേറെയുണ്ട്. ഈ ആർജ്ജവം കണ്ടിട്ടാവാം മഹാഭാരതയുദ്ധം നേരിട്ടുകണ്ട ഗന്ധർവ്വന്റെ അവതാരമെന്ന് അദ്ദേഹം വാഴ്ത്തപ്പെട്ടത്. എഴുത്തച്ഛന്റെ ജനനവും ജീവിതവുമായി ബന്ധപ്പെട്ട എല്ലാ ഐതിഹ്യകഥകളും അദ്ദേഹത്തിന്റെ അമാനുഷികമായ കാവ്യപ്രഭാവം കണ്ടറിഞ്ഞ വിസ്മയകുതൂഹലങ്ങളിൽ നിന്നും രൂപപ്പെട്ടതാണ്.

ശബ്ദശക്തികൊണ്ട് അന്തരീക്ഷസൃഷ്ടി നടത്തുന്ന കൈയൊതുക്കവും അദ്ദേഹത്തിന്റെ തൂലികയ്ക്കുണ്ട്.

"വെള്ളത്തിലെത്തിര തള്ളുന്നതുപോലെ

തുള്ളിനടക്കുന്ന വെള്ളക്കുതിരകളും"

എന്ന വരിയുടെ ദൃശ്യഭംഗി അവാച്യംതന്നെ. പ്രസിദ്ധമായ പാർത്ഥസാരഥീവർണ്ണനയും മികച്ച ഉദാഹരണമാണ്

"ചാടിപ്പതിക്കയും കൂടെക്കുതിക്കയും

മാടിത്തട്ടുക്കയും കൂടെക്കൊട്ടുക്കയും

ഓടിക്കഴിക്കയും വാടിവിയർക്കയും

മാടിവിളിക്കയും കോപിച്ചട്ടുക്കയും"

എന്നത് മറ്റൊരുദാഹരണം.

ഭാവാനുസാരിയായ വൃത്തസ്വീകരണത്തിലും അദ്ദേഹം ശ്രദ്ധയൂന്നി. കിളിപ്പാട്ടുവൃത്തങ്ങൾ എന്ന ഒരു ഗണംതന്നെ ഭാഷയിലുണ്ടാക്കാൻമാത്രം ശക്തമായിരു

ന്നു അദ്ദേഹത്തിന്റെ വൃത്തസ്വീകാര്യരീതി. എന്നാൽ അക്കാര്യത്തിലും പൂർവസൂരികൾക്കു നേരിട്ട തളർച്ചയും കൃത്യതയും അദ്ദേഹം ശ്രദ്ധിച്ച എന്നതാണു വാസ്തവം. കുരുക്ഷേത്രയുദ്ധവർണ്ണനയ്ക്ക് അന്നനടവൃത്തം പോരായ്കയില്ലെന്ന് എഴുത്തച്ഛൻ ഉറപ്പിച്ചതിനു പിന്നിലെ പ്രധാനകാരണം ഗാഥാവൃത്തംകൊണ്ട് മഹാകാവ്യം രചിച്ച ചെറുശ്ശേരിയുടെ മനസ്സാന്നിധ്യം തന്നെയാണ്. താളഘടനസ്സുകളിൽ വ്യത്യസ്തതപുലർത്തുന്ന പലതരം വൃത്തം ഉപയോഗിക്കുന്നത് ബൃഹദാഖ്യാനങ്ങളുടെ ആഖ്യാനത്തെ വൈചിത്ര്യസുന്ദരമാക്കുമെന്ന് തിരിച്ചറിയാനുള്ള വിവേകവും എഴുത്തച്ഛനുണ്ടായി. കേക, കാകളി, കളകാഞ്ചി, മണികാഞ്ചി, മിശ്രകാകളി, ഊനകാകളി, അന്നനട എന്നീ വൃത്തങ്ങളെല്ലാം അദ്ദേഹം സമർത്ഥമായി പ്രയോജനപ്പെടുത്തി. അദ്ദേഹത്തിനു മുമ്പുതന്നെ പ്രചാരത്തിലുണ്ടായിരുന്ന ദ്രാവിഡവൃത്തരൂപങ്ങൾക്ക് നിയമവും വ്യവസ്ഥയും നൽകി ചിട്ടപ്പെടുത്തിയത് എഴുത്തച്ഛനാണ്. പില്ക്കാലത്ത് വള്ളത്തോളും വൈലോപ്പിള്ളിയും ചുള്ളിക്കാടും ഉൾപ്പെടുന്ന പിൻഗാമികൾക്ക് തുണയായത് കിളിപ്പാട്ടുവൃത്തങ്ങളാണെന്നതും വിസ്മരിച്ചുകൂടാ. രണ്ടുകാലഘട്ടങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ഒരു ഇടക്കണ്ണിയായിട്ടാണ് എഴുത്തച്ഛന്റെ നില എന്നു വ്യക്തം.

അലങ്കാരകല്പനകളിലെ പാകതയ്ക്കു വഴികാണിച്ചതും പൂർവസൂരികളാണെന്നു കാണാൻ കഴിയും. അതിമനോഹരങ്ങളായ കല്പനകൾ കാവ്യത്തിനു നൽകുന്ന ശോഭവ്യക്തമായത് കണ്ണശ്ശകൃതികളിലൂടെയാവാം. അതിധാരാളമായ കല്പനകളെ കൈയൊതുക്കത്തോടെ പ്രയോഗിക്കണമെന്ന ചിന്ത അദ്ദേഹത്തിൽ ഉരുത്തിരിഞ്ഞത് കൃഷ്ണഗാഥയിലെ ഉൽപ്രേക്ഷാപ്രളയം കണ്ടിട്ടുമാവാം. അലങ്കാരകാര്യത്തിൽ ഔചിത്യമാണ് എഴുത്തച്ഛനു മാനദണ്ഡം. സന്ദർഭത്തോടിണങ്ങിയ അലങ്കാരങ്ങൾ മാത്രം അദ്ദേഹം ഉപയോഗിച്ചു. കൃത്രിമത്വത്തിന് അവിടെ സ്ഥാനമില്ല.

"പൊന്നണിഞ്ഞാനകൾ മുൾത്തടി കൈക്കൊണ്ടു

പൊന്നിൻ മലകൾ നടക്കുന്നതുപോലെ"

എന്നത് ഒരുദാഹരണം മാത്രം.

ഏതെങ്കിലും ഒരു രസത്തിന്റെ മാത്രം പ്രാമുഖ്യം എഴുത്തച്ഛൻ കൃതികളിലില്ല. ഉണ്ടെങ്കിലത് ഭക്തി മാത്രമാണ്. അതൊട്ട് രസപദവിയിൽ പരിഗണിക്കപ്പെട്ടിട്ടുമില്ല. ഏതു രസവും തന്റെ നാരായത്തിനു വഴങ്ങുമെന്ന് തെളിയിച്ച പ്രതിഭയാണദ്ദേഹം. വാത്സല്യം, രതി, ക്രോധം, ഭയം, ഭക്തി, മദം, മാത്സര്യം, ദൈന്യം എന്നുവേണ്ട സർണ്ണഭാവങ്ങളും തികഞ്ഞ പാടവത്തോടെ സ്ഫുരിപ്പിക്കാൻ എഴുത്തച്ഛന് കഴിഞ്ഞിട്ടുണ്ട്.

ലോകപരിചയവും, ഭാഷാസ്വാധീനവും മനഃപക്വതയും, അനുഭവജ്ഞാനവും ഒത്തിണങ്ങുന്നവർക്കു

**ഏതെങ്കിലും ഒരു രസത്തിന്റെ മാത്രം പ്രാമുഖ്യം എഴുത്തച്ഛൻ കൃതികളിലില്ല. ഉണ്ടെങ്കിലത് ഭക്തി മാത്രമാണ്. അതൊട്ട് രസപദവിയിൽ പരിഗണിക്കപ്പെട്ടിട്ടുമില്ല. ഏതു രസവും തന്റെ നാരായത്തിനു വഴങ്ങുമെന്ന് തെളിയിച്ച പ്രതിഭയാണദ്ദേഹം. വാത്സല്യം, രതി, ക്രോധം, ഭയം, ഭക്തി, മദം, മാത്സര്യം, ദൈന്യം എന്നുവേണ്ട സർണ്ണഭാവങ്ങളും തികഞ്ഞ പാടവത്തോടെ സ്ഫുരിപ്പിക്കാൻ എഴുത്തച്ഛന് കഴിഞ്ഞിട്ടുണ്ട്.**

മാത്രമേ സൂക്തങ്ങൾ രചിക്കാനാവൂ. സൂക്തിരത്നങ്ങളുടെ കലവറയാണ് എഴുത്തച്ഛൻ കൃതികൾ. അദ്ദേഹത്തിലെ സഹായിഭാവമായ ആചാര്യബോധമാണ് ഇത്തരത്തിലുള്ള ഉൽഘോഷണങ്ങളിലൂടെ ജനതയ്ക്ക് വഴികാട്ടാൻ സഹായിക്കുന്നത്. കേരളീയമുദ്രകൾ തെളിമയോടെ നിരത്താനും എഴുത്തച്ഛൻ തന്റെ കൃതികളിൽ ശ്രദ്ധിച്ചിട്ടുണ്ട്. പാത്രസ്വഭാവത്തിലും സംഭാഷണങ്ങളിലും ആചാരമര്യാദകളിലും യുദ്ധമുറകളിലും പശ്ചാത്തലവർണ്ണനകളിലും കേരളീയമായക്രമങ്ങൾ അദ്ദേഹം ശ്രദ്ധയോടെ പാലിച്ചുപോന്നു. അഷ്ടമംഗല്യം, നിറപറ, നിലവിളക്ക്, ചാണകം മെഴുകൽ, പഴുക്ക, ഇളനീർക്കുല, കദളിപ്പൂവും, ചിരട്ട, കരിമ്പടം, കഞ്ഞി, പ്ലാവില, അമ്മാനാട്ടം, കളരിമുറകൾ എന്നിവയെല്ലാം അദ്ദേഹത്തിന്റെ കൃതികളിൽ പരാമൃഷ്ടമായ കേരളീയ മുദ്രകളാണ്. ദ്രാവിഡമായൊരു കഥനരീതിയും അദ്ദേഹം പിന്തുടർന്നിട്ടുണ്ട്. ഭാഷയിലും വൃത്തസ്വീകാര്യത്തിലും ദ്രാവിഡത്തനിമയ്ക്കാണ് അദ്ദേഹം ഊന്നൽകൊടുത്തത്. നാട്ടുപഴഞ്ചൊല്ലുകളുടെ വൃത്തസാധ്യതപോലും പ്രയോജനപ്പെടുത്തിയതിനെക്കുറിച്ച് "എഴുത്തച്ഛന് ഒരവതാരിക' എന്ന ഗ്രന്ഥത്തിൽ പി. കുഞ്ഞികൃഷ്ണമേനോൻ വിശദീകരിച്ചിട്ടുണ്ട്. സംസ്കൃതപദങ്ങളെപ്പോലും സ്വകീയതമെന്നമട്ടിൽ ക്ലേശലേശമന്യേ പ്രയോഗിച്ചിരിക്കുന്നതു കാണാം. ഇതിഹാസകൃതികളെ തന്റേതായ ആഖ്യാനതന്ത്രങ്ങളിലൂടെ ആവിഷ്ക്കരിച്ചതുവഴി അവയ്ക്ക് സ്വതന്ത്രകൃതികളുടെ ശക്തിസൗന്ദര്യങ്ങൾ കൈവരുത്താൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. കാലാതിവർത്തിയായ പ്രശസ്തിയും പ്രസക്തിയും ഈ കൃതികൾക്കു ലഭിച്ചത് അവയുടെ ഇത്തരത്തിലുള്ള സ്വത്വപ്രകാശനനൈപുണ്യത്താലാണ്. പഴയ വീഞ്ഞിനെ പുതിയ കുപ്പിയിലേക്കു പകർത്തിയപ്പോൾ അദ്ദേഹം കലർത്തിയ രുചിക്കൂട്ടിന്റെ പാകതയാണ് അവയെ മലയാളഭാഷയിൽ ഐതിഹാസികമാനമുള്ള കൃതികളായി സ്ഥാനപ്പെടുത്തിയത്. ഈ രുചിക്കൂട്ടിന്റെ ആഖ്യാനതന്ത്രത്തിന്റെ അനന്യതയാലാണ് അവ മലയാളഭാഷയ്ക്ക് മാനകമായത്. ഏതു വികാരവും, ഏതു മഹത്തായ ആശയവും ചോർന്നുപോകാതെ വിനിമയം ചെയ്യാൻ തക്കവണ്ണം മലയാളഭാഷയെ രൂപപ്പെടുത്തിയതിൽ എഴുത്തച്ഛന്റെ സ്ഥാനം അദ്വിതീയം തന്നെയാണ്. നൂറ്റാണ്ടുകൾക്കിപ്പുറവും അദ്ദേഹത്തിന്റെ ഭാഷ വലിയ മാറ്റമില്ലാതെ ഉപയോഗിച്ചുപോരുന്നു എന്നതു തന്നെയാണ് അദ്ദേഹം ക്രമപ്പെടുത്തിയ ഭാഷാക്രമണികയുടെ കരുത്ത്.

"മലയാളത്തിൽ ഒന്നാമത്തെ കാവ്യം കൃഷ്ണഗാഥയാണെങ്കിൽ അങ്ങിനെയിരുന്നുകൊള്ളട്ടെ. ഒന്നാമത്തെ കവി എഴുത്തച്ഛൻ തന്നെയാണെന്നു സഹൃദയന്മാർ ആരും സശിരഃകമ്പം സമ്മതിക്കുക തന്നെ ചെയ്യും" എന്ന് കെ. രാഘവൻപിള്ള അഭിപ്രായപ്പെട്ടിരിക്കുന്നു. അപ്പോഴും സ്രഷ്ടാവിന്റെയല്ല, സംശോധകന്റേയും സംസ്ഥാപകന്റേയും സ്ഥാനമാണ് അദ്ദേഹത്തിന് ചാർത്തിക്കൊടുത്തിരിക്കു

ന്നത് എന്ന് സൂക്ഷ്മദൃക്കുകൾക്കു വ്യക്തമാവുന്നതാണ്.

സംസ്കൃതവും തമിഴും മലയാളവും, തെലുങ്കും നല്ലവണ്ണം അറിയാവുന്ന ബഹുഭാഷാപണ്ഡിതനായിരുന്നു എഴുത്തച്ഛൻ. എന്നിരുന്നിട്ടും അക്കാലത്ത് പ്രശസ്തി ലഭിക്കുമായിരുന്ന സംസ്കൃതത്തെ പാകത്തിനുമാത്രം ഉപയോഗപ്പെടുത്തി മലയാളത്തെ മാധ്യമമാക്കി സ്വീകരിക്കാൻ പ്രകടിപ്പിച്ച ആത്മധൈര്യം പ്രശംസാർഹമാണ്. തന്റെ മാധ്യമത്തെ തേച്ചുമിനുക്കി കാന്തിയും, ഓജസ്സും വർദ്ധിപ്പിക്കാൻ പ്രദർശിപ്പിച്ച സമർപ്പണമനോഭാവത്തിന് കൈരളി എന്നും ആ ക്രാന്തദർശിയോട് കടപ്പെട്ടിരിക്കുന്നു. എക്കാലവും പരിഷ്കൃതവും കാര്യക്ഷമവുമാണ് അദ്ദേഹം പിന്തുടർന്നുപോന്ന ഭാഷാരീതി എന്നതിന് കാലംസാക്ഷി.

എന്നാൽ സംസ്കൃതത്തെ വേണ്ടുംവണ്ണം പ്രയോജനപ്പെടുത്തുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു. കന്തീവാക്യത്തിലെ അറുപതോളം വരികൾ സംസ്കൃതം മാത്രമാണ്. വിദുരവാക്യം തനിവേദാന്തമാണ്. വിശേഷണവിശേഷ്യപ്പൊരുത്തങ്ങളിലും തനതുശൈലി കാത്തുപോന്നതിനാലാണ് എഴുത്തച്ഛന്റെ ഹനുമാൻ സീതാദേവിയോട് "ദൂതോസ്മി കോസലേന്ദ്രസ്യ രാമസ്യ ഞാൻ" എന്നു പറഞ്ഞത്. രാമായണത്തിന്റെ ഫലശ്രുതി പറയുന്നിടത്ത് "മുക്തനായീടും മഹാപാതകങ്ങളാൽ" എന്നു കുറിച്ചിരിക്കുന്നു. ഇതു സംസ്കൃതരീതിയാണ്. "മഹാപാതകങ്ങളിൽ' എന്നതാണ് മലയാള മട്ട്. ഇത്തരം ധാരാളം ഭാഷാശാസ്ത്രപരമായ പ്രത്യേകതകൾ എഴുത്തച്ഛൻ പഠനങ്ങളിലൂടെ നമുക്കു വ്യക്തമാണ്. ചതുക്കത്തിൽ "തദ്ദത്തമം ഭാഷാരസപ്രാധാന്യേ' എന്ന് ഉത്തമ മണിപ്രവാളത്തിന് ലീലാതിലകകാരൻ ലക്ഷണം കല്പിച്ചെന്നിലും അത് പ്രാവർത്തികമായത് എഴുത്തച്ഛന്റെ കൃതികളിലാണെന്നു കാണാം. ഭാഷകളെ സാത്മീകരിക്കാനുള്ള പാടവം അദ്ദേഹത്തിന് അത്രമേൽ സ്വായത്തമായിരുന്നു. കവിമാതിൻ നീണ്ട കൺമുന സൈ്വര്യംസ്ഥിതിചെയ്തിരുന്ന ഈ ദൈവജ്ഞൻ പൈതലാം മലയാളഭാഷയുടെ ശരിയായ ജാതകം കുറിച്ചു പുതുമലയാണ്മതൻ മഹേശ്വരനാണെന്ന് കവിപാടിയതിൽ അതിശയോക്തിയില്ല.

സംസ്കൃതമെന്നും മലയാളമെന്നും ഭിന്നതയില്ലാത്ത ഒരു നവഭാഷയായിരുന്നു എഴുത്തച്ഛന്റെ രചനാസത്വത്തിലെ ഭാഷയെന്നും, ആ ഭാഷയിലേക്ക് അദ്ധ്യാത്മരാമായണം മൂലത്തിലെ ആശയങ്ങളും വാല്മീകി ഇടങ്ങിയുള്ള സംസ്കൃത മഹാകവികളുടെ വിശിഷ്ടകല്പനകളും, കണ്ണശ്ശനെപ്പോലുള്ള പാട്ടുമണിപ്രവാളക്കാരുടെ കല്പനകളും വിചിത്രമായ ഒരുതരം ഭാഷാന്തരീകരണത്തിലൂടെ പുനഃസൃഷ്ടിചെയ്തെടുക്കുകയാണ് എഴുത്തച്ഛൻ ചെയ്തതെന്നും മലയാളഭാഷയുടെ നൈസർഗ്ഗികകാന്തിയും ജീവനും സ്പന്ദിച്ചുനിൽക്കുന്ന എഴുത്തച്ഛന്റെ ഓരോ വരിയും വ്യക്തമാക്കുക തന്നെ ചെയ്യുന്നുണ്ട് എന്ന് പി.കെ. ബാലകൃഷ്ണൻ "എഴുത്തച്ഛന്റെ കല' എന്ന പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടേയും "പുനഃസൃഷ്ടി' എന്ന വാക്ക് ശ്രദ്ധേയമാണ്.

സൃഷ്ടിക്കുകയല്ല, നിലവിലുണ്ടായതിനെ ഉടച്ചുവാർത്ത് കരുത്തേറ്റുകയാണ് അദ്ദേഹം ചെയ്തതെന്നും സ്പഷ്ടം. ഈ ഉടച്ചു വാർക്കലിന് ഒരു വിപ്ലവബോധം ഉള്ളിലെരിയണം. ആ ബോധത്തിന്റെ ഉൾച്ചൂട് എഴുത്തച്ഛൻ കവിതകളിലെമ്പാടും പ്രസരിക്കുന്നുണ്ട്. പൂർവ്വസൂരികളായ അബ്രാഹ്മണകവികളെല്ലാം തൊടാൻ ഭയപ്പെട്ടിരുന്ന, ഒഴികഴിവുകളിലൂടെ മാത്രം വെളിപ്പെടുത്തിയ ആവിഷ്ക്കാരസ്വാതന്ത്ര്യത്തെ നയചാതുര്യത്തോടെ എടുത്തുപയോഗിച്ചത് എഴുത്തച്ഛനാണ്.

അദ്ധ്യാത്മരാമായണത്തിലും ശ്രീമഹാഭാരതത്തിലും അത് കിളിമകളെ മുൻനിർത്തിയാണെന്നിൽ ഹരിനാമകീർത്തനത്തിലതൊരു തുറന്നെഴുത്താണ്.

"ജ്ഞരവായ പെണ്ണിനുമിരപ്പനും ദാഹകനും

പതിതന്നുമഗ്നിയജനം ചെയ്ത ഭൂസുരനും

ഹരിനാമ കീർത്തനമിതൊരുനാളുമാർക്കുമുട

നരുതാത്തതല്ല ഹരിനാരായണായ നമഃ."

ബ്രാഹ്മണർക്കും ത്രൈവർണ്ണികർക്കെതിരെയുള്ളൊരു താക്കീതായി മാറുന്നു ഇവിടെ കവിത. മുൻപു സൂചിപ്പിച്ചുപോന്ന ഭാഷാപരവും സാഹിത്യപരവുമായ വിപ്ലവചിന്തകൂടി ചേർത്തു വായിക്കുമ്പോഴേ ഈ നിരീക്ഷണം കൂടുതൽ യുക്തിസഹമാവൂ. രചനാധ്യാനത്തിൽ കർമ്മക്ഷമമാകുന്ന എഴുത്തച്ഛന്റെ പ്രജ്ഞയിൽ പാട്ടുമണിപ്രവാളഭാഷ, നമ്പൂരി മണിപ്രവാളഭാഷ, കേരളജനതയുടെ അന്നത്തെ നിത്യവ്യവഹാരഭാഷയായിരുന്ന മലയാളഭാഷ, ആഢ്യഭാഷയായ സംസ്കൃതഭാഷ ഇങ്ങനെയുള്ള ഭാഷകൾ ഭിന്നമായി നിലനിന്നിരുന്നില്ലെന്നും തന്റെ രചനാകർമ്മത്തിലൂടെ വെളിച്ചം കാണേണ്ട പ്രൗഢമലയാളഭാഷ മാത്രമാണവിടെ ഉണ്ടായിരുന്നതെന്നും പി.കെ. ബാലകൃഷ്ണൻ നിരീക്ഷിച്ചിട്ടുണ്ട്. ശിഥിലപ്രവാഹിയെ സംയോജിപ്പിച്ച കർമ്മധീരനാണിവിടെ എഴുത്തച്ഛൻ. ഏതു ഗഹനവും സരളവുമായ വിഷയവും കൈകാര്യം ചെയ്യാനാവുംവിധം പ്രൗഢമായ മലയാളഭാഷ രൂപപ്പെട്ടത് എഴുത്തച്ഛനിലൂടെയാണ്. എന്നാലത് എഴുത്തച്ഛൻ എന്ന വ്യക്തിയുടെ അമാനുഷിക സിദ്ധിയാലല്ല വായിക്കപ്പെടേണ്ടത്; കാലഘട്ടത്തിന്റെ അനിവാര്യതയും ആവശ്യകതയുമായിരുന്നു ഈ പരിവർത്തനം. പണ്ഡിതനും ഉചിതജ്ഞനുമായ എഴുത്തച്ഛൻ ആ ചരിത്രസന്ധിയിലെ പരികർമ്മിയായി എന്നുമാത്രം. ഭാഷയുടെ മാനകീകരണം കേവലനായൊരു മനുഷ്യന്റെ കൈപ്പിടിയിലൊതുങ്ങുന്നൊരു യജ്ഞമല്ല. നൂറ്റാണ്ടുകളുടെ തപസ്യയും സാധനയും സാഹചര്യവും ഒത്തുചേർന്നാൽ മാത്രം സാധിക്കുന്ന അനിതരസാധാര

**ശിഥിലപ്രവാഹിയെ സംയോജിപ്പിച്ച കർമ്മധീരനാണിവിടെ എഴുത്തച്ഛൻ. ഏതു ഗഹനവും സരളവുമായ വിഷയവും കൈകാര്യം ചെയ്യാനാവുംവിധം പ്രൗഢമായ മലയാളഭാഷ രൂപപ്പെട്ടത് എഴുത്തച്ഛനിലൂടെയാണ്. എന്നാലത് എഴുത്തച്ഛൻ എന്ന വ്യക്തിയുടെ അമാനുഷിക സിദ്ധിയാലല്ല വായിക്കപ്പെടേണ്ടത്; കാലഘട്ടത്തിന്റെ അനിവാര്യതയും ആവശ്യകതയുമായിരുന്നു ഈ പരിവർത്തനം.**



തുഞ്ചൻപറമ്പ്

ണമായൊരു പ്രക്രിയയാണ് ഭാഷയുടെ മാനകീകരണം. മുൻഗാമികളിലൊന്നും ഒത്തിണങ്ങിക്കാണാത്ത ചില പ്രവണതകളുടെ സംയോജനം എഴുത്തച്ഛനിൽ ഒത്തിണങ്ങിയതു വഴി ഈ പ്രക്രിയക്ക് ചുക്കാൻ പിടിക്കാൻ അദ്ദേഹത്തിനായി എന്നതിനാലാണ് (അതിനാൽ മാത്രമാണ്) മലയാളഭാഷയുടെ മാനകീകരണത്തിൽ അദ്ദേഹം പ്രാതസ്മരണീയനായത്. തനിമയുള്ള ഭാഷാശൈലി ചെറുശ്ശേരിയിൽ നിന്നുതന്നെ നമുക്ക് സിദ്ധമായിരുന്നു എന്നതും മറന്നുകൂടാ. ബാഹ്യമായ പദനിബന്ധനാക്രമം എന്നുമാത്രമാണ് (ആത്മപ്രകാശന രീതിയല്ല) അർക്കമാക്കുന്നതെന്നിൽ മലയാളത്തിന്റെ മാനകഭാഷ കൃഷ്ണഗാഥയിൽതന്നെ രൂപപ്പെട്ടു കഴിഞ്ഞു. ചെറുശ്ശേരിയുടെ ഭാഷയ്ക്ക് ഓജസ്സും അല്പചില പൊടിക്കൈകളും കൂടി ചേർത്തതാണ് എഴുത്തച്ഛന്റെ ഭാഷ.

നാടിനെ ഉണർത്തിയ, ഭാഷയെ പരിപക്വമാക്കിയ നാട്ടെഴുത്തച്ഛൻ തന്നെയാണദ്ദേഹം. കാലാതിവർത്തിയായ കവിയെന്നതിനോടൊപ്പം കാലഘട്ടത്തിന്റെ കവികൂടിയാണ് എഴുത്തച്ഛനെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആ പ്രത്യേക ചരിത്രസന്ധി ഉൾപ്പെടുന്ന കാലഘട്ടം രൂപപ്പെട്ടുവന്നത് നൂറ്റാണ്ടുകളുടെ പരിശ്രമത്താലാണ്. പഴമയിൽ നിന്നു വിട്ടുപോരാനുള്ള ശ്രമത്തെ എഴുത്തച്ഛൻ അല്പമൊന്നു ദ്രുതപ്പെടുത്തിയിരിക്കാം എന്നല്ലാതെ എഴുത്തച്ഛനാണ് ഭാഷാശൈലി പരിഷ്ക്കരിച്ചത് എന്ന വാദത്തിന് വസ്തുതകൾ പരിശോധിക്കുമ്പോൾ ഗണ്യമായ ബലക്കുറവു വരാം എന്ന് കെ.എൻ. എഴുത്തച്ഛൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏതൊരെഴുത്തുകാരനും, അയാൾ മൗലികപ്രതിഭതന്നെയാണെങ്കിലും പൂർണ്ണമായും പാരമ്പര്യത്തിൽ നിന്നും മുക്തനല്ല എന്ന സത്യം "പാരമ്പര്യവും വ്യക്തിനിഷ്ഠമായ വാസനയും' എന്ന ഗ്രന്ഥത്തിൽ അമേരിക്കൻ കവിയും നിരൂപകനുമായ എലിയട്ട് ആവർത്തിച്ച് ഉറപ്പിക്കുന്നുണ്ട്. ചങ്ങലയിലെ ഒരു കണ്ണി ബലിഷ്ഠമാകുന്നത്, അതിന് തൊട്ടുമുൻപും പിൻപുമുള്ള കണ്ണികളോട് ദൃഢമായി ബന്ധം ഉള്ളതുകൊണ്ടാണ് അല്ലെങ്കിൽ അതൊരു വട്ടപ്പൂജ്യം മാത്രം.

മലയാളഭാഷയുടെ മാനകീകരണത്തെ അടിസ്ഥാനമാക്കി എഴുത്തച്ഛനെ മുൻനിരയിൽ സ്ഥാനപ്പെടുത്തുമ്പോൾ അതിനുപിറകിലായി നിറഞ്ഞും തെളിഞ്ഞും നിഴലനക്കമായും കാണുന്ന പൂർവസൂരികളെ കാണാതെ പോകുന്നത് അക്ഷന്തവ്യമായ അപരാധം തന്നെയാണ്. പില്ക്കാലഭാഷയിലും സാഹിത്യത്തിലും അദ്ദേഹത്തിന്റേതായിപ്പതിഞ്ഞ കൈയൊപ്പുകൾ ഈ ധാരണയുടെബലത്തിലാവണം പരിശോധിക്കേണ്ടത്.

## ഗ്രന്ഥസൂചി


എഴുത്തച്ഛൻ, അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, 2ാംപ. തിരുവിതാംകൂർ: ദേവസ്വം ബോർഡ്, 1963.

എഴുത്തച്ഛൻ, ശ്രീമഹാഭാരതം കിളിപ്പാട്ട്, കോട്ടയം: നാഷണൽ ബുക് സ്റ്റാൾ , 1967.

എഴുത്തച്ഛൻ, ഹരിനാമകീർത്തനം, 2ാംപ, തിരു: ഉള്ളൂർ പബ്ലിക്കേഷൻസ്, 1965.

എഴുത്തച്ഛൻ, കെ. എൻ, തുഞ്ചത്തെഴുത്തച്ഛൻ 3ാംപ, കോട്ടയം: നാഷണൽ ബുക് സ്റ്റാൾ, 1955.

ഒരു സംഘം ലേഖകർ, തുഞ്ചൻപ്രബന്ധങ്ങൾ, തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 1976

കുഞ്ഞികൃഷ്ണമേനോൻ, പി., എഴുത്തച്ഛന് ഒരവതാരിക, കോട്ടയം: നാഷണൽ ബുക് സ്റ്റാൾ, 1972.

കൃഷ്ണൻനമ്പൂതിരി, എം., എഴുത്തച്ഛൻ പഠനങ്ങൾ, കൊല്ലം: ചന്ദ്രമന ബുക്സ്, 2003.

കൃഷ്ണപിള്ള, എൻ, കൈരളിയുടെ കഥ, 3ാംപ, കോട്ടയം: ഡി.സി. ബുക്സ്, 2005.

രാമചന്ദ്രൻനായർ പന്മന, സമ്പൂർണ്ണമലയാളസാഹിത്യചരിത്രം, കോട്ടയം: പി.കെ. പരമേശ്വരൻനായർ സ്മാരക ട്രസ്റ്റ്, 2008.

പരമേശ്വരൻപിള്ള എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, 12ാംപ, കോട്ടയം: ഡി.സി. ബുക്സ്, 2012.

പരമേശ്വരയ്യർ ഉള്ളൂർ, കേരളസാഹിത്യചരിത്രം, തിരുവനന്തപുരം: കേരളസർവ്വകലാശാല പ്രസിദ്ധീകരണവകുപ്പ്, 1979.

ബാലകൃഷ്ണൻ. പി.കെ., എഴുത്തച്ഛന്റെ കല, തൃശ്ശൂർ: കറന്റ് ബുക്സ്, 2002.

രാഘവൻപിള്ള. കെ., എഴുത്തച്ഛൻ, ഭാരതീയ സാഹിത്യശില്പികൾ, ന്യൂഡൽഹി: കേന്ദ്രസാഹിത്യഅക്കാദമി, 1997.

വസന്തൻ, എസ്.കെ, പടിഞ്ഞാറൻ കാവ്യമീമാംസ മലയാളികൾക്ക്, തൃശ്ശൂർ: മലയാളപഠനഗവേഷണകേന്ദ്രം, 2015.

# സംസാരിച്ചു തുടങ്ങിയ കളിമുറി

നിങ്ങൾ വിശ്വസിച്ചാലും, ഇല്ലെങ്കിലും സംഭവം സത്യമാണ്, ലേഡീസ്സ് ഹോസ്റ്റലിലെ കളിമുറിയ്ക്ക് സംസാരശേഷി കിട്ടി. അത് ആദ്യം സംസാരിച്ചുതുടങ്ങിയത് മഴയുള്ളൊരു രാത്രിയിലാണ്. അതും അവിടുത്തെ നൈറ്റ് വാച്ചറിനോട്. സന്യാസ്സദീക്ഷ സ്വീകരിക്കാനൊരുങ്ങി നിൽക്കുന്ന അയാളെ ആ സംസാരം സംഭ്രമിപ്പിച്ചുന്നു പ്രത്യേകം പറയണ്ടതില്ലല്ലോ?

ക്ലാരയുടെ ചില ശീലങ്ങളെക്കുറിച്ചു പരാതിപ്പെട്ടു കൊണ്ടാണ്, അവിശ്വസനീയമായ ഈ സംസാരത്തിനു കളിമുറി തുടക്കമിട്ടത്. ബഹുമാനാർത്ഥം കളിമുറിയെ അദ്ദേഹമെന്നോ അവളെന്നോ അവരെന്നോ ഒക്കെ വിളിക്കേണ്ടതല്ലേയെന്നൊരു ശങ്കയില്ലാതില്ല കാരണം അതിപ്പോൾ പ്രവാചകന്റെയോ ദൃക്സാക്ഷിയുടെയോ വെളിച്ചപ്പാടിന്റെയോ കുപ്പായത്തിലേക്ക് വലിഞ്ഞു കയറിയിരിക്കുകയാണല്ലോ? മാത്രവുമല്ല ചോരയോട്ടമുള്ള ഈ നൈറ്റ് വാച്ചറിനെ തന്നെ ശ്രോതാവാക്കിയത് എന്തിനാണെന്ന് മനസ്സിലാകാത്ത സ്ഥിതിക്ക് തൽക്കാലം കളിമുറിയെ അത് എന്നു മാത്രം സംബോധനചെയ്യാം.

എന്തു പറയാനാണ് കളിമുറി ഒരുങ്ങുന്നതെന്ന് നൈറ്റ് വാച്ചർക്ക് മനസ്സിലായില്ലെങ്കിലും അതിന്റെ സ്വരസംഭ്രമങ്ങളിൽ നിന്ന് പറയാനുള്ളതല്ല, പറഞ്ഞുതുടങ്ങുന്നതെന്ന് അയാൾ ഊഹിച്ചു. അയാളെ വിശ്വാസ്സത്തിലെടുക്കാനൊരു പഴുതുതേടുകയാവണം. എന്തായാലും ആദ്യം സൂചിപ്പിച്ചതുപോലെ ക്ലാരയുടെ ചില ശീലങ്ങളെക്കുറിച്ചാണ് കളിമുറി സംസാരിച്ചു തുടങ്ങിയത്. മാസത്തിലെ ചില ദിവസ്സങ്ങളൊഴിച്ച് ബാക്കി എല്ലാം ദിവസവും ക്ലാര കരഞ്ഞത് രണ്ടുവട്ടമെങ്കിലും കളിക്കുമെന്നോ മറ്റോ ആയിരിക്കും.

സന്ധ്യ വി. സതീഷ്
ദേവസ്വം ബോർഡ് കോളേജ്,
തലയോലപ്പറമ്പ്





ശെൽവിക്ക് ദ്വന്താശരീരമാണെന്നാണ്, കളിമുറിയുടെ സുപ്രധാനമായ മറ്റൊരു കണ്ടെത്തൽ. അവളുടെ ഇടിഞ്ഞ സ്തനങ്ങളും തേമ്പിയ നിതംബങ്ങളും അത് മാത്രമേ കണ്ടിട്ടുള്ളൂന്നാണ് അത് പറയുന്നത്. വിവിധയിനം പാഡുകൾ മാർക്കറ്റിൽ കിട്ടുമെന്ന് കളിമുറി അറിയുന്നതുതന്നെ അങ്ങനെയാണ്. കളിമുറിയുടെ വാതിൽ തുറന്നവൾ ഇറങ്ങുന്നത്, മറ്റൊരു സ്ത്രീയായാണ് മദാലസയായി, അവളുടെ കൂട്ടുകാരികളുടെ രഹസ്യസംഭാഷണത്തിൽ നിന്നാണെങ്കിൽ, മസാലദോശയായി.

ഒരു പാതിരാത്ത് ആരതിയും ആമിനയും ഒരുമിച്ച് കളിച്ചെന്നും ഒറ്റശ്വാസത്തിൽ അത് വിളിച്ചുകൂവി. മീരയുടെ അത്ര സ്തനസൗന്ദര്യം ആർക്കുമില്ലെന്നുകൂടി അതിന് അഭിപ്രായമുണ്ട്. അവസരം കൊടുത്താൽ ഇതുപോലെ പലതിന്റെയും സൗന്ദര്യം അതു വർണ്ണിക്കുമായിരിക്കുമെന്നോർത്ത് സ്വതവേ ചോരയോട്ടമുള്ള നൈറ്റ് വാച്ചർക്ക് ചോര ഇരമ്പിയാർത്തു.

രാജിയുടെ നാണത്തെക്കുറിച്ച് പറഞ്ഞുവന്നപ്പോൾ കളിമുറിക്കും നാണം വന്നെന്നു തോന്നുന്നു. നാണിക്കാൻ വേണ്ടി ഒന്നുമില്ലെങ്കിലും രാജി ആകെ നാണിച്ചു വശാവുകയല്ലേ? നെല്ലിക്കയുടെ വലിപ്പം പോലുമില്ലെങ്കിലും രാജിയുടെ നാണം കണ്ടാൽ നാണിക്കാത്തവരും നാണിച്ചു പോകുമെന്നാണ് കളിമുറിയുടെ വിലയിരുത്തൽ. അടിവസ്ത്രങ്ങളുടെ വില സ്റ്റിക്കർ എടുത്തു കൂടെ കൂടെ അതിന്റെ ദേഹത്തേക്ക് അമർത്തുന്നതാണ് ചിലരുടെ നേരമ്പോക്കെന്ന് പറയുമ്പോൾ, അതിന്റെ മുഖത്തെന്തോ തമാശ പറഞ്ഞ ഭാവമായിരുന്നു.

തെല്ലൊരു പുച്ഛത്തോടെയാണ്, കളിക്കുമ്പോഴും എല്ലാം ഒളിപ്പിച്ചു വെയ്ക്കുന്ന ആശയെക്കുറിച്ചത് പരാമർശിച്ചത്. ഇതിനി ആരെക്കാണിക്കാനാണെന്നാണ് അതിനു മനസ്സിലാവാത്തത്. കളിമുറിയുടെ താനെത്ര കളികണ്ടതാണെന്ന ഭാവം എന്തുകൊണ്ടോ നൈറ്റ് വാച്ചർക്ക് അത്ര രസിച്ചില്ല.

മുപ്പത്തിയേഴ് വർഷത്തിനിടെ അനേകം മീരമാരും ശെൽവിമാരും, ക്ലാരമാരും കളിച്ചു തോർത്തിപോയിടത്ത്, അന്നു മാത്രം കിട്ടിയ നാവുകൊണ്ട് കളിമുറി എത്ര കഥ പറഞ്ഞു തീർക്കാനാണ്. ആവേശം കാരണം പലതും അത് മറന്നു പോകുന്നുമുണ്ട്. സംഭ്രമം കൊണ്ടാണെങ്കിൽ പോലും, കൂട്ടിയും കിഴിച്ചും, അർദ്ധോക്തിയിൽ നിർത്തിയും സംസാരിക്കുന്നത് കൊണ്ട് മറ്റെന്തോ ആണ് അതിന് തന്നോട് പറയാനുള്ളതെന്ന് നൈറ്റ് വാച്ചർ ഉറപ്പിച്ചു.

ജനറേറ്റർ മുറിയിൽ ഈ വാച്ചർ എന്തെടുക്കുവാ, കറന്റ് ഇതുവരെ വന്നില്ലല്ലോ, എന്നൊരു സ്വരം അവർക്കിടയിൽ ഒരു പഴുത് സൃഷ്ടിച്ചു. ഈ സ്വരം മറ്റാരുടേയും അല്ല, സിസ്റ്റർ ആഗ്നസ്സിന്റേതാണ്.

പറയാനുള്ളതു പറയാൻ പറ്റാതെ ആവുമോന്ന് പേടിച്ചാവണം, മുഖവുരയുടെ മുഖംമൂടി വലിച്ചെറിഞ്ഞ്, കളിമുറി ധൃതിയിൽ വീണ്ടും ശബ്ദിച്ചു തുടങ്ങിയത്. രണ്ടോ മൂന്നോ വർഷങ്ങൾക്ക് മുമ്പ്, ഒരപകട മരണത്തിന്, സാക്ഷിയാകേണ്ടി വന്നതാണ് തന്റെ ജീവിതത്തിലെ ഏറ്റവും വല്യ വെല്ലുവിളിയെന്നാണ് അതു സങ്കടത്തോടെ പറഞ്ഞത്.

എന്തുകൊണ്ടോ നൈറ്റ്‌വാച്ചർക്ക് ആകഥ കേൾക്കാൻ താൽപ്പര്യമേ തോന്നിയില്ല. സന്നിപാതജ്വര ബാധിതയായ അനില ആൻ വർഗീസ് കളിച്ചു കൊണ്ടിരുന്ന സമയം ബാധ ഇളകി കാൽ വഴുതി കളിമുറിയിൽ വീണു. വീണസമയം ഇരുമ്പു കതകിൽ തല ഇടിച്ചു മുറിഞ്ഞു ഏകദേശം മൂന്നു മണിക്കൂർ നേരമെങ്കിലും രക്തം വാർന്നു അവിടെ തന്നെ കിടന്നു മരിച്ചു. അത് നൈറ്റ് വാച്ചർക്കും അറിവുള്ളതാണ്.

അനില ആൻ വർഗീസ് എന്ന പേര് വീണ്ടും വീണ്ടും കേൾക്കാൻ അയാൾക്ക് താൽപ്പര്യം തോന്നിയില്ലന്നു മാത്രമല്ല അതുവരെയുള്ള രസം കെടുത്തുകയും ചെയ്തു. ആ ഈറൻ മഴയിൽ വീണ്ടും, വീണ്ടും ആ പേരു കേൾക്കാൻ വേണ്ടി സമയം കളയേണ്ടതില്ലന്ന തീരുമാനത്തിലേക്ക് എത്തിയതുകൊണ്ട്, അനാമികയെക്കുറിച്ച്, എന്തെങ്കിലും സംസാരിച്ചുകൂടെയെന്ന് അയാൾ കളിമുറിയോട് ഇടയ്ക്കുകയറി ചോദിച്ചു. എന്നാൽ ചോദ്യം കേട്ടതായി പോലും അതു ഭാവിച്ചില്ല. അനില ആൻ വർഗീസിൽ തന്നെയാണ് അതിന്റെ മനസ്സെന്നു തോന്നുന്നു. മൂന്നു മണിക്കൂറിലേറെ നേരം രക്തം വാർന്നു കിടന്ന അനിലയെ കണ്ടെടുക്കുമ്പോൾ ജീവന്റെ അടയാളങ്ങൾ ശേഷിക്കുന്നുണ്ടായിരുന്നെന്നാണ് അതു പറയുന്നത്. ആ പറഞ്ഞത് നൈറ്റ് വാച്ചർക്കും ഉറപ്പുള്ള കാര്യമാണ്. എന്നാൽ തുടർന്നു പറഞ്ഞ കാര്യം കേട്ടിട്ട്, അതിന്റെ നാവ് പിഴുതു കളയാനാണ് അയാൾക്ക് തോന്നിയത്.

കളിമുറിയുടെ ഇരുമ്പു കതകിൽ തല ഇടിച്ച് രക്തം വാർന്നു തുടങ്ങുന്നതിന് മുമ്പ് അനിലയുടേതല്ലാത്ത ഒരു തുവെള്ള ഉടുപ്പുകൂടി അയയിൽ ഉണ്ടായിരുന്നു. തിരക്കിനിടയിൽ മറന്നു വെച്ച വെള്ള കുപ്പായം നിമിഷങ്ങൾക്കുള്ളിൽ അപ്രത്യക്ഷപ്പെട്ടു. സാധാരണ ഇത്തരം സംഭവങ്ങളിൽ വിവരിക്കപ്പെടേണ്ടതുപോലെ കളിമുറിയുടെ വാതിൽ ചവിട്ടി പൊളിച്ചല്ല അനിലയെ പുറത്തെടുത്തത് മറിച്ച് അതു തുറന്നു കിടക്കുകയായിരുന്നു. വളരെ മുമ്പ് നടന്ന കഥയാണ് പറയുന്നതെന്ന് ഉറപ്പുണ്ടായിട്ടും തുവെള്ള ഉടുപ്പെന്നു കേട്ട് ഞെട്ടിയ വാച്ചർ ഒന്നുമാലോചിക്കാതെ താൻ ധരിച്ചിരിക്കുന്ന ഉടുപ്പിലേക്ക് കണ്ണോടിച്ചു. നിറം പരിശോധിച്ചതാവണം, പക്ഷെ എത്ര ശ്രമിച്ചിട്ടും ആ ഇരുട്ടത്ത് തന്റെ ഉടുപ്പിന്റെ നിറം തിരിച്ചറിയാൻ അയാൾക്ക് കഴിഞ്ഞില്ല. കളിമുറി കാണാതിരിക്കാൻ വളരെ ശ്രദ്ധിച്ചാണ് അയാൾ തന്റെ പരിശോധന നടത്തിയത്. തുവെള്ളയല്ലാത്ത ഏതോ നിറമുള്ള ഉടുപ്പാണ് താൻ ധരിച്ചിരിക്കുന്നതെന്ന നിഗമനത്തിൽ അയാൾ പെട്ടെന്നു എത്തിച്ചേരുകയും ചെയ്തു. പക്ഷെ, അപ്പോൾ പാഞ്ഞുവന്ന മിന്നൽ അയാളെ ചതിച്ചു. മഞ്ഞയെന്നോ കറുപ്പെന്നോ നീലയെന്നോ ചുവപ്പെന്നോ കണക്കുകൂട്ടിയ ഉടുപ്പ് തുവെള്ളപോലെ തിളങ്ങി.

സന്നിബാധജ്വര ബാധിതയായ അനില കളിച്ചുകൊണ്ടു നിന്നപ്പോൾ രോഗം ഇളകിയെന്നും കളിമുറിയിൽ ബോധം മറഞ്ഞുകിടന്ന അനിലയെ നൈറ്റ് വാച്ചർ കതകു ചവിട്ടിപ്പൊളിച്ചു പുറത്തെടുത്തതാണെന്ന് ലേഡീസ് ഹോസ്റ്റലിലെ കാറ്റുപോലും പറയും. ആ സത്യമാണ് കള്ളമാക്കാൻ കളിമുറി ശ്രമിക്കുന്നതെന്ന് ഓർത്തതും അയാൾക്ക് വിയർത്തു തുടങ്ങി. അതു പോരാഞ്ഞിട്ടാണ് അയയിൽ അനിലയുടേതല്ലാത്ത ഒരു തുവെള്ള ഉടുപ്പ് തൂങ്ങി കിടന്നെന്നും രക്തം വാർന്നു തുടങ്ങുന്നതിനുമുമ്പ് വായുവിലൂടെ ഓടി മറഞ്ഞെന്നും പറയുന്നത്.

മുപ്പത്തിയഞ്ചു കൊല്ലത്തിനപ്പുറം ലേഡീസ് ഹോസ്റ്റലിൽ താമസിച്ച അന്നാമ്മയുടെ കൊച്ചു മകളായിരുന്നു മരണപ്പെട്ട അനില ആൻ വർഗീസ് എന്ന് കളിമുറി പറഞ്ഞത്, നൈറ്റ് വാച്ചറിനെ അത്ഭുതപ്പെടുത്തി. ഈ കളിമുറി അതെങ്ങനെ കണ്ടു പിടിച്ചു എന്ന അയാളുടെ ചോദ്യത്തെ തീർത്തും അവഗണിച്ചു കൊണ്ട് അനിലയെയും അന്നാമ്മയെയും തമ്മിലൊരു താരതമ്യ പഠനമാണ് അതു നടത്തിയത്. അന്നാമയുടെ വേരുപൊട്ടി പുറത്തു വന്ന അനിലക്ക് ഈ മുപ്പത്തഞ്ചു വർഷത്തിനു ശേഷവും അവരുടെ ഛായയിൽ നിന്ന് രക്ഷപ്പെടാൻ പറ്റിയിട്ടില്ലെന്നാണ് അതിന്റെ വിലയിരുത്തൽ. ആ വിലയിരുത്തൽ പൂർണ്ണമായി തെറ്റാണെന്ന് വാദിക്കാൻ ശ്രമിച്ച നൈറ്റ് വാച്ചർക്ക് കൃത്യമായ വിശദീകരണം തന്നെ കളിമുറി കൊടുത്തു കളഞ്ഞു.

അന്നാമ്മ ഉപയോഗിച്ചിരുന്ന കഴുകി ഇസ്തിരിയിട്ട, കോട്ടൺ തുണികൾക്ക് പകരം സ്മെൽ അബ്സോർബിങ് കാപ്സ്യൂൾ അടങ്ങിയ സാനിറ്ററി നാപ്കിൻ ആണ് അനില ഉപയോഗിച്ചിരുന്നതെന്ന തൊഴിച്ചാൽ എന്താണ് അനിലയ്ക്ക് അന്നാമ്മയിൽ നിന്ന് വ്യത്യാസമെന്ന് മറു ചോദ്യവും ഉന്നയിച്ചു. വേഷത്തിലെ വ്യത്യാസം സമ്മതിക്കാൻ അതു തയ്യാറാണ്. നാട്ടിൽ ഉപേക്ഷിച്ചു വന്ന തന്റെ കാമുകനായ അവറാച്ചന്റെ പേരിനു സമം അന്നാമ്മ വിരഹം എന്നെഴുതിയെങ്കിൽ, അനിലയ്ക്ക് കാമുകന്മാരുടെ വിരഹത്തിൽ നാലുമണിച്ചെടികൾ പോലെ സൗഹൃദങ്ങൾ പൂത്തു. കാമുകൻ സുഹൃത്തിലേക്ക് നുഴഞ്ഞുകയറ്റം തുടങ്ങിയപ്പോൾ സുഹൃത്ത് കാമുകനിലേക്ക് പരകായം പ്രവേശം ചെയ്തു. നാലുമണി ചെടികളുടെ പൂക്കാലം പോലെ കാമുകന്മാർ പൂക്കുകയും കൊഴിഞ്ഞു വീഴുകയും ചെയ്യുമ്പോൾ അനിലയുടെ ദിവസങ്ങൾക്ക് പ്രത്യേകിച്ചൊന്നും സംഭവിക്കുമായിരുന്നില്ലെന്ന് സമ്മതിക്കാനും അംഗീകരിക്കാനും അത് തയ്യാറാണ്.

അന്നാമ്മയ്ക്കും അനിലക്കും കാര്യമായ വ്യത്യാസമൊന്നും വന്നിട്ടില്ലെന്ന് തറപ്പിച്ചു പറയുന്ന കളിമുറിയ്ക്ക് തന്റെ സ്ഥാനവും പദവിയും പക്ഷെ പാടേ തകർന്നെന്നു തന്നെയാണ് അഭിപ്രായം. അന്നു ഒരുപാടു സ്വകാര്യങ്ങൾ ഞാനുമായി പങ്കുവെയ്ക്കപ്പെട്ടിരുന്നു എന്നാൽ ഇപ്പോൾ കളിപോലും മൊബയിൽവൽക്കരിക്കപ്പെട്ടു. പണ്ടു ഞാൻ എല്ലാം വികാരങ്ങളും പങ്കുവെച്ചിരുന്ന സുഹൃത്തായിരുന്നു എന്നാൽ ഇന്നു ഞാൻ നോക്കുകുത്തിയാണ്. മൊബയിൽ വില്ലനല്ലേ, എന്നിൽ നിന്ന് എല്ലാം തട്ടിയെടുത്തത് അവനാണ്.

നൈറ്റ് വാച്ചർക്ക് ആകെ സംശയമായി. കളിമുറിക്ക് എന്തെങ്കിലും ബാധകയറിയതാണോ? കഥയാണോ കാര്യമാണോ കളിമുറി പറയുന്നതെന്ന സംഭ്രമത്തിൽ നൈറ്റ് വാച്ചർ അൽപ്പം ഉച്ചത്തിൽ സംസാരിച്ചതായിരിക്കണം, ആ സമയം ക

ളിയ്ക്കയായിരുന്ന ശാലിനി നൈറ്റ് വാച്ചർ കളിമുറിയോടാണ് സംസാരിക്കുന്നതെന്ന് മനസ്സിലാക്കാതെ അയാൾക്ക് ഉത്തരം കൊടുത്തു തുടങ്ങി. ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കൽ എപ്പോഴും വികാരത്താൽ ബന്ധിതമാണ്. ഒന്നുകിൽ ചോദ്യം അല്ലെങ്കിൽ ഉത്തരം നിയന്ത്രണത്തിൽ അല്ലാതെ പോകും നിയന്ത്രണരേഖ ലംഘിക്കും.

ആ സമയം അതുവഴിവന്ന അനാമിക കാര്യമൊന്നും അറിയാതെ, കളിമുറിയാണ് സംസാരിക്കുന്നതെന്ന് പോലും മനസ്സിലാക്കാതെ മദറിനെ വിളിക്കാനോടി. സത്യം പറയാമല്ലോ ശാലിനി കുറ്റവാളിയല്ല നിരപരാധിയാണ്. എന്തായാലും വശപിശകായി കളിമുറി പരിസരത്തു നിന്ന നൈറ്റ് വാച്ചറിനെ പുറത്താക്കാൻ തക്കവണ്ണം കൃത്യമായിരുന്നു താനും അനാമികയുടെ കണ്ടെത്തൽ.

പിറ്റേന്നത്തെ പ്രഭാതത്തിൽ പത്രത്താളുകളിൽ ഇല്ലാത്ത ഒരു വാർത്തകൂടി ഹോസ്റ്റലിന്റെ റീഡിങ്ങ് റൂമിൽ ചർച്ച ചെയ്യപ്പെട്ടു. കളിമുറിയുടെ പരിസരത്ത് വശപിശകായി നിന്ന നൈറ്റ് വാച്ചറെ തൽക്കാലത്തേക്ക് ജോലിയിൽ നിന്ന് പുറത്താക്കിയതായാണ് വാർത്ത. ഈ വാർത്ത ഒഴിച്ചാൽ അവിടെ എല്ലാം പതിവുപോലെ തന്നെ. ഓഫീസ്സ് എന്നെഴുതിയ മുറിയുടെ വാതിൽ കടന്നാൽ, ഒരു വെള്ള ഉടുപ്പ് ആ കസേരയിൽ ഉപവിഷ്ടയായിരിക്കും. താമസ്സ സൗകര്യം തേടി വരുന്നവരുടെ വിവരങ്ങൾ ബോധ്യപ്പെടുകയും പഠിപ്പിക്കുന്നതോ ജോലിചെയ്യുന്നതോ ആയ സ്ഥാപനത്തിന്റെ ഒപ്പം സീലുമായി വന്നാൽ അവിടെ പ്രവേശനം കിട്ടും. അടുക്കള കാര്യങ്ങളും, ഗെയിറ്റിന്റെ കാവൽ നിഷ്കർഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി പല വെൺമയിലുള്ള തൂവെള്ള ഉടുപ്പുകൾ പാറി നടക്കാറുണ്ട്.

എല്ലാം തിങ്കളാഴ്ചയും ദൊപ്പം (ദോശ പോലെ ചുടുന്ന അപ്പം), ചൊവ്വാഴ്ച പുട്ട്, ബുധനാഴ്ച ദോശ, വ്യാഴാഴ്ച്ച ഉപ്പുമാവ്, വെള്ളിയാഴ്ച ഇഡ്ഢലി, ശനിയാഴ്ച ചപ്പാത്തി, ഞായറാഴ്ച ബ്രെഡ്. എല്ലാം തിങ്കളാഴ്ചയും ഒരു പോലെ എന്നതുപോലെ, ആഴ്ചപ്പെരുക്കത്തിൽ ഉണ്ടാവേണ്ട പ്രവചനാത്മകമായ മാറ്റങ്ങളൊഴിച്ചാൽ അവിടെ എല്ലാം നിശ്ചലമാണ്, ശാന്തമാണ്. നക്ഷത്രങ്ങൾ കെട്ടുകിടന്ന ഒരു കർക്കിടക രാത്രിയിൽ അതിശക്തമായൊരു കാറ്റടിച്ച ദിവസം (ഇതിനു മുമ്പ് കാറ്റിങ്ങനെ താളാത്മകമായ ശാന്തത കൈവിട്ടിട്ടുണ്ടൊന്ന് അത്ര നിശ്ചയം പോരാ), അയയിൽ കിടന്നിരുന്ന ഒരു വെള്ള ഉടുപ്പ് കിളി വാതിലിലൂടെ പുറത്തേക്ക് തെറിച്ചു വീണു. കുറച്ചു സമയം കഴിഞ്ഞപ്പോൾ കാറ്റ് എതിർദിശയിലേക്ക് തിരിച്ചടിക്കുകയും, കിടന്നിടത്തേക്ക് തന്നെ വെള്ള ഉടുപ്പ് പുനസ്ഥാപിക്കപ്പെടുകയും ചെയ്തു. ശാന്തതയിലെ അശാന്തതകൾ കാറ്റിന്റെ ദിശയ്ക്കും വേഗത്തിനുമനുസരിച്ച് പുറത്തുകടക്കുകയും അശാന്തതകളിലെ ശാന്തതയിൽ തിരിച്ചിറങ്ങുകയും ചെയ്തു.

കിളിവാതിൽ വഴിയുള്ള രക്ഷപ്പെടലുകളും തിരിച്ചിറങ്ങലുകളും രാത്രിയിലേ സംഭവിച്ചിട്ടുള്ളൂ എന്നുള്ളത് സംഭവത്തിന്റെ ദുരൂഹത വർദ്ധിപ്പിക്കുന്നു. അതിന്റെ ഇടയിൽ നടക്കുന്നത് ഒരു പക്ഷെ നൈറ്റ് വാച്ചർ അറിയുന്നുണ്ടാവും, അയാൾ രാത്രിയുടെ കാവൽക്കാരനല്ലേ? രാത്രിയിൽ നടക്കുന്നതെല്ലാം അറിയാൻ അയാൾ ബാധ്യസ്ഥനമാണല്ലോ?

അനിലയുടെ മരണത്തിനു ശേഷം, ഒരുപാടുകാലം കളിമുറി അടഞ്ഞു തന്നെ കിടന്നു. അനിലയും മരണവുമായി നടന്ന വേഴ്ചക്കു ശേഷം, അനിലയുടെ ശവം പുറത്തെടുത്ത സമയം തന്നെ കളിമുറക്കകത്ത് ഉണ്ടെന്നു പറയപ്പെട്ട മരണത്തെ ഹോസ്റ്റൽ അധികൃതർ, വലിയ താഴിട്ട് പുറത്തു നിന്നു പൂട്ടി. വർഷങ്ങളോളം പൂട്ടു പൊളിക്കാനാവാതെ മരണം കളിമുറിയിൽ തന്നെ കിടന്നു ജീർണ്ണിച്ചു. വർഷങ്ങൾ അടർന്നു വീഴുമ്പോഴേക്കും, മരണവും കളിമുറിയുമായി ഉണ്ടായ ചങ്ങാത്തം അറിയുന്നവർ ഹോസ്റ്റലിൽ ആരും തന്നെ ഇല്ലാതായി. മരണം സ്വയം പൂട്ടു പൊളിച്ചു പുറത്തുകടന്നതാണോ അതോ ഇനി ആരെങ്കിലും കളിമുറിയുടെ പൂട്ട് പൊളിച്ചു കളഞ്ഞതാണോന്ന് നിശ്ചയം പോരാ. എന്തായാലും കളിമുറി തന്റെ പ്രതാപകാലം വീണ്ടെടുത്തു. ക്ലാരമാരും, ശാലിനിമാരും, രാജിമാരും, അനാമികമാരും, വീണ്ടും അവിടെ കളിച്ചുതുടങ്ങി.

കൃത്യമായി പറഞ്ഞാൽ അനില ആൻ വർഗീസ് മരിച്ചിട്ട്, രണ്ടായിരത്തി ഇരുന്നൂറ്റി എൺപത്തി എട്ടു ദിവസമായ ഇന്നലെയാണ് കളിമുറിക്ക് സംസാരശേഷി കിട്ടിയതും, ആ സാഹസ്സത്തിലാണ്, നൈറ്റവാച്ചറുടെ പണി തൽക്കാലത്തേക്ക് തെറിച്ചതും. സസ്പെൻഷൻ ഒരിക്കലും ഡിസ്മിസ്സൽ ആവില്ലെന്ന് നൈറ്റ് വാച്ചർക്കുറപ്പുണ്ടായിരുന്നെങ്കിലും കളിമുറി കാണിച്ച നാക്കുമുളപ്പിക്കൽ സാഹസ്സത്തെ മറ്റൊരു സാഹസ്സം കൊണ്ടു നേരിടാൻ തന്നെ അയാൾ തീരുമാനിച്ചു, നാക്ക് പിഴുതെടുക്കണം. ഇല്ലെങ്കിലും കളിമുറിക്കൊരു അന്തസ്സൊക്കെ വേണ്ടേ? അത് സംസാരിച്ചതേ ശരിയായില്ല.

അന്നു രാത്രി അയാൾ, അയാൾക്കു മാത്രം സാധ്യമായ മതിലിന്റെ പൊത്തിലൂടെ അകത്തുകടന്നു. എങ്ങനെയെങ്കിലും, നാക്ക് പിഴുതെടുക്കുകയായിരുന്നു അയാളുടെ ലക്ഷ്യം. പക്ഷെ അന്നു അനിവാര്യമായൊരു ദുരന്തം സംഭവിച്ചു കളിമുറി ബ്ലോക്ക് ഇടിഞ്ഞു വീണു. ആളപായം ഇല്ലെങ്കിലും സംസാരിക്കുന്ന കളിമുറി പൊടിഞ്ഞ് മണ്ണിൽ ചേർന്നു. നാക്കിന്റെ നാശം ഉറപ്പ് വരുത്താൻ, അവശിഷ്ടങ്ങൾക്കിടയിൽ അയാൾ.ചിക്കി പരതി. പ്രത്യേകിച്ച് ഗുണമൊന്നും ഉണ്ടായില്ല. നാക്കിന്റെ ശവംപോലും കിട്ടിയില്ല. ആദരിക്കപ്പെടാതെപോയ ആ ശവത്തിനൊടൊപ്പം പ്രസക്തമായ ഒരുപാടു ചോദ്യങ്ങളും മണ്ണിനടിയിൽപ്പെട്ടു. കളിമുറി പറഞ്ഞതിൽ നിന്നു മാത്രമാണോ നൈറ്റ് വാച്ചർ ഈ കഥ അറിഞ്ഞത്? കളിമുറിയുടെ വീഴ്ച ഒരു സാധാരണ അപകടമാണോ? അതോ മറ്റുവല്ല അപകടകാരണങ്ങളുമാണോ! മിന്നലിന്റെ ചതിയിൽപ്പെട്ടു മാത്രമാണോ നൈറ്റ് വാച്ചറിന് തന്റെ ഉടുപ്പ് തൂവെള്ള നിറമാണെന്ന് തോന്നിയത്? മിന്നലാണോ മറിമായക്കാരൻ? എന്തായാലും മരണപ്പെട്ട അനില ആൻ വർഗീസ് കഴിഞ്ഞാൽ ഈ കഥയറിയുന്ന മൂന്നേമൂന്നുപേരേ ഉണ്ടായിരുന്നുള്ളൂന്നു വേണം അനുമാനിക്കാൻ, കളിമുറി, നൈറ്റ് വാച്ചർ, പിന്നെയാ തൂവെള്ള ഉടുപ്പും.

*2017 മാർച്ചിൽ കോട്ടയത്ത് നടക്കുന്ന എ.കെ.പി.സി.ടി.എ. സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി കോളേജ് അദ്ധ്യാപകർക്കായി സംഘടിപ്പിച്ച ചെറുകഥാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ രചന.*

November 2017 | COLLEGE TEACHER

# കുഞ്ഞൂട്ടന്റെ പ്രിയ മതിലുകൾ

വിനീത മോഹൻ



മതിലുകളായിരുന്നു കുഞ്ഞൂട്ടന്റെ ഒരുകാലത്തെ ഉറ്റതോഴർ. സർക്കാർ ഉദ്യോഗസ്ഥരായ മാതാപിതാക്കന്മാരുടെ ജീവിതചര്യയായിരുന്ന സ്ഥലംമാറ്റങ്ങൾ അവന് വിവിധതരം മതിലുകളെ പരിചയപ്പെടുത്തിക്കൊടുത്തു. അവരുടെ ഔദ്യോഗിക തിരക്കുകളും ഒപ്പം ഏറെക്കുറെ തീവ്രമായ യുക്തിവാദപ്രവർത്തനോൽസുകതയും അവനെ അവയുമായി വല്ലാതെ അടുപ്പിക്കാൻ കാരണമായിത്തീരുകയും ചെയ്തു. കുമ്മായം പൂശി ആധുനികവൽക്കരിച്ച മതിലുകളിൽ അവൻ അടുക്കളമുറ്റത്ത് നിന്നും പെറുക്കിക്കൂട്ടിയ കരിക്കട്ടകളാൽ ഭാവനാലോകം തീർത്തപ്പോൾ കുമ്മായം പൂശാത്ത സിമന്റ് മതിലുകളിൽ പാറിവന്ന് പറ്റിപ്പിടിച്ചിരിക്കുന്ന തുമ്പികളെ പിടിച്ച് കല്ലെടുപ്പിക്കുകയും വാലിൽ നൂൽകെട്ടി പട്ടം പറത്തുകയും ചെയ്യുന്നതിൽ സന്തോഷം കണ്ടെത്തി. മഴക്കാലങ്ങളിൽ മതിലുകളിൽ വളരുന്ന പോരുകോഴിപ്പായലുകളുടെ കുഞ്ഞ് കൊടികളെ നുള്ളിയെടുത്ത് തമ്മിൽ കോർത്തുവലിച്ച് അങ്കമാടി, അതിൽ തലയറ്റുതോറ്റുപോകുന്ന കൊടികളോട് സഹതപിക്കുന്നതിലും ജയിച്ചവയെ ആഘോഷിക്കുന്നതിലും രസം കണ്ടെത്തി.

വേനലവധിക്കാലങ്ങളിൽ മതിലിനുമുകളിൽ അമർന്നുകിടന്ന് അല്പം അകലെയായി പാതയോരത്ത് ക്രിക്കറ്റ് കളിക്കുന്ന അടുത്തുള്ള സർക്കാർ സ്കൂളിലെ കുട്ടികളെ ഇഷ്ടത്തോടെ നോക്കുന്ന കുഞ്ഞൂട്ടൻ കോളേജ് വിട്ടുവരും നേരം എന്റെ ഒരു സ്ഥിരം സായാഹ്നക്കണിയായിരുന്നു. ആ സമയം അവന്റെ ശ്രദ്ധ പൂർണ്ണമായും കളിക്കാരിലായിരിക്കും. അവർ അടിച്ച് തെറുപ്പിക്കുന്ന ഒരു പന്ത് അവന്റെ മതിൽക്കെട്ടിൽ വീണാലോ സ്വർഗ്ഗം കിട്ടിയത് പോലെയായി. ഒരു പേഴ്സിയൻ പൂച്ചയുടെ മെയ് വഴക്കത്തോടെ മതിലിൽ നിന്നും താഴേക്കൂർന്നിറങ്ങി മിന്നൽ പോലെ പന്തുമായി തിരികെ കയറി കളിക്കാർക്ക് നേരെ എറിഞ്ഞുകൊടുക്കുമ്പോൾ ഒരു രാജ്യം പിടിച്ചടക്കിയ രാജാവിന്റെ ഭാവമാണ് അവന്റെ മുഖത്ത്. അതുപോലെ എന്തെങ്കിലും പിന്നീട് കണ്ടതായി ഓർക്കുന്നത് കാലങ്ങൾ കഴിഞ്ഞ് സൗത്ത് ആഫ്രിക്കയുടെ ആൻഡ്രെ നെല്ലിനെ സിക്സറടിച്ച ശ്രീശാന്തിന്റെ മുഖത്താണ്. എന്തുകൊണ്ട് അവരുടെ കൂടെ ചേരുന്നില്ല എന്നൊരിക്കൽ അവനോട് ചോദിച്ചപ്പോൾ അവന്റെ മറുപടി അതിനവന് അനുവാദമില്ലയെന്നായിരുന്നു. അവിടെ അവനും തൊട്ടയലത്ത് കളിച്ചുകൊണ്ടിരുന്ന കുട്ടികൾക്കുമിടയിൽ അവൻ കയറിയിറങ്ങാറുള്ള മതിലുകളെക്കാൾ ഉയരവും കരുത്തുമുള്ള ഒരു സങ്കല്പക മതിൽ ഉയർത്തിയിരിക്കുന്നു, കാരണം ചിന്തനീയമാണ് ഗൗരവതരവും - നഗരത്തിലെ മുന്തിയ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പാഠിക്കുന്ന അവന് അവർ ചേരാത്തവരത്രെ, ചേരാൻ പാടില്ലാത്തവരത്രെ പ്രത്യേകിച്ചവർ മലയാളം മീഡിയക്കാരായ തെരുവിന്റെ

മക്കളായതിനാൽ.

തന്റെ പ്രിയ നേരമ്പോക്കായ മതിലിറമ്പുകളിൽ ഇരുന്നുള്ള ലോകവീക്ഷണത്തിന് കഞ്ഞൂട്ടൻ ഭയം മൂലം സുല്ല് പറയുന്നതും ശ്രദ്ധിച്ചിട്ടുണ്ട്. അത് മുഖ്യമായും സുഖകരമല്ലാത്ത ജനക്കൂട്ടങ്ങളെ കാണുമ്പോഴായിരുന്നുവെന്ന് ഓർക്കുന്നു. രാഷ്ട്രീയ പാർട്ടികളുടെ നട്ടെല്ല് തണുപ്പിക്കും വിധമുള്ള ശക്തിപ്രതിഷേധപ്രകടനങ്ങളേക്കാൾ അവൻ ഭയപ്പെട്ടത് വിലാപയാത്രകളെയായിരുന്നു. ശവമഞ്ചങ്ങളേന്തി താണ ശ്രുതിയിലുള്ള ഹിന്ദുവിന്റെ ഗോവിന്ദാ മന്ത്രണവും മുസ്ലീമിന്റെ ലാ ഇലാഹ ഇല്ലല്ലാഹ് വിളിയും ഉച്ചശ്രുതിയിലുള്ള ക്രിസ്ത്യാനിയുടെ പെരുമ്പറമുഴക്കവും അവനെ ഒരുപോലെ ഭീതിയിലാഴ്ത്തി. ദൂരെ എവിടെയെങ്കിലും ഒരു അവ്യക്ത പെരുമ്പറകൊട്ടോ അല്ലെങ്കിൽ അകലെ നിന്നാണെങ്കിൽ കൂടി നടന്നടുക്കുന്ന ചെറിയ ഒരു ജനക്കൂട്ടത്തെയോ കാണും ഞൊടിയിൽ ധൃതിയിൽ മതിലിറങ്ങി കലുങ്ങിയോടുന്ന കഞ്ഞൂട്ടൻ ഒരു രസമുള്ള കാഴ്ചയായിരുന്നു അവനെ അറിയുന്ന അയൽക്കാർക്കൊക്കെയും.

കഴിഞ്ഞ കൊല്ലം വരെ ആട്ടോറിക്ഷയിൽ, കുഞ്ഞുകുട്ടുകളിൽ ബ്രോയിലർ കോഴികളെയെന്നപോലെ കൂട്ടരുമൊത്ത് തിങ്ങിനിറഞ്ഞ് സ്കൂളിൽ പോകുകയും വരികയും ചെയ്തിരുന്ന കഞ്ഞൂട്ടൻ ഇക്കൊല്ലം മുതൽ ലൈൻ ബസ്സിൽ പോകാൻ തുടങ്ങിയത് പക്ഷെ അവന് സ്വാതന്ത്ര്യത്തിന്റെ പുതിയ ലോകങ്ങളാണ് തുറന്നുകൊടുത്തത്. കവലയിൽ നിർത്തുന്ന ബസ്സിൽ നിന്നുമിറങ്ങി നഗറിലെ വീട്ടിലെത്തും മുൻപ് വഴിയരികിലെ ചെറിയ പിള്ളയാർകോവിലിൽ ഒരു ഹ്രസ്വ പ്രാർത്ഥന അവൻ പതിവാക്കിയിരുന്നു. അടഞ്ഞ ശ്രീകോവിലിന് മുന്നിൽ വച്ചിരിക്കുന്ന ചന്ദനകിണ്ണത്തിൽ നിന്നും തോണ്ടിയെടുത്ത് നെറ്റിയിൽ തൊടുന്ന കളഭം മാതാപിതാക്കന്മാർ വീട്ടിൽ തിരികെയെത്തും മുൻപ് മായ്ച്ചുകളയുന്നതും അവന്റെ പുതിയ കുട്ടം ശീലങ്ങളുടെ ഭാഗമായി.

ലൈൻ ബസ്സിൽ സ്ഥിരമായി ഒപ്പം യാത്ര ചെയ്യുന്ന സഹപാഠി എബിയാണിപ്പൊ അവന്റെ അടുത്ത ചങ്ങാതി. നഗരത്തിലൂടെയുള്ള മുക്കാൽമണിക്കൂർ ബസ്സ് യാത്രയിലെ അപരിമിതമായ സംഭാഷണങ്ങൾ പോരാതെ ഞായറാഴ്ചകളിലും അവർ ഒത്തുകൂടി. അങ്ങനെയൊരു ഞായറാഴ്ച ഉച്ചതിരിഞ്ഞതാണെന്ന് ഓർക്കുന്നു മൂടിക്കെട്ടിയ മുഖവുമായി അവൻ എന്റെയടുത്ത് വന്നത്.

ഉം?

'എബീടെ കൂടെ കുറുകപള്ളീൽ പോയി. എല്ലാരുടേം കൂടെ ഞാനും ബെഞ്ചിൽ ഇരുന്ന് പ്രാർത്ഥിച്ചു. പള്ളീലച്ചൻ പറഞ്ഞപ്പോഴൊക്കെ മുട്ടും കുത്തി, ആമേം പറഞ്ഞു. പക്ഷെ അവസാനം എല്ലാരുടെയും വായീ ചിപ്സ് വച്ച് കൊടുക്കുന്ന സമയംവന്നപ്പോ എന്റെ മാത്രം അച്ഛന്റേം അമ്മേടേം പേരറിയണം, എവിടാ താമസിക്കുന്നേന്നറിയണം; ഒക്കെ പറഞ്ഞുകൊടുത്തിട്ടും എനിക്ക് ചിപ്സും തന്നില്ല'

'എടാ അത് അവരുടെ കർബ്ബാന സ്വീകരിക്കുന്നവർക്ക് മാത്രം കൊടുക്കുന്ന വിശുദ്ധ അപ്പമല്ലേ? അതെങ്ങനെയാ കർബ്ബാന ഒരിക്കലും സ്വീകരിക്കാത്ത നിനക്ക് തരുന്നേ?'

'അത് പിന്നായാലും സീകരിക്കാരുന്നല്ലോ. നാണം കെടുത്തണായിരുന്നോ? ഇനി എന്റെ പട്ടി പോകും സീകരിക്കാൻ'

എനിക്ക് സഹതാപം തോന്നിയത് ആ പള്ളീലച്ചനോടായിരുന്നു. ഉദാരമനസ്കതയെ പ്രതിയുള്ള ഒരു ചെറിയ ചോദ്യത്തിന്റെ മുന്നിലല്ലേ കപ്പിനും ചുണ്ടിനും ഇടയിലൂടെ ഒരുപക്ഷെ കുറേക്കാലമെങ്കിലും അരങ്ങേറ്റം കുറി പൂർത്തമായിരുന്ന ഒരു ഭക്തനെ നഷ്ടമായത്. വരാനുള്ളത് വൈദികനായാലും വഴീൽ തങ്ങില്ലല്ലോ.

പ്രിയപ്പെട്ട വീട്ടുവളപ്പിന്റെ കാവൽമതിലുകൾ വിട്ട് വിശാല സമൂഹത്തിന്റെ കാഠിന്യമേറിയ അദൃശ്യമതിൽക്കെട്ടുകൾ പരിചയപ്പെടുന്നതിന്റെ  പ്രൗഢിയോതുന്ന തുടക്കമായി എന്തായാലും കഞ്ഞൂട്ടന് ആ സംഭവം.

'എതുക്കടാ നീ നസ്രാണികളുടെ പള്ളീലൊക്കെ പോണോം, ഇവിടെ നമ്മ ചൊന്തം കോവിലുകൾ ഉള്ളപ്പോ?' സംഭവം അറിഞ്ഞ അയലത്തെ ആച്ചിയുടെ (തമിഴ് ചെട്ടിയാർ മുത്തശ്ശി) പരിഭവം കലർന്ന ശാസന കഞ്ഞൂട്ടന് താത്കാലിക ആശ്വാസം പകർന്നുനൽകിയെങ്കിലും അതിന് മാസങ്ങളുടെ ആയുസ്സ് മാത്രമേ ഉണ്ടായുള്ളൂവെന്ന് ആദ്യം മനസ്സിലാക്കിയതും ഞാൻ തന്നെയായി.

'ഇനി ഞാൻ കൃഷ്ണന്റെ വല്യമ്പലത്തിൽ പോവില്ല'

'എന്താ കഞ്ഞൂട്ടാ, ഇപ്പൊ എന്തുണ്ടായി?'

'അവിടെ തീർത്ഥവും പ്രസാദോം ഒക്കെ എറിഞ്ഞു കൊടുക്കുന്ന ഒരു വെളുത്തുമെലിഞ്ഞ തിരുമേനിയില്ലേ? ഇന്ന് അയാൾ തീർത്ഥം ഒഴിച്ചിട്ട് പ്രസാദം എറിഞ്ഞു കൊടുത്തപ്പോ അറിയാതെ താഴെ നിന്ന എന്റെ മൂക്കിൽ അയാളുടെ കൈകൊണ്ടു. ഛെ! അശുദ്ധമായല്ലോന്ന് അയാള് പറഞ്ഞപ്പോ ഞാൻ പറഞ്ഞു സാരമില്ല ഞാൻ പോയി കുളിച്ചോളാന്ന്. അതിനയാൾ എന്നെ കുറേ ചീത്തപറഞ്ഞു. എന്താ എനിക്ക് മാത്രം ഇതൊക്കെ വരുന്നത്? ഒരു ദൈവത്തിനും എന്നെ പിടിക്കുന്നില്ലല്ലോ, ആന്റീ'

'അതെന്താ അങ്ങനെ കഞ്ഞൂട്ടാ? നിന്റെ ദൈവത്തിന്റെ കാര്യങ്ങൾ തീരുമാനിക്കുന്നത് ആ പള്ളീലച്ചനും ശാന്തിക്കാരനുമൊക്കെയാണോ? നോക്ക് കേട്ടിട്ടില്ലേ ദൈവങ്ങൾ മനുഷ്യരോട് ഇടപഴകുന്നത് മനുഷ്യരുടെ രൂപത്തിലാണെന്ന്? കൃഷ്ണൻ മനുഷ്യൻ ആയിരുന്നില്ലേ...യേശുവോ? അങ്ങനെ നോക്കുമ്പോ ആച്ചിയമ്മക്ക് നിന്നെ എന്തിഷ്ടമാ. എത്ര നല്ല വടകങ്ങളാണ് അവര് നിനക്ക് വറുത്ത് തരുന്നത്? എബിക്ക് നിന്നെ എന്തിഷ്ടമാ. ആ പള്ളീലച്ചനെ രഹസ്യമായെങ്കിലും അവൻ ഒരുപാട് ചീത്ത പറഞ്ഞില്ലേ. പിന്നെ എനിക്ക് നിന്നെയല്ലേ ഏറ്റവും ഇഷ്ടം? ദാ നോക്ക് കാവ്യചേച്ചിയും സിനിചേച്ചിയും രശ്മിചേച്ചിയും കമലാക്കയും ആച്ചിയമ്മയും ഒക്കെ എന്താ ചെയ്യുന്നേന്ന്; അവര് നിന്റെ മതിലിറമ്പുകളിൽ കൂടിയല്ലേ വിളക്ക് വയ്ക്കുന്നത്. ഓ ഇന്ന് തിരുവാതിരയാണല്ലോ.....'

എന്റെ വാക്കുകൾ പകർന്ന ആത്മവിശ്വാസമോ അതോ അകലെയല്ലാതെ അവന്റെ പ്രിയപ്പെട്ട മതിലിന് മുകളിൽ പ്രഭയോടെ കത്തിനിൽക്കുന്ന കഞ്ഞുമൺചെരാതുകളുടെ തിളക്കമോ ഞൊടിയിൽ അവന്റെ കൺകളിലേക്ക് പകർന്നതെന്നറിയില്ല. പക്ഷെ ആ തിളക്കത്തിൽ ഉരുകിയലിഞ്ഞില്ലാതാവുന്നതും വ്യക്തമാവുന്ന അല്പം മുൻപോളം ഉരുണ്ടുകൂടിനിന്നിരുന്ന ആശങ്കയുടെ ഇരുണ്ട വലിയ കന്മതിൽക്കെട്ടുകൾ.




എ.കെ.പി.സി.ടി.എ. വജ്രജൂബിലി ആഘോഷത്തോടനുബന്ധിച്ച് കൊല്ലം എസ്.എൻ. വനിതാകോളേജ് 'സിനിമയിലെ സ്ത്രീവിരുദ്ധത' എന്ന വിഷയത്തിൽ ഡിസംബർ 21ന് സെമിനാർ സംഘടിപ്പിച്ചു. സംഘടിപ്പിച്ചു. ഡോ. സുലഭ (മുൻ പ്രിൻസിപ്പാൾ), ഡോ. സജിത (ഏരിയ വനിത കൺവീനർ & എസ്.എൻ.വനിതാകോളേജ് യൂണിറ്റ് സെക്രട്ടറി), ഡോ. ശേഖരൻ എസ്. എന്നിവർ പങ്കെടുത്തു.




വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എ.കെ.പി.സി.ടി.എ. കോട്ടയം-ഇടുക്കി ജില്ലാകമ്മിറ്റി 2017 ഡിസംബർ 12ന് രാജകുമാരി പഞ്ചായത്ത് ഹാളിൽ വെച്ച് 'പരിസ്ഥിതി സംരക്ഷണവും മനുഷ്യാവകാശങ്ങളും' എന്ന വിഷയത്തിൽ സെമിനാർ നടത്തി. സംസ്ഥാന ട്രഷറർ ഡോ. പി.എൻ. ഹരികുമാറിന്റെ അദ്ധ്യക്ഷതയിൽ മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. പി.കെ. പത്മകുമാർ സെമിനാർ ഉദ്ഘാടനം ചെയ്തു. കേരള ശാസ്ത്രസാഹിത്യപരിഷത്ത് സംസ്ഥാന പരിസ്ഥിതി കൺവീനർ ശ്രീ. ടി.പി. ശ്രീശങ്കർ, എം.ഇ.എസ്. കോളേജ് നെടുങ്കണ്ടം റിട്ട. പ്രൊഫസർ ഡോ. ജോണിക്കുട്ടി ജെ. ഒഴുകയിൽ എന്നിവർ വിഷയം അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി ഡോ. ശ്രീജിത്ത് സി.എം, ജില്ലാ സെക്രട്ടറി പ്രൊഫ. ജോജി അലക്സ് എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു.

കേരള സാഹിത്യ അക്കാദമിയുടെ 2015 ലെ തുഞ്ചൻ സ്മാരക പ്രബന്ധ മത്സര വിജയിയായ മലയാളം വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ നിത്യ പി. വിശ്വത്തിന് ശിവഗിരി ശ്രീനാരായണ കോളേജിലെ എ.കെ.പി.സി.ടി.എ. ബ്രാഞ്ചിന്റെ അനുമോദനങ്ങൾ. 2017 ലെ സാഹിത്യമഞ്ജരി പുരസ്കാര ജേതാവും കൂടിയാണ് നിത്യ.






# ഐഫക്ടോ, ഷിർദ്ദി, പിന്നെ ഞങ്ങളും



പ്രമോദ് വെള്ളച്ചാൽ
എം.ജി. കോളേജ്, ഇരിട്ടി



ആകാശയാത്രയുടെ പതിവ് രീതികളിൽ നിന്ന് വ്യത്യസ്ഥമായി ഷിർദ്ധിയിലേക്കുള്ള യാത്ര നമ്മൾ ഇക്കുറി തെരഞ്ഞെടുത്തത് റെയിൽമാർഗമായിരുന്നു. ഏതാണ്ട് ഒന്നര മാസങ്ങൾക്ക് മുമ്പേ തന്നെ തീരുമാനിക്കപ്പെട്ടതായിരുന്നു നമ്മുടെ യാത്രയും റിസർവ്വേഷനുമെല്ലാം. മഹാരാഷ്ട്രയിലെ ഷിർദ്ധിയിലാണ് ഇത്തവണത്തെ ഐഫക്ടോ സമ്മേളനമെന്ന് വർക്കിംഗ് കമ്മിറ്റിയിൽ ജനറൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ ഒരു തണുത്ത വികാരമാണ് തോന്നിയത്. കാരണം ആവേശഭരിതമായ ഒരു രാഷ്ട്രീയമനസ്സിനെ ഉണർത്താൻ പറ്റിയതല്ല ഒരു തീർത്ഥാടനകേന്ദ്രമെന്ന ചിന്ത തന്നെ. എങ്കിലും ഒരു യാത്രയുടെ വലിയ പ്രതീക്ഷകളിൽ മഹാരാഷ്ട്രയും ഷിർദ്ദിയുമെല്ലാം നിറഞ്ഞുനിന്നിരുന്നു.

ഡിസംബർ പതിനാറാം തീയതി കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും നമ്മൾ മൂന്നുപേർ മംഗള എക്സ്പ്രസ്സ് ടെയിനിൽ കയറിയത്

പ്രതീക്ഷിച്ച മറ്റരണ്ടുപേരുടെ അഭാവത്തിലാണ്. വ്യത്യസ്ത കാരണങ്ങളാൽ അജയൻമാഷിനും സതീശൻ മാഷിനും വരാൻ സാധിച്ചില്ല. അതുകൊണ്ട് യാത്രയുടെ ട്രാക്കിൽ സജീവമായുണ്ടായിരുന്നത്, തമാശക്കെങ്കിലും ചിലർ 'കണ്ണൂർ ലോബി' എന്ന് വിളിക്കാറുള്ളതിൽപെട്ട പപ്പൻമാഷും, നിശാന്തും പിന്നെ ഞാനുമായിരുന്നു.

ദിവസം ഇരുണ്ടുവെളുത്തപ്പോൾ അശാന്തമായ മിടിപ്പുകളോടെ വിരസമായ ശൂന്യതകളിലൂടെ കാഴ്ചകളിൽ പൊടിപരത്തി വണ്ടി ഓടിക്കൊണ്ടേയിരുന്നു. അതിനിടെയാണ് ഷിർദ്ദിയെയും അവിടുത്തെ സായിബാബയെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളും അറിവുകളുമായി പപ്പൻമാഷ് സംസാരിക്കാൻ തുടങ്ങിയത്. ഇന്റർനെറ്റിൽ നിന്ന് കിട്ടിയ വിവരങ്ങൾ വെച്ചുനോക്കുമ്പോൾ അത് പുതിയ വെളിപാടുകളിലേക്കാണ് മനസ്സിനെ കൊണ്ടുപോയത്. നമുക്ക് പരിചിതമായ ഒരു സായിബാബയിൽ നിന്നും വ്യത്യസ്ഥമായി മതേതരമായ ഒരു സംസ്കാരത്തിന്റെ ഇന്ത്യൻ മാതൃകയാണ് ഷിർദ്ധിസായിബാബ കാണിച്ചുതരുന്നത്. ഹിന്ദു, മുസ്ലീം സംസ്കാരങ്ങളുടെ ഒരു സമന്വയതലം ഷിർദ്ധിയിലെ വിശ്വാസവ്യവഹാരങ്ങളിൽ അന്തർലീനമാണ്. മുഗതയുടെ അസഹിഷ്ണുത നിറഞ്ഞ വർത്തമാന ഇന്ത്യൻ സാഹചര്യങ്ങളിൽ ഷിർദ്ധി ഒരു വിസ്മയമായി എന്നിൽ നിറയാൻ തുടങ്ങി. മതാന്ധതയുടെ ചുളക്കൂട്ടിൽ അസഹിഷ്ണുത തിളച്ചുമറിയുകയും അതിൽ മതേതരത്വം എന്ന് പറയുന്നത് നിലവിളികളിൽ പിടയുകയും ചെയ്യുന്ന ഒരു കാലത്ത് മതേതരസംസ്കാരത്തിന്റെ ആവാസവ്യവസ്ഥകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്ന തിരിച്ചറിവുകൾ പ്രതീക്ഷാനിർഭരമാണ്. പ്രത്യേകിച്ചും മഹാരാഷ്ട്ര പോലുള്ള ഒരു സ്ഥലത്ത് അങ്ങിനെയുള്ള ഒരു ഷിർദ്ധിയുണ്ടെന്നുള്ളത് ഉറക്കെ വിളിച്ചുപറയാൻ തോന്നി. വണ്ടിയിലിരുന്ന് ഉഷ്ണക്കാറ്റേറ്റ് കൂടുതൽ പഠിച്ചപ്പോൾ മനസ്സിലായത് ഷിർദ്ധിസായിബാബ മതത്തിന്റെയും ജാതീയതയുടെയും വേലിക്കെട്ടുകളെ എതിർത്തിരുന്നു എന്നാണ്. അദ്ദേഹം തന്നെ മുസ്ലീമായിരുന്നോ ഹിന്ദുവായിരുന്നോ എന്ന് ഇനിയും വ്യക്തമാക്കപ്പെട്ടിട്ടില്ല. അദ്ദേഹം താമസിച്ചിരുന്ന പള്ളിക്ക് 'ദ്വാരകാമയി' എന്ന ഹിന്ദുനാമമാണ് നൽകിയിരുന്നത്. ഇരുമതക്കാരുടെയും അനുഷ്ഠാനങ്ങൾ ബാബയിലുണ്ടായിരുന്നു. ഷിർദ്ധിയിൽ സമാധിയാകുംവരെ ഈയൊരു മതേതര ജീവിതത്തിന്റെ ശാന്തിയായിരുന്നു അദ്ദേഹം അനുഭവിച്ചിരുന്നത്. ഇരുപത്തഞ്ചായിരം മുതൽ അമ്പതിനായിരം വരെയൊക്കെ തീർത്ഥാടകർ ഒരു ദിവസം വന്നുപോകുന്ന സ്ഥലമാണത് എന്നുകൂടി മനസ്സിലാകുമ്പോൾ ഇന്ത്യൻ മതേതരത്വത്തിന്റെ കൊഴിയുന്ന തണലുകൾക്കിടയിൽ നിന്നും ഇത്തരം തളിരുകൾ ബാക്കിയാവുന്നത് ഹൃദയത്തിന്റെ അടക്കിപ്പിടിച്ച ചൂളം വിളിപോലെ ഞാനറിയുന്നുണ്ടായിരുന്നു.

വൈകിപ്പോയ സമയത്തെ ക്രമീകരിക്കുവാനുള്ള വൃഥാശ്രമത്തിലായിരുന്നു മംഗളഎക്സ്പ്രസ്സ്. പൻവേൽ എത്തുമ്പോൾതന്നെ മൂന്നുമണിക്കൂറോളം വൈകിയിരുന്നു. പൻവേൽ എത്തിയപ്പോൾ മൻമാസ് സ്റ്റേഷനിൽ നിന്നും ഷിർദ്ധിയിലേക്കെത്താനുള്ള പ്ലാനിങ്ങിലാ





യിരുന്ന പപ്പൻമാഷും നിശാന്തും. ഇവർക്കൊപ്പം സഞ്ചരിക്കുമ്പോൾ എനിക്കു കിട്ടുന്ന ഒരു സൗകര്യമുണ്ട്. ചിന്തകളിലും അന്വേഷണങ്ങളിലും കണ്ടെത്തലുകളിലും തലപുകഞ്ഞിരിക്കേണ്ടതില്ല. എല്ലാം അവർ പ്ലാൻ ചെയ്തു കഴിഞ്ഞാൽ 'ഓക്കെ' അല്ലേ എന്ന ചോദ്യത്തിന് അതേ... ധാരാളം എന്ന മറുപടി മാത്രം പറഞ്ഞാൽ മതി എനിക്ക്. ഇപ്പോഴാണ് ഓർത്തത്. അതിനിടയിൽ ഒരു തമാശയുണ്ടായിരുന്നു. ഒരു കുടുംബത്തിന്റെ സൗകര്യാർത്ഥം ഞങ്ങൾ സീറ്റുകൾ അല്പം മാറിയാണിരുന്നിരുന്നത്. പപ്പൻമാഷ് സൈഡ് അപ്പർ ബർത്തിലായിരുന്നു രാത്രി. രാവിലെ എഴുന്നേൽക്കുമ്പോഴേയ്ക്കും അൽപം വൃദ്ധയായ ഒരു സ്ത്രീ താഴെയിരിക്കാനുള്ള സീറ്റ് സ്വന്തമാക്കിയിരുന്നു. ബർത്ത് രാത്രി മാത്രമാണെന്നും താഴെയുള്ള സീറ്റ് പകൽ ഇരിക്കാനുള്ളതാണെന്നും പപ്പൻമാഷ് പറഞ്ഞ് ഫലിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. പക്ഷേ 'പകൽ' എന്ന വാക്ക് അവർ കേട്ടത് 'പാകൽ' എന്നായിരുന്നു. പേരേ പുകില്! ആ സന്ദർഭത്തിൽ നിന്ന് നമ്മൾ പതുക്കെ രക്ഷപ്പെട്ട് മാറിപ്പോരുകയായിരുന്നു. അതുമാത്രമല്ല, ഇടയ്ക്കിടക്ക് അവർ ഞങ്ങൾക്ക് മുന്നിലൂടെ കടന്നുപോകുമ്പോൾ നിഗൂഢമായൊരു വിജയത്തിന്റെ ചിരി ചിരിക്കുന്നുണ്ടായിരുന്നു.

പൻവേലിനും കല്യാണിനുമിടയിൽ ഫ്ളാറ്റുകളുടെ ലംബജീവിതങ്ങൾ നിരനിരയായി കാണുന്നുണ്ടായിരുന്നു. ഭൂമിയിൽ നിന്നും ആകാശത്തിന്റെ അനന്തതയിലേക്ക് ഉയർത്തപ്പെട്ട ജീവിതങ്ങളുടെ കഥയും ആ ഫ്ളാറ്റുകൾ വിളിച്ചു പറയുന്നുണ്ടായിരുന്നു. അടുത്ത കമ്പാർട്ടുമെന്റിൽ എ.കെ.ജി.സി.ടി.യുടെ പ്രസിഡന്റ് രാമകൃഷ്ണമാഷും ജനറൽസെക്രട്ടറി ദാമോദരൻ മാഷും ഉണ്ടായിരുന്നു. മൻമാഡിൽ വൈകുന്നേരത്തോടുകൂടി എത്തിച്ചേരുമെന്ന് വിചാരിച്ചിരുന്ന മംഗള എത്തിയപ്പോൾ രാത്രി പത്തുമണിയൊക്കെ കഴിഞ്ഞിരുന്നു. കിട്ടിയ അറിവ് വെച്ച് പിന്നെയും സഞ്ചരിക്കണം ഒന്നൊന്നരമണിക്കൂർ ഷിർദ്ധിയിലേക്ക്. അവിടെനിന്നും ഒരു ടാക്സിയിൽ എല്ലാവരും കൂടി ഷിർദ്ധിയിലേക്ക് പുറപ്പെട്ടു. തണുത്ത ഇരുട്ടിലൂടെ വാഹനം ചീറിപ്പാഞ്ഞുകൊണ്ടിരുന്നു. കനത്തുനിൽക്കുന്ന ഇരുട്ടിലൂടെ എന്റെ ചിന്തകൾ പാഞ്ഞുകയറിയത് സാവിത്രിഭായി ഫൂലെയിലേക്കായിരുന്നു. മേലാളൻമാർക്ക് കൊയ്തുമെതിക്കാനുള്ളതാണ് ദളിതന്റെ ജീവിതപ്പാടങ്ങൾ എന്ന സവർണ്ണഹുങ്കിനെതിരെ അറിവിന്റെ പുതുവഴികളിലൂടെ പോരാടി മറാത്തി ജീവിതത്തിൽ മായ്ക്കാനാവാത്തതായി മാറിയ ചരിത്രം. തൊട്ടുകൂടാത്തവരായി മാറ്റിനിർത്തിയ സാധാരണ മനുഷ്യരുടെ ജീവിതത്തിൽ അറിവും ഉശിരുമായിത്തീർന്ന വ്യക്തിത്വം. മഹാരാഷ്ട്രയിലെ ദളിത് ജീവിതത്തിന്റെ സങ്കടവഴികൾ നനഞ്ഞ ചരിത്രപാഠങ്ങളിലൂടെ ഓർമകൾ ചുരമാന്തിനിൽക്കുന്ന നേരം പെട്ടെന്ന് ടാക്സി നിന്നു. ഒരു മണിക്കൂർ കടന്നുപോയതറിഞ്ഞില്ല. ഷിർദ്ധി ആശ്രമത്തിന്റെ കവാടത്തിലെത്തിയിരിക്കുന്നു.

ആശ്രമം എന്നൊക്കെ കേട്ടപ്പോൾ മനസ്സിൽ ഉണ്ടായ ഒരു ചി

ത്രുമുണ്ടായിരുന്നു. പക്ഷേ കണ്ടത് പല ബ്ലോക്കുകളിലായി ക്രമീകരിച്ചിരിക്കുന്ന കൂറ്റൻ കോൺക്രീറ്റ് കെട്ടിടങ്ങളായിരുന്നു. എങ്കിലും പ്രശാന്തമായ ആ അന്തരീക്ഷം പെട്ടെന്ന് തന്നെ ഇഷ്ടമായി. ഓടിയെത്തി വാരിപ്പുണർന്ന തണുപ്പിലൂടെ ഞങ്ങൾ അനുവദിക്കപ്പെട്ട മുറികളിലേക്ക് പോയി. ടാപ്പിലെ ചൂടുവെള്ളത്തിൽ തണുപ്പിനെ തോൽപ്പിച്ച് കുളിച്ചുവന്നപ്പോൾ യാത്രാക്ഷീണമൊക്കെ പെട്ടെന്ന് മാറിയതുപോലെ. പുതിയൊരു പ്രഭാതത്തിന്റെ തൊട്ടിലിലാണ് ഉറങ്ങാൻ കിടന്നത്. എന്നുവെച്ചാൽ അപ്പോൾ സമയം അർദ്ധരാത്രി പിന്നിട്ടിരുന്നു.

ഷിർദ്ധി ആശ്രമത്തിൽ ചായയ്ക്ക് വെറും രണ്ടുരൂപ മാത്രം. അതുകൊണ്ട് തന്നെ രണ്ടു കൈകളിൽ രണ്ടു ഗ്ലാസ് വെച്ചാണ് മലയാളികളായ ഞങ്ങൾ ചായ കുടിച്ചത്. ഗ്ലാസ് വളരെ ചെറുതായിരുന്നുവെങ്കിലും പിശുക്കില്ലാത്ത ചായയായിരുന്നു അത്. മാത്രമല്ല ഏഴ് മണി മുതൽ എട്ടുമണിവരെ പ്രസാദം എന്ന പേരിൽ പ്രാതലും കിട്ടുമായിരുന്നു. ചെറിയ നാല് പൂരിയും ചെറുപയർ കറിയുമായിരുന്നു ഈ പ്രസാദം.

പല വഴികളിലൂടെ സഞ്ചരിച്ച് നമ്മുടെ പ്രവർത്തകസമിതിയിലെ മിക്കവാറും അംഗങ്ങൾ നേരത്തെ തന്നെ ഷിർദ്ധിയിൽ എത്തിച്ചേർന്നിരുന്നു. ഐഫക്ടോ ഇരുപത്തിയൊമ്പതാമത് സ്റ്റാറ്റ്യൂട്ടറി കോൺഫറൻസ് എന്ന പരമമായ ലക്ഷ്യത്തോടുകൂടിയാണല്ലോ നമ്മളെല്ലാവരും ഷിർദ്ധിയിൽ എത്തിച്ചേർന്നത്. വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് എല്ലാവരും കൃത്യസമയത്ത് തന്നെ സമ്മേളനനഗരിയിലേക്ക് പ്രവേശിച്ചത്. യാത്രയ്ക്കിടയിൽ മനസ്സിലേക്ക് കയറിയെത്തിയ സാവിത്രിഭായ് ഫൂലെയുടെ ഓർമകളും പോരാട്ടങ്ങളും ഒന്നുകൂടി അടിവരയിടുന്ന അനുഭവമായിരുന്നു അവിടെയുണ്ടായിരുന്നത്. കാരണം ഷിർദ്ധിയിൽ സമ്മേളനത്തിന്റെ ആതിഥ്യം വഹിച്ചിരുന്നത് SPPUCTO (Sawithribai Phule Pune University & College Teachers Organisation) ആയിരുന്നു. ദളിത് വിമോചന പോരാട്ടങ്ങളുടെ തീപ്പന്തമായി മാറിയിരുന്ന ഒരു സ്ത്രീയുടെ പേരിൽ ഒരു യൂണിവേഴ്സിറ്റി മഹാരാഷ്ട്രയിൽ ഉണ്ടെന്നത് അത്ഭുതം തന്നെയാണ്. ഒരു പക്ഷേ അയ്യങ്കാളിയുടെയോ മറ്റോ പേരിൽ പ്രബുദ്ധ കേരളത്തിൽ ഒരു സർവ്വകലാശാല അറിയപ്പെടുമോ എന്ന ചോദ്യം തൽക്കാലം നമുക്ക് ബ്രാക്കറ്റിൽ സൂക്ഷിക്കാം.

സമീപകാലത്ത് നമ്മുടെ രാജ്യം കണ്ട ഏറ്റവും വലിയ, അദ്ധ്യാപകരുടെയും അദ്ധ്യാപകസംഘടനകളുടെയും കൂട്ടായ്മയാണ് ഷിർദ്ധിയിൽ ദൃശ്യമായത്. രണ്ടായിരത്തി അമ്പത്തി ഒന്നു പ്രതിനിധികളാണ് ഈ മഹാസമ്മേളനത്തിൽ എത്തിച്ചേർന്നത്. സാവിത്രിഭായി പൂനെ യൂണിവേഴ്സിറ്റിയും കോളേജ് അദ്ധ്യാപക സംഘടനകളും സ്തുത്യർഹമായ സംഘാടനമാണ് കാഴ്ചവെച്ചത്.

മഹാരാഷ്ട്ര സർവ്വകലാശാല ഗാനങ്ങളുടെ പശ്ചാത്തലത്തിൽ ഡിസംബർ പതിനെട്ടാംതീയതി സമ്മേളനത്തിന് തിരികൊളുത്തപ്പെട്ടപ്പോൾ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ, വിശിഷ്യ ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവി സാധ്യതകൾ ജനപക്ഷ സമീപനത്തോടെ ഉടച്ചുവാർക്കേണ്ടതിന്റെ ആവശ്യകതയാണ് സൂചിപ്പിക്കപ്പെട്ടത്. സിദ്ധി സങ്കൽപ് കല്ല്യാണമണ്ഡപത്തിലായിരുന്നു മഹാസമ്മേളനം. പ്രൊഫ. ലോൺഡെയും പ്രൊഫ. ഗിരാമകറും ചേർന്നാണ് പ്രതിനിധികളെ സ്വാഗതം ചെയ്തത്. ഉന്നതവിദ്യാഭ്യാസരംഗത്തെ ഐക്യം ഊട്ടിയുറപ്പിക്കേണ്ട സമകാലിക പ്രസക്തിയാണ് ജനറൽ സെക്രട്ടറി പ്രൊഫ. അരുൺകുമാർ ഊന്നിപ്പറഞ്ഞത്. ഐഫക്ടോ പ്രസിഡന്റ് പ്രൊഫ കേശവഭട്ടാചാര്യ, FEDUCTA, DUTA പ്രസിഡന്റ് പ്രൊഫ. രാജീവ്റേ, തപ്തി മുഖോപാദ്ധ്യായ (പ്രസിഡന്റ്, MFUCTO) ബംഗ്ലാദേശ് സർവ്വകലാശാല, കോളേജ് അദ്ധ്യാപക പ്രതിനിധി, മുഹമ്മദ് ജഹാംഗീർ, പൂനെ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. നിതിൻ കാർമകാർ, AIRFUCTO ജനറൽ സെക്രട്ടറി പ്രൊഫ. ജി. പാർത്ഥസാരഥി, പ്രാദേശിക എം.എൽ.സി. ഡോ. ബാറേ, AKPCTA ജനറൽ സെക്രട്ടറിയും AIFUCTO ദേശീയ സെക്രട്ടറിയുമായ ഡോ. കെ.എൽ. വിവേകാനന്ദൻ ഉൾപ്പെടെയുള്ളവർ വേദി സമ്പന്നമാക്കി.

ഇന്ത്യൻ ഉന്നതവിദ്യാഭ്യാസത്തിന് സംഭാവന നൽകിയ ഐഫക്ടോ മുൻകാല നേതാക്കന്മാരായിരുന്ന പ്രൊഫ. ബി. വിജയകുമാർ, പ്രൊഫ. നന്ദൻപാത്ര, പ്രൊഫ. അശോക് ബർമൻ എന്നിവരെ ആദരിക്കുകയുണ്ടായി. സമ്മേളനത്തിന് ആതിഥ്യമരുളിയ SPPUCTO സംഘടനാ പ്രസിഡന്റ് പ്രൊഫ. ശരദ് പവാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പൂനെ സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. നിതിൻ കുമാർ ഉദ്ഘാടനം നിർവ്വഹിച്ചു.

ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേൽ ചൂടേറിയ ചർച്ചകൾ നടക്കുകയുണ്ടായി. പതിവ് രീതികളെ അട്ടിമറിച്ച് സംഘടനയുമായി യാതൊരു ചർച്ചയുമില്ലാതെ പുതിയ വിദ്യാഭ്യാസനയം ഒളിച്ചുകടത്താനുള്ള നീക്കവും ഏഴാം ശമ്പള കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ അദ്ധ്യാപക വിരുദ്ധ മനോഭാവവും ചർച്ചകളിൽ മുഴങ്ങിനിന്നു. എ.കെ.പി.സി.ടി.എ.



പ്രതിനിധികൾക്കുവേണ്ടി പ്രവർത്തകസമിതി അംഗം എ. നിശാന്താണ് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചത്. സമ്മേളനത്തിന്റെ രണ്ടാം ദിവസവും ചർച്ചായോഗം നീണ്ടു.

സമ്മേളനത്തിന്റെ രണ്ടാം ദിവസം Reforms in Higher Education : Challenges and Opportuniies എന്ന വിഷയത്തിൽ സെമിനാർ നടന്നു. പ്രൊഫ. സുധാംശു ഭൂഷൺ (NEUPA) ഡോ. സദ്ഗോപാൽ (All India Forum for Right to Education) മുൻ DUTA പ്രസിഡന്റ് ഡോ. നന്ദിതാഹരേൻ, FEDUTA, DUTA പ്രസിഡന്റ് പ്രൊഫ. രാജീവ്‌റേ, പ്രൊഫ. ദിനേശ് വർഷിണി (ഡൽഹി യൂണിവേഴ്സിറ്റി) പ്രൊഫ. അശോക് ബർമൻ, പ്രൊഫ. കേശബ് ഭട്ടാചാര്യ, പ്രൊഫ. അരുൺകുമാർ തുടങ്ങിയവർ അവരുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയുണ്ടായി. എല്ലാവരും കേന്ദ്രസർക്കാർ ഉന്നതവിദ്യാഭ്യാസമേഖലയിൽ കാണിക്കുന്ന അലംഭാവത്തെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ബഡ്ജറ്റ് വിഹിതം വെട്ടിക്കുറക്കുക, വിദ്യാഭ്യാസം പാവപ്പെട്ടവർക്ക് അന്യമാക്കുന്ന സമീപനങ്ങൾ, ഉന്നതവിദ്യാഭ്യാസരംഗത്തെ സർക്കാർ ഫണ്ട് കൊടുക്കുന്ന സ്ഥാപനങ്ങളെ പതുക്കെ പതുക്കെ ഇല്ലാതാക്കുക, സ്വകാര്യവൽക്കരണത്തെ ശക്തിപ്പെടുത്താനുള്ള 'ഗ്രേഡഡ് ഓട്ടോണമി' തുടങ്ങിയ നിരവധി പ്രശ്നങ്ങൾ സെമിനാറിലൂടെ ചർച്ച ചെയ്യപ്പെട്ടു. മതത്തിന്റെയും ജാതിയുടെയും വർഗത്തിന്റെയും പേരിൽ രാജ്യത്തെ വെട്ടിമുറിക്കാനുള്ള വ്യത്തികെട്ട ജനാധിപത്യവിരുദ്ധ സമീപനങ്ങൾക്കെതിരെയുള്ള ജാഗ്രതയായിരുന്നു ഈ സെമിനാർ. രണ്ടു ദിവസത്തെ ചൂടേറിയ ചർച്ചകൾക്കൊടുവിൽ മനോഹരമായ സാംസ്കാരിക പരിപാടികൾ കൊണ്ട് സമ്മേളനത്തെ സമ്പുഷ്ടമാക്കാനും സംഘാടകർ മറന്നില്ല.

ഐഫക്ടോ പുതിയ നേതൃത്വം സംബന്ധിച്ച് തെരഞ്ഞെടുപ്പ് നടക്കാനുള്ള സാധ്യതയുണ്ടെന്ന വിവരം രണ്ടാംദിവസം തന്നെ കിട്ടിയതുകൊണ്ട് എല്ലാവരോടും കൃത്യമായി പാനൽവോട്ട് ചെയ്യാനുള്ള സന്ദേശം നൽകുകയുണ്ടായി. നമുക്ക് ഏറ്റവും ആഹ്ലാദമുണ്ടാക്കിയ കാര്യം എന്നു പറയുന്നത് പ്രിയങ്കരിയായ നമ്മുടെ പ്രസിഡന്റ് ഐകകണ്ഠ്യേന സോണൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു എന്ന വാർത്തയാണ്. ഇത് എ.കെ.പി.സി.ടി.എ. എന്ന നിലയിലും സ്ത്രീ എന്ന നിലയിലും പ്രൊഫ. എ.ജി. ഒലീനയ്ക്ക് കിട്ടിയ സംഘടനാപരവും ലിംഗപരവുമായ അംഗീകാരമായി പ്രവർത്തകർ കണക്കാക്കുന്നു. ദേശീയ സെക്രട്ടറി പദവിയിൽ നിന്നും, ഈ വർഷം സർവ്വീസിൽ നിന്ന് വിരമിക്കുന്നതുകൊണ്ടു മാത്രം ഡോ. വിവേകാനന്ദൻ പടിയിറങ്ങുമ്പോൾ പ്രൊഫ. എ.ജി. ഒലീന സോണൽ സെക്രട്ടറി സ്ഥാനത്തുവരുന്നത് സംഘടനയുടെ വളർച്ചയും മുതൽക്കൂട്ടാവും.

മൂന്നാംദിവസം ജനറൽ സെക്രട്ടറി ചർച്ചകൾക്ക് മറുപടി പറയുവാൻ ചുമതലപ്പെടുത്തിയത് നമ്മുടെ ജനറൽ സെക്രട്ടറി ഡോ. കെ.എൽ. വിവേകാനന്ദനെ ആയിരുന്നു. ആ സമയം തന്നെ ഒരു ഭാഗത്ത് പ്രത്യേകം ക്രമീകരിച്ച ബൂത്തിൽ തെരഞ്ഞെടുപ്പ് പ്രക്രിയയും നടക്കുന്നുണ്ടായിരുന്നു. നമ്മുടെ സഹോദരസംഘടനയായ എ.കെ.ജി.സി.ടി. ജനറൽ സെക്രട്ടറി ഡോ. ദാമോദരൻ കേരളത്തിൽ നിന്നുള്ള പുതിയ നാഷണൽ സെക്രട്ടറിയായി പാനലിലുണ്ടായിരുന്നു. തികച്ചും രാഷ്ട്രീയവൽക്കരിക്കപ്പെട്ട പുതിയ നേതൃത്വം ഉണ്ടാവേണ്ടത് കാലത്തിന്റെ മറ്റൊരു വെല്ലുവിളിയായതുകൊണ്ട് എല്ലാവരും പാനൽ സ്ലിപ്പ് കൈയ്യിൽ വെച്ചിരുന്നു.

ഉച്ചയ്ക്ക് ശേഷം സമ്മേളനനഗരിയിൽ നിന്നും ഇൻക്വിലാബ് വിളിച്ച മടങ്ങുമ്പോൾ പാനൽ എന്തായി എന്ന ചിന്ത എല്ലാവരെയും അലട്ടിയിരുന്നു. പക്ഷേ അപ്പോൾ ഫലം പുറത്തുവന്നിരുന്നില്ല.

നമ്മുടെ കണ്ണൂർ ലോബിയുടെ മടക്കയാത്ര ഉദ്ദേശിച്ചതിലും ഉദ്വേഗഭരിതവും അൽപം ക്ലേശകരവുമായിരുന്നു. മഹാരാഷ്ട്ര സംസ്ഥാനത്തിന്റെ ബസ്സിൽ കയറിയാണ് ഞങ്ങൾ മൻമാദ് റെയിൽവേ സ്റ്റേഷനിലെത്തിയത്. അധികം തിരക്കില്ലാത്ത ബസ്സിൽ ഒന്നു മയങ്ങി. പിന്നെ അവിടുന്ന് കല്യാണിലേക്ക് നാലു മണിക്കൂറോളം നീണ്ട യാത്ര തിരക്കുള്ള ട്രെയിനിൽ. മര്യാദക്കൊന്നു നിൽക്കാൻ പോലുമാവാതെ യാത്ര. എങ്കിലും ഇതെല്ലാം സംഘടനാപ്രവർത്തനത്തിന്റെ അനുഭവഭാണ്ഡത്തിൽ കുത്തിനിറച്ച്, ഇടക്കൊന്ന് നടുനിവർത്തി സഹിച്ചു. നമ്മുടെ പാനൽ വിജയിച്ചോ എന്ന ആകാംക്ഷ അപ്പോഴും മുവരിലും പ്രകടമായിരുന്നു. ഒടുവിൽ അത്യാഹ്ലാദത്തോടുകൂടി നമ്മുടെ പാനലിലെ മുഴുവൻ പേരും വിജയിച്ചു എന്ന വാർത്ത വല്ലാത്തൊരു ഉന്മാദം തന്നെയുണ്ടാക്കി. സംഘപരിവാർ കൽപിക്കുന്നത് ലജ്ജയില്ലാതെ നിറവേറ്റുന്ന മോദിസർക്കാരിന്റെ അദ്ധ്യാപകവിരുദ്ധ മനോഭാവങ്ങളെ പ്രതിരോധിക്കാൻ ഇപ്പോഴും അദ്ധ്യാപകരുടെയിടയിൽ രാഷ്ട്രീയബോധവും, ദേശീയബോധ



വ്വം, സാമൂഹ്യബോധവും കെട്ടുപോയിട്ടില്ല എന്ന ആത്മവിശ്വാസം ഞങ്ങളുടെ പരിതാപകരമായ ട്രെയിൻയാത്രയുടെ ആലസ്യങ്ങളെ മായ്ച്ചുകളഞ്ഞു.

പിന്നെയും നാടകീയമായ നിമിഷങ്ങളിലേക്ക് യാത്ര തുടർന്നു. രാത്രി പത്തുമണിയോടെ കല്യാൺ സ്റ്റേഷനിലെത്തി. പിറ്റേന്ന് പുലർച്ചക്കാണ് പൻവേലിൽ നിന്നും രാജധാനി എക്സ്പ്രസ്സ്. ഇനി പൻവേലിലേക്കും യാത്രചെയ്യണമല്ലോ എന്നൊക്കെ ഓർത്തിരിക്കുമ്പോൾ രാജധാനി പുറപ്പെട്ടോ, വൈകുന്നുണ്ടോ എന്നറിയാനായി പരിശോധിച്ചപ്പോഴാണ് കളിയാകെ മാറിയത്. രാജധാനി ടിക്കറ്റ് 'കൺഫേംഡ്' അല്ല. ഒന്നരമാസം മുൻപ് സഖാവ് നിശാന്ത് ബുക്ക് ചെയ്യുമ്പോഴുള്ള അതേ അവസ്ഥ, വെയിറ്റിംഗ് ലിസ്റ്റ് 1, 2, 3.... ഇതികർത്തവ്യതാമൂഢരായി കല്ല്യാൺസ്റ്റേഷനിൽ പരസ്പരം നോക്കി അല്പനിമിഷം. അപ്പോഴാണ് ശരിക്കും നാട്ടിലേക്കുള്ള ദൂരത്തെക്കുറിച്ച് മനസ്സിലായത്.

വീണ്ടും കൂടിയാലോചനകൾ, ഇന്റർനെറ്റ് പരതലുകൾ... ട്രെയിൻ.. ഫ്ളൈറ്റ് എല്ലാം തപ്പി... പിന്നെ ബസ്സും... ഒടുവിൽ ഗോവ വഴി ബാംഗ്ലൂരിലേക്ക് പോവുന്ന ഫ്ളൈറ്റ് ഉണ്ടെന്ന് കണ്ടു. പിന്നെ ആലോചിച്ചില്ല തീരുമാനമായി. നമ്മുടെ ഫ്ളൈറ്റ് യാത്രകൾ ബുക്ക് ചെയ്യുന്ന വിദഗ്ധനാണ് ഡോ. അജയകുമാർ... കണ്ണൂർ ജില്ലാ സെക്രട്ടറി. അദ്ദേഹം ആ കാര്യം വിദഗ്ധമായി നിർവഹിച്ചു. പിന്നെ രാത്രി ബോംബെ വിമാനത്താവളത്തിലേക്കുള്ള യാത്ര. ആദ്യം മെട്രൊ ട്രെയിനിൽ കയറി യാത്ര. അടുത്തിരുന്ന ഒരു യുവാവിനോട് ഏത് സ്റ്റേഷനിൽ ഇറങ്ങിയാലാണ് വിമാനത്താവളത്തിലേക്ക് എളുപ്പം എത്താനാവുക എന്ന് ചോദിക്കാൻ ശ്രമിച്ചു. അദ്ദേഹം എന്തോ മറുപടിയിൽ പറയുമ്പോൾ സഖാവ് നിശാന്ത് അദ്ദേഹത്തോട് ഹിന്ദിയിൽ പറയാൻ ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞത് ഹിന്ദിയിൽതന്നെയാണല്ലോ പറയുന്നത് എന്നാണ്. സഖാവിന്റെ മുഖത്തെ ചമ്മൽ കണ്ടില്ലെന്ന് വച്ച് ഞങ്ങൾ രാത്രിയിലെ ഇരുട്ടിലേക്ക് നോക്കിയിരുന്നു. ഏതോ ഒരു സ്റ്റേഷനിൽ ഇറങ്ങി.... അവിടുന്ന് മുംബൈ വിമാനത്താവളത്തിലേക്ക് ടാക്സിയിൽ. അന്നാരും ഉറങ്ങിയില്ല. കണ്ണടച്ചു വെറുതെയിരുന്നു.



സാവിത്രിഭായി ഫൂലെ

രാവിലെ 5.45ന്റെ ഫ്ളൈറ്റിൽ കയറി നാല്പത് മിനിട്ടുകൊണ്ട് ഗോവയിൽ. അവിടുന്ന് യാത്ര ഉച്ചയ്ക്ക് ശേഷമേയുള്ളൂ. എന്തുചെയ്യും? അപ്പോഴാണ് ഗോവൻ ബീച്ചുകൾ മനസ്സിലോടിയെത്തിയത്. പിന്നെ താമസിച്ചില്ല, അടുത്തുള്ള ചെറിയൊരു ബീച്ചിലേക്ക്. സാധനങ്ങളെല്ലാം ഒരു ലോഡ്ജിൽ സൂക്ഷിച്ച് ബർമുഡയും ബനിയനുമിട്ട് മൂന്ന് സഖാക്കൾ കടലിന്റെ ഉപ്പിലേക്ക് നടന്നടുത്തു. വിദേശികളുടെ സാന്നിദ്ധ്യം ഗോവൻ ബീച്ചുകളുടെ നിറസാന്നിദ്ധ്യമാണല്ലോ... അവിടെയും കണ്ടു കുറേ വിദേശികളെ. വെറുതെ പരിചയപ്പെട്ടു. അപ്പോഴാണറിഞ്ഞത് അവർ റഷ്യക്കാരാണ്. പഴയ സോവിയറ്റ് യൂണിയനും ലെനിനും ഒക്കെ മനസ്സിൽ തെളിഞ്ഞു.
പിന്നെ ചെറിയൊരാശ്വാസം. നമ്മൾ അമേരിക്കക്കാരുടെ കൂടെയൊന്നുമല്ലല്ലോ ബീച്ചിലിറങ്ങിയത്..... ഒന്നുമില്ലെങ്കിലും നമ്മുടെ ലെനിന്റെ നാട്ടിൽ നിന്നും വന്നവരല്ലേ.

അവിടെ കണ്ട ചെറിയൊരു ഹോട്ടലിൽ നിന്ന് ഭക്ഷണം. പാചകത്തിൽ സ്നേഹത്തിന്റെ കയ്യൊപ്പുള്ള ഒരു അമ്മയായിരുന്നു അത് തന്നത്. വൈകുന്നേരത്തോടുകൂടി മഡ്ഗാവിലേക്ക്... പിന്നെ മംഗലാപുരം.... പിന്നെ ഇരുട്ടിനോട് കലഹിച്ച് ചൂളം വിളിച്ചുപാഞ്ഞുപോകുന്ന വെസ്റ്റ്കോസ്റ്റിൽ കണ്ണൂരിലേക്ക്. അനുഭവങ്ങളും രാഷ്ട്രീയബോധവും സൗഹൃദവും ചാലിച്ച വലിയൊരു യാത്രക്കു ശേഷമുള്ള മടക്കം. മാഞ്ഞുപോകുന്ന ഒരു രാത്രിക്കും പ്രതീക്ഷയുടെ ഒരു പകലിനുമിടയിൽ വീടണയുമ്പോൾ എന്തോ ഒരു ചാരിതാർത്ഥ്യം മനസ്സിലുണ്ടായിരുന്നു.

# വജ്രജൂബിലി സെമിനാർ പരമ്പര



എ.കെ.പി.സി.ടി.എ വജ്രജൂബിലി സെമിനാർ പരമ്പരയുടെ മലപ്പുറം ജില്ലാതല ഉദ്ഘാടനം 2017 നവംബർ 22ന് മഞ്ചേരി എൻ.എസ്.എസ്. കോളേജിൽ നടന്നു. എ.കെ.പി.സി.ടി.എ. സംസ്ഥാന സെക്രട്ടറി ഡോ. കെ.പി. വിനോദ്കുമാർ ഉദ്ഘാടനം ചെയ്തു. ഉന്നതവിദ്യാഭ്യാസവും ലിംഗനീതിയും എന്നവിഷയത്തിൽ എഴുത്തുകാരി മൈന ഉമൈബാൻ വിഷയം അവതരിപ്പിച്ചു. കോഴിക്കോട് സർവകലാശാല സിണ്ടിക്കേറ്റ് അംഗം ഡോ.സി. അബ്ദുൽമജീദ് ആശംസകൾ അർപ്പിച്ചു. സംസ്ഥാന സമിതി അംഗം ഡോ.പി.എം. സുധീർകുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാസെക്രട്ടറി ഡോ. എം.ബി. ഗോപാലകൃഷ്ണൻ സ്വാഗതവും പി.ജയകൃഷ്ണൻ നന്ദിയും രേഖപ്പെടുത്തി.

# അദ്ധ്യാപകർ വിദ്യാഭ്യാസരംഗത്തെ ശുദ്ധീകരിക്കണം: മാർ അത്തനാസിയോസ്




കോളേജ് അദ്ധ്യാപകർ അവരുടെ അവകാശ സംരക്ഷണത്തിനായി പോരാടുന്നതിനൊപ്പം വിദ്യാഭ്യാസരംഗത്തെ ശുദ്ധീകരിക്കുന്ന പ്രക്രിയയിലും പങ്കാളികളാകണമെന്ന് എംഒസി കോളേജുകളുടെ മാനേജർ ഡോ. തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. എകെപിസിടിഎയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തിരുവല്ല മാർത്തോമ്മാ കോളേജിൽ നടത്തിയ ജില്ലാതല സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നവലിബറലിസം, കാവിവൽക്കരണം, ഉന്നതവിദ്യാഭ്യാസമേഖലയിലെ വെല്ലുവിളികൾ എന്ന വിഷയത്തിൽ കേരള സർവ്വകലാശാല മുൻ പ്രോ-വൈസ് ചാൻസലർ ഡോ. ജെ. പ്രഭാഷ് മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് പ്രൊഫ. പി.ബി. അനിൽ അദ്ധ്യക്ഷനായി. എ.കെ.പി.സി.ടി.എ. സംസ്ഥാന ട്രഷറർ ഡോ. പി.എൻ. ഹരികുമാർ, മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റംഗം ഡോ. പി.കെ. പത്മകുമാർ, എ.കെ.പി.സി.ടി.എ. മേഖല സെക്രട്ടറി ശ്രീജിത്ത്, പ്രൊഫ. പി. ഹരികൃഷ്ണൻ, ഡോ. വി. പ്രകാശ്, ഡോ. ബിജു പുഷ്പൻ, ഡോ. എൽ. ശ്രീലേഖ, മാർത്തോമ്മാ കോളേജ് പ്രിൻസിപ്പൽ ഡോ. ഐ.സി.കെ. ജോൺ എന്നിവർ സംസാരിച്ചു.

മുൻ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. ജി. മാധവൻനായർ, മുൻ സംസ്ഥാന ട്രഷറർ പ്രൊഫ. ടി.കെ.ജി. നായർ, മുൻ ജില്ലാ പ്രസിഡന്റുമാരായ ഡോ. ഡാനിയൽ കുട്ടി, ഡോ. പി.ജെ. ജെയിംസ്, മുൻ ജില്ലാ സെക്രട്ടറി പ്രൊഫ. രാജശേഖരൻപിള്ള, ഡോ. ടി.എ. സുധാകരക്കുറുപ്പ് എന്നിവരെ ആദരിച്ചു. പ്രൊഫ. ഫാ. മാത്യൂസ് വാഴക്കുന്നം സ്വാഗതവും ജില്ലാ സെക്രട്ടറി വിവേക് ജേക്കബ് അബ്രഹാം നന്ദിയും പറഞ്ഞു.




SIVAPRIYA
AYURVEDIC HOSPITAL
(An ISO-9001-2008 Certified Hospital)
Karamcode.P.O., Chathannoor, Kollam
Mob: 9447647612
e-mail: sabudoctor@gmail.com


# എ.കെ.പി.സി.ടി.എ.
# വജ്രജൂബിലി സമ്മേളനം

## 2018 മാർച്ചിൽ തിരുവനന്തപുരത്ത്

**60 സെമിനാറുകൾ**
**60 വിദ്യാർത്ഥികൾക്ക് പഠന സഹായം**
**സർഗ്ഗസംഗമം കൊളോക്യം**
**ചരിത്രപ്രദർശനം**

പി സായിനാഥ്, എൻ റാം
തുടങ്ങിയ പ്രമുഖർ പങ്കെടുക്കും

KERALA PRIVATE
COLLEGE TEACHER

R.No. 36025/81 No.263

ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- JANUARY - 2018

CAMBRIDGE
UNIVERSITY PRESS

Better Learning is ...

Creating great experiences
in teaching and learning
English, together.




Experience
Better
Learning
with Cambridge

Confidence in teaching. Joy in learning.

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Van[illegible] [illegible]uvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akp[illegible]
Chief Editor : Dr. N.M. Sunny